ജൂലൈ 2019

# ക്രൈസ്തവ കാഹളം



മലങ്കരയുടെ
സൗമ്യതേജസ് നിത്യതയിലേക്ക്



## മാർ ഈവാനിയോസ്


സാർത്ഥകമായ പുണ്യജീവിതം




# ബാവാതിരുമേനി @60



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, അറിയപ്പെടാത്തവളെങ്കിലും ഏകസത്യദൈവത്തെയും അവൻ അയച്ച യേശുക്രിസ്തുവിനെയും അറിയുന്നവളായും, മരിക്കുന്നവരെപ്പോലെയായിരുന്നെങ്കിലും ജീവിക്കുന്നവളായും എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചുകൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.


ജൂലൈ 15
ഓർമപ്പെരുന്നാൾ
ഐക്യത്തിന്റെ പ്രവാചകൻ
Servants of God
Archbishop
Mar Ivanios

# ഉള്ളടക്കം




വാല്യം 80
ലക്കം 7

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത് - 9446703056

മാർക്കറ്റിംഗ് & അഡ്വർടൈസ്മെന്റ്
റവ. ഫാ. ആന്റണി മരിയഭവൻ

കവർ & ലേഔട്ട്
Fingraph - 9387811920

ഫോട്ടോഗ്രാഫ്സ്
തോമസ് മാത്യു നെല്ലുവേലിൽ

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്, പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്, പട്ടം, തിരുവനന്തപുരം-4




7 പിതൃമൊഴി




6 എഡിറ്റോറിയൽ

## അനുസ്മരണം



9 ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്താ: ദൈവകരുണയും സഭയുടെ കരുതലും നൽകിയ നല്ല ഇടയൻ


12 ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത മേൽപട്ടക്കാരുടെ മേൽപട്ടക്കാരൻ



## കവർ സ്റ്റോറി




14 ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി: ക്രൈസ്തവ സന്യാസത്തിന്റെ ഭാരതീയമുഖം



16



20


22

27 അറുപതിന്റെ നിറവിൽ കർദിനാൾ മാർ ക്ലീമിസ് ബാവ

30 പിടിവാശികൾ അതിരുവിടുമ്പോൾ

33 വിശ്വാസത്തിന്റെ അനുസരണം രക്ഷയുടെ കവാടം

36 ഫാത്തിമാ മാതാവ് (Our Lady of Fatima, Portugal )

40 പെന്തിക്കൊസ്തി – പെരുമഴക്കാലം പ്രകൃതിയുടെയും– ആത്മീയതയുടെയും

44 മനുഷ്യനെ കൂടാതെ ജീവിക്കാനാകാത്ത ദൈവം

46 അൾത്താര മെഴുകുതിരി

47 ക്രിസ്തീയ കുടുംബം—ഭൂമിയിലെ സ്വർഗ്ഗം

51 ദൈവത്തേയും ദൈവജനത്തേയും ഒരുപോലെ സ്നേഹിച്ച കുരിശുമല റമ്പാച്ചൻ...’



# എല്ലാവരെയും ഒന്നാക്കുന്ന പുണ്യ കബറിടം

പുണ്യപിതാവായ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ സമാഗതമാകുന്നു. പട്ടത്തെ കബറിടം പ്രാർത്ഥനാ മന്ത്രങ്ങളും, തീർത്ഥാടകരുടെ നിരന്തര സാന്നിധ്യവുമായി മലങ്കര മക്കൾക്ക് സായൂജ്യം നൽകുവാൻ ഒരുങ്ങുന്നു. ഓരോ വർഷവും ഓർമ്മപ്പെരുന്നാൾ സമാപിക്കുമ്പോൾ വിശ്വാസികളായ പതിനായിരങ്ങൾ പുത്തൻ പ്രതിജ്ഞയും നവീന നിയോഗങ്ങളുമായി മടങ്ങുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഊർജ്ജ സ്രോതസ്സായി പുണ്യ കബറിടം മാറിയിരിക്കുന്നു. ഓരോ വർഷവും തീർത്ഥാടകരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിക്കുന്നു. മലങ്കര സുറിയാനി കത്തോലിക്കാ സഭാ മക്കളെ സംബന്ധിച്ച് മാർ ഈവാനിയോസ് തിരുമേനിയും കബറിടവും പ്രസാദകരമായ തങ്ങളുടെ ക്രിസ്തീയ ജീവിതത്തിന് വലിയ ശക്തിയും ഊർജ്ജവുമാണ് നൽകുന്നത്. കാലം കഴിയുന്തോറും പുണ്യപിതാവായ മാർ ഈവാനിയോസ് തിരുമേനിയിൽ ദൈവം ഏൽപിച്ച നിയോഗം എത്ര അർത്ഥവത്തും ക്രൈസ്തവോചിതവുമായിരുന്നു എന്ന് തെളിഞ്ഞു വരുന്നു. ചുരുളഴിയുന്ന ദൈവനിയോഗത്തിന്റെ വലിയ സാക്ഷ്യമാണ് മലങ്കര സുറിയാനി കത്തോലിക്കാ സഭയും അതിന്റെ വിവിധങ്ങളായ സുവിശേഷ ദൗത്യങ്ങളും. പുത്തൻകൂർ സമുദായത്തിന്റെ അവിഭാജ്യമായ അന്ത്യോക്യൻ ആരാധനാക്രമം മലയാളത്തിൽ മാത്രം തർജ്ജിമ ചെയ്യപ്പെട്ട് ഉപയോഗിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും 90 വർഷങ്ങൾ പിന്നിടുമ്പോൾ നമ്മുടെ രാജ്യത്തെ അനേകം ഭാഷകളിലേക്ക് അത് വിവർത്തനം ചെയ്യപ്പെടുകയും ആസാമിലേയും ത്രിപുരയിലെയും ഗോത്രവർഗ്ഗ ഭാഷകളിൽപോലും ഈ ആരാധനാക്രമം ആഘോഷമായി അർപ്പിക്കപ്പെടുമ്പോൾ ദേശാന്തരങ്ങളിലേക്ക് ഇത് പറിച്ചു നടപ്പെടുവാൻ ദൈവം കൈകളിലെടുത്ത് ഉപയോഗിച്ചത് മഹാനായ മാർ ഈവാനിയോസിനെയാണ്. വർഷങ്ങൾക്കു മുമ്പ് ബോംബെയിലും ഡൽഹിയിലും തൊഴിൽ സംബന്ധമായും ബിസിനസ്സ് കാര്യങ്ങൾക്കുമായി കുടിയേറിയ നമ്മുടെ സഭാ മക്കൾ പ്രത്യേക സമയം കണ്ടെത്തി തെലങ്കാനയിലേയും ഒറീസ്സയിലേയും പുതിയ മിഷൻ പ്രദേശങ്ങളിലേക്ക് താൽപര്യപൂർവ്വം പോകാൻ ശ്രദ്ധകാണിക്കുന്നു എങ്കിൽ അതിനുള്ള പ്രചോദനം ഈ കബറിടത്തിൽ നിന്നല്ലാതെ പിന്നെവിടെ നിന്നാണ്. കഴിഞ്ഞ കുറെ വർഷങ്ങളായി ഉത്തരേന്ത്യയിലെ വിവിധ മിഷൻ കേന്ദ്രങ്ങളിൽ നിന്ന് നമ്മുടെ സഭാ മക്കൾ ഈ കബറിടത്തിലേക്ക് എത്തിച്ചേർന്നത് എത്ര വിശ്വാസത്തോടെയും താൽപര്യത്തോടെയുമാണെന്ന് നാം കണ്ടതാണ്.

കർത്താവിന്റെ പരിശുദ്ധ സഭ വിഭജിതമായിരിക്കുന്നത് ഏറെ ദു:ഖകരമാണെന്ന് നമുക്കറിയാം. ചരിത്രത്തിൽ സഭയിലുണ്ടായ മുറിവുകളും വിഭജനവും ഒരിക്കലും അവസാനിക്കാത്തതുപോലെ ഇന്നും വിവാദങ്ങളുടെയും സംഘർഷങ്ങളുടെയും മധ്യത്തിലാണ്. നാമെല്ലാവരും ഒന്നായിരിക്കേണ്ടതിന് കർത്താവ് പ്രാർത്ഥിച്ച പ്രാർത്ഥന ഭൂമിയിൽ നിറവേറപ്പെടുവാൻ നാമെല്ലാവരും അതിയായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. എന്നാൽ പ്രാർത്ഥന സഫലമാകാതെ പോവുകയും സഭകൾ തമ്മിലുള്ള ബന്ധം കൂടുതൽ വഷളാവുകയും ചെയ്യുമ്പോൾ നമുക്കതിൽ ഏറെ വിഷമമുണ്ട്. കോടതിമുറികളിൽ ഫലം കാണാതെ വ്യവഹാരങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കപ്പെടുന്നു. സഭകളുടെ ഇടയിൽ ഉണ്ടാകുന്ന സംഘർഷങ്ങൾ മനുഷ്യരുടെ സ്വൈര്യജീവിതത്തെ ബാധിക്കുന്നു. ഇതിനൊരു മാറ്റം വരേണ്ടതായിട്ടുണ്ട്. അതിനായി നമുക്ക് ഉണർന്നിരുന്നു പ്രാർത്ഥിക്കാം. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ പുണ്യകബറിടം എല്ലാ ജനതകളെയും ഒരുമിച്ച് കൂട്ടും. വ്യത്യാസങ്ങളും ഭിന്നതകളും നീക്കി എല്ലാവരെയും തന്റെ മാറോട് ചേർത്ത് പിടിക്കുന്നു. ആരും നഷ്ടപ്പെട്ട് പോകരുതെന്ന് ആ കബറിടം ആഗ്രഹിക്കുന്നു. വരുവിൻ നമുക്കാ കബറിടത്തിലേക്ക് പോകാം. ഐക്യത്തിന്റെ കബറിടമെ സമാധാനത്തോടെ വസിക്കുക...



ഫാ. ബോവസ് മാത്യു
ചീഫ് എഡിറ്റർ,
bovasmathew@gmail.com
9447661943

# പിതൃമൊഴി



**മാർ ഈവാനിയോസെന്ന മഹത്വമുള്ള ആചാര്യൻ, മഹാനായ സന്യാസി, സാവൂൾ പൗലോസായി വളർന്നവൻ, നന്മയിൽ ധീരനായവൻ, നോവിലെ കാരുണ്യമായവൻ. ഐക്യത്തിന്റെ പ്രവാചകൻ, മിശിഹായെ സ്വന്തമാക്കിയവൻ, ദൈവദാസൻ മാർ ഈവാനിയോസെ ഞങ്ങൾക്കായി പ്രാർത്ഥിക്കണേ...**



മനസ്സിൻ മഹസ്സെ ഇവാനിയോസെ
സാവൂൾ പൗലോസ്സെ തിരുമനസെ
മഹിയിൽ മഹാനായ സന്ന്യാസിയെ
മലങ്കരയ്ക്ക് ഐക്യമൊന്നേകിയോനെ
മനസ്സിൽ മഹസ്സെ ഇവാനിയോസെ.......

ഇഹലോകവഴിയിലെ ഇടയനായി..., ഇടയനായി...
ഇഹലോകവഴിയിലെ ഇടയനായി.
മിശിഹായെ സമ്പത്തായി നേടിയോനെ
ത്യാഗപാഠങ്ങൾ പഠിച്ചിടാനായി
താഴ്മയിൽ നിൽപൂ ഞാൻ തിരുസവിധേ

മനസ്സിൽ മഹസ്സെ ഇവാനിയോസെ
സാവൂൾ പൗലോസ്സെ തിരുമനസെ
മഹിയിൽ മഹാനായ സന്ന്യാസിയെ
മലങ്കരയ്ക്ക് ഐക്യമൊന്നേകിയോനെ.

നന്മയിൽ ധീരനായി നിന്നവനെ, ഇവാനിയോസെ
നന്മയിൽ ധീരനായി നിന്നവനെ
നോവിലെ കാരുണ്യമായവനെ
താപസ്സശ്രേഷ്ഠനാം മുനിവര്യനെ
നോക്കണെ, കേൾക്കണെ, പ്രാർത്ഥിക്കണെ...

*നിങ്ങളുടെ പിതാവ്,*

*(ഗിരിദീപം എന്ന സംഗീത ആൽബത്തിൽ അത്യഭിവന്ദ്യ ബസേലിയോസ് കർദിനാൾ ക്ലീമിസ് ബാവ രചിച്ച് പ്രശസ്ത ഗായിക കെ.എസ് ചിത്ര ആലപിച്ച ഗാനം. (പത്രാധിപർ)*

+Baselios Cleemis

**✠കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ്**
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്


ജൂലൈ 15
ഓർമപ്പെരുന്നാൾ

**അനുസ്മരണം**



# ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്താ

## ദൈവകരുണയും സഭയുടെ കരുതലും നൽകിയ നല്ല ഇടയൻ

തിരുവല്ലാ അതിരൂപതയുടെ മുൻ അദ്ധ്യക്ഷൻ ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്തായുടെ കബറടക്ക ശുശ്രൂഷയിൽ (6-6-2019) തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രലിൽ അത്യഭിവന്ദ്യ **ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ** നടത്തിയ അനുസ്മരണ പ്രസംഗം.

നമ്മിൽ നിന്ന് ദൈവസന്നിധിയിലേക്ക് യാത്രയായിരിക്കുന്ന നമ്മുടെ വത്സല പിതാവ് ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപോലീത്ത തിരുമേനിയെക്കുറിച്ച് ചുരുക്കമായി ഇങ്ങനെ പറയാമല്ലോ- നമുക്ക് ദൈവകാരുണ്യവും സഭയുടെ വലിയ കരുതലും നൽകിയ വലിയ ഇടയൻ! കാരുണ്യവും കരുതലും നൽകിയ ആ ഇടയൻ അക്ഷരാർത്ഥത്തിൽ തന്റെ പൗരോഹിത്യശുശ്രൂഷയിലും മേൽപ്പട്ട ശുശ്രൂഷയിലും അത് ജീവിച്ച് സാക്ഷ്യമായി, പാഠമായി, അനുകരണീയ മാതൃകയായി നമ്മുടെ സഭയ്ക്കും സമൂഹത്തിനും സമ്മാനിച്ച വത്സല പിതാവ് യാത്രയായിരിക്കുന്നു. അപരിചിതമായ ഒരു സ്ഥലത്തേക്കോ, അപരിചിതമായ ഒരു സന്നിധിയിലേക്കോ അല്ല മറിച്ച് എവിടെ നിന്ന് പുറപ്പെട്ടോ, അവിടേക്ക് ദൈവം സമ്മാനിച്ച ആത്മാവുമായി വന്ദ്യപിതാവ് തിരികെച്ചേരുന്നു. അഭിവന്ദ്യനായ മാർ തിമോത്തിയോസ് തിരുമേനി തന്റെ മേൽപ്പട്ട ശുശ്രൂഷയുടെ ആപ്തവാക്യമായി സ്വീകരിച്ചത് വി. ലൂക്കോസിന്റെ സുവിശേഷം 5-ാം അധ്യായം 5-ാം തിരുവചനമാണ്. മനുഷ്യൻ അവന്റെ സകല ബുദ്ധിയും ഉപയോഗിച്ച് ചിരപരിചിതമായ ജോലി നിർവ്വഹിച്ചിട്ടും ഫലം കാണാതിരുന്ന ഒരു വേളയിൽ ദൈവത്തിന്റെ വചനം, ദൈവവചനത്തിന്റെ മാംസം ധരിച്ച രൂപം, കർത്താവായ യേശുക്രിസ്തു തന്നെ മറ്റൊരു മാർഗ്ഗം പറഞ്ഞ് കൊടുക്കുന്നത് യാഥാർത്ഥ്യമായ കാണുന്ന ഒരു സംഭവമാണത്.

ശിഷ്യന്മാർ അവർക്ക് ചിരപരിചിതമായ മത്സ്യബന്ധനമെന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുകയാണ്. അവരെ പ്രത്യേകിച്ച് ഇനി ആരും അത് പരിശീലിപ്പിക്കേണ്ടതില്ല. അവർ വലയിറക്കി മത്സ്യബന്ധനത്തിൽ ഏർപ്പെട്ടപ്പോൾ ഏറെ അധ്വാനിച്ചിട്ടും ഫലം ഒന്നും കാണാതിരിക്കുന്ന സന്ദർഭത്തിൽ ഗുരുവും നാഥനുമായവൻ, മത്സ്യങ്ങളേക്കാൾ മനുഷ്യരെ പിടിക്കുന്നതിന് അവർക്ക് നിയോഗം നൽകിയ നാഥൻ, കർത്താവ് അവരോട് പറഞ്ഞു: "വള്ളത്തിന്റെ വലതുവശത്ത് വലയിടുക", പത്രോസ് പറഞ്ഞു: "നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം" ഇതായിരുന്നു, മാർ തിമോത്തിയോസ് പിതാവിന്റെ ജീവിതത്തിന്റെ ആപ്തവാക്യം: 'നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം.'

ചുണ്ടേവാലേൽ ജോർജച്ചനെ (സണ്ണിയച്ചനെ) പരിചയമുള്ളവർക്ക്, ഈ ദേവാലയത്തിൽ ഇപ്പോൾ ഈ സ്വർഗ്ഗീയ യാത്രയ്ക്ക് പിതാവിനെ യാത്രയാക്കുമ്പോൾ നിസ്സംശയം പറയാൻ കഴിയുന്ന ഒരു കാര്യം ഈ വചനം മാംസമായി ഈ പിതാവിലൂടെ നമുക്ക് ജീവൻ നൽകി. അത്ഭുതകരമായ ഒരു മീൻപിടിത്തം; ശിഷ്യന്മാർക്ക് ലഭിച്ചത് നാം സുവിശേഷത്തിൽ വായിക്കുന്നല്ലോ. മോർ തിമോത്തിയോസ് പിതാവിന്റെ ജീവിതത്തിൽ ഇപ്രകാരമുള്ള ഒരു അത്ഭുതകരമായ ജീവിത സാക്ഷ്യം ആയിരുന്നു: "നീ പറഞ്ഞതനുസരിച്ച് ഞാൻ വലയിറക്കാം". ഇനിയും അത് പറയുന്നതിന് കാനോനികമായ തടസ്സമില്ലാത്തതുകൊണ്ട് പറയട്ടെ. ഭാഗ്യസ്മാരണാർഹനായ മാർ അത്തനാസിയോസ് തിരുമേനി ദിവംഗതനായപ്പോൾ പരി. സഭ, പരി. സിംഹസാനം, അത്തനാസിയോസ് തിരുമേനിയുടെ പിൻഗാമിയായി നിർദ്ദേശിച്ചുകൊണ്ടുവന്നത് അഭിവന്ദ്യനായ ജോർജ്ജ് ചുണ്ടേവാലേലച്ചനെയാണ്. പ്രാർത്ഥനപൂർവ്വം വിനയാന്വിതനായി അദ്ദേഹം അതിൽ നിന്ന് ഒഴിഞ്ഞുമാറി. തന്റെ കുറവുകൾ, ഈ ശുശ്രൂഷയ്ക്ക് ആവശ്യമായ അനേകം ഘടകങ്ങൾ ഒക്കെ കണ്ട് അദ്ദേഹം പറഞ്ഞു, "അതിനു പ്രാപ്തിയുള്ള മറ്റാളുകൾ അത് നിർവഹിക്കട്ടെ. ഞാൻ പുരോഹിതനായി എന്നെ സഭ ഏല്പിക്കുന്ന ശുശ്രൂഷകളൊക്കെ തുടർന്നുകൊള്ളാം". ദൈവപദ്ധതിയിൽ സുനിശ്ചിതമായ ചില ഘടകങ്ങളുണ്ട്. മാറ്റമില്ലാത്ത, മാറ്റിമറിയ്ക്കാനാവാത്ത അപ്രകാരമുള്ള ആ നിയോഗം. മാർ യൂഹാനോൻ തിരുമേനിയുടെ ദേഹവിയോഗത്തെ തുടർന്ന് പരിശുദ്ധാത്മാവ്

നമ്മുടെ പിതാവിന് ഈ നിയോഗം വീണ്ടും നല്കുമ്പോൾ വിനയാനിത്വനായി കർത്താവിനോട് പറഞ്ഞവാക്കാണ് നീ പറയുന്നതനുസരിച്ച് ഞാൻ വലയിറക്കാം.

ഈ ആപ്തവാക്യം വന്ദ്യ പിതാവ് ജീവിതത്തിന്റെ സമർപ്പണമായി സ്വീകരിച്ചു. അതുവരെയും കണ്ടിട്ടില്ലാത്തതുപോലെ വലിയ മത്സ്യങ്ങൾ കൊണ്ട് നിറഞ്ഞ വല വലിച്ചുകയറ്റുവാൻ ക്ലേശിക്കുന്ന അനുഭവം ശിഷ്യന്മാർക്ക് മാത്രമല്ല തിരുവല്ല അതിരൂപതയിലൂടെ നമ്മുടെ സഭയ്ക്ക് ലഭിച്ചു എന്നത് ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കുന്നു. വിനയം, ദൈവഭയം, ദൈവാശ്രയം ഈ പുണ്യങ്ങൾ ഒരു മനുഷ്യനെ അത്ഭുതകരമായി രൂപാന്തരപ്പെടുത്തും. അതിന് ഈ വത്സലപിതാവ് ജീവിക്കുന്ന ദൃഷ്ടാന്തമായി ഈ 92 വർക്കാലം നമ്മുടെ ഇടയിൽ ജീവിച്ചു മാതൃക നൽകി, പാഠമായി, സ്വർഗ്ഗത്തിലെ പുണ്യവാന്മാരുടെ കൂട്ടായ്മയിൽ ചേർക്കപ്പെട്ടിരിക്കുന്നു.

അദ്ദേഹം ദൈവത്തെ ഭയപ്പെട്ടിരുന്നു; ആ ഭയവും ദൈവാശ്രയ ബോധവും, ദൈവസ്നേഹവും തന്റെ ജീവിതത്തിന്റെ അവസ്ഥയെ മനസ്സിലാക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് അദ്ദേഹം കണ്ടത്. ദൈവത്തെ മുറുകെപ്പിടിക്കുന്ന ഒരു പുരോഹിതനും, മഹാപുരോഹിതനുമായി നമ്മുടെ പിതാവ് നമ്മുടെ മുൻപിൽ ജീവിച്ചു. പരി. ദൈവമാതാവിനോട് അചഞ്ചമായ ഒരു ആത്മബന്ധം പിതാവ് പുലർത്തിയിരുന്നത് മൈനർ സെമിനാരിയിൽ പിതാവിന്റെ ശിഷ്യന്മാരായിരുന്ന നമ്മിൽ അനേകർക്ക് നേരിട്ട് ബോധ്യപ്പെട്ടിട്ടുണ്ടല്ലോ. ദീർഘസമയം ജപമാലയും, പരി. അമ്മയുടെ ചിത്രത്തിന്റെ മുമ്പിലെ പ്രാർത്ഥനയും, ദേവാലയത്തിൽ പ്രവേശിക്കുമ്പോഴും തിരികെ പോകുമ്പോഴും പരി. അമ്മയ്ക്ക് പ്രതിഷ്ഠിതമായിരുന്ന 'Our Lady's Side Altar' എന്ന് നാം വിളിച്ചിരുന്ന പരി. മാതാവിന്റെ ത്രോണോസിൽ വളരെ ഭക്തിയോടുകൂടി അമ്മയ്ക്ക് തന്നെ തന്നെ വിധേയപ്പെടുത്തുന്ന അമ്മയുടെ ഭക്തനായി മോർ തിമോത്തിയോസ് പിതാവ് മാതൃ ഭക്തനായി നമ്മുടെ മുൻപാകെ ജീവിച്ച് മാതൃക നൽകി. പരി. അമ്മ, കർത്താവിനെ ജീവിക്കുന്നതിന് നമ്മെ പഠിപ്പിക്കുന്ന ദൈവ കണ്ണിയാണല്ലോ.

മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം കാണുന്നത് എന്ന് വചനം നാം പലപ്പോഴും ഓർമ്മിക്കാറുണ്ട്. അങ്ങനെയല്ല ഗീവർഗീസ് മോർ തിമോത്തിയോസ് മെത്രാപോലിത്തായുടെ ജീവിതത്തിന്റെ അത്ഭുതകരമായ മിഴിവാർന്ന സാക്ഷ്യം. തിരുവല്ല രൂപതയുടെ വളർച്ച ഈ വത്സല പിതാവിന്റെ കാലത്ത് അത്ഭുതകരമാണ്. അവിശ്വസനീയമാണ്. 1988 മുതൽ 2003 വരെയുള്ള രൂപതാദ്ധ്യക്ഷൻ എന്ന ശുശ്രൂഷ 1953 മുതൽ 58 വർഷത്തെ പൗരോഹിത്യത്തിന്റെ ശുശ്രൂഷ 31 വർഷത്തെ മേൽപ്പട്ട ശുശ്രൂഷ. ഇതായിരുന്നു വത്സല പിതാവിന്റെ ജീവിത കാലഘട്ടം. മാർ അത്തനാസിയോസ് തിരുമേനി, മാർ യൂഹാനോൻ തിരുമേനി എന്നീ പിതാക്കന്മാരുടെ ഈ ശ്ലൈഹീക ശുശ്രൂഷയുടെ ഘട്ടത്തിനു ശേഷം നമ്മുടെ ഭദ്രാസനത്തെ കാരുണ്യവും കരുതലും കൊണ്ട് ദീർഘവീക്ഷണത്തോടെ അഭിവന്ദ്യപിതാവ് നയിച്ചത് ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കാം. നമ്മളിന്ന് ആരാധന നടത്തുന്ന ഈ കത്തീഡ്രൽ ദേവാലയം അതിന്റെ പ്രാരംഘട്ടം അത് ഏകദേശം പൂർത്തിയാക്കുന്ന സമയത്താണ് എളിയവനായ ഞാൻ ഈ ഭദ്രാസനത്തിന്റെ ശുശ്രൂഷ ഏറ്റെടുക്കുക. വളരെ വിശാലമായ ഒരു ബന്ധം ഈ ദേവാലയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അഭിവന്ദ്യ പിതാവ് ക്രമീകരിച്ചു എന്നുള്ളതാണ്. തന്റെ സകല പ്രാർത്ഥനയും കഴിവുകളും ഈ ദേവാലയ നിർമ്മാണത്തിൽ അനേകം കുടുംബങ്ങളെ ചേർത്ത് വച്ച് നിർവഹിച്ചിട്ടുണ്ട്. ഇതിന്റെ ഓരോ ജനലും കതകും, ഇതിന്റെ ഓരോ വാതിൽ പാളിയും നമ്മുടെ അനേകം കുടുംബങ്ങളുടെ പേര് ഇവിടെ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അവർക്കും പിതാവിനും അതിരൂപതയ്ക്കും അറിയാവുന്നതുപോലെ ഒരാത്മബന്ധത്തിൽ രചിക്കപ്പെട്ടതും കുറിക്കപ്പെട്ടതുമാണ്. അഭിവന്ദ്യ പിതാവിനോട് ഞാൻ ചോദിച്ചു ഈ വലിയ പള്ളി എങ്ങനെ പൂർത്തിയാക്കും. അദ്ദേഹം എന്നോട് എന്റെ കൈയിൽ പിടിച്ചുകൊണ്ട് പറഞ്ഞു "പിതാവ് ഒന്നും പേടിക്കേണ്ട, ഇത് തുടങ്ങിയതുപോലെ പൂർത്തിയായികൊള്ളും അവിടുത്തെ കരം പിടിച്ച് അവിടുത്തെ നാമത്തിൽ ആരംഭിച്ചത് അവിടുന്ന് പൂർത്തീകരിക്കും". അപ്രകാരം അത്ഭുതകരമായി പൂർത്തികരിക്കപ്പെട്ടതാണ് ഈ അതിമനോഹര ദൈവാലയം. വത്സലപിതാവ് തന്റെ സ്വപ്നമായി മലങ്കര സഭയ്ക്ക് വേണ്ടി കാണിക്കയായി സമർപ്പിച്ച ഈ മധ്യതിരുവിതാംകൂറിലെ ഈ ആരാധനാലയം. ഇത് നമ്മുടെ സഭയ്ക്ക് മാത്രമല്ല സകല ക്രൈസ്തവ സമൂഹങ്ങൾക്കും ഈശ്വര വിശ്വാസികൾക്കും ദൈവാരാധനയ്ക്കായി സമർപ്പിക്കപ്പെട്ടിരിക്കുന്നു. ഭാരതീയ വാസ്തു ശിൽപ കലയിൽ, മാർ അത്തനാസിയോസ് തിരുമേനി രൂപം കൊടുത്ത ലാറി ബേക്കറിന്റെ ഭാവനയനുസരിച്ചുള്ള പഴയ കത്തീഡ്രലിന്റെ വാസ്തു ശിൽപകല നഷ്ടപ്പെടുത്താതെ അതിനെക്കാൾ ബലിഷ്ഠമായ രീതിയിൽ മനോഹാരിതയിൽ കൂടുതൽ വർദ്ധനവ് നൽകി പിതാവ് നമ്മുക്ക് ഇത് സമ്മാനിച്ചു. അതിശയകരമെന്നു പറയട്ടെ വത്സലപിതാവിനെ യാത്രയ്ക്കുമ്പോൾ പണിക്കുറവ് തീർന്ന ഈ ദൈവാലയം നമുക്ക് സമ്മാനിച്ചിട്ടാണ് പിതാവ് യാത്രയാകുന്നത്. പണിക്കുറവ് മുഴുവൻ തീർന്ന ഈ കത്തീഡ്രൽ ദേവാലയത്തിൽ പ്രാർത്ഥന നടത്തിയാണ് പിതാവ് യാത്രയാകുന്നത്. നിന്റെ കല്പനയനുസരിച്ച് വലയിറക്കാം എന്ന് പറയുമ്പോൾ സംഭവിക്കുന്ന വലിയ കരുതലായിരുന്നു സ്വർഗ്ഗത്തിന്റേത്.

ഇത് ആസ്ഥാന ദേവാലയമാണ്. വത്സലപിതാവിന്റെക്കാലത്ത് പണി തുടങ്ങി പൂർത്തീകരിക്കപ്പെട്ട ദേവാലയങ്ങൾക്ക് ഒരു പ്രത്യേകതയുണ്ട്. വിശാലമായ ദേവാലയം. ചിലപ്പോഴൊക്കെ ചോദിച്ചിട്ടുണ്ട് ഇത്രയും വലിയ പള്ളി ഈ ചെറിയ ഇടവകയ്ക്ക്, അവർക്ക് അത് ആവശ്യമുണ്ടോ? അപ്പോൾ മറുപടി ഇങ്ങനെയായിരിക്കും. "അവർക്കാണ് നമ്മൾ വലിയ പള്ളി കൊടുക്കേണ്ടത്". അനേകം ദേവാലയങ്ങൾ പിതാവ് തുടങ്ങി പൂർത്തിയാക്കി.

നമ്മിടെ നാടിന്റെ വലിയ ഒരു ശുശ്രൂഷ കേന്ദ്രമായി പുഷ്പഗിരി ഹോസ്പിറ്റൽ, മെഡിക്കൽ കോളേജായി ഉയർത്തുന്നതിനുള്ള അതിന്റെ ആദ്യത്തെ അപേക്ഷകൾ സമർപ്പിക്കുമ്പോൾ, അംഗീകാരം ലഭിക്കുമ്പോൾ വത്സലപിതാവ് പ്രാർത്ഥനയോടും ദീർഘവീക്ഷണത്തോടും പൂർണ്ണമായ പിന്തുണയോടുകൂടി ഒപ്പം നിന്നു. അഭിവന്ദ്യനായ യൂലിയോസ് തിരുമേനി ആ ശുശ്രൂഷ ഏറ്റെടുത്ത് ഡയറക്ടർ എന്ന നിലയിൽ അത് പൂർത്തീകരിച്ചു. വത്സല പിതാവിന്റെ ശ്ലൈഹികമായ അനുഗ്രഹം വർദ്ധമാനമായ രീതിയിൽ നമുക്ക് ലഭിച്ചുകൊണ്ടേയിരുന്നു. ഒരേസമയം ഈ രൂപതയുടെ 3 പ്രദേശങ്ങളിൽ അജപാലന കേന്ദ്രങ്ങൾ (Pastoral Centres) ആരംഭിക്കുന്നതിന്, കട്ടപ്പനയിലും, പീച്ചിയിലും, തിരുവല്ലയിലും. ഒരു പാസ്റ്ററൽ സെന്റർ എന്ന് ഇപ്പോൾ പറയുന്നത് അതിൽ വലിയ ഒരു ആശ്ചര്യം ഒന്നും ഇല്ല. എന്നാൽ പിതാവ് ശുശ്രൂഷ ആരംഭിച്ച് കഴിഞ്ഞ് ഈ മൂന്ന് പ്രദേശത്ത് ഭദ്രാസന മക്കൾക്ക് ഒരുമിച്ചുകൂടാൻ സഭാപരമായ ശുശ്രൂഷകൾ ഏകോപിപ്പിച്ച് ക്രമീകരിക്കുവാൻ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമുണ്ട് എന്ന് ബോധ്യപ്പെട്ട പിതാവ് ഈ അജപാലന കേന്ദ്രങ്ങൾ നമുക്ക് വേണ്ടി തുറന്നത് നന്ദിയോടെ ഓർക്കുകയാണ്.

തിരുവല്ലയുടെ വികസനം ഈ മേൽപ്പട്ട ശുശ്രൂഷയുടെ ശ്രദ്ധേയമായ പൊതുജനത്തിനു വേണ്ടിയുള്ള സമർപ്പണത്തിന്റെ ഭാഗമാണ്. പിതാവിനെക്കുറിച്ച് തിരുവല്ലായുടെ വികസന നായകൻ എന്ന് സാമൂഹിക രാഷ്ട്രീയ മണ്ഡലങ്ങളിലെ അനേകം പ്രതിനിധികൾ ഇന്നലെയും ഇന്നുമൊക്കെ ഇവിടെ സംസാരിച്ചത് കേട്ടു. തിരുവല്ലായ്ക്ക് വികസനത്തിന്റെ ഒരു പന്ഥാവ് വാസ്തവത്തിൽ ഈ ആധുനിക ഘട്ടത്തിൽ തുറന്നത് മോർ തിമോത്തിയോസ് തിരുമേനിയാണ്. മാർ യൂഹാനോൻ തിരുമേനിയുടെ അനുഗ്രഹീതമായ കാലയളവിൽ നമ്മുടെ തിരുവല്ലായുടെ പബ്ലിക് സ്റ്റേഡിയം എന്ന ഒരു സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് അന്നത്തെ വികാരി ജനറാൾ ജോർജ്ജ് ചുണ്ടേവാലേലച്ചൻ നൽകിയ നേതൃത്വം ഏറ്റം സ്മരണീയമാണ്. അതിനുവേണ്ടി വിലപിടിപ്പുള്ള ഒരു ഭൂപ്രദേശമാണ് അന്ന് തിരുവല്ല ഭദ്രാസനം വിട്ടുകൊടുത്തത്. അത് വലിയ ഒരു അനുഗ്രഹമായി നാടിന് ലഭിച്ചിരിക്കുന്നു.

തിരുവല്ലായിലെ അശരണരായ ആളുകളെ താമസിപ്പിച്ച് അവരെ ശുശ്രൂഷിക്കുന്നതിനുള്ള അഭയഭവന്റെ തുടക്കക്കാരിൽ ഒന്നാമൻ മോർ തിമോത്തിയോസ് പിതാവാണ് എന്നത് ഒരു പക്ഷേ അനേകർക്ക് ഇന്ന് ഓർമ്മയിൽ കിട്ടുന്നില്ലായിരിക്കാം. പിതാവിന്റെ ശ്രദ്ധയും, കാരുണ്യവും കരുതലുമാണ്, അഭയഭവന്റെ ആരംഭം. തിരുവല്ലാ വൈ.എം.സി.എയുടെ സജീവമായ പ്രവർത്തനം പിതാവിന്റെ നേതൃത്വത്തിൽ നൽകപ്പെട്ടത് ഓർക്കുന്നു. തിരുവല്ലായുടെ തിലകക്കുറി എന്ന് വിശേഷിപ്പിക്കാ

വുന്ന നമ്മുടെ ഈ കത്തീഡ്രൽ ദേവാലയവും പുഷ്പഗിരി മെഡിക്കൽ കോളേജും ഈ ദേശത്തിന്റെ വികസനത്തിന് നൽകുന്ന വലിയ കരുതൽ പ്രധാനപ്പെട്ടതാണ്.

വന്ദ്യ തിമോത്തിയോസ് പിതാവിന്റെ മനസ്സ് ഒരു എക്യുമെനിക്കൽ മനസ്സ് എന്ന് വത്സല പിതാവിനെ അറിയുന്നവർക്ക് നിസ്സംശയം പറയാം. ചുരുങ്ങിയത് ആഴ്ചയിൽ ഒരിക്കൽ നമുക്കെല്ലാവർക്കും പ്രിയങ്കരനായിരുന്ന വന്ദ്യ ദിവ്യശ്രീ കണിയാംപറമ്പിൽ കുര്യൻ കോറെപ്പിസ്കോപ്പ മൈനർ സെമിനാരിയിലെ കൊച്ചുമുറിയിൽ ചുണ്ടേവാലേലച്ചനെ കാണാൻ വന്നിരുന്നത് സജീവമായ ഓർമ്മയിൽ ഉണ്ട്. അവർ ഒരുമിച്ച് പ്രാർത്ഥിക്കും, നമ്മുടെ ആരാധന ശുശ്രൂഷകളിൽ പങ്കെടുക്കും. എല്ലാ സഭകളുമായും പിതാക്കന്മാരുമായുള്ള ബന്ധം ഇവിടെ പ്രത്യേകം സ്മരണീയമാണ്. തിരുവല്ലായിലെ ഐക്യ പ്രാർത്ഥനാ വാരത്തിന്റെ ചടുലമായ ഒരു പ്രവർത്തന കാലഘട്ടമായിരുന്നു പിതാവിന്റെ സമയം. ജോർജ്ജ് ചുണ്ടേവാലേലച്ചൻ ഈ ഇടവക വികാരിയായിരുന്നപ്പോൾ ഇവിടെയുള്ള ശുശ്രൂഷയും, പായിപ്പാട് ഇടവകയുടെ വികാരിയായിരുന്നപ്പോഴുള്ള ശുശ്രൂഷയും ഇക്കാലയളവിലെല്ലാം മറ്റ് പിതാക്കന്മാരുമായുള്ള ബന്ധം പിതാവ് വലിയ ശ്രദ്ധയിൽ കരുതിയിരുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കാലം ചെയ്ത ബസേലിയോസ് മാർത്തോമ്മാ മാത്യു സിറിയൻ ബാവാ തിരുമേനിയോട്, ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപോലിത്ത തിരുമേനിയോട്, മാർത്തോമാ സഭയുടെ വലിയ മെത്രാപോലിത്താ തിരുമേനിയോട്, ഈ അഭിവന്ദ്യനായ പിതാവ് വളരെ ആത്മ ബന്ധം പുലർത്തിയിരുന്നു. ദക്ഷിണേന്ത്യൻ മഹാ ഇടവകയുടെ അതാതു കാലത്തെ മേലദ്ധ്യക്ഷന്മാരുമായി വത്സല പിതാവിന് ഹൃദയപൂർവ്വമായ ബന്ധമുണ്ടായിരുന്നു. കത്തോലിക്കാസഭയിലെ അഭിവന്ദ്യ പിതാക്കന്മാരോട്, പ്രത്യേകിച്ച് ചങ്ങനാശ്ശേരിയിലെയും കോട്ടയത്തെയും പാലാ രൂപതയിലെയും പിതാക്കന്മാരോടും നമുക്ക് ഏറ്റവുമധികം മിഷനറിമാരെ നൽകിയിട്ടുള്ള നമ്മുടെ സീറോ മലബാർ സഭയിലെ അഭിവന്ദ്യ പിതാക്കന്മാർ എല്ലാവരോടും പ്രത്യേകമായ ബന്ധം വന്ദ്യപിതാവ് കാത്തുസൂക്ഷിച്ചിരുന്നു. പ്രായാധിക്യമുണ്ടെങ്കിലും അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവ് ഇവിടെയെത്തി പ്രാർത്ഥിച്ചത് ഈ വലിയ ആത്മബന്ധത്തിലാണ്. തലശ്ശേരി രൂപതയുടെ വിരമിച്ച മെത്രാപോലിത്താ വലിയമറ്റം പിതാവ് ദൂരയാത്ര ചെയ്ത് ഇവിടെ വന്നത് ആ ബന്ധത്തിലാണ്. ലത്തീൻ സഭയിലെ അഭിവന്ദ്യരായ പിതാക്കന്മാരോട് പ്രത്യേകമായി കൊല്ലം വിജയപുരം രൂപതകളുമായുള്ള ബന്ധം ഞാൻ ഓർക്കുന്നു.

തിരുവല്ലായിൽ ഐക്യ ക്രിസ്തുമസ് അഘോഷം എന്നത് യാഥാർത്ഥ്യമാക്കിയത് ജോർജ്ജ് ചുണ്ടേവാലേലച്ചനാണ്. ഈ മനസ്സ് എല്ലാക്കാലത്തും ഒരു എക്യുമെനിക്കൽ മനോഭാവത്തിൽ നിറഞ്ഞ് നിന്ന ഒരനുഭവമാണ് നമുക്ക് നൽകിയിട്ടുള്ളത്.

ഭാരത സഭയുടെയും കേരളകത്തോലിക്കാ സഭയുടെയും സജീവമായ ശുശ്രൂഷയിൽ വത്സല പിതാവ് നേതൃത്വം നൽകിയിട്ടുണ്ട്. സി.ബി.സി.ഐ.യുടെ ഒന്നാമത്തെ വൈസ് പ്രസിഡന്റായി പിതാവ് സേവനമനുഷ്ഠിക്കുമ്പോൾ അതോടൊപ്പം കാരിത്താസിന്റെ ചെയർമാനായി ശുശ്രൂഷിക്കുമ്പോൾ രണ്ട് പ്രധാനപ്പെട്ട സംഭവങ്ങൾ ആ കാലഘട്ടത്തിൽ ഉണ്ടായി. മഹാരാഷ്ട്രയിലെ ലത്തൂരിൽ നടന്ന ഭൂകമ്പവുമായി ബന്ധപ്പെട്ട ദുരന്താനുഭവങ്ങൾക്ക് പരിഹാരം നിർണ്ണയിക്കുന്നതിന് കാരിത്താസിന്റെ നേതൃത്വത്തിൽ നടത്തിയ വലിയ ഒരു സാമൂഹിക പ്രവർത്തനം പുനരധിവാസ പ്രവർത്തനങ്ങൾ, നൂറുക്കണക്കിന് കുടുംബങ്ങൾക്ക് ഭവനം നിർമ്മിച്ച് കൊടുക്കുന്ന ഒരു വലിയ പദ്ധതിക്ക് നമ്മുടെ ഈ വത്സല പിതാവാണ് കാരുണ്യവും കരുതലും നേതൃത്വവും നൽകിയത്. ദളിത് ക്രൈസ്തവരുടെ സംരക്ഷണവുമായി ബന്ധപ്പെട്ട ഡൽഹിയിലെ ഒരു സമ്മേളനത്തിൽ സി.ബി.സി.ഐയുടെ വൈസ് പ്രസിഡന്റ് എന്നനിലയിൽ വന്ദ്യ പിതാവാണ് കത്തോലിക്കാമെത്രാന്മാരിൽ അന്ന് അവിടെ അറസ്റ്റ് വരിച്ച് ദളിത് മുന്നേറ്റത്തിന്റെ വലിയ പ്രചാരകനായി തീർന്നത്. കെ.സി.ബി.സി.യുടെ സെക്രട്ടറിയായി, വൈസ് പ്രസിഡന്റ് ആയി ഒക്കെ പിതാവ് ശുശ്രൂഷിച്ചിട്ടുള്ളത് ഓർക്കുന്നു.

ഇടവകയെ സ്നേഹിച്ച ഇടയനാണ് തിമോത്തിയോസ് പിതാവ്. വികാരിയായിരുന്ന പള്ളികളിൽ ഇപ്പോഴും വളരെ കാലങ്ങൾക്ക് ശേഷവും അവിടുത്തെ കുഞ്ഞുങ്ങൾ അവിടുത്തെ തലമുറകളിലെ മക്കൾ പിതാവിന്റെ ശുശ്രൂഷയെക്കുറിച്ച് മാതാപിതാക്കന്മാരിൽ നിന്ന് കേട്ടിരിക്കുന്നത് പങ്കുവയ്ക്കുന്നത് എനിക്കറിയാം. അവിടെയെല്ലാം ആളുകളെ പേര് ചൊല്ലി വിളിക്കുന്ന ചുണ്ടേവാലേലച്ചൻ. അച്ചനെ കാണാൻ വരുന്ന ഇടവകയിലെ ആളുകൾ, സെമിനാരിയിൽ വരുമ്പോൾ അവരോട് സംസാരിക്കുന്നത് ഇടപെടുന്നത് ഒക്കെ കാണുന്നത് സെമിനാരിക്കാരായ ഞങ്ങളിൽ ഏറെ പ്രേഷിത പ്രചോദനങ്ങൾ സൃഷ്ടിച്ചിരുന്നു.

പിതാവിനെക്കുറിച്ച് ഒട്ടേറെ കാര്യങ്ങൾ പറയുവാനുണ്ട്. അഭിവന്ദ്യരായ പിതാക്കന്മാർ രണ്ട് പേർ കേരള കത്തോലിക്കാ സഭയ്ക്ക് വേണ്ടി സംസാരിക്കാനുണ്ട്. മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ എളിയ ശുശ്രൂഷകനായി, അദ്ധ്യക്ഷനായി പിതാവിനോടുള്ള ആദരവ് ഇവിടെ അറിയിക്കുമ്പോൾ എന്റെ ഗുരുഭൂതൻ എന്ന നിലയിൽ വൈദിക പരിശീലനത്തിന്റെ ഒന്നാം ദിവസം മുതൽ 3 വർഷക്കാലം പിതാവ് നൽകിയിട്ടുള്ള വലിയ ആത്മീയമായ ശക്തിപ്പെടുത്തൽ വലിയ പ്രോത്സാഹനം കരുതൽ അത് കൃതജ്ഞതയോടെ ഓർക്കുകയാണ്. 200നോട് അടുത്ത് വരുന്ന പിതാവ് പഠിപ്പിച്ചിട്ടുള്ള വൈദികരുടെ നീണ്ടനിര, നമ്മുടെ സഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ പേരുകൾ ഇവിടെ സൂചിപ്പിക്കപ്പെട്ടുവല്ലോ. അഞ്ച് പിതാക്കന്മാർ പിതാവിന്റെ ശിഷ്യന്മാരായി മലങ്കര സഭയിൽ ശുശ്രൂഷിക്കുമ്പോൾ നിങ്ങളോടൊപ്പം ഞാനും അഭിമാനത്തോടെ ഓർക്കുന്നു. പിതാവ് നൽകിയ വൈദിക ജീവിതത്തിന്റെ ആദ്യപാഠങ്ങൾ ജീവിതത്തിന് ബലം നൽകി, കർത്താവിനെ അടുത്ത് അറിയുന്നതിനുള്ള വിശ്വാസം നൽകി, ചൈതന്യം നൽകി. ജനങ്ങൾക്ക് കാരുണ്യം തന്റെ ഭദ്രാസനത്തിന്, സഭാമക്കൾക്ക് കരുതൽ, ആദ്യമേ സൂചിപ്പിച്ചതുപോലെ കാരുണ്യവും കരുതലും നൽകിയ ഈ വലിയ ഇടയൻ നമ്മിൽ നിന്ന് യാത്രയാകുമ്പോൾ ആത്മീയവും സാമൂഹികവായ വളർച്ചയും അടിസ്ഥാന സൗകര്യങ്ങളും, ആരാധനയ്ക്കുള്ള ക്രമീകരണങ്ങളും, രൂപതയുടെ സാമ്പത്തികമായ അടിത്തറയും, പൊതുസമൂഹത്തിലെ പാവങ്ങളോടുള്ള കരുതലും നൽകിയ ഈ വത്സല പിതാവ് യാത്രയാകുന്നു. നിങ്ങൾ ഹൃദയത്തിൽ കുറിച്ചുവയ്ക്കുക. പിന്നീട് പ്രാർത്ഥനയിൽ ഓർക്കുക. വന്ദ്യ തിമോത്തിയോസ് പിതാവിനെ ഓർക്കാൻ ഇതിനേക്കാൾ മനസ്സിൽ മറ്റ് വാക്കുകളില്ല. ദൈവത്തിന്റെ കാരുണ്യവും കരുതലും തന്റെ ജനത്തിന് പകർന്നു നൽകിയ ഈ ഇടയൻ. കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി എന്ന് പരി. അമ്മയെക്കുറിച്ച് പറഞ്ഞത് പിതാവിന്റെ ആപ്തവാക്യത്തിന്റെ അനുബന്ധമായി ചേർത്തു വായിക്കാം. വള്ളത്തിന്റെ വലതുവശത്ത് വലയിടുക, നീ പറഞ്ഞതനുസരിച്ച് ഞാൻ വലിയിറക്കാം, പിതാവ് വലയറിക്കി, കർത്താവ് നിറവേറുമെന്ന പറഞ്ഞ കാര്യങ്ങൾ വിശ്വസിച്ചു. അത് സംഭവിച്ചു.

ജീവിത ലാളിത്യത്തിന്റെയും വിശാല മനസ്സിന്റെയും ദൈവപരിപാലനയിലുള്ള അഗാധമായ വിശ്വാസത്തിന്റെയും ആൾരൂപമായിരുന്നു വന്ദ്യ തിമോത്തിയോസ് പിതാവെന്ന് നമുക്കേവർക്കും ഒരേ സ്വരത്തിൽ പറയാൻ സാധിക്കും എന്നാണെന്റെ വിശ്വാസം. ദൈവത്തിൽ ആശ്രയിച്ച് മുന്നേറിയാൽ ഏത് പ്രതിസന്ധിയേയും അതിജീവിക്കാൻ നമുക്ക് കഴിയുമെന്നതാണ് പിതാവ് നമുക്ക് നൽകുന്ന ഏറ്റവും വലിയ പാഠം. എല്ലാ നേട്ടങ്ങൾക്കും ശേഷം നിശബ്ദനായി അണിയറയിലേക്ക് പിൻവാങ്ങുന്ന ആ നേതൃത്വഗുണം നാം കണ്ടു പഠിക്കേണ്ടതു തന്നെയാണ്. ഞാനല്ല എന്നിൽ ക്രിസ്തുവാണ് ജീവിക്കുന്നത് എന്ന് നമ്മുടെ മുന്നിൽ ജീവിച്ചുകാണിച്ചവനായിരുന്നു അഭിവന്ദ്യപിതാവ്.

ഞങ്ങൾക്ക് മിശിഹാതമ്പുരാന്റെ കാരുണ്യവും ഇടയന്റെ കരുതലും നൽകിയ ഭാഗ്യവനായ മോർ തിമോത്തിയോസ് പിതാവേ അങ്ങ് സമാധാനത്തോടെ പോയാലും, ബലഹീനരായ ഞങ്ങൾക്ക് വേണ്ടി അങ്ങ് നിരന്തരം ദൈവസന്നിധിയിൽ അപേക്ഷിക്കണമേ.

**അനുസ്മരണം**



# ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്ത

## മേൽപട്ടക്കാരുടെ മേൽപട്ടക്കാരൻ



**റവ. ഡോ. കുര്യാക്കോസ് തടത്തിൽ**
റെക്ടർ, സെന്റ് മേരീസ് മലങ്കര സെമിനാരി



മലങ്കര കത്തോലിക്കാ സഭയിലെ ഒരു മേൽപട്ടക്കാരനും അവകാശപ്പെടുവാൻ സാധ്യമല്ലാത്ത അനന്യമായ സ്ഥാനമാണ് ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനിയുടേത്.

1. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി തുടങ്ങി മലങ്കര കത്തോലിക്കാ സഭയിലെ എല്ലാ മേൽപട്ടക്കാരെയും കണ്ടിട്ടുള്ള മെത്രാച്ചൻ.

2. മലങ്കര കത്തോലിക്കാ സഭയിൽ ഏറ്റം പ്രായം കൂടിയ മെത്രാച്ചൻ, കാലം ചെയ്യുമ്പോൾ 92 വയസ്സ്, സ്ഥാനത്യാഗം ചെയ്തതിനു ശേഷം 17 വർഷം വിശ്രമ ജീവിതം നയിച്ചു. അതിൽ അവസാനത്തെ 6 വർഷം പുഷ്പഗിരി ഹോസ്പിറ്റലിൽ തന്നെ രോഗിയായി കിടന്നു.

3. മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ഉൾപ്പെടെ അഭിവന്ദ്യ ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്, തോമസ് മാർ കൂറിലോസ്, എബ്രഹാം മാർ യൂലിയോസ്, ഫിലിപ്പോസ് മാർ സ്തേഫാനോസ്, ഗീവർഗ്ഗീസ് മാർ മക്കാറിയോസ് എന്നീ തിരുമേനിമാരുടെ ഗുരുനാഥനാണ്. അതായത് മാർ തിമോത്തിയോസ് തിരുമേനി 18 വർഷം തിരുവല്ല മൈനർ സെമിനാരി റെക്ടർ ആയിരുന്ന കാലയളവിൽ 200-ൽ അധികം വൈദികർക്ക് പരിശീലനം നൽകിയവരിൽ ഉൾപ്പെട്ടതാണ് ഈ തിരുമേനിമാർ.

കോട്ടയത്തിനടുത്ത് അമയന്നൂർ ഇടവകയിൽ ദിവ്യശ്രീ ജേക്കബ് കശിശ്ശായുടെ ആദ്യജാതനായി പിറന്ന സണ്ണി എന്ന് വിളിപ്പേരുള്ള ജോർജ്ജ് ചുണ്ടേവാലേൽ, തിരുവല്ല മൈനർ സെമിനാരിയിലും കാൻഡി പേപ്പൽ സെമിനാരിയിലും സെമിനാരി പഠനം പൂർത്തിയാക്കി റോമിലെ ഗ്രിഗോറിയോൻ യൂണിവേഴ്സിറ്റിയിൽ നിന്നും സ്പിരിചൽ തിയോളജിയിൽ ലൈസൻഷിയേറ്റ് കരസ്ഥമാക്കി. തിരുവല്ല അതിരൂപതയിൽ ഇടവകകളിൽ വികാരിയായും രൂപതാ പ്രൊക്യുറേറ്റർ, മൈനർ സെമിനാരി റെക്ടർ, കത്തിഡ്രൽ വികാരി, വികാരി ജനറാൽ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ജോർജ്ജ് ചുണ്ടേവാലേൽ അച്ചൻ കണ്ടുമുട്ടിയവരുടെയെല്ലാം മനസിൽ ചിരപ്രതിഷ്ഠ നേടിയ ഒരു വൈദികനായിരുന്നു, അതിനു കാരണം ഇസ്രായേലിലെ ഒന്നാമത്തെ രാജാവായ സാവൂളിനെപ്പോലെ ഉന്നതശീർഷനും അതികായനുമായ ഒരു വൈദികൻ, വളരെ വിനയാന്വിതൻ, അധികാരികളോട് പൂർണ്ണ വിധേയത്വവും വളരെ ആദരവും ബഹുമാനവും, പാവങ്ങളോടുള്ള സ്നേഹവും. ആരേയും ഒരു വാക്കുകൊണ്ടു പോലും വേദനിപ്പിക്കാത്ത ആൾ. എല്ലാഅർത്ഥത്തിലും ഒരു മാതൃകാ കത്തോലിക്കാ വൈദികൻ.

തിരുവല്ലായിലെ എക്യുമെനിക്കൽ പ്രസ്ഥാനങ്ങളുടെയെല്ലാം എക്കാലത്തെയും അമരക്കാരനായിരുന്നു. അതുകൊണ്ട് സഹോദരി സഭകളിലെ വൈദികർക്കും, വൈദിക മേലദ്ധ്യക്ഷന്മാർക്കും, അൽമായർക്കും അച്ചൻ ഏറെ പ്രിയങ്കരനായിരുന്നു. തിരുവല്ലാ രൂപതയുടെ മൂന്നാമത്തെ മെത്രാനായിരുന്ന അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി കാലം ചെയ്തപ്പോൾ പിൻഗാമിയായി നിയമനം വന്നപ്പോൾ ജോർജ്ജ് ചുണ്ടേവാലേൽ അച്ചൻ തന്റെ ആത്മാർത്ഥത കൊണ്ടും വിനയം കൊണ്ടും ഇത്രയും വലിയ ഒരു ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ എനിക്ക് കഴിവില്ലാ എന്നു പറഞ്ഞു. പ.സിംഹാസനത്തോട് ആവശ്യപ്പെട്ട് വിനയപൂർവ്വം മെത്രാൻ സ്ഥാനം നിരസിച്ചു. മലങ്കര സഭയിൽ ആരെങ്കിലും ഇതിനുമുമ്പോ, ശേഷമോ മെത്രാൻ സ്ഥാനം സ്നേഹപൂർവ്വം നിരസിച്ചതായി യാതൊരു അറിവുമില്ല.

എന്നാൽ ദൈവജനവും വൈദികരും വൈദികമേലദ്ധ്യക്ഷന്മാരുമെല്ലാം മാർ യൂഹാനോൻ തിരുമേനി കാലം ചെയ്തതിനു ശേഷം ചുണ്ടേവാലേൽ അച്ചൻ മെത്രാനാകണമെന്ന് വീണ്ടും ആഗ്രഹിച്ചിരുന്നു. അന്നത്തെ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ജോർജ്ജ് അച്ചനോട് പറഞ്ഞിരുന്നു റോമിൽ നിന്ന് എന്തെങ്കിലും ഒരറിയിപ്പു വന്നാൽ നിരസിക്കരുത്. അങ്ങനെ അനുസരണത്തെ പ്രതി രണ്ടാം പ്രാവശ്യം മെത്രാൻ നിയമം റോമിൽ നിന്ന് വന്നപ്പോൾ 1988-ൽ സ്വീകരിച്ചു. അറുപതാമത്തെ വയസ്സിൽ മെത്രാനായി എഴുപത്തിയഞ്ചാമത്തെ വയസ്സിൽ സ്ഥാനത്യാഗം ചെയ്തു. കൃത്യം 15 വർഷം മേൽപട്ട ശുശ്രൂഷ ചെയ്തു.

ഇന്ന് തിരുവല്ലാ അതിരൂപതയിലുള്ള എല്ലാ വലിയ പ്രസ്ഥാനങ്ങളും തിമോത്തി

യോസ് തിരുമേനിയുടെ കാലത്താണ് തുടങ്ങിയത്. തിരുവല്ലാ പുഷ്പഗിരി മെഡിക്കൽ കോളേജ്, മാക്ഫാസ്റ്റ് കോളേജ്, ബോധന സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പുതിയഘട്ടം, ശാന്തി നിലയത്തിലെ പാസ്റ്ററൽ സെന്റർ, തിരുവല്ല സെന്റ് ജോൺസ് കത്തീഡ്രൽ, പീച്ചിയിലെ ദർശന പാസ്റ്ററൽ സെന്റർ, കട്ടപ്പനയിലെ ജ്യോതിസ് പാസ്റ്ററൽ സെന്റർ, കട്ടിളപൂവത്തെ തേജസ് പാസ്റ്ററൽ സെന്റൽ, തിരുവല്ലായിലെ വിശ്രമജീവിതം നയിക്കുന്ന വൈദികർക്കുള്ള ഭവനം തുടങ്ങിയ പ്രധാനപ്പെട്ട സഭാ സംവിധാനങ്ങൾ മുഴുവൻ തിരുമേനി തുടങ്ങിയതാണ്. തിരുവല്ലാ രൂപത വിഭജിച്ച് മൂവാറ്റുപുഴ ഭദ്രാസനം നിലവിൽ വന്നത് തിരുമേനിയുടെ പരിശ്രമഫലമായാണ്. അഭിവന്ദ്യ സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനി തിരുവല്ലാ രൂപതയുടെ സാമ്പത്തിക ഭദ്രതയ്ക്കു വേണ്ടി ഇന്നത്തെ തിരുവല്ലാ, ബത്തേരി, മൂവാറ്റുപുഴ രൂപതകളിലായി വ്യാപിച്ചു കിടക്കുന്ന ഏതാണ്ട് മൂന്നിൽ രണ്ട് സ്ഥലങ്ങളും എസ്റ്റേറ്റുകളും വാങ്ങി രൂപതയെ അതിന്റെ ബാലാരിഷ്ടതകളിൽ നിന്നും കരകയറ്റി. അന്നത്തെ സാഹചര്യത്തിൽ ചെറിയ പള്ളികളാണ് പണിതിരുന്നത് എല്ലാ പള്ളികളുടെയും ആകൃതിയും രൂപവും എല്ലാം ഒന്നുപോലെ. അതുകൊണ്ട് അന്നുള്ളവർ പറഞ്ഞിരുന്നു തമാശയായിട്ടു പോലും പള്ളിയുടെ ബോർഡില്ലാതെ തന്നെ പള്ളി കാണുമ്പോൾ മനസിലാകുമായിരുന്നു ഇത് തിരുവല്ലാ രൂപതാ വക പള്ളിയായിരുന്നു എന്ന്.

ഈ ഒരു അഭിമാനക്ഷതത്തിന് അറുതി വരുത്തിയത് മാർ തിമോത്തിയോസ് തിരുമേനിയാണ്. ഉന്നതശീർഷനായ തിരുമേനിയുടെ വലിപ്പം പോലെ തന്നെ മനസ്സും വലുതാണ്. അതുകൊണ്ട് തിരുമേനി ഏത് പ്രസ്ഥാനം തുടങ്ങിയാലും ഏറ്റം വലിപ്പത്തിലാണ് അത് രൂപകൽപന ചെയ്തിരുന്നത്. തിരുവല്ലാ മൂവാറ്റുപുഴ രൂപതകളിലെ വലിയ പള്ളികളെല്ലാം തന്നെ തിരുമേനിയുടെ കാലത്ത് പണിതതാണ്. അതുപോലെ തന്നെ അനേകം വലിയ വൈദിക മന്ദിരങ്ങൾ തിരുമേനിയുടെ കാലത്ത് പണി കഴിപ്പിച്ചു. അൻപത് വർഷങ്ങൾ കൊണ്ട് ചെയ്തു തീർക്കാവുന്ന കാര്യങ്ങൾ കേവലം 15 വർഷങ്ങൾ കൊണ്ട് ചെയ്തുതീർത്തു. തിരുമേനി സ്വഭാവേന വലിയ പണ്ഡിതനോ, ഭരണ തന്ത്രജ്ഞനോ ഒന്നുമല്ല, എന്നാൽ ഇതെല്ലാം ചെയ്യാൻ സാധിച്ചത് തിരുമേനിയുടെ ദൈവാശ്രയ ബോധമാണ്. എപ്പോഴും തിരുമേനി പറയുമായിരുന്നു "ദൈവം നടത്തും". ദൈവമാതാവിന്റെ വലിയ ഭക്തനായിരുന്നു. തിരുവല്ലായിലെ അരമനചാപ്പലിൽ മൈനർ സെമിനാരിക്കാരോട് ചേർന്ന് എല്ലാ യാമനമസ്ക്കാരത്തിനും ഉണ്ടായിരുന്നു. ആദ്ധ്യാത്മിക ജീവിത്തിന് അവധിയില്ലാത്ത ഒരു മെത്രാനായിരുന്നു. രണ്ടാമത്തെ ഒരു അനുകൂല സാഹചര്യം എന്നത് തിമോത്തിയോസ് തിരുമേനി മെത്രാനായി ചുമതലയേറ്റ 1988-ൽ വെറും നാലുരൂപതമാത്രം exchange value ഉണ്ടായിരുന്ന ജർമ്മൻ മാർക്ക് ഒറ്റയടിക്ക് 20 രൂപയായി ഉയർന്നു. തിരുമേനിയുടെ കാലത്തും ഒത്തിരിയേറെ പ്രോജക്ടുകൾ രൂപതയ്ക്ക് കിട്ടി. ജർമ്മൻ മാർക്കിന്റെ മൂല്യം കൂടിയത് വഴിയായി മേൽത്തര ഭംഗിയിൽ സ്ഥാപനങ്ങളും പള്ളികളും പണിതുതീർക്കുവാൻ സാധിച്ചു. ഇന്നും പാസ്റ്ററൽ സെന്റർ സ്വന്തമായി ഇല്ലാത്ത രൂപതകൾ ഉള്ളപ്പോഴാണ് തിരുവല്ലാ രൂപതയ്ക്കായി വലിയ മൂന്നു പാസ്റ്റൽ സെന്ററുകൾ തിരുമേനി പണിയിപ്പിച്ചത്.

മാർ തിമോത്തിയോസ് തിരുമേനിക്ക് മൂന്നു തരത്തിലുള്ള അച്ചടക്കം (Discipline) ഉണ്ടായിരുന്നു.

1. Spiritual Discipline - ആദ്ധ്യാത്മികമായ ഒരു ജീവിതക്രമം ഉണ്ടായിരുന്നു, യാമനമസ്കാരം ഭക്താഭ്യാസങ്ങൾ, വി.കുർബാന ഇവയിൽ ഒന്നും അണുവിട വീഴ്ചയില്ലാതെ ജീവിച്ചു. അതിന്റെ ഒരു ദൈവിക ചൈതന്യം ഉണ്ടായിരുന്നു. മെത്രാനെക്കുറിച്ചുള്ള ദൈവശാസ്ത്രംഇങ്ങനെയാണല്ലോ..."യേശുക്രിസ്തുവിനെ സന്നിഹിതനാക്കുന്നവനാണ് എപ്പിസ്കോപ്പാ" ഗീവർഗ്ഗീസ് മാർ തിമോത്തിയോസ് തിരുമേനി ആദ്ധ്യാത്മിക ചൈതന്യം കൊണ്ട് യേശുക്രിസ്തുവിനെ സന്നിഹിതനാക്കിയവനായിരുന്നു.

2. Liturgical Discipline- ആരാധനാ ക്രമമായ ഒരു ജീവിത ശൈലിയുടെ ഉടമയായിരുന്നു തിരുമേനി. തിരുമേനി ഭരണചുമതല ഉള്ള കാലമത്രെയും മലങ്കര സഭയുടെ Liturgy commission chairman ആയിരുന്നു. സുറിയാനി സഭയുടെ ആരാധനാനുഷ്ഠാനങ്ങളെക്കുറിച്ച് നല്ല അറിവുണ്ടായിരുന്നു. സഹോദരി സഭകളിലെ മൽപാന്മാരുടെ അടുക്കൽ പോയി പഠിക്കുമായിരുന്നു. ആരാധനാക്രമത്തിൽ തിരുമേനിക്ക് നിഷ്ഠ ഉണ്ടായിരുന്നു.

3. Physical Discipline- വളരെ ചിട്ടയായ ഒരു ശാരീരിക ജീവിതക്രമം ഉണ്ടായിരുന്നു. എല്ലാ ദിവസവും രാവിലെ മൂന്ന്മണിക്ക് എഴുന്നേൽക്കും. എല്ലാ കത്തുകൾക്കും സ്വന്തം കൈപ്പടയിൽ മറുപടി എഴുതും ഉച്ചയ്ക്ക് അരമണിക്കൂർ ഉറങ്ങും. രാത്രി ഒൻപത് മുപ്പതിന് ഉറങ്ങും എപ്പോഴും വെടിപ്പും വൃത്തിയുമുള്ള വസ്ത്രങ്ങൾ ധരിക്കും. വളരെ താളാത്മകമായ ഒരു ജീവിതക്രമം ഒരു പക്ഷേ അതുകൊണ്ട് തന്നെ ആയിരിക്കും തിരുമേനി ദീർഘായുസ്സോടുകൂടി ജീവിച്ചത്.

തിരുമേനി ശുശ്രൂഷ ചെയ്ത മേഖലകളിലെല്ലാം ആ ശുശ്രൂഷയുടെ അന്തസ്സ് കാത്തിരുന്നു. സ്ഥാനത്തിന് മഹത്വം കൊടുത്തിരുന്ന ആളായിരുന്നു. തിരുവല്ലായിൽ റെക്ടർ അച്ചൻ എന്നു പറഞ്ഞാൽ എല്ലാവർക്കും മനസ്സിലുദിക്കുന്ന ആൾരൂപം ജോർജ്ജ് ചുണ്ടേവാലേൽ അച്ചന്റേതാണ്. ഞാൻ ഉൾപ്പെടെയുള്ള അനേകം വൈദികർക്ക് ഇന്നും മനസ്സിൽ റെക്ടർ അച്ചൻ ചുണ്ടേവാലേൽ അച്ചനാണ്.

മേൽപട്ട ശുശ്രൂഷയിൽപ്രവേശിച്ചു കഴിഞ്ഞപ്പോൾ തിരുമേനി എല്ലാവർക്കും എല്ലാ അർത്ഥത്തിലും ഒരു പിതാവായിരുന്നു. അച്ചന്മാരോട്, ശെമ്മാശന്മാരോട്, അൽമായരോട് ഒക്കെ പ്രത്യേകമായ കരുതലുണ്ടായിരുന്നു. തിരുമേനിയുടെ അടുത്ത് ചെന്നിട്ട് ആരും നിരാശരായി തിരികെ വന്നിട്ടില്ല. ഒരു വൈദികനും തിരുമേനിയുടെ അടുത്തുചെന്നിട്ട് വിഷമിച്ച് പോയിട്ടില്ല. എല്ലാ അച്ചന്മാരെയും അച്ചാ എന്നും എല്ലാ ശെമ്മാശന്മാരെയും ശെമ്മാശ എന്നുമല്ലാതെ തിരുമേനി വിളിച്ചിട്ടില്ല.

തിരുമേനിമാർ അംശവസ്ത്രം ധരിക്കുമ്പോൾ, ശിലമുടി ധരിക്കുമ്പോൾ ചൊല്ലുന്ന ഒരു പ്രാർത്ഥനയുണ്ട്. അകലയുള്ളവനെ ആരു കാണിച്ചുതരും. അവന്റെ മുഖപ്രകാശം നമ്മുടെ മേൽ ചൊരിയട്ടെ. ഇത് യഹോവയായ ദൈവത്തെക്കുറിച്ച് സങ്കീർത്തനങ്ങൾ പറഞ്ഞിട്ടുള്ളതാണ്. ദൈവത്തിന്റെ ഭാവസ്ഥിതി ലോകത്തിനു വെളിപ്പെടുത്തേണ്ടത് മേൽപ്പട്ടക്കാരനിലൂടെയാണ്. തിമോത്തിയോസ് തിരുമേനി ഔദാര്യത്തിന്റെ പര്യായമാണ്. തിരുമേനി ദൈവത്തിന്റേയും മാനവരുടേയും സ്നേഹിതനാണ്. തിരുവല്ലയിലെ പബ്ലിക്ക് സ്റ്റേഡിയത്തിന് 2.5 ഏക്കർ തിരുവല്ല രൂപത വക സ്ഥലം തിരുമേനിയാണ് നഗരസഭയ്ക്ക് ദാനമായി നൽകിയത്.

നോക്കാൻ ആരുമില്ലാത്ത രോഗികളും പ്രായമായവരുമായ സ്ത്രീകളെ സംരക്ഷിക്കാൻ വേണ്ടി തുടങ്ങിയതാണ് തിരുവല്ലായിലെ അഭയാഭവൻ (Abhaya Home). തിരുമേനി കാലം ചെയ്യുന്നതുവരെ അതിന്റെ രക്ഷാധികാരിയായിരുന്നു. എല്ലാവരെക്കുറിച്ചും കരുതലുള്ള, നല്ലവനും വിശ്വസ്ഥനുമായ ആചാര്യശ്രേഷ്ഠൻ, അനുകരണീയമായ വ്യക്തിത്വം കണ്ടുമുട്ടുന്ന എല്ലാവരിലും ഹൃദയത്തിൽ ഇടം നേടിയിരുന്ന ഇടയശ്രേഷ്ഠൻ . ഇങ്ങനെ അനേകം വിശേഷണങ്ങൾക്ക് ഉടമയായ തിരുമേനിയുടെ ജീവിതം ഈ ലോകത്തിനും മലങ്കര സഭയ്ക്കും ഒരു സുകൃതമാണ്.

കവർ സ്റ്റോറി



# ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി

## ക്രൈസ്തവ സന്യാസത്തിന്റെ ഭാരതീയമുഖം



**റവ. ഡോ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി**
പ്രൊവിൻഷ്യൽ സുപ്പീരിയർ,
ബഥനി നവജീവൻ പ്രൊവിൻസ്

കുരിശിലേറ്റപ്പെട്ട ഗുരുവിന്റെ വഴികളിലൂടെ, ദിവ്യപാദങ്ങൾ പിന്തുടർന്ന്, വിശ്വാസത്തിൽ ജീവിച്ചവരുടെ ചരിത്രമാണ് സഭയുടെ ചരിത്രം. സുവിശേഷത്തിന്റെ സന്തോഷം പ്രഘോഷിക്കുന്നത് ജീവിതത്തിന്റെ സന്തോഷമാക്കി മാറ്റി, ഇന്നലകളിൽ വിശുദ്ധജീവിതം നയിച്ചവരുടെ ഓർമ്മയും മാതൃകയും രക്തസാക്ഷിത്വവുമാണ് തിരുസഭയുടെ അടിസ്ഥാനം. ദൈവം മനുഷ്യനെ സ്നേഹിക്കുന്നുവെന്നും എക്കാലവും ദൈവം മനുഷ്യനോടൊപ്പം വസിക്കുന്നുവെന്നും മനുഷ്യന്റെ പൂർണ്ണരക്ഷയാണ് അനന്തസ്നേഹമായ ദൈവത്തിന്റെ എല്ലാ ഇടപെടലുകളുടെയും ആത്യന്തികലക്ഷ്യമെന്നും നമ്മെ അനുനിമിഷം പഠിപ്പിക്കുന്നതും ഓർമ്മിപ്പിക്കുന്നതും അനുഭവവേദ്യമാക്കുന്നതുമാണ് ഈ സുവിശേഷം.

### സുവിശേഷത്തിന്റെ സന്തോഷം ജീവിച്ച ദൈവദാസൻ

സുവിശേഷത്തിന്റെ സന്തോഷം, വാക്കിലും പ്രവൃത്തിയിലും സാക്ഷ്യമായി ജീവിച്ചവരുടെ ചരിത്രശ്രേണിയിൽ, മലങ്കരയുടെ മാർ ഇവാനിയോസ്, ജന്മം കൊണ്ടും കർമ്മം കൊണ്ടും മാതൃകയും മഹാനുമാകുന്നു. ദൈവത്തിന്റെ എളിയ ദാസനായി, മനുഷ്യരോടൊപ്പം നടന്ന സന്യാസവര്യൻ, അനേകർക്ക് സ്വർഗ്ഗീയ മദ്ധ്യസ്ഥനായി, മാലാഖമാരോടും സകല സ്വർഗ്ഗീയ വിശുദ്ധരോടുമൊപ്പം സ്വർഗ്ഗസ്ഥനായ പിതാവിന്റെ വലതുഭാഗത്തു വസിക്കുന്നു. മാവേലിക്കരയുടെ മണ്ണിൽ പിറന്നു വീണ്, ദൈവത്തിനും മനുഷ്യർക്കും പ്രീതിജനകനായി വളർന്ന്, ദൈവാനുഭവത്തിന്റെ സന്ന്യാസവഴികളിലൂടെ അനേകരെ സ്പർശിച്ചു കടന്നുപോയി സ്വർഗ്ഗം പൂകിയ ഈ ദിവ്യാത്മാവ്, ദൈവാനുഭവത്തിന്റെ വളക്കൂറുള്ള മാനവഹൃദയങ്ങളിൽ എന്നെന്നും പുനർജനിക്കുകയും ജീവിക്കുകയും ചെയ്യുമെന്നത് ദൈവനിശ്ചയമാണ്.

വിശുദ്ധ പൗലോസിന്റെ പ്രവാചക തീക്ഷണതയോടെ, ഭാരതീയ - ക്രൈസ്തവ സന്യാസത്തിന്റെ പടച്ചട്ടയണിഞ്ഞ്, സുവിശേഷത്തിന്റെ സന്തോഷം കാലത്തിനപ്പുറം പ്രഘോഷിച്ച ദൈവദാസൻ, കാലം കാത്തുവച്ചിരുന്ന ക്രാന്തദർശിയാണ്. ദൈവസേവനത്തെക്കാൾ ദൈവസമ്പാദനമാണ് അത്യുത്തമം എന്ന് പഠിപ്പിക്കുകയും ജീവിക്കുകയും ചെയ്ത സന്യാസശ്രേഷ്ഠൻ, തന്നിലൂടെ പൂർത്തിയാകേണ്ട ദൈവപദ്ധതികൾക്ക്, ഇതാ ഞാൻ കർത്താവിന്റെ ദാസൻ എന്ന പരിശുദ്ധ അമ്മമനസ്സുപോലെ, പൂർണ്ണ സമർപ്പണത്തിലൂടെ തന്റെ വഴി തിരഞ്ഞെടുത്തപ്പോൾ, ഭാരതീയ - ക്രൈസ്തവ സന്യാസത്തിന്റെ അമരക്കാരൻ മലങ്കരയ്ക്ക് സ്വന്തമായി.

### ക്രൈസ്തവ സന്യാസത്തിന്റെ ഭാരതീയ മുഖം

ക്രൈസ്തവ സന്യാസത്തിന് ഭാരതീയ മുഖം നൽകിയ ഒരു സന്യാസി ജീവിച്ചിരുന്നു. ബഥനിയുടെ മാർ ഈവാനിയോസ്. കഴുത്തിൽ മരക്കുരിശു ധരിച്ച്, കാവി വസ്ത്രധാരിയായി കേരളത്തിന്റെ മണ്ണിൽ ജീവിച്ച്, കാലത്തിനു



ആശ്രമാങ്കണത്തിന്റെ ആദ്ധ്യാത്മികതയിൽ കർമ്മനിരതനായ മലങ്കരയുടെ സമാധാന ദൂതൻ, പുനരൈക്യസാക്ഷാത്ക്കാരത്തിനു ചുക്കാൻ പിടിച്ച ഭാരത ന്യൂമാനാണ്. സഭയേയും സമൂഹത്തെയുംകുറിച്ചുള്ള ഭൗതീക കാഴ്ചപ്പാടുകളുടെ ചക്രവാളങ്ങൾക്കുമപ്പുറം, വിശ്വാസത്തിന്റെ ഉൾവെളിച്ചത്തിൽ കണ്ണുയർത്തി നോക്കിയ തീക്ഷണമതിയാണ് മഹാനായ മാർ ഈവാനിയോസ്. കാലത്തിനു മുമ്പേ നടന്ന ഒരു ക്രാന്തദർശി, സഭക്കും സമൂഹത്തിനും എന്നും മാതൃകയാകുന്ന ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനി, സമൂഹത്തിൽ വേറിട്ട കാഴ്ചയും മാതൃകയുമായി കടന്നുപോയ പുണ്യജന്മമാണെന്ന വലിയ ഓർമപ്പെടുത്തലാണ് പട്ടത്ത് പള്ളികൊള്ളുന്ന ദൈവദാസന്റെ കബറിടം.

### പട്ടത്തെ ഈ കബറിടം എന്നെ തിരികെ വിളിക്കുന്നു

ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിടം ദൈവകരുണയുടെ പ്രതീകമാണ്. ഒരു കാലഘട്ടത്തിൽ ദൈവത്തിന്റെ കരുണയെ കൂദാശാനുഷ്ഠാനങ്ങളിലൂടെയും വിവിധ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിലൂടെയും, അന്നമായും ഔഷധമായും വിദ്യാഭ്യാസമായും വചനമായുമൊക്കെ പങ്കുവച്ചു മാതൃകയാക്കി സ്വർഗ്ഗം പൂകിയ, ദൈവമനുഷ്യബന്ധത്തിന്റെ, ഭാരതീയ ക്രൈസ്തവ സന്യാസത്തിന്റെ ചരിത്രത്തിലേക്കുള്ള വാതിലും ആ ഓർമ്മകളുടെ പ്രതീകവുമാണ് പട്ടത്തുള്ള ദൈവദാസന്റെ കബറിടം.

കാണപ്പെടുന്ന വ്യക്തിയോടൊപ്പം നമുക്ക് ചെന്നത്താവുന്ന ദൂരം കബറിടം വരെ മാത്രം. ഇനിയുള്ള യാത്ര, മുമ്പേ നടന്ന് വിശ്വാസം ജീവിച്ച ദൈവദാസൻ ബാക്കി വച്ച, മായാതെ മനസ്സിൽ സൂക്ഷിക്കുന്ന അനുഭവങ്ങളും ഓർമ്മകളും ദൈവാനുഭവത്തിന്റെ വെളിച്ചത്തിൽ വെളിപ്പെടുന്ന അത്ഭുതങ്ങളും അടയാളങ്ങളുമാണ്. ജാതി - മത ഭേദമന്യേ, അനേകരുടെ പ്രാർത്ഥനാനുഭവത്തിന്റെ ആത്മീയ അരുവി, ഇന്ന് ഈ കബറിടത്തിൽ നിന്നൊഴുകുന്നുണ്ട്. അകലങ്ങളിലിരിക്കുമ്പോഴും ഈ പുണ്യ കബറിടം ആ പാത തേടുന്ന ഏവരെയും തിരികെ വിളിക്കുന്നു.

*മലങ്കര സഭയുടെ പുണ്യപിതാവെ,*
*ഭാരതീയ-ക്രൈസ്തവ സന്യാസത്തിന്റെ*
*ദിവ്യ ജ്യോതിസ്സേ,*
*ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമെ.*

മുമ്പേ നടന്ന ശ്രേഷ്ഠാചാര്യൻ. മലങ്കരയുടെ മണ്ണിൽ, ഭാരതീയ-ക്രൈസ്തവ സന്യാസത്തിന്റെ ആരംഭകനും അമരക്കാരനുമായിരുന്ന, മലങ്കരയുടെ സ്വന്തമായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവ്.

സന്യാസിയും സന്യാസവും ഭാരതത്തിനു പുതുമയുള്ള വാക്കുകളോ ജീവിതചര്യയോ അല്ല. എന്നാൽ, ഭാരതീയ ക്രൈസ്തവസന്യാസം അതിനാൽ തന്നെ വ്യത്യസ്തകളുൾക്കൊള്ളുന്നതും നവീനവുമാണ്. ക്രൈസ്തവ സന്യാസത്തിന്റെ അന്ത:സത്തയെ ഭാരതീയ സന്യാസത്തിന്റെ ഉൾക്കാമ്പിനോടു ചേർത്തു വച്ച്, ആത്മീയതയ്ക്ക് പുതിയ ഭാവം നൽകിയ ദൈവദാസൻ, എന്നെന്നും മനുഷ്യമനസ്സിലും ചരിത്രത്തിലും മറ്റൊരാൾക്കും പകരം വയ്ക്കാനാകാത്ത ആത്മീയ പ്രകാശമാണ്. കണ്ടറിഞ്ഞവരും തൊട്ടറിഞ്ഞവരും ഒരുപോലെ വണങ്ങുന്ന ഈ പുണ്യാത്മാവ്, മലങ്കരയുടെ ഭാഗ്യമാണ്. ദൈവം കനിഞ്ഞു നൽകിയ അനുഗ്രഹമാണ്. ആഗോളസഭയ്ക്കുള്ള മലങ്കര കത്തോലിക്കാ സഭയുടെ സമ്മാനമാണ്. ഇനിയും പൂർണ്ണമായും തുറക്കപ്പെടാത്ത, ഇനിയും നാം പൂർണ്ണമായും കണ്ടെത്താത്ത, അറിവിന്റെയും ദൈവാനുഭവത്തിന്റെയും ഖനിയാണ് ഈ സന്യാസശ്രേഷ്ഠൻ. അനേകർക്ക് മാതൃകയാവാൻ, പഠനവിഷയവും ധ്യാനവിഷയവുമാണ് ഈ സന്യാസശ്രേഷ്ഠൻ തുറന്നു വച്ച ജീവിത സാക്ഷ്യം.

### ചക്രവാളങ്ങൾക്കപ്പുറം കണ്ണുയർത്തി നോക്കാൻ പഠിപ്പിച്ച സന്യാസ ഗുരുഭൂതൻ

ബൈബിളിൽ അടിസ്ഥാനപ്പെട്ട, മാർത്തയുടെയും മേരിയുടെയും ലാസറിന്റെയും ആശ്വാസത്തിന്റെ ഭവനമായ ബഥനിയും ഭാരതീയ സന്യാസ ജീവിതചര്യകളോടു ചേർത്തുവെയ്ക്കാവുന്ന ബഥനി ആശ്രമം എന്ന ചിന്തയും മലങ്കരയിൽ അന്നുവരെ കാണാത്ത പുതിയ അനുഭവമായിരുന്നു. സെറാംപൂരിലെ താമസവും ആശ്രമചര്യകളുടെ തുടക്കവും ഗാന്ധിജിയുടെയും ടാഗോറിന്റെയും പർണ്ണശാലകളിലെ പഠനാത്മക ചർച്ചകളും അനുഭവങ്ങളും ഈ ചിന്തയ്ക്ക് കൂടുതൽ വ്യക്തത നൽകാൻ സഹായകമായി. മുണ്ടൻ മലയിലേക്കുള്ള മലകയറ്റം , കൂടുതൽ ദൈവാനുഭവത്തിലേക്കുള്ള മലകയറ്റമായി. ബഥനിയുടെ സ്ഥാപനവും മലയിറക്കവും ഭാരതീയ ക്രൈസ്തവ സന്യാസജീവിത നിയമത്തിന്റെ പുതിയ കൽഫലക വുമായിട്ടായിരുന്നു. മോശയെപ്പോലെ, അസമാധാനത്തിന്റെ താഴ്വാരങ്ങളിൽ കാത്തുനിന്നവരുടെ ജീവിതത്തിലേക്ക് തുറന്നിട്ട പുതിയ കാനാനിലേക്കുള്ള പ്രതീക്ഷയുടെ വാതിലായി മാറി, ബഥനിയുടെ സ്ഥാപകനും സഹചാരികളായ ബഥനിയുടെ സന്യാസ ഭിക്ഷുക്കളും. നൂറു വർഷങ്ങൾക്കപ്പുറം, ദൈവദാസൻ മാർ ഇവാനിയോസ് പിതാവിനാൽ ബഥനിയിലൂടെ ആരംഭിച്ച ഭാരതീയ-ക്രൈസ്തവ സന്യാസത്തിന്റെ പ്രയാണം ഇന്നും അഭംഗുരം തുടരുന്നു.

**കവർ സ്റ്റോറി**

# ഈവാനിയൻ ദൈവശാസ്ത്രം

## എഡിൻബർഗിൽ നിന്നും 2-ാം വത്തിക്കാനിലേയ്ക്ക്



റവ. ഡോ. പ്രഭീഷ് ജോർജ്ജ്



മാർ ഈവാനിയോസ് എന്ന യുഗപ്രതിഭയെ സമഗ്രമായി മനസിലാക്കണമെങ്കിൽ ആ സഭാ വ്യക്തിത്വത്തെ വാർത്തെടുത്ത ദൈവശാസ്ത്ര പശ്ചാത്തലം നാം അറിഞ്ഞിരിക്കേണ്ടതാണ്. 20–ാം നൂറ്റാണ്ടിലെ ദൈവശാസ്ത്ര പഠനത്തിൽ പ്രത്യേകിച്ച് സഭാശാസ്ത്രവും പ്രേഷിതശാസ്ത്രവും പഠിക്കുന്നവർക്ക് വേറിട്ട് ചിന്തിക്കാൻ പറ്റാത്ത രണ്ടു ദൈവശാസ്ത്ര കൗൺസിലുകളാണ് 1910–ൽ ഇംഗ്ലണ്ടിലെ എഡിൻബർഗിൽ നടന്ന മിഷണറി കോൺഫ്രൻസും 1960കളിൽ നടന്ന രണ്ടാം വത്തിക്കാൻ സുന്നഹദോസും. ഈ രണ്ടു ദൈവശാസ്ത്ര കോൺഫ്രൻസുകളുടെ പശ്ചാത്തലത്തിൽ മാർ ഈവാനിയോസ് പിതാവിനേയും പുനരൈക്യപ്രസ്ഥാനത്തേയും മനസിലാക്കാനുള്ള പരിശ്രമമാണ് ഈ ലേഖനം.

### എഡിൻബർഗ് കോൺഫ്രൻസ്

19–ാം നൂറ്റാണ്ടിൽ മിഷൻപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനായി പല പ്രാദേശിക മിഷണറി കോൺഫ്രൻസുകളും വിളിച്ചുകൂട്ടുകയും മിഷൻപ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തുകയും ചെയ്തിരുന്നു. വിദേശ രാജ്യങ്ങളിൽ മാത്രമല്ല, ഇന്ത്യയിലും അത്തരം പ്രാദേശിക കോൺഫ്രൻസുകൾ വിദേശ മിഷണറിമാർ സംഘടിപ്പിച്ചിരുന്നു. ഇത്തരം സമ്മേളനങ്ങൾ പ്രാദേശികമായി സുവിശേഷ പ്രഘോഷണം എങ്ങനെ ഫലപ്രദമായി നടത്താമെന്ന് ഗഹനമായ ചർച്ചകൾ നടത്തി. 1902–ൽ മദ്രാസിൽ വച്ചു നടന്ന

മിഷണറി കോൺഫ്രൻസിലാണ് പ്രാദേശിക സഭയെന്ന ദർശനവും പ്രദേശികഭാഷയിലെ ആരാധന നടത്തണമെന്ന നിർദ്ദേശവും ഉരുത്തിരിഞ്ഞു വന്നത്. അതുപോലെ അത്തരത്തിൽ ഇന്ത്യയിലും ആഫ്രിക്കൻ ഭൂഖണ്ഡത്തിലും നടന്ന വിവിധ കോൺഫ്രൻസുകൾ സഭകളുടെ ഐക്യത്തെക്കുറിച്ച് ഗഹനമായ ചർച്ചകൾ നടത്തി. ഇത്തരം ചർച്ചകളുടെ പശ്ചാത്തലത്തിലാണ് ആംഗ്ലിക്കൻസഭയിലെ മിഷണറിമാരുടെ പ്രത്യേക താൽപര്യത്തിൽ ഒരു ആഗോള മിഷണറി സംഗമം എഡിൻബർഗിൽ 1910–ൽ വിളിച്ചു കൂട്ടിയത്.

സാർവത്രിക സ്വഭാവത്തോടെ ആദ്യമായി വിളിച്ചുകൂട്ടിയ മിഷണറിമാരുടെ സംഗമമായിരുന്നു ഇത്. ഏകദേശം 1200 അംഗങ്ങൾ പങ്കെടുത്ത ഈ ദൈവശാസ്ത്ര കോൺഫ്രൻസ് ഏറെ മുന്നൊരുക്കങ്ങളോടെയാണ് സംഘടിപ്പിച്ചത്. എട്ടു കമ്മിറ്റികളുടെ നേതൃത്തിൽ ശരിയായ ദൈവശാസ്ത്ര പഠനങ്ങൾ നടത്തിയാണ് ഈ കോൺഫ്രൻസിനായി ഒരുങ്ങിയത്. അംഗങ്ങളുടെ പങ്കാളിത്തത്തിൽ മാത്രമല്ല. വിഷയങ്ങളുടെ വിശാലതയിലും സാർവത്രിക സ്വഭാവം നിലനിർത്താൻ ഈ കോൺഫ്രൻസിനു സാധിച്ചു എന്നതാണ് ഇതിന്റെ ചരിത്ര പ്രാധാന്യം.

ലോകവ്യാപകമായി അകത്തോലിക്കാ മിഷണറിമാർ നടത്തിവന്ന സുവിശേഷ പ്രഘോഷണത്തെ തുടർന്ന് സംജാതമായ ഒരു പുതിയ സഭാത്മക സാഹചര്യം മിഷൻ പ്രവർത്തനത്തിന് വിഘാതമായി വളർന്നുവന്നപ്പോഴാണ് ഇത്തരത്തിലൊരു ചർച്ചാവേദി ഒരുക്കേണ്ടതിന്റെ ആവശ്യകത കൂടിവന്നത്. ഒരേ സ്ഥലത്ത് വിവിധ സഭകളുടെ മിഷണറിമാർ പ്രവർത്തിക്കുമ്പോൾ ഉണ്ടാവുന്ന വൈവിധ്യവും (diversity) സഭാവിഭജനവും (ecclesial division) മൂലവും ഉണ്ടാകുന്ന എതിർസാക്ഷ്യവും എങ്ങനെ മറികടക്കാം എന്നതായിരുന്നു ചർച്ചകളുടെ പ്രധാന കാതൽ. ഈ കോൺഫ്രൻസിന്റെ പ്രധാന ഉദ്ദേശലക്ഷ്യം: കാര്യക്ഷമമായ സുവിശേഷ പ്രഘോഷണത്തിനു സഭകളുടെ ഐക്യം എങ്ങനെ ഉറപ്പുവരുത്താം എന്നുള്ളതായിരുന്നു.

20–ാം നൂറ്റാണ്ടിന്റെ ആരംഭത്തിലെ സഭാശാസ്ത്രം സഭൈക്യം എന്നതിലൂടെ വിവക്ഷിച്ചിരുന്നത് സഭകളുടെ ലയനമാണ്. അതായത്, ഐക്യത്തിനായി ഒരു സഭ മറ്റൊരു സഭയിൽ ലയിക്കുക. സഭാവിഭജനത്തെ ഏകരൂപ്യത്തിലൂടെ പ്രതിരോധിക്കാനുള്ള പരിശ്രമങ്ങളായിരുന്നു കത്തോലിക്കാ സഭയുൾപ്പെടെയുള്ള എല്ലാ സഭാവിഭാഗങ്ങളും പ്രോത്സാഹിപ്പിച്ചിരുന്നത്. ഓരോ സഭയുടേയും വ്യക്തിത്വം രൂപീകരിക്കുന്നതിൽ പ്രധാനപ്പെട്ട ഘടകങ്ങളാണ് ആരാധനാക്രമ പാരമ്പര്യങ്ങൾ, ദൈവശാസ്ത്ര സമീപനങ്ങൾ, നേതൃത്വ ശുശ്രൂഷ, ആത്മീയ ഔന്നത്യം എന്നിവ. ചരിത്രത്തിന്റെ ഗതിവിഗതികളിലൂടെ രൂപപ്പെട്ടുവന്ന സഭാത്മകമായ സ്വത്വബോധം സഭകളുടെ ലയനത്തിലൂടെ നഷ്ടമാക്കാൻ ഒരു സഭയും ആഗ്രഹിക്കുന്നില്ല. അതിനാൽ സഭകളുടെ ലയനം സഭൈക്യശാസ്ത്രത്തിലെ പ്രായോഗികമല്ലാത്ത നിർദ്ദേശമായി മാറികൊണ്ടിരുന്നു. വിഭജനാത്മകവൈവിധ്യത്തെ മറികടക്കാൻ ക്രിയാത്മകമായ പരിഹാരമാർഗങ്ങൾ കണ്ടെത്തേണ്ടത് സഭാദർശനത്തിനു മാത്രമല്ല, പ്രേഷിതപ്രവർത്തനത്തിനും അനിവര്യമായിരുന്നു.

ഈയൊരു ദൈവശാസ്ത്ര പശ്ചാത്തലത്തിലാണ്, സുവിശേഷപ്രഘോഷണം എന്ന സഭയുടെ പരമമായ ദൗത്യനിർവഹണത്തിന് സഭകളുടെ ഒന്നിച്ചുള്ള സാക്ഷ്യം അനിവാര്യമാണെന്ന് എഡിൻബർഗ് കോൺഫ്രൻസിൽ സംബന്ധിച്ച ഏവരും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടത്. പ്രായോഗികമല്ലാത്ത സഭാലയനത്തെ ഈ കോൺഫ്രൻസ് പ്രോത്സാഹിപ്പിച്ചില്ല. അതേസമയം, ഓരോ വ്യക്തിഗത സഭയും തങ്ങളുടെ വ്യക്തിത്വം നിലനിർത്തിക്കൊണ്ട് തന്നെ സുവിശേഷപ്രഘോഷണത്തിനായി സാധ്യമായ മേഖലകളിൽ ഒന്നിച്ചു നിൽക്കാമെന്നും അങ്ങനെ ഒന്നിച്ചു പ്രവർത്തിച്ച് ക്രിസ്തുവിന്റെ സഭയ്ക്ക് ഐക്യത്തിന്റെ സാക്ഷ്യം നൽകാമെന്നും തീരുമാനിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ സംബന്ധിച്ച ബുർലൈയിലെ ബാൽഫൂർ പ്രഭുവിന്റെ വാക്കുകൾ, "ചിലകാര്യങ്ങളിൽ നാം വിഭജിതരാണ്, എന്നാൽ, 'നിങ്ങൾ ലോകമെങ്ങും പോയി സർവ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന ഒരു വലിയ കൽപനായാൽ നാം ഐക്യപ്പെട്ടിരിക്കുന്നു." സഭൈക്യം പ്രേഷിത പ്രവർത്തനത്തിന് അനിവാര്യമാണെന്ന് വിവക്ഷ.

ക്രിസ്തുവിലൂടെ സംലഭ്യമായ രക്ഷാകര അനുഭവത്തിന്റെ സാർവത്രികമാനം ഊന്നിപ്പറഞ്ഞ കോൺഫ്രൻസ് സുവിശേഷ പ്രഘോഷണ ദൗത്യത്തിൽ പ്രാദേശിക സഭകൾക്കുള്ള സവിശേഷമായ പ്രാധാന്യം എടുത്തുകാട്ടി. സഭാജീവിതത്തിലെ ബഹുസ്വരതയും വൈവിധ്യവും ഏക രക്ഷകനായ ക്രിസ്തുവിനും അവിടുത്തെ മണവാട്ടിയായ സഭയ്ക്കും സാക്ഷ്യം നൽകുന്നതിൽ പ്രേഷിതർക്ക് തടസ്സമാകരുത്. സഭാശാസ്ത്രത്തിലെ വിപ്ലവാത്മകമായ ഈ ദർശനം കൂട്ടായ പ്രേഷിത പ്രവർത്തനങ്ങൾക്കുള്ള പുതിയ വേദികൾ കണ്ടെത്താൻ സഹായിച്ചു എന്നതാണ് എഡിൻബർഗ് കോൺഫ്രൻസിന്റെ ദൈവശാസ്ത്ര പ്രസക്തി.

### മാർ ഈവാനിയോസും എഡിൻബർഗ് കോൺഫ്രൻസും

എഡിൻബർഗ് കോൺഫ്രൻസിനു ഒരുക്കമായി നടന്ന പ്രാദേശിക സമ്മേളനങ്ങൾക്ക് ഇന്ത്യയിൽ പ്രധാന വേദിയായത് കൽക്കത്തയായിരുന്നു. അതിന് നേതൃത്വം നൽകിയതിൽ പ്രധാനി ഡോ. ഹവ്വൽസ് എന്ന സെറാംപൂരിലെ ആംഗ്ലിക്കൻ വൈദികനായിരുന്നു. അദ്ദേഹമാണ് ഇന്ത്യയിലെ പ്രേഷിതപ്രവർത്തനത്തിന്റെ സാധ്യതകളും വെല്ലുവിളികളെയും സംബന്ധിച്ച് എഡിൻബർഗ് കോൺഫ്രൻസിൽ റിപ്പോർട്ട് അവതരിപ്പിച്ചത്. എഡിൻബർഗ് കോൺഫ്രൻസിന്റെ ചൈതന്യം എല്ലാ പ്രാദേശിക സഭകളിലും എത്തിക്കാനായി തുടർ കോൺഫ്രൻസുകൾ പ്രാദേശികമായി നടത്തണമെന്ന പൊതുവായ തീരുമാനത്തിന്റെ വെളിച്ചത്തിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രാദേശിക സമ്മേളനങ്ങൾ നടന്നു. ഇന്ത്യയിൽ ഇത്തരം പ്രാദേശിക സമ്മേളനം ആദ്യം വിളിച്ചുകൂട്ടിയതും കൽക്കത്തയിലായിരുന്നു.

1912–ൽ വിളിച്ചുകൂട്ടിയ കൽക്കത്താ സമ്മേളനത്തിൽ ഇന്ത്യയിലെ എല്ലാ അകത്തോലിക്കാ സഭാവിഭാഗങ്ങളുടേയും പ്രതിനിധികളുണ്ടാകണമെന്ന നിർബന്ധത്തെ തുടർന്നാണ്, മലങ്കര സഭയിൽ നിന്ന് വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായേയും ക്ഷണിച്ചത്. ഭാരതസുവിശേഷവത്ക്കരണം സ്വപ്നം കണ്ടു നടന്ന ഫാ. പി.റ്റി. ഗീവർഗീസ് മലങ്കര മെത്രാപ്പോലീത്തായോടൊപ്പം കൽക്കത്തയിലെത്തിയത് ഈ പശ്ചാത്തലത്തിലാണ്. മലങ്കരയിലെ ആദ്യ എം. എ. അച്ചൻ ആ സമ്മേളനവേദിയിൽ സന്നിഹിതനായത് മലങ്കര മെത്രാപ്പോലീത്തായുടെ വെറുമൊരു സഹായിയായിട്ടു മാത്രമായിരുന്നില്ല. മറിച്ച് അവിടെ നടന്ന ചർച്ചകളിലും സംവാദങ്ങളിലും സജീവമായി പങ്കെടുത്ത മലങ്കരയുടെ അഭിമാനമായ ഒരു ദൈവശാസ്ത്രജ്ഞൻ കൂടിയായിട്ടായിരുന്നു. അതുകൊണ്ടാണ്, പണിക്കരുവീട്ടിലച്ചന്റെ ദൈവശാസ്ത്ര ദർശനങ്ങളിലെ അവഗാഹം സെറാംപൂർ യൂണിവേഴ്സിറ്റിയിലെ പ്രിൻസിപ്പളച്ചനെ ഹഠാദാഘർശിച്ചത്. പി. റ്റി. ഗീവർഗീസ് അച്ചന്റെ ജീവചരിത്രം മാറ്റിമറിച്ച കൽക്കത്താ ജീവിതത്തിന്റെ തുടക്കം കുറിക്കാൻ ഈ സമ്മേളനം നിമിത്തമായത് ആകസ്മികമല്ല മറിച്ച് ദൈവപദ്ധതിയായിരുന്നു എന്ന് നിസംശയം നമുക്ക് പറയാൻ സാധിക്കും.

കൽക്കത്ത കോൺഫ്രൻസിലെ പ്രധാന ചർച്ചാ വിഷയം പ്രേഷിത പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സഭകൾ തമ്മിലുള്ള സഹകരണം എങ്ങനെയൊക്കെ കൂടുതലായി വളർത്താം എന്നുള്ളതായിരുന്നു. സുവിശേഷവത്ക്കരണത്തിനായുള്ള സഭൈക്യം –സഭൈക്യവും മിഷനും– എന്ന ചിന്ത ആ യുവവൈദികനിൽ ആഴമായ ബോധ്യം ജനിപ്പിച്ചു. ക്രിസ്തുവിന്റെ സഭ വിഭജിക്കപ്പെടാൻ പാടില്ലാത്തതും, വ്യക്തിഗത സഭകൾ പരസ്പര ഐക്യത്തിൽ ജീവിച്ച് ഏകസുവിശേഷം പ്രഘോഷിക്കണമെന്ന ദർശനം അദ്ദേഹത്തിൽ രൂഢമൂലമാക്കാൻ കൽക്കത്താ കോൺഫ്രൻസിലെ ചർച്ചകളും തുടർന്നുള്ള സെറാപൂർ വാസവും സഹായകമായി.

ആംഗ്ലിക്കൻ സഭയുടെ ആഭിമുഖ്യത്തിൽ എഡിൻബർഗിൽ നടന്ന മിഷണറി കോൺ

ഫ്രൻസിൽ രൂപപ്പെടുത്തിയ സഭാദർശനവും പ്രേഷിതദർശനവും അധികരിച്ചു നടന്ന ദൈവശാസ്ത്ര സംവാദങ്ങളെ അതിസൂക്ഷ്മം പഠിക്കാൻ സത്യാന്വേഷിയായ മലങ്കരയിലെ ഈ സാത്വികൻ സമയം കണ്ടെത്തി. അദ്ദേഹത്തിന്റെ തുടർന്നുള്ള സെറാംപൂർവാസം ഇതിന് ഏറെ സഹായിച്ചു. ആംഗ്ലിക്കൻ മിഷണറിമാരുമായി നടന്ന സൗഹൃദസംഭാഷണങ്ങളും സംവാദങ്ങളും ഈ ദൈവശാസ്ത്ര ദർശനങ്ങളുടെ ആഴത്തിലേയ്ക്ക് പ്രവേശിക്കൻ അദ്ദേഹത്തെ ഏറെ സഹായിച്ചു.

### കത്തോലിക്കാ സഭാശാസ്ത്രം രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പ്

കത്തോലിക്കാസഭയുടെ ഐക്യത്തിന്റെ കേന്ദ്രം ക്രിസ്തുവിന്റെ വികാരിയും റോമിലെ മെത്രാനുമായ മാർപാപ്പായാണ്. അതുകൊണ്ട് എല്ലാസഭകളും പാപ്പായുമായുള്ള സംസർഗത്തിലായിരിക്കണമെന്നും അദ്ദേഹത്തിന്റെ സാർവത്രിക അജപാലന അധികാരത്തിനു വിധേയപ്പെട്ടിരിക്കണമെന്ന ദർശനമാണ് കത്തോലിക്കാ സഭാ മുറുകെപ്പിടിക്കുന്ന സഭാശാസ്ത്രം. ഈ സഭാശാസ്ത്രം മധ്യകാലഘട്ടത്തിൽ ലത്തീൻ സഭയുടെ മേൽക്കോയ്മ ഉറപ്പാക്കുന്ന ഒരു വ്യാഖ്യാനത്തിലേയ്ക്ക് വഴിമാറിയപ്പോൾ, കത്തോലിക്കാ സഭയിലെ മറ്റു സഭകളെ പങ്കാളിത്ത സഭകളായി (dependent churches) കാണുന്ന ഒരു സഭാദർശനം രൂപപ്പെട്ടു.

കത്തോലിക്കാസഭയിലെ അധികാരവും പ്രേഷിത ദൗത്യത്തിന്റെ ഉത്തരവാദിത്വം ഏകപക്ഷീയമായി ലത്തീൻ സഭ സ്വന്തമാക്കിയപ്പോൾ, മറ്റു വ്യക്തിഗത സഭകളുടെ അധികാരവും പ്രേഷിതദൗത്യവും വെറും പങ്കാളിത്വം സ്വഭാവത്തിലേയ്ക്ക് വഴിമാറി. ഈ മാറ്റം പൗരസ്ത്യസഭകളുടെ വ്യക്തിത്വത്തിനും പ്രേഷിത ദൗത്യത്തിനും പലപ്പോഴും വിഘാതമായി മാറി എന്നത് ചരിത്രസത്യമാണ്. മധ്യകാലഘട്ടത്തിലെ പല സഭാവിഭജനങ്ങൾക്കും കാരണം ഈ സഭാശാസ്ത്ര ദർശനമൂലമുണ്ടായ തെറ്റിധാരണകളും കലഹങ്ങളും നിമിത്തമായിരുന്നു. പൗരസ്ത്യസഭകളുടെ വ്യക്തിത്വം അംഗീകരിക്കാത്ത പ്രവണതകളും രീതികളും സഭാഭരണത്തിലും പ്രേഷിതപ്രവർത്തനത്തിലും വളരെ വിള്ളലുകളുണ്ടാക്കിയിട്ടുണ്ട്.

ആംഗ്ലിക്കൻ സഭ സംഘടിപ്പിച്ച കോൺഫ്രൻസിൽ കത്തോലിക്കാ പ്രതിനിധികൾ സംബന്ധിച്ചില്ലെങ്കിലും അവിടെ രൂപപ്പെട്ടു വന്ന ദൈവശാസ്ത്ര ദർശനങ്ങളുടെ അനുരണനങ്ങൾ കത്തോലിക്കാ ദൈവശാസ്ത്രത്തിലും പുതിയ പഠനങ്ങൾക്കും വ്യാഖ്യാനങ്ങൾക്കും വാതിലുകൾ തുറന്നിട്ടു. അതിൽ പ്രധാനപ്പെട്ടത് വ്യക്തിഗത സഭകളുടെ വ്യക്തിത്വ സവിശേഷതകളെ സാർവത്രിക സഭ അംഗീകരിക്കാൻ തുടങ്ങി എന്നതാണ്. സാർവത്രിക സഭാദ്ധ്യക്ഷന്മാർ, സവിശേഷമായി, പരി. ബനഡിക്ട് 15-ാമൻ മാർപാപ്പാ (1914-1922) പൗരസ്ത്യസഭകളെ ശക്തിപ്പെടുത്താനും അവയുടെ പൈതൃകം സംരക്ഷിക്കാനും ബദ്ധശ്രദ്ധനായി. സഭാകൂട്ടായ്മ എന്നത് ഓരോ സഭയുടേയും വ്യക്തിത്വം സംരക്ഷിച്ചുകൊണ്ടുള്ള സഭാബന്ധമാണെന്ന് അവർ ഊന്നിപ്പറഞ്ഞു. സഭകളുടെ വലിപ്പമോ ചെറുപ്പമോ ഈ ബന്ധത്തിന്റെ മാനദണ്ഡമാകാൻ പാടില്ലാ എന്നും എല്ലാ സഭകളും ക്രിസ്തുവിന്റെ ശരീരരക്തങ്ങളിൽ ഒരുപോലെ പങ്കാളികളാകുന്നു എന്നും അവർ ഏവരേയും പ്രബോധിപ്പിച്ചു.

റോമിലെ പൗരസ്ത്യസഭകൾക്കുവേണ്ടിയുള്ള തിരുസംഘം 1917-ൽ സ്ഥാപിച്ചത് പരി. ബനഡിക്ട് മാർപാപ്പയായിരുന്നു. അതോടൊപ്പം പൗരസ്ത്യ ആരാധനാപാരമ്പര്യങ്ങളും ദൈവശാസ്ത്രവും പാശ്ചാത്യലോകത്ത് പരിചയപ്പെടുത്താനായി അദ്ദേഹം പൊന്തിഫിക്കൽ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചു. തുടർന്ന് ഭരണത്തിലേറിയ മാർപാപ്പാമാർ പൗരസ്ത്യ സഭകളുടെ അനന്യത കാത്തുസൂക്ഷിക്കാനും ആഗോളസഭയിൽ അവയുടെ സ്ഥാനം പങ്കാളിത്ത സ്വഭാവത്തോടെ ഉറപ്പിക്കാനും ശ്രദ്ധാലുക്കളായിരുന്നു. സഭാകൂട്ടായ്മയ്ക്ക് പുതിയ ദിശാബോധം കത്തോലിക്കാസഭയിൽ രൂപപ്പെട്ടുവരുവാൻ ഇത്തരം പരിശ്രമങ്ങൾ ഏറെ സഹായിച്ചു.

കത്തോലിക്കാസഭയുടെ സഭാശാസ്ത്രത്തിലെ പുതിയ പ്രവണതകളെ പഠിക്കാനും സൂക്ഷമമായി മനസിലാക്കാനും ഫാ. പി.റ്റി. ഗീവർഗീസ് ശ്രദ്ധിച്ചിരുന്നു എന്നത് അദ്ദേഹത്തിന്റ പിൽക്കാല രേഖകളിൽ നിന്ന് മനസിലാക്കാം. സഭയുടെ കൂട്ടായ്മകളെക്കുറിച്ചു പരാമർശിക്കുമ്പോഴെല്ലാം പരി. ബനഡിക്ട് 15-ാമൻ മാർപാപ്പയെ പോലുള്ള സാർവത്രിക സഭാദ്ധ്യക്ഷന്മാരെ ഉദ്ധരിക്കുന്നത് നാം കണ്ടുമുട്ടുന്നുണ്ട്. അകത്തോലിക്കാ സഭയിലെ മാത്രമല്ല, കത്തോലിക്കാ സഭയിലെയും സഭാശാസ്ത്രം മാർ ഈവാനിയോസ് പിതാവിന്റെ ദൈവശാസ്ത്ര ദർശനങ്ങളെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്.

### രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ സഭാദർശനം

സഭയുടെ ദൈവശാസ്ത്ര ദർശനങ്ങൾക്ക് സമഗ്രമായ വ്യാഖ്യാനം ആധുനിക കാലഘട്ടത്തിൽ എഴുതിച്ചേർത്ത സുന്നഹദോസാണ് രണ്ടാം വത്തിക്കാൻ സുന്നഹദോസ്. സഭയുടെ സ്വഭാവത്തെക്കുറിച്ചും പ്രേഷിത ദൗത്യത്തെക്കുറിച്ചുമുള്ള കൗൺസിലിന്റെ ആധികാരിക പ്രബോധനം ഒറ്റ വാക്യത്തിലായി നമുക്ക് സംഗ്രഹിക്കാം. സഭ സ്വഭാവത്താലെ പ്രേഷിതയും കൂട്ടായ്മയുമാണ് (The Church in her nature is missionary and communion). അതായത് ക്രിസ്തുവിന്റെ സഭ സഭകളുടെ കൂട്ടായ്മയും അത് കാലദേശങ്ങൾക്കതീതമായി എല്ലായിടത്തും സുവിശേഷം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവളുമാണ്. അതുവരെ നടന്ന സഭകളുടെ ഐക്യത്തെക്കുറിച്ചുള്ള സംവാദങ്ങളും സംഭാഷണങ്ങളും സംഗ്രഹിച്ചുകൊണ്ടാണ് കൗൺസിൽ ഇപ്രകാരം പഠിപ്പിച്ചത്.

ആധുനിക കാലഘട്ടത്തിലെ സുപ്രധാനമായ ഈ കൗൺസിലിനു ഒരു ദശകം മുമ്പേ കാലംചെയ്ത മാർ ഈവാനിയോസ് പിതാവ് രണ്ടാവത്തിക്കാൻ സുന്നഹദോസിന്റെ പ്രബോധനങ്ങൾ കാലങ്ങൾക്കുമുമ്പേ പ്രായോഗികമാക്കി വിജയിച്ച കർമ്മയോഗിയായിരുന്നു.

### ഇവാനിയൻ ദർശനവും പുനരൈക്യ പ്രസ്ഥാനവും

ഒരു വ്യക്തിഗത സഭയെ അതിന്റെ വ്യക്തിത്വം നഷ്ടപ്പെടുത്താതെ സാർവത്രിക സഭയിൽ ഉൾച്ചേർക്കാൻ സാധിക്കുമെന്ന് മാർ ഈവാനിയോസ് സ്വപ്നം കാണുമ്പോൾ എഡിൻബർഗ് കോൺഫ്രൻസ് കഴിഞ്ഞ് രണ്ടു ദശകങ്ങളും രണ്ടാവത്തിക്കാൻ സുന്നഹദോസിന് വീണ്ടും മൂന്നു ദശകങ്ങളും ഉണ്ടായിരുന്നു. സഭൈക്യം സഭകളുടെ ലയനമായി ഭൂരിപക്ഷംപേരും കരുതിയിരുന്ന കാലഘട്ടത്തിൽ ഒരു അപ്പസ്തോലിക സഭയുടെ തനിമ നഷ്ടപ്പെടുത്താതെ മലങ്കര സഭയുടെ കത്തോലിക്കാസഭാ സംസർഗം സാധ്യമാക്കിയ മാർ ഈവാനിയോസ് പിതാവ് കാലങ്ങൾക്ക് മുന്നേ നടന്ന ദൈവശാസ്ത്രജ്ഞനാണ്. മലങ്കര സഭ കത്തോലിക്കാ സംസർഗ്ഗം വീണ്ടെടുക്കാനായി ലത്തീൻസഭയിലോ സീറോ മലബാർ സഭയിലോ സുറിയാനി കത്തോലിക്കാ സഭയിലോ ലയിക്കാതെ ഒരു വ്യക്തിഗത സഭയായി നിലകൊണ്ടത് രണ്ടാം വത്തിക്കാൻ സുന്നഹദോസിന് മൂന്നു ദശകങ്ങൾക്ക് മുന്നേയായിരുന്നു. അതിനു പിന്നിലെ മാർഗ ദർശനം മാർ ഈവാനിയോസ് പിതാവിന്റെ സഭാദർശനമാണെന്ന് ഏവർക്കും നിസംശയം പറയാവുന്നതാണ്.

ഒരു വ്യക്തിഗത സഭ അതിന്റെ തനിമ കാത്തുസൂക്ഷിക്കുന്നതിലൂടെ സഭയിലെ ഐക്യത്തിനു കോട്ടം വരുന്നില്ല എന്നു മാത്രമല്ല, കത്തോലിക്കാ സഭയുടെ സാർവത്രികമാനം കൂടുതൽ പ്രശോഭിക്കും എന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പുനരൈക്യത്തിലൂടെ ഏവരോടും സാക്ഷ്യപ്പെടുത്തി. ഒരു അപ്പസ്തോലിക സഭ അതിന്റെ തനിമ നിലനിർത്തുന്നതിലൂടെ പ്രേഷിതപ്രവർത്തനത്തിലും സഭാത്മകജീവിതത്തിലും കാതോലികവും ശ്ലൈഹീകവും ഏകവും വിശുദ്ധവുമായ ഒരു വ്യക്തിഗത സഭയായി പ്രതിഷ്ഠിക്കപ്പെടുകയാണ്. സഭാത്മകപരാശ്രയമല്ല (ecclesial dependency), സാഭാത്മകൂട്ടായ്മ (ecclesial communion) ആണ് ഒരു വ്യക്തിഗത സഭയുടെ സാർവത്രിക (universal) സ്വഭാവം നിർണയിക്കുന്നതെന്ന് തെളിയിക്കാൻ പുനരൈക്യപ്രസ്ഥാനത്തിലൂടെ മാർ ഈവാനിയോസ് പിതാവിന് സാധിച്ചു.

സഭൈക്യം അതിൽ തന്നെ ഒരു അന്ത്യ



മല്ല; മറിച്ച്, സഭയുടെ പ്രേഷിത ദൗത്യം പൂർത്തിക്കാനുള്ള മാർഗമാണെന്ന് 1930–ലെ പുനരൈക്യം തെളിയിച്ചപ്പോൾ മാർ ഈവാനിയോസ് ദർശനങ്ങൾക്ക് ഒരു സാർവത്രിക ഭാവം കൈവന്നു. 1910–ലെ എഡിൻബർഗ് കോൺഫ്രൻസിലെ ദൈവശാസ്ത്ര പ്രബോധനം രണ്ടാം വത്തിക്കാൻ സുന്നഹദോസിലെ സഭാ–പ്രേഷിത ദൈവശാസ്ത്ര പ്രബോധനങ്ങളെ ലക്ഷ്യമാക്കി യാത്ര ചെയ്തപ്പോൾ എത്തിച്ചേർന്ന ചരിത്രസംഭവമായിരുന്നു മലങ്കരയിലെ പുനരൈക്യപ്രസ്ഥാനം. ഈ ദൈവശാസ്ത്ര പ്രബോധനങ്ങളുടെ പ്രായോഗികമൂശയായിരുന്നു മലങ്കരയിലെ പുനരൈക്യ പ്രസ്ഥാനം.

ഒരു അപ്പസ്തോലിക സഭയ്ക്ക് കത്തോലിക്കാ കൂട്ടായ്മയിൽ ആയിരുന്നു എങ്ങനെ എത്രമാത്രം വളരാൻ സാധിക്കുമെന്ന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ചരിത്രപരമായ വളർച്ചയ്ക്ക് മുപ്പത്തിമൂന്നു വർഷത്തെ ശക്തമായ അടിത്തറ പാകിയ ആ പ്രേഷിതവര്യൻ തെളിയിച്ചു. കത്തോലിക്കാ കൂട്ടായ്മ ഒരു വ്യക്തിഗത സഭയുടെ പ്രേഷിത ദർശനത്തെ വിശാലമാക്കുമെന്നും പ്രേഷിതസഹകരണത്തിലൂടെയും മിഷൻവിഭവങ്ങൾ പങ്കുവയ്ക്കുന്നതിലൂടെയും സുവിശേഷ പ്രഘോഷണ പ്രവർത്തനങ്ങളെ പ്രാദേശികമായും ആഗോളതലത്തിലും കാര്യക്ഷമമായി നടത്താമെന്ന് പുനരൈക്യ പ്രസ്ഥാനത്തിന്റെ ശീഘ്രമായ പുരോഗതിയിലൂടെ മാർ ഈവാനിയോസ് പിതാവ് കത്തോലിക്കാസഭയിലും മലങ്കരസഭയിലും ഒരേ സമയം തെളിയിച്ചു. സാർവത്രിക പ്രേഷിത ദൈവശാസ്ത്രവും കത്തോലിക്കാ സഭാദർശനവും ഒരുപോലെ സമ്മേളിപ്പിച്ച ഒരു ദൈവശാസ്ത്ര പുസ്തകമാണ് മാർ ഈവാനിയൻ ദൈവശാസ്ത്ര ദർശനം.

കവർ സ്റ്റോറി

# മാർ ഈവാനിയോസ് പിതാവും സ്ത്രീജനോദ്ധാരണവും

സി. ആർദ്ര എസ്. ഐ.സി
അസി. ജനറൽ, ബഥനി സന്യാസിനി സമൂഹം





ദൈവദാസൻ മാർ ഈവാനിയോസിന്റെ സ്ത്രീജനോദ്ധാരണമെന്ന ആദർശം സമുദായോദ്ധാരണമെന്ന കാലഘട്ടത്തിന്റെ ആവശ്യത്തോടു ചേർന്നുനിൽക്കുന്ന ഒന്നാണ്. ഭൗതികതയുടെ നീരാളിഹസ്തങ്ങളിൽപ്പെട്ട് മരണത്തോടു മല്ലടിക്കുന്ന സ്വസമുദായത്തെ ആധ്യാത്മികതയുടെ സ്വതന്ത്ര തീരത്തേക്കു നയിക്കാനുള്ള അഭിവാഞ്ഛയിലാണ് സ്ത്രീജനോദ്ധാരണമെന്ന സ്വപ്നത്തിന്റെ അടിസ്ഥാനം. സ്ത്രീജനോദ്ധാരണം എന്നത് അക്കാരണത്താൽ കേവലമൊരു സാമൂഹികകർമ്മ പദ്ധതിയല്ലായിരുന്നു മാർ ഇവാനിയോസ് പിതാവിന്. അതിവിശിഷ്ടമായ ഒരു ആത്മീയ ആദർശത്തിന്റെ ഭാഗമായിരുന്നു അത്. ഒരു ആത്മീയാചാര്യന്റെ പ്രവാചകസമാനമായ വീക്ഷണങ്ങളാണ് അതിനുപിൻബലമായുള്ളത് എന്നതിനാൽ കേവലമൊരു സാമൂഹികോന്നമനം മാത്രമായി അതിനെ മനസിലാക്കാൻ പാടില്ല. സ്ത്രീകൾക്കു സമൂഹത്തിൽ ബഹുമാന്യമായ ഒരു സ്ഥാനം കണ്ടെത്തൽ എന്നതിലുപരിയായ ഒരു അർത്ഥതലം മാർ ഇവാനിയോസ് പിതാവിന്റെ സ്ത്രീജനോദ്ധാരണ പ്രവർത്തനത്തിനുണ്ട്.

വി. മർക്കോസ് എഴുതിയ സുവിശേഷത്തിൽ രേഖപ്പെടുത്തിയിട്ടുള്ള, യേശു പത്രോസിന്റെ അമ്മായിയമ്മയെ സുഖമാക്കുന്ന സംഭവത്തിന്റെ വ്യാഖ്യാനവുമായി ബന്ധിച്ചു ചിന്തിച്ചാൽ മാർ ഈവാനിയോസ് പിതാവിന്റെ സ്ത്രീശാക്തീകരണപ്രവർത്തനങ്ങളെ കൂടുതൽ എളുപ്പത്തിൽ വിശദമാക്കാൻ കഴിയുമെന്നു കരുതുന്നു. പനി ബാധിച്ച സ്ത്രീയെ യേശു സ്പർശിച്ചു സൗഖ്യമാക്കിയപ്പോൾ (മർക്കോസ് 1:29 –31) അവൾ പരിപൂർണസൗഖ്യം നേടിയവളായി യേശുവിനെയും ശിഷ്യന്മാരെയും ശുശ്രൂഷിക്കുന്നതായാണ് നാം കാണുന്നത്. സ്ത്രീയെ സ്വതന്ത്രയാക്കിയാൽ അവൾ ശുശ്രൂഷയുടെ രംഗത്ത് വളരെയേറെ ശോഭിക്കുമെന്ന ഒരു തത്വം ഈ സംഭവത്തിൽ അന്തർലീനമാണ്. മാർ ഈവാനിയോസ് പിതാവിന്റെ സ്ത്രീജനോദ്ധാരണപ്രവർത്തനം വിശകലനം ചെയ്താലും ഈ ഘടന നമുക്കു ദർശിക്കാനാകും.

കീറിയും വ്രണപ്പെട്ടുമിരിക്കുന്ന സമുദായ ശരീരത്തെ എങ്ങനെ സൗഖ്യത്തിലേക്കു നയിക്കാനാകും? എന്ന ചിന്തയിൽ നിന്നാണ് തുടക്കം. ആധ്യാത്മികമായ ഒരുന്നതിയാണ് മാർ ഈവാനിയോസ് ആഗ്രഹിച്ചത്. വൈദികരുടെ ഉയർച്ച സഭയുടെ ഉയർച്ചയാണെന്നു മനസിലാക്കി ശെമ്മാശന്മാരെ ഉന്നത വിദ്യാഭ്യാസം നല്കി നിലവാരമുള്ള വൈദികരാക്കുകയായിരുന്നു ആദ്യലക്ഷ്യം. ഭാരതത്തിന്റെ സുവിശേഷവത്ക്കരണത്തിന്റെ ആവശ്യകതയെക്കുറിച്ചും പലവിധ ചിന്തകൾ അദ്ദേഹത്തെ ആവരണം ചെയ്തു. പിന്നീട് ചിന്തകൾ കൂടുതൽ തെളിവാർന്നപ്പോൾ ഏറ്റം ആവശ്യമായിരിക്കുന്നത് സന്യാസസമൂഹത്തിന്റെ സ്ഥാപനമാണെന്ന് ഉറപ്പായ ഒരു ബോധ്യമുളവായി. ഏറ്റം പ്രസക്തമായ സംഗതി സമുദായോദ്ധാരണത്തെക്കുറിച്ചുള്ള എല്ലാ ചിന്തകളിലും പദ്ധതികളിലും അദ്ദേഹം സ്ത്രീകളെയും ഉൾപ്പെടുത്തി എന്നതാണ്. ആദ്യം മുതൽക്കു തന്നെ അദ്ദേഹം അവർക്ക് ഉചിത

മായ സ്ഥാനം നൽകി. പുരുഷനോടൊപ്പം തന്നെ സ്ത്രീക്കും സ്വസമുദായത്തിന്റെ നവീകരണത്തിൽ, പുനരുജ്ജീവനത്തിൽ, സവിശേഷമായ പങ്കുവഹിക്കാനാകുമെന്ന് അദ്ദേഹം സംശയലേശമില്ലാതെ വിശ്വസിച്ചിരുന്നു. അക്കാരണത്താൽ സ്ത്രീക്ക് അടുക്കളയ്ക്കപ്പുറത്ത് ഒന്നും ചെയ്യാനില്ലെന്ന് സാമാന്യജനം കരുതിയിരുന്ന അക്കാലത്ത് എം. എ അച്ചൻ കുറെ നല്ല പെൺകുട്ടികളെ കണ്ടെത്തുകയും സമുദായത്തെക്കുറിച്ചുള്ള തന്റെ ആഗ്രഹങ്ങളിലും പദ്ധതികളിലും അവർക്കും അനുയോജ്യമായ ഇടം നൽകുകയും ചെയ്തു. വിദ്യാഭ്യാസം നല്കി നല്ല ജീവിതനിലവാരത്തിൽ അവരെ എത്തിക്കുക എന്നതായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. വിദ്യാഭ്യാസം നല്കുകവഴി അവരിലുള്ള എല്ലാ കഴിവുകളും ഉണർത്തിയെടുത്ത് സമുദായ നന്മയ്ക്കായി വിനിയോഗിക്കാൻ അവരെ പ്രാപ്തരാക്കുക എന്നതായിരുന്നു യഥാർഥ ഉദ്ദേശ്യം. അതിനായി അവരെ ബാരിസോളിലേയ്ക്കയച്ചു പഠിപ്പിച്ചു.

ദൈവഹിതത്തിനു വിധേയരായി നിന്നുകൊണ്ട് സമൂഹനന്മക്കായി ഏല്പിക്കപ്പെടുന്ന ദൗത്യം സാഹസബുദ്ധിയോടെ ഏറ്റെടുക്കാനും സമ്പൂർണസമർപ്പണഭാവത്തിൽ ആ ദൗത്യം സ്വാർഥതാത്പര്യം ലവലേശമില്ലാതെ നിറവേറ്റാനുമുള്ള സ്ത്രീ സഹജമായ വാസനയെ നന്നായി മനസ്സിലാക്കിയ വ്യക്തിയായിരുന്നു മാർ ഈവാനിയോസ്. സംഘടിപ്പിക്കാനും നയിക്കാനും വിശ്വസ്തനായ ഒരാൾ കൂടിയുണ്ടെങ്കിൽ സ്ത്രീ ശക്തി ഏറ്റം ശക്തവും വിലമതിക്കാനാകാത്തതുമായ മാനവവിഭവമാണെന്ന് അദ്ദേഹം അറിഞ്ഞിരുന്നു.

സമുദായോദ്ധാരണത്തിനുള്ള വഴികളാലോചിക്കെ ക്രമേണ സമ്പൂർണ സമർപ്പണം ചെയ്തവരുടെ ഒരു വിഭാഗമാണാവശ്യം എന്നു വെളിവായപ്പോഴും സ്ത്രീ ശക്തിയെ അദ്ദേഹം തെല്ലും അവഗണിച്ചില്ല. തങ്ങളെതന്നെ സമ്പൂർണമായി ദൈവത്തിനു സമർപ്പിക്കാനും സഭയുടെ കെട്ടുപണിയ്ക്കായി സ്വയം ശൂന്യവത്ക്കരണത്തിന്റെ ജീവിതം തെരഞ്ഞെടുക്കാനും ഉള്ള ധൈര്യവും ഏല്പിക്കപ്പെടുന്ന ദൗത്യം ആത്മാർഥമായ സമർപണഭാവത്തിൽ നിർവഹിക്കാനുള്ള ആർജ്ജവത്തവും സ്ത്രീക്കു സ്വന്തമായുണ്ടെന്നു ഗ്രഹിച്ച ആ ക്രാന്തദർശിയുടെ ചിന്തകളിൽ പുരുഷനു സമമായ സ്ഥാനവും പരിഗണനയും സ്ത്രീക്കും നല്കപ്പെട്ടു. തന്റെ കണക്കുകൂട്ടൽ പിഴച്ചില്ല എന്നു പിന്നീടദ്ദേഹം മനസ്സിലാക്കുകയും ചെയ്തു. തലപോയാലും സ്ത്രീകൾക്കു സന്യാസം സാധ്യമെന്നു സമ്മതിക്കില്ലെന്നു വാശിപിടിച്ച യഥാസ്ഥികചിന്തയ്ക്കാണ് അക്കാര്യത്തിൽ പിഴവു പറ്റിയതെന്നു കാലം തെളിയിക്കുകയും ചെയ്തു.

സ്ത്രീജനോദ്ധാരണം എന്നു പറയുമ്പോൾ സ്ത്രീത്വത്തിന്റെ ഉദാത്തവത്ക്കരണമാണ്. സ്ത്രീകളിലെ സാധ്യതകൾ സമൂഹനന്മയ്ക്കായി വളർത്തി പോഷിപ്പിക്കലാണ്. സാമുദായികമായ ഐശ്വര്യം ഏതൽ സമുദായത്തിലുള്ള സ്ത്രീജനങ്ങളുടെ സ്വഭാവസംസ്കരണത്തെ ആശ്രയിച്ചാണെന്നു (മാർ ഈവാനിയോസ്, ഗിരിദീപം, പേജ്, 87) മനസിലാക്കി അദ്ദേഹം സ്ത്രീജനങ്ങൾക്കു വിദ്യാഭ്യാസം നൽകാൻ പദ്ധതി ആവിഷ്കരിച്ചു. വിദ്യ ലഭിക്കുമ്പോൾ അവർ നല്ല സമുദായാംഗങ്ങളാകുമെന്നതിനാലാണ് വിദ്യാഭ്യാസം നൽകാനാഗ്രഹിച്ചത്. എന്നാൽ സ്ത്രീകളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രതീക്ഷകൾ അതിൽ മാത്രമായി ഒതുങ്ങിയില്ല. സഭയിൽ കൂടുതൽ ഉത്കൃഷ്ടമായ സേവനം ചെയ്യാൻ സ്ത്രീകൾക്കു കഴിയുമെന്ന് മനസിലാക്കി. ദൈവത്തിനായി സമ്പൂർണമായി സമർപ്പിച്ച്, കന്യകകളായി ജീവിച്ചുകൊണ്ട് മഹത്തരങ്ങളായ സുകൃതവേലകൾ (മാർ ഈവാനിയോസ്, ഗിരിദീപം, പേജ്, 90); നിർവഹിക്കാൻ അവർക്കു സാധിക്കുമെന്ന് കത്തോലിക്കാസഭയിലെ സ്ത്രീകളുടെ സന്യാസസമൂഹങ്ങൾ നൽകുന്ന സാക്ഷ്യം മാർ ഈവാനിയോസ് പിതാവിനെ സ്വാധീനിച്ചു ചിന്തിപ്പിക്കാനിടയാക്കി. മലങ്കര സഭയുടെ പുരോഗതിക്ക് വിദ്യാഭ്യാസം ലഭിച്ച സ്ത്രീകൾ മാത്രം മതിയെന്നോ? കുടുംബങ്ങളുടെ പുരോഗതി മലങ്കര സഭയുടെ പുരോഗതിക്ക് ഏറ്റം ആവശ്യമായിരിക്കുകയാലും ഒരു ഗൃഹത്തിന്റെയും വിശുദ്ധ സഭയുടെയും ഉള്ളറയിൽ ദൈവത്തിനുള്ള സ്ഥാനം സ്ത്രീജനങ്ങളുടെ മനോഗതിയുടെ ആനുകൂല്യമനുസരിച്ചാകയാലും (മാർ ഈവാനിയോസ്, ഗിരിദീപം, പേജ്, 90) ഈ ആനുകൂല്യഭാവം സ്ത്രീകളിലുളവാക്കാനുള്ള പരിശ്രമത്തിന് ഏറ്റം അനുയോജ്യരായവർ സ്ത്രീകൾ തന്നെയാകയാലും സമർപ്പിതരായ സ്ത്രീകളും മലങ്കരസഭയിലുണ്ടാകണമെന്ന് അദ്ദേഹം തീവ്രമായി ആഗ്രഹിച്ചു.

സ്ത്രീത്വത്തിന്റെ ഏറ്റം ഉദാത്തമായ ആവിഷ്കരണമാണ് സന്യാസത്തിൽ സംഭവിക്കുന്നത്. സന്യാസത്തിലേക്കു സ്ത്രീകളെ ആനയിച്ചുകൊണ്ട് സ്വയാവിഷ്കാരത്തിന്റെ അനന്തസാധ്യതകളാണ് മാർ ഈവാനിയോസ് അവർക്കായി തുറന്നു കൊടുത്തത്.

ഈ സ്വയാവിഷ്കാരം സേവനത്തിനുള്ള സാധ്യതകളും അവർക്കു നല്കുന്നു. സമുദായത്തിന്റെ ആത്മീയോന്നതിയും സാംസ്കാരിക ഉയർച്ചയും എല്ലാവിധ പുരോഗതിയും സ്തീകളുടെ ഉന്നമനത്തെ അടിസ്ഥാനമാക്കിയാകയാൽ സ്ത്രീകളെ എല്ലാ തലങ്ങളിലും കൈപിടിച്ചുയർത്താനായി സ്വയം സമർപിതരാകുന്ന മഹിളകൾ സമുദായോദ്ധാരണപ്രക്രിയയിൽ നേരിട്ടു പുരുഷനുതുല്യം പ്രവർത്തിക്കുന്നവരാകുകയാണ്.

സ്ത്രീകൾക്ക് അടുക്കളയ്ക്കപ്പുറത്തേക്കുപോലും സഞ്ചാരസ്വാതന്ത്ര്യം ഇല്ലാതിരുന്ന കാലം, പുരുഷനുവിധേയമായല്ലാതെ സ്ത്രീക്കു അസ്തിത്വമില്ല എന്നു കരുതപ്പെട്ടിരുന്ന കാലം, സ്ത്രീയും പുരുഷനും ഒരുമിച്ചിരുന്നു ഭക്ഷിക്കുകയോ യാത്രചെയ്യുകയോ ചെയ്യാത്ത കാലം. അങ്ങനൊരു കാലഘട്ടത്തിലാണ് മാർ ഈവാനിയോസ് പിതാവ് ഇതൊക്കെ ചെയ്തത് എന്നതാണ് ഏറ്റം ശ്രദ്ധേയമായ കാര്യം.

### ഉപസംഹാരം

ദൈവദാസനും, പുനരൈക്യ ശില്പിയും, സമുദായോദ്ധാരകനുമായ മാർ ഈവാനിയോസിന് മലങ്കരസഭയിൽ ദൈവദത്തമായ ദൗത്യത്തിന് പലതലങ്ങൾ ഉള്ളതുപോലെ അദ്ദേഹത്തിന്റെ സ്ത്രീജനോദ്ധാരണപ്രവർത്തനങ്ങൾക്കും വൈവിധ്യമാർന്ന മുഖങ്ങളുണ്ട്. ഓരോ ദൗത്യത്തോടു ചേർന്നും സ്ത്രീശാക്തീകരണത്തിന്റെ ഓരോ ഭാവങ്ങളാണ് കാണാനാകുന്നത്. സമുദായോദ്ധാരകനായി അടുക്കളയ്ക്കു പുറത്തേയ്ക്കും സ്ത്രീകളുടെ സാന്നിധ്യം സജീവമാക്കി അവരെ വിദ്യാഭ്യാസം ചെയ്യിച്ചു. നവോത്ഥാരകനായി കുടുംബങ്ങളുടെ നവീകരണം സ്ത്രീകളിലൂടെയാണെന്ന് തിരിച്ചറിഞ്ഞ് സ്വഭാവസംസ്കരണത്തിലേയ്ക്കവരെ നയിച്ചു. ക്രാന്തദർശിയായ ആത്മീയാചാര്യനായി സ്ത്രീയ്ക്കു സന്യാസസമർപ്പണത്തിലൂടെ സ്വയാവിഷ്കാരത്തിന്റെയും സേവനത്തിന്റെയും അനന്തസാധ്യതകൾ തുറന്നു നൽകി. പുനരൈക്യപ്രസ്ഥാനത്തിലും മലങ്കരസഭയുടെ ആരംഭത്തിലും വളർച്ചയിലും ഒക്കെ സ്ത്രീകൾക്കും പങ്കുനല്കി എന്നതാണ് ദൈവദാസൻ മാർ ഈവാനിയോസിനെ സ്ത്രീജനോദ്ധാരകൻ എന്ന വിശേഷണത്തിന് യോഗ്യനാക്കുന്ന വസ്തുത.



കവർ സ്റ്റോറി

# പദയാത്ര
## യുവജനങ്ങളുടെ ശക്തി സ്രോതസ്



റവ. ഫാ. വർഗീസ് കിഴക്കേക്കര
ഡയറക്ടർ എം. സി. വൈ. എം






യാത്ര ഇഷ്ടപ്പെടാത്തവരില്ല. ജീവിതം തന്നെ ഒരു യാത്രയാണ്. ഉപജീവനം തേടി നാടുകളിൽ നിന്ന് നാടുകളിലേക്ക് യാത്രചെയ്യുവാൻ വിധിക്കപ്പെട്ടവർ എല്ലായിടത്തുമുണ്ട്. ഒരു സഞ്ചാരിയുടെ കൗതുകത്തോടെ ദേശാടനം നടത്തുന്നവരുമുണ്ട്. തങ്ങളുടെ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കും ശക്തിപ്രകടനത്തിനുമായി യാത്ര ചെയ്യുന്നവരും ധാരാളമുണ്ട്. ഓരോ നാടും ഒരു പാഠപുസ്തകമായി പരിഗണിച്ച് തങ്ങളുടെ യാത്രാനുഭവം വരും തലമുറയ്ക്കായി കൈമാറ്റം ചെയ്യുന്ന യാത്രാസ്നേഹികളും ഉണ്ട്. ഓരോ യാത്രയും വ്യത്യസ്ഥ അനുഭവങ്ങൾ സമ്മാനിക്കുന്നത് പോലെ തന്നെ അവയുടെ ലക്ഷ്യവും വ്യത്യസ്തമാണ്. എല്ലാവരിലും ഒരു യാത്രികൻ ഒളിഞ്ഞിരുപ്പുണ്ട്. ഒരാളിലും ഒരിക്കലും അവസാനിക്കാത്ത യാത്രയുടെ സൗകുമാര്യമാണിത്. എന്തിനെയോ തേടിപ്പോകുന്ന മനുഷ്യന്റെ ഇന്നും തുടർന്നുകൊണ്ടിരിക്കുന്ന ചില യാത്രകൾ നമ്മെ ഒരു പുനർവായനയ്ക്ക് നിർബന്ധിക്കുന്നു. അതിലൊന്നാണ് തീർത്ഥാടനയാത്രകൾ. ചില ആചാരസംഹിതകൾക്ക് അനുസൃതമായ ഒറ്റയ്ക്കോ കൂട്ടമായോ ഒരു പുണ്യസ്ഥലത്തേക്ക് നടത്തുന്ന തീർത്ഥാടനയാത്രകൾ നമുക്ക് പരിചിതമാണ്. വിശുദ്ധരുടെ ജീവിതവുമായി അടുത്തബന്ധമുള്ള സ്ഥലങ്ങളിൽപ്പോയി പ്രാർത്ഥിക്കുന്ന രീതിയും നമ്മൾക്കിടയിൽ നിലവിലുണ്ട്. ഇത്തരം യാത്രകൾ ഒരിക്കലും മനസ്സിനെ മരവിപ്പിക്കാത്ത യാത്രകളാണ്.ദൈവാന്വേഷിയായ ഒരുവന് ഇത് സ്വർഗ്ഗത്തിലേക്ക് നയിക്കുന്ന ഒരു ആത്മീയ യാത്രയുടെ ഓർമ്മപ്പെടുത്തലും

മലങ്കര സുറിയാനി കത്തോലിക്കാ വിശ്വാസികൾക്ക് ജൂലൈ മാസം ഒരു പദയാത്രയുടെ സുകൃതം ചൊരിയുന്ന ദിനങ്ങളാണ്. മാർ ഈവാനിയോസ് എന്ന പുണ്യപിതാവിന്റെ ജീവിതവും സ്വപ്നവും നാമവും ഹൃദയത്തിൽ പേറി ആ പുണ്യ കബറിടത്തിലേക്ക് സഭാതനയർ കാൽനടയായി എത്തിച്ചേരുന്ന പുണ്യദിനങ്ങൾ. കേരളത്തിന്റേയും ഭാരതത്തിന്റെയും ലോകത്തിന്റെയും വിവിധ ഭാഗങ്ങളിൽ സഭാമക്കൾ ഒരുമിച്ചുകൂടി പ്രത്യേക വസ്ത്രധാരിയായി കൈയ്യിൽ കുരിശുമേന്തി മാർ ഈവാനിയോസ് എന്ന നാമം ചുണ്ടുകളിൽ പ്രാർത്ഥനാ മന്ത്രങ്ങളുമായി പട്ടം കബറിടത്തിലേക്ക് എത്തിച്ചേരുന്നു. ഇതിന്റെ തുടക്കമോ വർഷങ്ങൾക്ക് മുമ്പ് പത്തനംതിട്ട ജില്ലയിലെ റാന്നി പെരുന്നാട്ടിലെ മുണ്ടൻ മലയിൽ നിന്നും ഏതാനും യുവജനങ്ങൾ തുടങ്ങിവച്ച ഒരു പദയാത്രയും. മുൻഗാമികൾ കാത്തുസൂക്ഷിച്ച സുകൃതവഴികൾക്ക് മങ്ങലേൽപ്പിക്കാത്ത പിൻഗാമികൾ നടന്നുനീങ്ങുന്ന ഈ ഇവാനിയൻ യാത്ര ഇന്ന് മലങ്കര മക്കളുടെ ആത്മീയതയുടെ ഒരു നേർക്കാഴ്ചയായി പരിലസിക്കുന്നു.

നിരന്തരം കീറിമുറിക്കപ്പെട്ടൊരു സഭാതരുവിൽ സമാധാനത്തിന്റെ ദീപനാളം തെളിക്കാൻ ആഗ്രഹിച്ച മാർ ഈവാനിയോസ് എന്ന ക്രൈസ്തവമാമുനീന്ദ്രൻ തപസ്സിരുന്ന മുണ്ടൻമല ഇന്ന് മലങ്കര സഭാമക്കളുടെ ആത്മീയതയിൽ ഒരു പ്രത്യേക സ്ഥാനമർഹിക്കുന്നുണ്ട്. കലുഷിതമായ മലങ്കര സഭയെ ശുദ്ധീകരിക്കാനായി ഒരു കൂട്ടം സന്ന്യാസികൾ രൂപപ്പെട്ടത് ഈ മുണ്ടൻമലയുടെ വിരിമാറിലാണ്. ഈ ഗിരിമുകളിൽ പണിതുയർത്തിയ പർണ്ണാശ്രമത്തിൽ നിന്നുമാണ്. സമാധാനവും സമൃദ്ധിയും നിറഞ്ഞ ഒരു പുതിയ സംസ്കൃതിയുടെ ഉദയം. റാന്നിപെരുന്നാട്ടിലെ മുണ്ടൻമല അന്നുമുതൽ ഒരു ജനതയുടെ ആത്മീയ ഉറവയാണ്. മലങ്കര സഭാ ആരാമത്തിലേക്ക് നിറഞ്ഞൊഴുകുന്ന ദൈവാനുഗ്രഹത്തിന്റെ നീരുറവ. പ്രാർത്ഥനയുടെയും ഭക്തിയുടെയും സുകൃതത്തിന്റെയും സമർപ്പണത്തിന്റെയും ജലകണങ്ങൾ നേർത്തനീരൊഴുക്കായി ഒഴുകി പുഴയായും നദിയായും താഴ്വാരത്തിലേക്കൊഴുകിയിറങ്ങി മലങ്കര സഭയെന്ന നിലയ്ക്കാത്ത നിർപ്രവാഹമായി ക്രിസ്തുവിന്റെ ശരീരത്തെ മനോഹരമാക്കി നിറഞ്ഞൊഴുകുന്നു.

ഫലസമൃദ്ധമായ വൃക്ഷത്തിലേക്ക് പക്ഷിമൃഗാദികളും വഴിയാത്രക്കാരും അഭയം പ്രാപിക്കുന്നതുപോലെ ആദ്ധ്യാത്മിക ഫലങ്ങളാൽ സമ്പന്നമായ മാർ ഇവാനിയോസ് എന്ന മഹാവൃക്ഷത്തിലേക്ക് അണയാൻ സഭാമക്കൾ ആണ്ടുതോറും ഈ മലകയറുകയും തീർത്ഥാടനത്തിന്റെ പുണ്യവഴികൾ പിന്നീട് ആ ഋഷിവര്യൻ അന്ത്യവിശ്രമം കൊള്ളുന്ന പട്ടം കബ

റിടം സന്ദർശിച്ച് അവരുടെ ജീവിതവഴികളിലേക്ക് തിരികെപ്പോവുകയും ചെയ്യുന്നു. മുണ്ടൻമലയിൽ ആരംഭിച്ച് പട്ടത്ത് പര്യവസാനിക്കുന്ന തീർത്ഥാടനപദയാത്ര ഒരു ആത്മീയ മുന്നേറ്റമായി മാറിയിരിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇതിന്റെ ഭാഗമാകാൻ സാധിച്ചത് ഒരു ഭാഗ്യമായി ഞാൻ കരുതുകയും ചെയ്യുന്നു. ഈ തീർത്ഥവഴികൾ എന്നിൽ ചെലുത്തിയ സ്വാധീനം വളരെവലുതാണ്. ദൈവം മാത്രം സമ്പാദ്യമായുള്ള ഒരു പുണ്യതാതൻ ക്രിസ്തുവിന്റെ വാക്കുകളിൽ വിശ്വാസമർപ്പിച്ച് ആർഷവഴികളിലൂടെ യാത്രചെയ്ത് കനൽ പാതകളിൽ പദമൂന്നിക്കൊണ്ട് ഓരോ വർഷവും ആയിരങ്ങൾ ഈ പദയാത്രയിൽ പങ്കുചേരുന്നത് അത്ഭുതാവഹമായ ഒരു കാഴ്ചയാണ്. സഭാതാതന്മാരും സഭാതനയരും ഒരുമിച്ചുനടത്തുന്ന ഈ യാത്ര ശുശ്രൂഷാനിയോഗങ്ങളുടെ പുതിയമേച്ചിൽപ്പുറങ്ങളിലേക്കാണ് തീർത്ഥാടകരെ ആനയിക്കുന്നത്.

ഒരു കാഴ്ചക്കാരന്റെ കൗതുകത്തോടും ഒരു തീർത്ഥാടകന്റെ ഉൾക്കാഴ്ചയോടും കൂടി ഈ ഇവാനിയൻ യാത്രാനുഭവത്തിന്റെ ആത്മശക്തി പങ്കുവയ്ക്കാനായി ഞാനാഗ്രഹിക്കുന്നു.

ഗുരുസ്മരണ ഉള്ളിൽ നിറയുമ്പോൾ ഏതുശിഷ്യനും ആദ്യം ഓർക്കുക ഗുരുവിന്റെ പാദമായിരിക്കും. പിന്നീട് ശിഷ്യൻ ആ പാദത്തിന്റെ സൗന്ദര്യം നുകരും. ഏതു കനൽ വഴിയിലും ഗുരുവിന്റെ പാത പിന്തുടരും കാരണം 'സുവിശേഷം പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരം.' എന്ന് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. നന്മയുടെയും സ്നേഹത്തിന്റെയും സുകൃതജീവിതം നയിക്കുന്നവരുടെ പാദസൗന്ദര്യം എത്രപേരെയാണ് ആകർഷിക്കുന്നത്. മാർ ഇവാനിയോസ് എന്ന മഹാഗുരുവിനെ ഓർക്കുമ്പോഴും ആ പാദമുദ്രകളെ വിസ്മരിക്കാൻ സാധിക്കുകയില്ല. മിശിഹാനുകരണത്തിലൂടെ ആത്മസമർപ്പണം നടത്തിയ ഒരു ഗുരുശ്രേഷ്ഠന്റെ കാല്പാടുകൾ ആയിരക്കണക്കിന് ശിഷ്യന്മാർക്ക് പ്രചോദനമാകുന്നു. സർവ്വവും ഉപേക്ഷിച്ചിറങ്ങിയ ഒരു ഗുരുവിന്റെ സുവിശേഷാധിഷ്ഠിതമായ ജീവിതപാദങ്ങൾ മണ്ണിൽ വീഴ്ത്തിയ ചില അടയാളങ്ങളാണ് ഓരോ വർഷവും ഈ പദയാത്രികരെ ഇവിടെ ഒന്നിച്ചുചേർക്കുന്നത് എന്നതിൽ സംശയമില്ല. ഇനിയുള്ള ജീവിതയാത്രകളിൽ ഒരു കരുത്തായി നിലകൊള്ളുവാൻ ഈ പദയാത്ര സഹായകമാകും എന്ന് ഇടനെഞ്ചോട് ചേർത്ത് കരങ്ങൾവച്ച് പറയുന്ന പദയാത്രികരുടെ ഗണമായിരിക്കണം ഇവാനിയൻ പദയാത്ര.

തീർത്ഥാടകരോടൊപ്പം പദമൂന്നുമ്പോൾ ഞാൻ കർത്താവിന്റെ ജനമായ ഇസ്രായേലിനെ ഓർത്തുപോകുന്നു. ഇഷ്ടികച്ചൂളകളിൽ അടിമവേലചെയ്ത് വാടിത്തളർന്നുപോയ ഈജിപ്റ്റിലെ അടിമത്തത്തിന്റെ നാളുകൾ മനസ്സിൽ നിറയുന്നു. അതിരറ്റ സ്നേഹവും കരുണയും ചൊരിഞ്ഞ് ഇസ്രായേൽ മക്കളെ താങ്ങിയ സ്വർഗ്ഗത്തിന്റെ കരം.... അടിമത്തത്തിന്റെ ചെങ്കടൽ കടത്തി സ്വാതന്ത്ര്യത്തിന്റെ കാനാനിലേക്ക് നയിച്ചത് ആർക്ക് വിസ്മരിക്കാൻ സാധിക്കും. ദൈവജനത്തിന്റെ പ്രത്യാശാനിർഭരമായ കാനാൻ യാത്രയുടെ ശ്രേണിയിൽ ഇവാനിയൻ തീർത്ഥാടകരും ചേർക്കപ്പെടുന്നുണ്ട്.

അശാന്തിയുടെ ആത്മീയ പരിസരത്തിരുന്നുകൊണ്ട് ശാന്തിയുടെ സാർവ്വത്രിക സ്വപ്നം കണ്ട മാർ ഇവാനിയോസ് പിതാവിന്റെ അനുയാത്രികരാണ് തീർത്ഥാടകർ. ഇരുട്ടിന്റെ കരിമ്പടം മൂടിയ ജീവിത നിയോഗങ്ങളുടെ സംരക്ഷണ വലയങ്ങൾ മുറിച്ച് തിരുസഭയുടെ സ്വർഗ്ഗീയ കൃപകളിലേക്ക് കാൽവെപ്പുകൾ നടത്തിയ വന്ദ്യതാതന്റെ ക്ലേശനനിർഭരമായൊരു യാത്രയെ സ്മരിച്ചുകൊണ്ട് പിന്നിടുന്ന ഈ യാത്രികർ ഒരു പുനരൈക്യയാത്രയുടെ കഴിഞ്ഞുപോയ ഇന്നലകൾ മനസ്സിൽ നിറച്ചുകൊണ്ട് വേണം ഈ പദയാത്രയിൽ പങ്കുചേരാൻ. കൊച്ചുകൊച്ച് സ്വപ്നങ്ങൾ കണ്ട് ജീവിതത്തിലെ സ്വാകാര്യസുഖങ്ങളുടെ ലഘുയാത്രകൾ നടത്തി സുരക്ഷിതതീരത്തണയുവാനല്ല ഒരു തലമുറയുടെ ആത്മീയയാത്രയ്ക്ക് വിശ്വാസദീപം തെളിച്ചുകൊണ്ട് സാഹസികമായ ദീർഘയാത്രകൾക്ക് സന്നദ്ധതയുള്ളവരുടെ ഗണമായിരിക്കണം ഇവാനിയൻ പദയാത്ര.

തീർത്ഥാടകരോടൊപ്പം നടന്നുനീങ്ങുമ്പോൾ വീണ്ടും എന്റെ മനസ്സിൽ പൗലോസ് ശ്ലീഹായുടെ വാക്കുകൾ തെളിഞ്ഞുവരുന്നു. പദയാത്രികർ ഐക്യത്തിന്റെ സാക്ഷികളും ശുശ്രൂഷകരും ആണെന്ന യാഥാർത്ഥ്യം. വൈവിധ്യത്തിന്റെ ഒരു സംസ്കാരം തേർവാഴ്ചനടത്തുന്ന ഒരു യുഗമാണിത്. സാമൂഹിക സാംസ്കാരിക മതമേഖലകളിലെല്ലാം ശക്തമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിന്റെ ഐക്യത്തിന്റെ




പ്രവാചകൻ മാർ ഇവാനിയോസ് പിതാവിന്റെ കബറിങ്കലേക്കുള്ള യാത്ര പ്രത്യേകം പ്രാധാന്യം അർഹിക്കുന്നു. അനൈക്യത്തെ ആഘോഷിക്കുകയും ഐക്യത്തെ തകർക്കുകയും ചെയ്യുന്നു വർത്തമാനകാലം മാനവകുലത്തെ ആഴമായിസ്വാധീനിച്ചിരിക്കുന്നു. വികല്പത്തിന്റെ വലക്കണ്ണികൾ നെയ്ത് അതിൽ അഭയം പ്രാപിക്കുന്ന വ്യക്തികളും പ്രസ്ഥാനങ്ങളും വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ ഈ പദയാത്ര വ്യത്യസ്ഥമാകുന്നു. ഇത് വഴിമാറിചരിക്കുന്നവരുടെ തീർത്ഥാടനമാണ്. സ്നേഹത്തിന്റെ സൗഹൃദത്തിന്റെയും ബഹുമാനത്തിന്റെയും അംഗീകാരത്തിന്റെയും ഒരു നവാന്തരീക്ഷം സ്ഥാപിക്കുവാനും ബലപ്പെടുത്തുവാനും നിയോഗിക്കപ്പെട്ടവരാണ് മലങ്കരയിലെ പദയാത്രികൾ. ഐക്യത്തിന്റെ സാക്ഷികളും ശുശ്രൂകരുമാകുവാനുള്ള അടങ്ങാത്ത തീഷ്ണത പ്രസരിപ്പിച്ചുകൊണ്ട് കടന്നുപോകുന്നവരുടെ ഗണമാകണം ഇവാനിയൻ പദയാത്ര.




ഈ പദയാത്രയുടെ മറ്റൊരു മനോഹരമുഖം പദയാത്രികരുടെമേൽ ചൊരിയപ്പെടുന്ന അനുഗ്രഹങ്ങളുടെ പൂർണ്ണതയാണ്. ജീവിതത്തിന്റെ അപ്രതീക്ഷിത പ്രഹരങ്ങളിൽപ്പെട്ട് അലറുന്ന ജീവിതങ്ങൾക്ക് ആശ്വാസമേകുന്ന കബറിടമാണ് പട്ടം കബറിടം. അഭയം തേടുന്നവരിലേക്ക് ആത്മനിർവൃതിയുടെ പുതുജീവൻ ഏകുന്നതോടൊപ്പം സൗഖ്യമായും ആശ്വാസമായും പ്രത്യാശയായും അനുഗ്രഹത്തിന്റെ പൂനിലാവ് പൊഴിക്കുന്ന പുണ്യസങ്കേതം. കൈക്കുഞ്ഞുങ്ങളുമായി നടക്കുന്ന അമ്മമാരുടെ എണ്ണം ഓരോ വർഷവും കൂടിവരുന്നതും പിതാവിന്റെ അനുഗ്രഹത്തിന്റെ തെളിവാണ്. പദയാത്രയുടെ സമാപനദിവസം പിരപ്പൻകോട് മുഴങ്ങുന്ന അനുഭവസാക്ഷ്യങ്ങൾ നമ്മോടു പറയുന്നതും മറ്റൊന്നല്ല. പട്ടം കബറിടം അനുഗ്രഹത്തിന്റെ കേദാരമായി പരിലസിക്കുന്നു എന്നതാണ്.


മലങ്കരയുടെ പുണ്യപിതാവിന്റെ ഓർമ്മപ്പെരുന്നാൾ ആഘോഷിക്കുവാൻ നാം ഓരോരുത്തരും ഒരുങ്ങുന്നു. പ്രാർത്ഥനയുടെയും തപസ്സിന്റെയും ദിനങ്ങളാണ് നമ്മെ കാത്തിരിക്കുന്നത്. ഒരു മഹായോഗിയുടെ ജീവിതത്തെ അനുസരിച്ചുകൊണ്ട് കാഷായവസ്ത്രധാരികളായ നാം പാതയോരത്തുകൂടി നടന്നുനീങ്ങും. പതിവുപോലെ എല്ലാം ശുഭമായി കൊണ്ടാടും ഈ തീർത്ഥാടനകാലം ലോകം ആഘോഷിക്കും. അനേകർ ഇതിന്റെ നന്മയെ പ്രകീർത്തിക്കും. എന്നാൽ ഈ തീർത്ഥാടന പദയാത്രികരുടെ പരിവൃത്തത്തിൽ ഇതൊലൊരു പുതിയമാനം നിർണ്ണയിക്കപ്പെടണം. കാരണം വേരുകളുടെ അറ്റത്തുള്ള നനവ് ഇതളുകളിൽപ്പോലും നാം തിരിച്ചറിയാറുണ്ട്.

ഇവിടെ ആത്മശോധനാപരമായ ഒരു വിമർശനം അനിവാര്യമാണ്. വാക്കുകൾക്കും കർമ്മത്തിനും പിന്നിലുള്ള ഹൃദയം ജീർണ്ണതയുടെ പാതയിലാണോ?. വന്ദ്യപിതാവിന്റെ വ്യക്തിത്വത്തിന്റെ തിളക്കം നഷ്ടപ്പെടുത്തുന്ന യാത്രകളായി കർമ്മപരിപാടിയായി ഇത് മാറരുത്. എന്തായാലും വാക്കുകൾക്കും കർമ്മങ്ങൾക്കും പിന്നിൽ തുടിക്കുന്ന ഹൃദയത്തെ കൊണ്ടു നടക്കുന്ന ചുരുക്കം ചില തീർത്ഥാടകരുടെ നന്മയെ ഓർക്കാൻ എന്റെ വാക്കുകൾ പരിമിതമാണ് എന്ന് മാത്രം ഞാൻ ഇവിടെ കുറിച്ചിടുന്നു.

അഞ്ചുനാൾ നീളുന്ന ഇവാനിയൻ യാത്രാനുഭവം നമ്മുടെ ആത്മീയതയെ രൂപപ്പെടുത്തേണ്ടത് ഇങ്ങനെയാണ്. സർവ്വാംഗ ഹോമയാഗത്തിലൂടെ യേശുവിൽ വിലയം പ്രാപിച്ചൊരു സർവ്വസംഗപരിത്യാഗിയുടെ കാൽപ്പാടുകളെയാണ് നാം പിൻചെല്ലുന്നത്. ദൈവത്തെമാത്രം സമ്പാദ്യമായിക്കരുതി ഒരു സഭയുടെ നവീകരണം സ്വപ്നം കണ്ടൊരു കർമ്മയോഗിയാണ് നമുക്ക് മുമ്പേ നടന്നുനീങ്ങിയത്. ജനിച്ചുവളർന്ന സഭയിലെ അസ്വസ്ഥതകൾക്ക് അറുതിവരുത്താനാഗ്രഹിച്ച് ദൈവേഷ്ഠത്തിനുമുമ്പിൽ ആത്മാർപ്പണം നടത്തിയ ഒരു പ്രവാചക ഗുരുവിന്റെ നാൾവഴികളിലൂടെയാണ് നാം നടക്കുന്നത്. 20-ാം നൂറ്റാണ്ടിന്റെ അവസാനകാലഘട്ടത്തിൽ കാവിധരിച്ച് സ്വന്തം സഭയുടെ വിശുദ്ധീകരണം മാത്രം കിനാവുകണ്ടൊരു വന്ദ്യപിതാവിന്റെ ജീവിതവും മരണവും ധ്യാനിച്ചുകൊണ്ടാണ് നാം നടന്നുനീങ്ങുന്നത്. അതിനാൽ മുണ്ടൻമലയിൽ ആരംഭിച്ച് പട്ടത്ത് സമാപിക്കുന്ന പദയാത്രയ്ക്ക് ഒരു ഇവാനിയൻ മുഖച്ഛായ ഉണ്ടാകേണ്ടിയിരിക്കുന്നു. പദയാത്രികർ തീർത്ഥാടകരാകുന്നതൊടൊപ്പം അന്വേഷകരുമാകേണ്ടിയിരിക്കുന്നു. ഒരു ഇവാനിയൻ ജീവിതശൈലിയുടെ ആഴങ്ങൾ തേടുന്ന ആത്മീയത അന്വേഷിക്കുന്ന ഒരു കൂട്ടം തീർത്ഥാടകരുടെ ഒത്തുചേരലായി ഇത് മാറ്റപ്പെടണം. അങ്ങനെ നമ്മെ കേരളക്കരയിലെ അശാന്തി നിറഞ്ഞൊരു സഭാവ്യവസ്ഥിതിയിൽ നിന്നും ശാന്തിയുടെ തീരത്തേക്കേണച്ച വന്ദ്യപിതാവിന്റെ ജീവിത വിശുദ്ധിയെ തൊട്ടറിഞ്ഞ് അനുകരണീയമായ ആ ജീവിതം വരും തലമുറയ്ക്കായി പകർന്നു നൽകുന്ന തിരുശേഷിപ്പായി ഈ പദയാത്ര തുടരട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഒപ്പം നമ്മുടെ പുണ്യപിതാവ് ത്രോണോസിൽ ബഹുമാനിക്കപ്പെടുന്ന ആ പുണ്യദിനം വേഗം സമാഗതമാകണമെ എന്ന ഒരു പ്രാർത്ഥനയും നടന്നു തീർക്കാൻ ഇനിയും ഏറെയുണ്ട് വഴികൾ. അജ്ഞതയുടെ കാണച്ചരടിൽ നിയന്ത്രിക്കപ്പെട്ടൊരു ജനസമൂഹത്തിന് സത്യവിശ്വാസത്തിന്റെ തെളിനീർ ചൊരിഞ്ഞ ആ സത്യാന്വോഷിയുടെ ജീവിതത്തോട് നമുക്ക് വിധേയപ്പെടാം. സ്വാർത്ഥതകൊണ്ടും മത്സരം കൊണ്ടും വേലികെട്ടാത്ത ഒരു ഹൃദയഭൂമിക നമുക്കുള്ളിൽ രൂപപ്പെത്താം. നിറമിഴിയോടെ ആ ധന്യജീവിതം സ്മരിക്കാം.

അഭിമുഖം

# അറുപതിന്റെ നിറവിൽ കർദ്ദിനാൾ മാർ ക്ലീമിസ് ബാവ



# 60ന്റെ നിറവിൽ കർദിനാൾ മാർ ക്ലീമിസ് ബാവ



**സാബു ജോൺ**
ന്യൂസ് എഡിറ്റർ, ദീപിക

ഒരു നേരത്തെ ഭക്ഷണത്തിനു വകയില്ലാത്ത പാവപ്പെട്ടവർക്ക് സൗജന്യമായി ഉച്ചഭക്ഷണം വിളമ്പുന്ന ഒരു പദ്ധതിക്ക് പട്ടം സെന്റ് മേരീസ് കത്തീഡ്രലിൽ തുടക്കം കുറിക്കുകയാണ്. മലങ്കര കത്തോലിക്കാസഭയുടെ അധ്യക്ഷനും മേജർ ആർച്ച് ബിഷപ്പുമായ കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ ഷഷ്ടിപൂർത്തി ആഘോഷിക്കുന്നത് ഈയൊരു കാരുണ്യപ്രവർത്തനത്തിനു തുടക്കമിട്ടു കൊണ്ടാണ്. ജൂൺ 15-ന് ക്ലീമിസ് ബാവ അറുപതു വയസ് പൂർത്തിയാക്കുകയാണ്.

ഷഷ്ടിപൂർത്തി ഗംഭീരമായി ആഘോഷിക്കണമെന്ന് സഭയിലെ ബിഷപ്പുമാർക്കും വൈദികർക്കും വിശ്വാസികൾക്കുമെല്ലാം ആഗ്രഹമുണ്ടായിരുന്നു. അവർ അതു പറയുകയും ചെയ്തു. ആഘോഷങ്ങളോട് ബാവയ്ക്കു വിരോധമില്ല. എന്നാൽ തന്റെ കാര്യത്തിൽ മാനദണ്ഡം വ്യത്യസ്തമാണെന്ന വിശ്വാസക്കാരനാണ് അദ്ദേഹം. ആഘോഷങ്ങൾക്കുള്ള അവസരങ്ങൾ ദൈവം എത്രയോ തന്നു. പാവങ്ങളുടെ കണ്ണീരൊപ്പാനുതകുന്ന കാരുണ്യ പ്രവർത്തനങ്ങളാകും ഷഷ്ടിപൂർത്തി വേളയിൽ കൂടുതൽ അർഥവത്താകുകയെന്ന് അദ്ദേഹം കരുതുന്നു. അറുപതിന്റെ നിറവിലെത്തുമ്പോൾ അതിരൂപതയിലെ വിധവകൾക്ക് പ്രതിമാസം ആയിരം രൂപ വീതം അഞ്ചു വർഷത്തേക്കു സഹായം നൽകുന്ന സുരക്ഷ എന്ന പദ്ധതിക്കും തുടക്കം കുറിക്കുകയാണ്.

പൗരോഹിത്യം സ്വീകരിച്ച് 34 വർഷം പിന്നിട്ട് നാലു ദിവസം കഴിയുമ്പോഴാണ് മാർ ക്ലീമിസിന്റെ ഷഷ്ടിപൂർത്തി. 42-ാം വയസിൽ തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനായി അഭിഷിക്തനായ മാർ ക്ലീമിസ് തിരുവല്ല ബിഷപ്പും പിന്നീട് ആർച്ച് ബിഷപ്പുമായി 48-ാം വയസിലാണ് മലങ്കര കത്തോലിക്കാ സഭയുടെ മേജർ ആർച്ച് ബിഷപ്പായത്. അമ്പത്തിമൂന്നാം വയസിൽ ആഗോള കത്തോലിക്കാസഭയിലെ ഏറ്റവും പ്രായം കുറഞ്ഞ കർദിനാളുമായി. ഇതിന്റെയെല്ലാം പിന്നിൽ ദൈവത്തിന്റെ പദ്ധതികളാണ് ബാവ കാണുന്നത്.

മലങ്കര കത്തോലിക്കാസഭയുടെ അധ്യക്ഷൻ എന്ന നിലയിൽ സഭയ്ക്ക് ശക്തമായ നേതൃത്വം നൽകുന്നതിനൊപ്പം എല്ലാ ജനവിഭാഗങ്ങൾക്കും സ്വീകാര്യനായ ആത്മീയാചാര്യൻ കൂടിയാണിന്ന് മാർ ക്ലീമിസ് ബാവ.

ഷഷ്ടിപൂർത്തി വേളയിൽ സ്വന്തം ജീവിതാനുഭവങ്ങളും ജീവിതത്തേക്കുറിച്ചുള്ള ദർശനങ്ങളും ഭാവി പദ്ധതികളും പങ്കു വയ്ക്കുകയാണ് മാർ ക്ലീമിസ് ബാവ.

**? അറുപതു വയസ് പൂർത്തിയാകുന്നു. പകുതി ആയുസ് പൂർത്തിയാക്കുന്നു എന്നാണല്ലോ സങ്കൽപം. എങ്ങനെ കാണുന്നു.**

തുടങ്ങി വച്ചതു മുന്നോട്ടു കൊണ്ടു പോകാനും പുതിയതു തുടങ്ങാനും പ്രവർത്തനങ്ങളെ സമഗ്രമായി വിലയിരുത്താനുമുള്ള അവസരമായി കാണുന്നു. ജീവിത സായാഹ്നമായെന്നു കരുതുന്നില്ല. പക്വമായ ജീവിതാനുഭവങ്ങൾ കൂടുതൽ ആളുകളെ ഉൾപ്പെടുത്തി ശുശ്രൂഷ തുടരാൻ പ്രചോദനമാകുന്നു. ജീവിതത്തെ കുറച്ചു കൂടി ഗൗരവമായി സമഗ്രതയിൽ കാണാനുള്ള അവസരം കൂടിയാണിത്.

**? സമന്വയത്തിന്റെ വക്താവായി ആണല്ലോ അറിയപ്പെടുന്നത്. ഗവേഷണ വിഷയം തന്നെ എക്യുമെനിസം ആയിരുന്നല്ലോ.**

ഞാൻ, എന്റേത് എന്നതിനു പകരം നാം, നമ്മുടേത് എന്നാണ് മനസിൽ വരുന്നത്. ഒട്ടേറെ അനുഭവങ്ങളിൽ നിന്നാണ് ഇങ്ങനെയൊരു ചിന്താഗതി രൂപപ്പെടുന്നത്. എന്റെ സ്കൂൾ, എന്റെ സ്ഥാപനം എന്നൊക്കെ പലരും വന്നു പറയാറുണ്ട്. നമ്മുടെ സ്ഥാപനം എന്നു ഞാൻ അവരോടു തിരുത്തി പറയും. നമ്മുടെ ദേശം, നമ്മുടെ രാജ്യം എന്നൊക്കെ ചിന്തിക്കേണ്ട സമയമാണിത്. മനസിനു സന്തോഷം പകരുന്ന അവസ്ഥയുമാണിത്.

**? എല്ലാവരോടും സമഭാവനയോടെയും സൗഹാർദത്തോടെയും ഇടപെടുവാൻ സാധിക്കുന്ന ചിന്ത രൂപപ്പെട്ടത് എങ്ങനെയാണ്.**

ഒരു ഇടത്തരം കുടുംബത്തിലാണ് എന്റെ ജനനം. ഞങ്ങൾ ഏഴു മക്കൾ. അപ്പൻ അധ്യാപകനായിരുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് സൈന്യത്തിലും സേവനം ചെയ്തിട്ടുണ്ട്. അമ്മ വീട്ടുകാര്യങ്ങൾ കാര്യക്ഷമമായി നോക്കി നടത്തി. വിശ്വാസകാര്യങ്ങളിൽ നിഷ്ഠയുള്ള കുടുംബാന്തരീക്ഷമായിരുന്നു. പള്ളിയും പള്ളിക്കാര്യങ്ങളുമായി അടുത്തു നിന്ന കുടുംബം. സമാധാനപരമായ ഗ്രാമമായിരുന്നു ഞങ്ങളുടേത്. ഹൈന്ദവ കുടുംബങ്ങൾ ധാരാളമുണ്ടായിരുന്നു. വിദ്വേഷത്തിന്റെയോ മതവൈര്യത്തിന്റെയോ ചിന്ത ആരുടെയും മനസിലുണ്ടായിരുന്നില്ല. പണത്തിന്റെ ഹുങ്ക് കാണിക്കുന്ന സാഹചര്യം നാട്ടിലുണ്ടായിരുന്നില്ല. വിവാഹം വന്നാലും മരണമുണ്ടായാലും എല്ലാവരും പരസ്പരം സഹകരിക്കും, സഹായിക്കും. കുട്ടിക്കാലത്ത് വീട്ടിലും നാട്ടിലും കണ്ടറിഞ്ഞതും അനുഭവിച്ചറിഞ്ഞതും എന്നെ പരുവപ്പെടുത്തുന്നതിൽ സ്വാധീനിച്ചിട്ടുണ്ടാകും.

**? സംസാരിക്കാൻ എത്തുന്നവർ പോസിറ്റീവ് എനർജിയോടെ തിരിച്ചു പോകുന്ന അനുഭവം പലരും പറയാറുണ്ട്.**

കാണാൻ വരുന്നവർ ഏതു വ്യത്യസ്ത ചിന്താധാരയിൽ പെട്ടവരാണെങ്കിലും എന്റെ ശൈലിയിൽ നിലപാട് പറയും. ഏതു പ്രശ്നത്തിനും പരിഹാരമുണ്ട്. മനുഷ്യനുണ്ടാക്കിയ പ്രശ്നങ്ങൾ മനുഷ്യനു പരിഹരിക്കാം. ദൈവമുണ്ടാക്കിയതാണെങ്കിൽ ദൈവം വഴി കാണിച്ചു തരും. ഒരു കാര്യം തന്നെ പല തരത്തിൽ പറയാമല്ലോ. മറ്റുള്ളവരെ മുഷിപ്പിക്കാതെ നമ്മുടെ നിലപാടുകൾ പറയാൻ സാധിക്കും. അഭിപ്രായവ്യത്യാസമുള്ള



ആളെ കാണില്ല, സംസാരിക്കില്ല എന്നു പറയുന്നതിൽ അർഥമില്ല. എല്ലാവരോടും പോയി സുവിശേഷം അറിയിക്കാനാണ് കർത്താവ് പറഞ്ഞത്. വേദപുസ്തകം എന്ന് ഇതിനർഥമില്ല. നല്ല കാര്യങ്ങൾ എല്ലാവരോടും പറഞ്ഞു കൊണ്ടിരിക്കുക എന്നും പറയാം. സഭാതലത്തിലും സാമൂഹ്യതലത്തിലും സംഭാഷണങ്ങളും കേൾവിയും പങ്കുവയ്ക്കലും കുറേക്കൂടി ആഴത്തിൽ നിർവഹിക്കപ്പെടേണ്ടതുണ്ട്.

**? കർദിനാൾ പദവിയിലെത്തുമ്പോൾ സഭയിലെ ഏറ്റവും പ്രായം കുറഞ്ഞ കർദിനാൾ ആയിരുന്നു.**

പ്രായവും ആയുസുമെല്ലാം ആപേക്ഷികമല്ലേ. എത്രനാൾ ജീവിച്ചിരിക്കുമെന്നറിയാമെങ്കിലല്ലേ പ്രായക്കൂടുതലോ കുറവോ എന്നു പറയാൻ കഴിയൂ. ഞാൻ സംതൃപ്തനാണ്. ഉന്മേഷമുള്ള സമയത്ത് സഭയുടെയും സമൂഹത്തിന്റെയും മുഖ്യധാരയിൽ സംവദിക്കുന്നതിനും ഇടപഴകുന്നതിനും ഈ കാലയളവ് സഹായിച്ചു. കൂടുതൽ ഉന്മേഷത്തോടെ കൂടുതൽ ആളുകളുമായി ഇടപഴകാൻ കുറച്ചു കഴിയുമ്പോൾ സാധിക്കണമെന്നില്ലല്ലോ. അതിനുള്ള ക്രമീകരണമായി താരതമ്യേന ചെറുപ്പത്തിലേ ഉള്ള കർദിനാൾ പദവിയെ കണ്ടാൽ മതി.

**? മലങ്കര കത്തോലക്കാ സഭയുടെ കെട്ടുറപ്പും ശക്തിയും വർധിപ്പിക്കാൻ കഴിഞ്ഞ കാലയളവിലെ പ്രവർത്തനങ്ങളിലൂടെ സാധിച്ചല്ലോ.**

അപ്പസ്തോലിക പൊതൃകമുള്ള സഭയാണിത്. എനിക്കു മുമ്പുള്ള പിതാക്കന്മാർ സഭാശുശ്രൂഷ മാത്രമല്ല, പൊതുസമൂഹത്തിന്റെ ശുശ്രൂഷയും നടത്തി. പൊതുസമൂഹത്തോടുള്ള ഈ കരുതൽ എല്ലാ മനുഷ്യരും ഈ സഭയെ ശ്രദ്ധിക്കുന്നതിനും തങ്ങളുടെ സ്വന്തമെന്ന് കരുതുന്നതിനും ഇടയാക്കി. ഭാരതീയതയ്ക്ക് ഊന്നൽ നൽകുന്നതായിരുന്നു സിറിൾ പിതാവിന്റെ ദർശനം. എന്തുകൊണ്ടു കാവി ഉപയോഗിക്കുന്നു എന്നു ചോദിക്കാറുണ്ടായിരുന്നു. ഞങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്നു പറയുന്നില്ലല്ലോ എന്നായിരുന്നു മറുപടി. ഞങ്ങളുടെ ആത്മീയതയുമായി ചേർന്നു പോകുന്നതാണ് കാവി. ഭാരതീയ പൈതൃകത്തിൽ ഉറച്ചു നിന്നു കൊണ്ട് കത്തോലിക്കാ വിശ്വാസത്തിൽ മുറുകെ പിടിച്ച് താഴേത്തട്ടിലുള്ളവരെ കൈപിടിച്ചുയർത്താനുള്ള പ്രവർത്തനങ്ങളാണു നടത്തുന്നത്.

**? സഭയുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ തത്ത്വം എന്താണ്.**

ഒരു ദൈവാലയം കൂദാശ ചെയ്യുമ്പോൾ ഒരു പാവപ്പെട്ടവനെങ്കിലും വീടു വച്ചു കൊടുക്കണമെന്നു ഞാൻ പറഞ്ഞിട്ടുണ്ട്. അത് ഇടവകക്കാരനാകണമെന്നില്ല. ഏതു മതത്തിൽ പെട്ടവരുമാകാം. ഇത്തരം പ്രവർത്തനങ്ങൾ നടത്തുക വഴി സ്വാഭാവികമായും എല്ലാ മനുഷ്യരുമായും ബന്ധമുണ്ടാകും.

**? ഏറ്റവും സ്വാധീനിച്ച വ്യക്തി ആരാണ്.**

പല തലങ്ങളിൽ പലരും സ്വാധീനിച്ചിട്ടുണ്ട്. ഒരു വ്യക്തിയുടെ പേരു പറയുമ്പോൾ പലരും വിസ്മരിക്കപ്പെട്ടു പോകാം. കർദിനാൾ പദവി ഏറ്റെടുത്തതിനു ശേഷം ഡൽഹിയിൽ എത്തിയപ്പോൾ ഞാൻ ആദ്യം പോയത് രാജ്ഘട്ടിലേക്കായിരുന്നു. മഹാത്മാഗാന്ധിയെ ഞാൻ കണ്ടിട്ടില്ല. പക്ഷേ ഭാരതത്തിന്റെ മുദ്ര എന്നത് മഹാത്മജിയാണ്. അവിടെ പകരക്കാരനില്ല. മദർ തെരേസ ജീവകാരുണ്യ മേഖലയിൽ മാതൃകയും ചൈതന്യവുമാണ്. ജോൺ പോൾ രണ്ടാമൻ മാർപാപ്പ അതിശക്തമായ സഭാശുശ്രൂഷകനായിരുന്നു. എന്നെ മെത്രാനായി അവരോധിച്ചത് അദ്ദേഹമാണ്. അനിഷേധ്യമായിരുന്നു അദ്ദേഹത്തിന്റെ നേതൃത്വം. ബനഡിക്ട് പതിനാറാമൻ മാർപാപ്പ ജീവിക്കുന്ന വിശുദ്ധനാണ്. ഫ്രാൻസീസ് മാർപാപ്പയുമായി വളരെ അടുത്ത് ഇടപഴകുവാൻ അവസരം ലഭിച്ചിട്ടുണ്ട്. മാർപാപ്പയുടെ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ അദ്ദേഹം 201-ാം നമ്പർ മുറിയിലും ഞാൻ 204-ാം നമ്പർ മുറിയിലുമാണ് താമസിച്ചിരുന്നത്. അദ്ദേഹത്തിനു വലിയൊരു വശ്യതയുമുണ്ട്.

**? മലങ്കര സഭയിലെ പിതാക്കന്മാരുടെ സ്വാധീനം**

ഏറ്റവും അടുത്ത് ഇടപഴകയിത് സിറിൾ പിതാവുമായിട്ടായിരുന്നു. അദ്ദേഹം എന്ന ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഭരണകർത്താവായി മാത്രമാണ് അദ്ദേഹത്തെ പലരും കണ്ടത്. വളരെ ആഴത്തിലുള്ള സഭാദർശനം അദ്ദേഹത്തിനുണ്ടായിരുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്ന സമീപനമായിരുന്നു അദ്ദേഹത്തിന്റേത്. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സാമൂഹ്യമായ ഇടപെടലുകൾ ശ്രദ്ധേയമായിരുന്നു. പരിശീലിപ്പിച്ച വൈദികർ, അധ്യാപകർ തുടങ്ങിയവരെല്ലാം എന്നെ നന്നായി സ്വാധീനിച്ചിട്ടുണ്ട്. ഒപ്പം പ്രവർത്തിച്ചവരിൽ നിന്നും ഇടപഴകിയവരിൽ നിന്നുമെല്ലാം ഒരുപാടു കാര്യങ്ങൾ പഠിച്ചിട്ടുണ്ട്. അവരൊക്കെ എനിക്കു പ്രചോദനവും സന്തോഷവും പകർന്നു നൽകുന്നുമുണ്ട്.

**? നിരന്തരമായി നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു പ്രചോദനമാകുന്നതെന്താണ്.**

വീട്ടിൽ വരുന്നവർക്കെല്ലാം അമ്മ ഭക്ഷണം കൊടുക്കുമായിരുന്നു. പലപ്പോഴും അമ്മ പട്ടിണിയായിരിക്കും. പക്ഷേ എല്ലാവർക്കും കൊടുക്കുന്നതു കൊണ്ട് ഞങ്ങളുടെ കുടുംബത്തിന് ഒരു കുറവും വന്നിട്ടില്ല. അഭിവൃദ്ധിയേ ഉണ്ടായിട്ടുള്ളു. ഇവിടെ വന്ന ശേഷം ഓരോ വർഷവും ഓരോ ജീവകാരുണ്യ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പങ്കെടുക്കുന്നവരുടെ എണ്ണം കുറയുകയല്ല, കൂടുകയാണു ചെയ്യുന്നത്. വൈദികർ ഉൾപ്പെടെ പദ്ധതികൾക്കു കലവറയില്ലാത്ത പിന്തുണയും



സഹായവുമാണു നൽകുന്നത്. ഇതാണു വീണ്ടും വീണ്ടും കരുണയുടെ പദ്ധതികൾ ആരംഭിക്കാൻ പ്രോത്സാഹനമാകുന്നത്.

**? ജീവിതത്തിൽ ആശ്ചര്യപ്പെടുത്തിയ സംഭവമുണ്ടായിട്ടുണ്ടോ.**

കർദിനാൾ ആയി ഉയർത്തിയ സംഭവം ആശ്ചര്യപ്പെടുത്തി. വത്തിക്കാൻ സ്റ്റേറ്റ് സെക്രട്ടേറിയറ്റിലേക്കു വിളിച്ചു വരുത്തി ബന്ധപ്പെട്ട കർദിനാൾ നിയമന കത്ത് തന്നു. സമ്മതം പോലും ചോദിക്കാതെയായിരുന്നു നിയമനം. നേരെ സെന്റ് പീറ്റേഴ്സ് ബസിലിക്കയിൽ പോയി വിശുദ്ധ പത്രോസിന്റെ കബറിടത്തിൽ മുട്ടുകുത്തി നിന്നു പ്രാർഥിച്ചു. പിന്നീട് ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ കബറിങ്കൽ പോയി പല വട്ടം ജപമാല അർപ്പിച്ചു.

**? ഏറെ സന്തോഷം തോന്നുന്ന നിമിഷങ്ങൾ.**

കണ്ടു മുട്ടുന്ന പാവപ്പെട്ടവർക്ക് സഹായങ്ങൾ ചെയ്തു കൊടുക്കുന്നതാണ് എന്റെ മനസിന് ഏറ്റവും സന്തോഷം പകരുന്നത്. കാരുണ്യ പ്രവർത്തനങ്ങൾ യഥാർഥത്തിലുള്ള ആവശ്യക്കാരിലേക്കു ചെല്ലുമ്പോൾ നമുക്ക് വല്ലാത്ത സന്തോഷവും ആശ്വാസവും തോന്നും. ഒരിക്കൽ യാത്രാമധ്യേ കാരേറ്റ് പള്ളിയിൽ ചെന്നു. അപ്പോൾ ശരീരമാസകലം പൊടിയും വിയർപ്പും നിറഞ്ഞ് ഒരു ചെറുപ്പക്കാരൻ വന്നു. കൈയിൽ ചുരുട്ടിപ്പിടിച്ചിരുന്ന 500 രൂപ നോട്ട് എനിക്കു നേരെ നീട്ടി. ഭവനപദ്ധതിയിലേക്കുള്ള എന്റെ വിഹിതം എന്നു പറഞ്ഞു. ക്വാറിയിൽ ജോലി ചെയ്യുന്ന ആ ചെറുപ്പക്കാരന്റെ അന്നത്തെ കൂലിയാണിത്. ഇതു തന്നാൽ വീട്ടിൽ എന്തുകൊടുക്കുമെന്നു ചോദിച്ചു. അതിനു പണമുണ്ട് എന്നു മറുപടി പറഞ്ഞു. സത്യത്തിൽ കണ്ണു നിറഞ്ഞു പോയി. പണം വാങ്ങാൻ വിഷമം തോന്നി. വാങ്ങിയില്ലെങ്കിൽ അവനു ദു:ഖം വരും. ഭവന പദ്ധതിയിലേക്ക് എല്ലാവരും ഒരു ദിവസത്തെ ശമ്പളം സംഭാവന ചെയ്യണമെന്നു ഞാൻ പറഞ്ഞിരുന്നു. അതുപ്രകാരമാണ് ആ ചെറുപ്പക്കാരൻ പണം തന്നത്.

**? പൗരോഹിത്യ രജതജൂബിലി വേളയിലും ആഘോഷം ഒഴിവാക്കുകയായിരുന്നല്ലോ.**

വീടില്ലാത്തവർക്കു വീടു വയ്ക്കുന്നതിനു സഹായം നൽകുന്ന ഒരു പദ്ധതിയാണ് അന്നു ഞാൻ വിഭാവനം ചെയ്തത്. ഒരാൾക്ക് ഒരു ലക്ഷം രൂപയാണു നൽകുന്നത്. ആയിരം വീടു വയ്ക്കണമെന്നായിരുന്നു ആഗ്രഹം. ഇതിനകം 1636 പേർക്കു ഭവനമായി. ഇതിൽ ക്രിസ്ത്യാനികളും ഹിന്ദുക്കളും മുസ്‌ലിംകളുമെല്ലാമുണ്ട്. ഇതെല്ലാം പരിശുദ്ധാത്മാവ് പ്രേരിപ്പിക്കുന്നതാണ്. ഷഷ്ടിപൂർത്തിക്കും ആഘോഷം വേണ്ടെന്നു പറയുകയായിരുന്നു.

**? തലസ്ഥാനത്തെ മതമൈത്രീവേദികളിൽ സജീവസാന്നിധ്യമാണല്ലോ.**

എല്ലാ സഭാ, മത വിഭാഗങ്ങളുമായും നല്ല ബന്ധമാണുള്ളത്. ഇതുവഴി എന്റെ ക്രിസ്തീയ വിശ്വാസത്തിന് ഒരു ബലക്കുറവും സംഭവിക്കുന്നില്ല. പൊതുസമൂഹത്തിൽ ജീവിക്കുമ്പോൾ ജാതിയും മതവും സമുദായവും ഒന്നും പരിഗണിക്കേണ്ടതില്ല. ഈയൊരു തത്ത്വം വാക്കിൽ മാത്രമല്ല, പ്രവൃത്തിയിലും കൊണ്ടു വരാൻ സാധിക്കണം. സമൂഹത്തിന്റെ മുഖ്യധാരയിൽ വരാൻ സാധിക്കാത്ത ഒരു പാടു മനുഷ്യർ നമുക്കു ചുറ്റുമുണ്ട്. അവരെ ഉയർത്തിക്കൊണ്ടു വരാൻ എല്ലാവരും ഒരുമിക്കണം. അതിന് പൊതുവേദി ഉണ്ടാകണം.

**? ഭാവി പ്രവർത്തനങ്ങളേക്കുറിച്ചുള്ള ആശയം.**

സമയബന്ധിതമായി ഇത്ര കാര്യങ്ങൾ ചെയ്തു തീർക്കണം എന്നു പ്ലാൻ ചെയ്യുന്നയാളല്ല ഞാൻ. ഇന്നേ ദിവസം എന്തെങ്കിലുമൊക്കെ നന്മകൾ കൂടുതലായി ചെയ്യണം എന്ന് ഓരോ ദിവസവും ആഗ്രഹിക്കും. എന്തെങ്കിലുമൊക്കെ പുതുതായി സംഭാവന ചെയ്യാൻ സാധിക്കുന്നില്ലെങ്കിൽ, ഭൗതികതലത്തിലും ആത്മീയതലത്തിലും, ജീവിതം നിരർഥകമാണ്.

എന്റെ ശുശ്രൂഷയേക്കുറിച്ച് ദൈവത്തിനൊരു പദ്ധതിയുണ്ട്. ക്രിസ്ത്യാനികൾക്കു വേണ്ടി മാത്രമല്ല, സകല മനുഷ്യർക്കു വേണ്ടിയും ഇനിയും ഒരുപാടു കാര്യങ്ങൾ ചെയ്യാനുണ്ട്. ഇങ്ങനെ ചെയ്തു കൊണ്ടിരിക്കുമ്പോൾ സായൂജ്യത്തിലേക്കു കടക്കണമെന്നും സന്നിധാനത്തിലെത്തി ദൈവമേ നന്ദി എന്നു പറയാൻ കഴിയണമെന്നുമാണ് ആഗ്രഹം. സജീവമായി ശുശ്രൂഷ ചെയ്യുമ്പോൾ ദൈവത്തിൽ വിലയം പ്രാപിക്കുന്നതിലാണ് സംതൃപ്തി.

**? പുതിയ തലമുറയ്ക്ക് എന്തു സന്ദേശമാണു നൽകാനുള്ളത്.**

സൗകര്യങ്ങൾ വർധിച്ചു. സാങ്കേതികവിദ്യ ഒരുപാടു പുരോഗമിച്ചു. പക്ഷേ സംഭാഷണം കുറഞ്ഞു. ആർക്കും ഒന്നിനും സമയമില്ല. സ്വാർഥതയാണു വർധിച്ചു വരുന്നത്. എല്ലാവർക്കും എന്റെ കാര്യം മാത്രം. മനസ് ഇടുങ്ങിയിരുന്നാൽ മറ്റ് എന്തെല്ലാം വികസനമുണ്ടായാലും എന്തുകാര്യം? യാത്രാസൗകര്യങ്ങൾ വലിയ തോതിൽ പുരോഗമിച്ചു. എന്നാൽ ആരും എവിടെയും നേരത്തെ എത്തുന്നില്ല. അപ്പൻ മരിച്ചാൽ മക്കൾ പോലും പള്ളിയിലേക്ക് നേരിട്ടു വരികയാണ്. ഇത്തരം കാര്യങ്ങളിലൊക്കെ സത്യസന്ധമായ വിലയിരുത്തൽ നടത്തണം.

ആനുകാലികം

# പിടിവാശികൾ അതിരുവിടുമ്പോൾ



ബോബി ഏബ്രഹാം

സർക്കാർ സംവിധാനങ്ങൾ എന്തേ ഇങ്ങനെ എന്നു ചോദിക്കാതെ തരമില്ല കേരളത്തിൽ. വ്യവസായികളെ ആകർഷിക്കാൻ വിദേശത്തു പാഞ്ഞു നടക്കുന്ന ഭരണാധികാരികളുള്ള കേരളത്തിൽ സിപിഎം ഭരിക്കുന്ന ആന്തൂർ നഗരസഭയിൽ ഒരു പ്രവാസിക്കുണ്ടായ അനുഭവം ആണ് ഇങ്ങനെ ചോദിക്കാൻ പ്രേരകമാകുന്നത്. അതുപോലെ കേരളത്തിൽ കത്തിനിൽക്കുന്ന മറ്റൊരു വിഷയമാണ് സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ ഏകീകരണം എന്ന പേരിൽ സർക്കാർ നടപ്പാക്കാൻ പോകുന്ന പരീക്ഷണം. ആ പരീക്ഷണത്തിനു പിന്നിലും ചില പിടിവാശികളാണ്. ആന്തൂരിൽ നഗരസഭാ ഭരണാധികാരിയുടെ പിടിവാശിയായിരുന്നെങ്കിൽ വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാന ഭരണകൂടത്തിന്റെ പിടിവാശി. ഈ രണ്ടു വിഷയങ്ങളാണ് ഈ ലക്കത്തിൽ വിചാരണ ചെയ്യുന്നത്.

### വിദ്യാഭ്യാസ മേഖല പരീക്ഷണ വസ്തുവോ?

കേരളത്തിൽ വിദ്യാഭ്യാസ മേഖല എന്നും ഒരു പരീക്ഷണ വസ്തുവാണ്. പ്രീ ഡിഗ്രി കോളജിൽ നിന്നു മാറ്റി പ്രത്യേക ബോർഡിനു കീഴിലാക്കാൻ 1984ൽ മന്ത്രി ടി. എം. ജേക്കബ് നടത്തിയ ശ്രമമായിരുന്നു കഴിഞ്ഞ അര നൂറ്റാണ്ടിനിടെ നടന്ന വലിയൊരു പരീക്ഷണം. ഡിഗ്രിക്കു മുമ്പുള്ള രണ്ടു വർഷ പഠനം കോളജിൽ നിന്നു വേർപെടുത്തുക എന്ന ഈ നീക്കത്തിനെതിരെ ഇടതുപക്ഷ വിദ്യാർഥി സംഘടനകളുടെ നേതൃത്വത്തിൽ വലിയ സമരം നടന്നു. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളാകെ സ്തംഭിപ്പിച്ചു നടത്തിയ സമരം. അന്നു സെക്രട്ടേറിയറ്റിനു മുന്നിൽ ഒരു മാസത്തോളം ആണ് വിദ്യാർഥി നേതാക്കൾ സമരം നടത്തിയത്. പ്രീ ഡിഗ്രി കോളജിൽ നിന്നു വേർപെടുത്തുന്നത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ തകർക്കുമെന്നായിരുന്നു ആരോപണം. ഏതായാലും പ്രീ ഡിഗ്രി ബോർഡ് തത്ക്കാലം വേണ്ടെന്ന് മുഖ്യമന്ത്രി കെ. കരുണാകരൻ തീരുമാനിച്ചതോടെ ആ സമരം അവസാനിച്ചു. എന്നാൽ തുടർന്നുവന്ന ഇടതുപക്ഷ സർക്കാർ ഏതാനും സ്കൂളുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്ലസ്ടു ആരംഭിച്ചപ്പോൾ ഇടതു വിദ്യാർഥി സംഘടനകൾ മൗനം പാലിച്ചു. ആ സർക്കാരിനെ പിന്തുടർന്നു വന്ന യുഡിഎഫ് സർക്കാർ പക്ഷേ ഈ നയം തിരുത്താനൊന്നും പോയില്ല. എന്നാൽ 1996ൽ വീണ്ടും അധികാരത്തിലേറിയ ഇടതു സർക്കാരിന്റെ പ്രധാന തീരുമാനങ്ങളിലൊന്ന് പ്രീ ഡിഗ്രി നിർത്തലാക്കാനും ഹയർ സെക്കൻഡറി കോഴ്സ് സ്കൂളുകളിലേക്ക് മാറ്റാനും ആയിരുന്നു. ഹയർ സെക്കൻഡറി ഡയറക്ടറേറ്റ് രൂപീകരിച്ചും സ്കൂളുകളിൽ പ്ലസ് ടു സംവിധാനം ഏർപ്പെടുത്തിയും സർക്കാർ അതു നടപ്പാക്കിയപ്പോൾ ഇടതു വിദ്യാർഥി സംഘടനകൾ തങ്ങൾ ഇതൊന്നും അറിഞ്ഞില്ലെന്ന മട്ടിൽ മൗനികളായി. ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള ആ സർക്കാർ തന്നെയാണ് ശാസ്ത്രസാഹിത്യപരിഷത് മുന്നോട്ടുവച്ച ഡിപിഇപി പഠനരീതിയും സ്കൂളുകളിൽ അംഗീകരിച്ചു നടപ്പാക്കിയത്. ലോക ബാങ്ക് സഹായത്തോടെ ആവിഷ്കരിച്ച ഈ പഠനരീതി അതുവരെയുള്ള വിദ്യാഭ്യാസ സമ്പ്രദായത്തെ മൊത്തത്തിൽ നിരാകരിക്കുന്നതായിരുന്നു. ചെറിയ ക്ലാസുകൾ മുതൽ കുട്ടികൾ കളികളിലൂടെയും പാട്ടുകളിലൂടെയും പഠിക്കുന്ന രീതിയിലേക്ക് വിദ്യാഭ്യാസം മാറി. പഴയ രീതിയിലുള്ള കാണാപ്പാഠം പഠിക്കലിനു പകരം കുട്ടികൾ ചെയ്തും പഠിച്ചും വളരണമെന്നായിരുന്നു ഈ പരീക്ഷണത്തിന്റെ കാതൽ. കുട്ടികളെ നിർബന്ധിച്ച് ഒന്നും പഠിപ്പിക്കരുതെന്നായി. ചെറിയ ക്ലാസുകളിൽ അധ്യാപകർക്ക് പാടിയും ആടിയും പഠിപ്പിക്കേണ്ടിവന്നു. പക്ഷേ കുറച്ചുനാൾ കഴിഞ്ഞപ്പോഴേക്കും മനസ്സിലായി കുട്ടികൾക്ക് മലയാളം അക്ഷരം പോലും ഉറയ്ക്കുന്നില്ലെന്ന്. പക്ഷേ പറഞ്ഞിട്ടെന്തു ഫലം. ഇതിന്റെ ബാക്കിപത്രമായി മറ്റൊരു പരീക്ഷണം 2006ൽ വന്ന ഇടതുപക്ഷ സർക്കാർ നടപ്പാക്കി. എസ്എസ്എൽസി വിജയശതമാനത്തിലെ കുതിച്ചുകയറ്റമായിരുന്നു ലക്ഷ്യം. അക്ഷരം കൂട്ടിവായിക്കാൻ അറിയാത്തവർ പോലും പത്താം ക്ലാസ് പാസായി പ്ലസ്ടുവിനെത്തുന്ന സ്ഥിതിയായി. മൂല്യനിർണയ ക്യാംപുകളിൽ അന്ന് അധ്യാപകർക്ക് കൊടുത്തിരുന്ന നിർദേശങ്ങൾ കൗതുകകരമായിരുന്നു. ആന എന്നാണ് ഉത്തരം വരേണ്ടതെങ്കിലും ആമ എന്നെഴുതിയാലും പകുതി മാർക്ക് കൊടുക്കണം. കാരണം ഉത്തരത്തിന്റെ ആദ്യ ഭാഗം ശരിയാണ്. ഇത് അതിശയോക്തി ആണെന്നായിരുന്നു ആദ്യം എന്റെയും ധാരണ. എന്നാൽ അന്ന് മൂല്യനിർണയ ക്യാംപുകളിൽ പങ്കെടുത്ത അധ്യാപകരോടു ചോദിച്ചപ്പോൾ അവർ പറഞ്ഞത് ആ രീതിയിൽ തന്നെയായിരുന്നു നിർദേശമെന്നാണ്.

ചുരുക്കത്തിൽ ഡിപിഇപി പാളിപ്പോയി. മുഴുവൻ എ പ്ലസ് നേടി പുറത്തുവരുന്ന കുട്ടിക്കു പോലും മലയാളത്തിൽ തെറ്റു കൂടാതെ ഒരു വാചകം എഴുതാനറിയാത്ത അവസ്ഥയായി. എന്നാൽ തെറ്റു കൂടാതെ എഴുതുകയല്ല, സർഗാത്മകത വളരുന്നുണ്ടോ എന്നതാണ് പ്രധാനം എന്ന് ഇടതു വിദ്യാഭ്യാസ ചിന്തകർ പറഞ്ഞുവച്ചു.

ഈ പരാധീനതകൾക്കിടയിലും ഹയർ സെക്കൻഡറി മേഖല വലിയ കുഴപ്പമില്ലാതെ മുന്നോട്ടുപോയി. എൻസിഇആർടി സിലബസ് തന്നെ പിന്തുടരുന്നതിനാലും യോഗ്യതയുള്ള അധ്യാപകർ ഉണ്ടായിരുന്നതിനാലും ഹയർ സെക്കൻഡറി മേഖല വലിയ പരുക്കില്ലാതെ മുന്നോട്ടുപോയി. എന്നാൽ ആഴ്ചയിൽ ആറു ദിവസം എന്ന പഠന സമയം കുട്ടികളെ വല്ലാതെ ബുദ്ധിമുട്ടിച്ചപ്പോൾ അധികൃതർ കണ്ടെത്തിയ എളുപ്പവഴി പഠന സമയം രാവിലെ ഒൻപതു മുതൽ 4.45 വരെയാക്കി മാറ്റി ശനിയാഴ്ചത്തെ ക്ലാസ് ഒഴിവാക്കുകയെന്നതായിരുന്നു. ഇത്രയും ദീർഘസമയം കുട്ടികൾ ക്ലാസിലിരിക്കുമോ എന്നു ചിന്തി



ക്കുക പോലും ചെയ്യാതെ നടപ്പാക്കിയ പരീക്ഷണം സത്യത്തിൽ പ്ലസ്ടു പഠനത്തെ ബാധിച്ചു. കുട്ടികൾ ക്ലാസിൽ അസ്വസ്ഥരായി. കൗമാരക്കാരായ പെൺകുട്ടികൾക്കു മറ്റും ശാരീരിക വിഷമതകൾ ഉള്ള സമയത്തും ഇത്ര ദീർഘനേരം ക്ലാസിൽ ഇരിക്കുക എത്ര ബുദ്ധിമുട്ടേറിയതാണെന്നറിയണമെങ്കിൽ അധ്യാപകരോടു ചോദിച്ചുനോക്കിയാൽ മതി. എന്നാൽ ആരോ വാശി തീർക്കുന്ന രീതിയിൽ ആ പഠന സമയത്തിൽ ഉറച്ചുനിന്നു. എന്നാൽ ഇതിലേറെ കനത്ത സിലബസുള്ള സിബിഎസ്ഇ സ്കൂളുകളിൽ പഠന സമയം രാവിലെ 9.30 മുതൽ 3.30 വരെയാക്കി നിജപ്പെടുത്തിയിട്ടും പാഠഭാഗങ്ങൾ പഠിപ്പിച്ചു തീർക്കുന്നതിൽ ഒരു ബുദ്ധിമുട്ടും ഉണ്ടായിട്ടില്ലെന്നോർക്കണം.

ഈ പഠന സമയ പരീക്ഷണം ഹയർ സെക്കൻഡറി മേഖലയെ വല്ലാതെ ബുദ്ധിമുട്ടിക്കുന്നതിനിടയിലാണ് ഖാദർ കമ്മിഷന്റെ പേരിൽ പുതിയ പരീക്ഷണവുമായി സർക്കാർ ഇറങ്ങിയിരിക്കുന്നത്. സ്കൂൾ വിദ്യാഭ്യാസം പ്രൈമറി മുതൽ ഹയർ സെക്കൻഡറി തലം വരെ ഏകീകരിക്കുകയെന്നത് കഴിഞ്ഞ ഇടതു സർക്കാരിന്റെ അജണ്ടയായിരുന്നു. എന്നാൽ അതു നടപ്പാക്കാനായില്ല. അതാണ് ഇപ്പോഴത്തെ സർക്കാർ നടപ്പാക്കാൻ ശ്രമിക്കുന്നത്. ഇതിനു പിന്നിൽ അക്കാഡമിക് താൽപര്യം ആണെന്ന് പുറത്തുപറയുന്നുണ്ടെങ്കിലും യഥാർഥ ലക്ഷ്യം വേറെയാണെന്ന് മേഖലയുമായി ബന്ധമുള്ളവർ പറയുന്നു. സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സിപിഎം അനുഭാവമുള്ള കെഎസ്ടിഎ എന്ന അധ്യാപക സംഘടനയ്ക്കാണ് ഏറ്റവും സ്വാധീനം. എന്നാൽ ഹയർ സെക്കൻഡറി മേഖലയിൽ ഇവർ ശക്തമല്ല. കോൺഗ്രസ് അനുഭാവമുള്ള സ്വതന്ത്ര സംഘടനകൾക്കാണ് അവിടെ സ്വാധീനം. ഈ സ്വാധീനം തകർക്കുക എന്നത് കെഎസ്ടിഎ യുടെ ലക്ഷ്യമാണെങ്കിലും അത് സാധ്യമാകുന്നില്ല. ഈ ലക്ഷ്യം കൈവരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ഖാദർ കമ്മിഷൻ റിപ്പോർട്ട് എന്ന പേരിൽ ഒരെണ്ണം തട്ടിക്കൂട്ടിയിരുക്കുന്നതെന്നും ആരോപണം ഉയരുന്നുണ്ട്. അതവിടെ നിൽക്കട്ടെ. ഖാദർ കമ്മിഷൻ ശുപാർശകളിൽ ഗൗരവമായ ഒരെണ്ണം മാത്രം എടുത്തു പരിശോധിക്കാം. പ്രീ സ്കൂൾ മുതൽ ഏഴാം ക്ലാസ് വരെ പ്രൈമറി തലമായും എട്ടാം ക്ലാസ് മുതൽ 12 വരെ സെക്കൻഡറി തലമായും മാറ്റാനുള്ള നീക്കമാണ് പ്രധാനം. ഇതിൽ പ്രൈമറി തലം നിലവിലുള്ളതു തന്നെയായതിനാൽ വലിയ മാറ്റമൊന്നുമില്ല. എന്നാൽ എട്ടു മുതൽ 12 വരെ ഒരു യൂണിറ്റായി കണക്കാക്കുന്നിടത്ത് പ്രശ്നം തുടങ്ങും. കാരണം 8 മുതൽ 10 വരെയുള്ള പഠന, അധ്യാപന രീതിയല്ല 11, 12 ക്ലാസുകളിൽ വേണ്ടത്. തീർത്തും വ്യത്യസ്തമായ പഠന മേഖലയാണത്. മുമ്പ് കോളജിൽ അതിനെ പ്രീ ഡിഗ്രി എന്നാണ് പറഞ്ഞിരുന്നത് എന്നോർക്കുക. അതായത് ബിരുദ പഠനത്തിനു പ്രവേശിക്കാൻ ഒരുക്കുകയാണ് അവിടെ. അവിടെ നെല്ലും പതിരും വേർതിരിഞ്ഞുവരണം. എന്നാൽ എട്ടുമുതൽ 12 വരെ ഒരു യൂണിറ്റ് ആക്കുകയും പഠനവും അധ്യാപനവും ഒരു പോലെ ആകുകയും ചെയ്യുമ്പോൾ പ്ലസ്ടു തലത്തിൽ ലക്ഷ്യമിട്ട പഠന നിലവാരം സാധ്യമല്ല. എട്ടിലെ കുട്ടികളെ പറഞ്ഞു പഠിപ്പിക്കുന്നതു പോലെയല്ല, 11 ലെ കുട്ടിയെ പഠിപ്പിക്കേണ്ടത്. തീർത്തും വ്യത്യസ്തമായ മോണിട്ടറിങ് രീതികൾ അവിടെ ആവശ്യമാണ്. ഇതൊന്നും മനസ്സിലാക്കാതെ രാഷ്ട്രീയ ലക്ഷ്യത്തോടെ റിപ്പോർട്ട് തട്ടിക്കൂട്ടുന്നത് എന്തിനാണെന്ന് വ്യക്തമാണെന്ന് അധ്യാപകർ പറയുന്നു.

ഇനി മറ്റു ഭരണ സംവിധാനങ്ങൾ. കഴിഞ്ഞ കുറേ വർഷങ്ങൾ കൊണ്ട് ഹയർ സെക്കൻഡറി മേഖല ഇ ഓഫിസ് സംവിധാനത്തിലും പരീക്ഷാ നടത്തിപ്പിലും ഏറെ മികവ് നേടിയിട്ടുണ്ട്. വികേന്ദ്രീകൃത ഭരണത്തെക്കുറിച്ചു വാചാലരാകുന്ന ഒരു സർക്കാർ പക്ഷേ എല്ലാ ഡയറക്ടറേറ്റുകളും ലയിപ്പിച്ച് കേന്ദ്രീകൃത സംവിധാനത്തിനു ശ്രമിക്കുന്നതിന്റെ യുക്തിയും ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. കഴിഞ്ഞ പൊതു പരീക്ഷയിൽ നിലവിലുള്ള സോഫ്റ്റ് വെയർ ഉപേക്ഷിച്ച് പുതിയ സംവിധാനം പരീക്ഷിച്ചപ്പോൾ ഹയർ സെക്കൻഡറി പരീക്ഷാ നടത്തിപ്പ് ആകെ കുളമാകുന്ന അവസ്ഥയിലെത്തിയതായി അധ്യാപകർ ചൂണ്ടിക്കാട്ടുന്നു. നിലവിലുള്ള അവസ്ഥയെ മെച്ചമാക്കാനാവണം പരിഷ്കരണം. അല്ലാതെ ആരുടെയെങ്കിലും അജണ്ട നടപ്പാക്കാനാവരുത്.

ഏകീകരണത്തെക്കുറിച്ച് വാചാലമാകുന്ന ഖാദർ കമ്മിഷൻ റിപ്പോർട്ടിൽ എവിടെയും ഹയർ സെക്കൻഡറിയിൽ പിന്തുടരുന്ന അശാസ്ത്രീയമായ സമയക്രമത്തെപ്പറ്റി ഒരക്ഷരം പോലും പറയുന്നില്ലെന്നതാണ് മറ്റൊരു വസ്തുത. അതുപോലെ ഹയർ സെക്കൻഡറി അധ്യാപകർ അവധി അപേക്ഷ നൽകേണ്ടതും മറ്റും വൈസ് പ്രിൻസിപ്പലിനാണെന്നു വ്യവസ്ഥ വയ്ക്കുന്നതും അവരെ ഒന്നു കൊച്ചാക്കാൻ വേണ്ടിയാണെന്നു സംശയിച്ചുപോയാൽ കുറ്റം പറയാനാവില്ല. കൗമാരക്കാരായവിദ്യാർഥികളെ കൈകാര്യം ചെയ്യേണ്ടിവരുന്ന ഹയർ സെക്കൻഡറി അധ്യാപകരുടെ ചുമതലകൾ ഏറെ വ്യത്യസ്തമാണ്. ഈ തിരിച്ചറിവില്ലാതെ ലയനമെന്നു പറഞ്ഞു ചാടിപ്പുറപ്പെട്ടതിനാലാണ് ഹൈക്കോടതി പോലും റിപ്പോർട്ട് നടപ്പാക്കൽ തടഞ്ഞത്. ഈ കാര്യം വലതുപക്ഷ സർക്കാരാണ് നടപ്പാക്കാൻ ശ്രമിച്ചതെങ്കിൽ കേരളത്തിലെ സ്ഥിതി എന്താകുമായിരുന്നു എന്നതിന് പഴയ പ്രീ

ഡിഗ്രി ബോർഡ് സമരം തന്നെ ഉദാഹരണം. സ്വന്തം സർക്കാർ എന്തു ചെയ്താലും ഒട്ടകപ്പക്ഷി നയം സ്വീകരിക്കുന്ന സാംസ്കാരിക നായകരും ചിന്തകരും ഇത്തവണയും അതേ നിലപാടിലാണ്. പ്രതികരിച്ചാൽ കിട്ടാനുള്ളത് പോയാലോ...

### ആന്തൂരിൽ മാത്രല്ല, എല്ലായിടവും ഇങ്ങനെയാണ്

എനിക്ക് വ്യക്തിപരമായി ഉണ്ടായ ചില അനുഭവങ്ങൾ മാത്രമേ പറയുന്നുള്ളു. ഒരു വർഷം മുമ്പാണ്. എനിക്ക് വസ്തുവിന്റെ കരം അടയ്ക്കണം. എന്റെ വസ്തുവിന്റെ ഒപ്പം സഹോദരന്മാരുടേതും ഉണ്ട്. വില്ലേജ് ഓഫിസിൽ ചെന്നു. അവിടെ ഇരിക്കുന്നത് ഒരു ചെറുപ്പക്കാരൻ. സർവീസില് കയറിയിട്ട് കുറച്ചുനാളുകളേ ആയിട്ടുള്ളു. ഞാൻ എന്റെ വസ്തുവിന് മുൻവർഷം കരം അടച്ചതിന്റെ രസീത് കാണിച്ചു. മറ്റു രണ്ടു രസീതുകൾ കൈമോശം വന്നെന്നും ഈ സർവേ നമ്പരിൽ തന്നെയാണ് മറ്റു രണ്ടു വസ്തുക്കളെന്നും പറഞ്ഞു. ബുക്കിൽ നോക്കിയാൽ അടുത്തടുത്തുള്ള മൂന്നു പേജുകളിലാണ് മൂന്നു വസ്തുക്കളുടെയും വിവരങ്ങളുള്ളതെന്നും വ്യക്തമാക്കി. എന്നാൽ അതു പറ്റില്ലെന്നും പഴയ രസീത് കൊണ്ടുവന്നേ പറ്റൂ എന്നുമായി യുവ ഉദ്യോഗസ്ഥൻ. രസീത് കൈവശമില്ലെന്നും പഴയ രസീത് വേണമെന്നു നിയമത്തിൽ പറയുന്നില്ലെന്നും ഞാൻ നിലപാടെടുത്തു. ആ യുവാവ് സഹായിക്കാനുള്ള നീക്കത്തിലല്ലെന്നു മനസ്സിലായതോടെ അൽപം ശബ്ദമുയർത്തേണ്ടി വന്നു. ഉടൻ തന്നെ പരിചയമുള്ള മറ്റൊരു ഉദ്യോഗസ്ഥനിറങ്ങിവന്ന് ബുക്കെടുത്തു നോക്കി മൂന്നു വസ്തുക്കളുടെയും കരം ഉടൻ അടച്ചുതന്നു. സർവീസിൽ കയറിയ ഉടൻ ആ യുവാവിന് സഹായ മനസ്ഥിതി നഷ്ടപ്പെടുന്നതും അധികാരഭാവം വരുന്നതും എന്തുകൊണ്ടാവും? നന്നായി പെരുമാറുന്ന കുറേ സർക്കാർ ഉദ്യോഗസ്ഥരോടു ചോദിച്ചു ഈ ചോദ്യം. അവർക്കും ഉത്തരമില്ല.

മറ്റൊരു അനുഭവം. വിവാഹ റജിസ്ട്രേഷൻ നടത്തണമെന്ന് ഇടക്കാലത്ത് സർക്കാർ ഉത്തരവ് വന്നു. അതനുസരിച്ച് പഞ്ചായത്തിൽ അപേക്ഷ നൽകി. രണ്ടു സാക്ഷികൾ ഒപ്പുമിട്ടു. പഞ്ചായത്തിൽ കൊടുത്തപ്പോൾ സക്ഷികൾ നേരിട്ടുവരണമെന്നായി പഞ്ചായത്ത് സെക്രട്ടറി. അങ്ങനെ നിയമത്തിൽ പറയുന്നില്ലെന്നും പള്ളിയിൽ നിന്നുള്ള രേഖകൾ അനുബന്ധമായി നൽകിയിട്ടുണ്ടെന്നും പറഞ്ഞിട്ടും സെക്രട്ടറി വഴങ്ങുന്നില്ല. ഒടുവിൽ പഞ്ചായത്ത് പ്രസിഡന്റ് ഇടപെട്ട് അദ്ദേഹവും മറ്റൊരാളും ചേർന്ന് അവിടെ വച്ചുതന്നെ ഒപ്പിട്ടു. ഏതായാലും അവിടെ നിന്നു കൊണ്ടുതന്നെ ഈ വിഷയത്തിൽ വ്യക്തതയ്ക്കായി പഞ്ചായത്ത് സെക്രട്ടറിക്ക് വിവരാവകാശ നിയമപ്രകാരം കത്തു നൽകി. പഞ്ചായത്തിൽ വിവാഹം റജിസ്റ്റർ ചെയ്യുന്നതിന് സാക്ഷി നേരിട്ട് വരേണ്ടതില്ലെന്ന് അദ്ദേഹം തന്നെ ഒരാഴ്ചയ്ക്കകം മറുപടി നൽകി. അപ്പോൾ താങ്കൾ അന്നു പറഞ്ഞതോ എന്നു നേരിട്ടു ചോദിച്ചതോടെ ആള് ബുദ്ധിമുട്ടിലായി. ഉയർന്ന തലങ്ങളിലേക്ക് പരാതി പോകുമെന്നു കണ്ടതോടെ അടുത്ത സുഹൃത്തുക്കളായ ചില രാഷ്ട്രീയ പ്രവർത്തകർ വഴി മാപ്പു പറച്ചിലും സമ്മർദവുമായി. എന്തിനാണ് ആവശ്യമില്ലാതെ അയാൾ ആ അധികാരടത്തിന്റെ ഗർവ് എന്നോടു കാണിച്ചത്. ഉത്തരമില്ല.


ഏറ്റവും ഒടുവിലത്തെ അനുഭവം ട്രഷറിയിൽ നിന്നാണ്. ഒരു ഫിക്സ്ഡ് ഡിപ്പോസിറ്റ് ഇടാൻ പോയതാണ്. കൗണ്ടണ്ടറിൽ ഇരിക്കുന്ന ഉദ്യോഗസ്ഥ സഹായിക്കാൻ മനസ്സുള്ളയാളാണ്. അപേക്ഷ നൽകിയപ്പോഴാണ് അറിയുന്നത് ഫിക്സ്ഡ് ഡിപ്പോസിറ്റ് ഇടണമെങ്കിൽ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങണം. അതിന് നൂറു രൂപ അടയ്ക്കാൻ ഞാൻ ചെന്നു മുന്നിൽ നിന്നതോടെ കാഷ് കൗണ്ടറിൽ ഇരുന്ന ഉദ്യോഗസ്ഥ ഊണു കഴിക്കാനെഴുന്നേറ്റു. എന്റെ കാശു കൂടി സ്വീകരിക്കാൻ ഒരു മിനിറ്റ് മതി. പക്ഷേ അവർ തയ്യാറല്ല. പിന്നെ ഒരു മണിക്കൂറെങ്കിലും കാത്തുനിൽക്കണം. ഞാൻ മടങ്ങിപ്പോന്നു. അടുത്ത ദിവസം ചെന്നപ്പോൾ ഫിക്സ്ഡ് ഡിപ്പോസിറ്റ് കൗണ്ടറിൽ ഉദ്യോസ്ഥയില്ല. മടങ്ങിപ്പോന്നു. അതിനടുത്ത ദിവസം ചെന്ന് 100 രൂപ അടച്ച് അക്കൗണ്ട് എടുത്ത് ഫിക്സ്ഡ് ഡിപ്പോസിറ്റിനുള്ള ചെക്കും കൊടുത്തു പോന്നു. രണ്ടോ മൂന്നോ ദിവസം കഴിഞ്ഞു ചെന്നാൽ രസീത് തരാമെന്നു പറഞ്ഞു. മൂന്നു ദിവസം കഴിഞ്ഞു ചെന്നപ്പോഴും ആ ഉദ്യോഗസ്ഥ ഇല്ല. തൊട്ടടുത്ത കൗണ്ടറിൽ ഇരുന്ന ചെറുപ്പക്കാരനോട് കാര്യം പറഞ്ഞു. നിഷേധാത്മകമായിരുന്നു മറുപടി. എനിക്കറിയില്ല. നിങ്ങൾ ഫിക്സ്ഡ് ഇടണമെന്ന് എനിക്കൊരു നിർബന്ധവുമില്ല എന്നായിരുന്നു മറുപടി. ഒടുവിൽ ഏഴാമത്തെ ശ്രമത്തിൽ എനിക്ക് രസീത് കിട്ടി. അപ്പോഴേക്കും 15 ദിവസത്തെ പലിശ എനിക്കു നഷ്ടം. ട്രഷറിയിൽ പണം നിക്ഷേപിക്കാൻ ചെന്ന ആളുടെ അവസ്ഥ ആണ്. എന്തുകൊണ്ടാണ് സർക്കാർ സംവിധാനങ്ങൾ ഇങ്ങനെ എന്ന ചോദ്യത്തിന് ആർക്കും മറുപടിയില്ല. ഏതെങ്കിലും സഹകരണ ബാങ്കിൽ 5 മിനിറ്റ് കൊണ്ടു സാധിക്കാവുന്ന കാര്യത്തിനാണ് ഈ അലച്ചിൽ എന്ന് ഓർക്കുക.

ആന്തൂരിൽ പ്രവാസി വ്യവസായി ആത്മഹത്യ ചെയ്യാനിടയായതും ഇത്തരം നൂലാമാലകൾ കാരണം തന്നെയാണ്. 15 കോടി മുടക്കി വെള്ളത്തിലായവന്റെ ആധി അവനേ അറിയൂ. കനലെരിയുന്ന നെഞ്ചുമായി എത്ര നടന്നിട്ടുണ്ടാവും ആ പാവം. ഉദ്യോഗസ്ഥരുടെ മാത്രമല്ല, ജനകീയ ഭരണാധികാരിയുടെയും മനസ്സ് കല്ലായി മാറി. എന്തു കിട്ടും എന്നു മാത്രം നോക്കിയിരിക്കുന്ന ഉദ്യോഗസ്ഥരും കുറേ ജനപ്രതിനിധികളുമാണ് ഈ നാടിന്റെ ശാപം. (നല്ലവരായ ഉദ്യോഗസ്ഥരോടും ജനപ്രതിനിധികളോടും ഈ അവസാന പരാമർശത്തിന് മാപ്പു ചോദിച്ചു നിർത്തട്ടെ.)



ദൈവശാസ്ത്ര വിചിന്തനങ്ങൾ

# വിശ്വാസത്തിന്റെ അനുസരണം രക്ഷയുടെ കവാടം





റവ. ഫാ. ജേക്കബ് ജോർജ്ജ് ചിറയത്ത്

## വിളിയും പ്രത്യുത്തരവും: ക്രമമായ രൂപം

രക്ഷാകര പദ്ധതിയിലും ചരിത്രത്തിലും നാം കാണുന്ന ദൈവവിളിയും അതിനുള്ള പ്രത്യുത്തരവും അവയിൽ നാം കാണുന്ന ക്രമമായ രൂപവും വിശകലനം ചെയ്യാതെ വിശ്വാസത്തെ അതിന്റെ സമഗ്രതയിൽ ദർശിക്കാനാവില്ല. ദൈവം ഇറങ്ങി വന്നു സാധിതമാക്കിയ ദൈവമനുഷ്യ സമാഗമങ്ങളെ പൊതുവിൽ അവയുടെ ക്രമമായ രൂപത്തിന്റെ സവിശേഷതയിൽ നാം വിശകലന വിധേയമാക്കുന്നു ഇവിടെ.

"മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കുവേണ്ടി സ്വർഗ്ഗം ചായിച്ചിറങ്ങി വന്ന ദൈവമേ" നമ്മുടെ ആരാധനയിൽ മുഴങ്ങിക്കേൾക്കുന്ന ഹൃദയസ്പർശിയായ ഒരു പ്രാർത്ഥനാശകലം മാത്രമല്ല, പിന്നെയോ രക്ഷണ്യ വ്യാപാരത്തിൽ മനുഷ്യരെ മണ്ണിൽ നിന്നുയർത്തി തന്റെ ഹൃദയത്തിന് അനുരൂപരാക്കുവാൻ ബദ്ധശ്രദ്ധനായ ദൈവത്തിന്റെ അടിസ്ഥാന മനോഭാവവും അത് വരച്ചുകാട്ടുന്നു. ഇറങ്ങി വരുന്ന ദൈവം, നമ്മോടുകൂടെ ആയിരിക്കുന്ന ദൈവം തന്നെയാണ് ദൈവജന രൂപീകരണത്തിന്റെയും, വിശ്വാസ സ്ഥിരീകരണത്തിന്റെയും, ദൗത്യ ഭരമേൽപ്പിക്കലിന്റെയും അടിസ്ഥാന യാഥാർത്ഥ്യം. തന്നിലേക്കിറങ്ങി തന്നെ ജീവിക്കുന്ന സക്രാരിയാക്കി മാറ്റിയ ദൈവത്തോട് മനുഷ്യൻ ക്രിയാത്മകമായി പ്രത്യുത്തരിച്ചപ്പോൾ വിശ്വാസ തീർത്ഥാടനം ആരംഭിക്കുകയായി.

ദൈവം ഇറങ്ങി വന്നു തന്നെ തന്നെ വെളിപ്പെടുത്തുമ്പോൾ, അത് ആരംഭിക്കുക

> വിശ്വാസത്തെ അതുല്യ ദൈവദാനമായും, ദൈവ ജനത്തിന്റെ നിരന്തര സഹകരണമായും കഴിഞ്ഞ ലക്കത്തിൽ നാം അവലോകനം ചെയ്തു. വിശ്വാസത്തെ അതിന്റെ സമഗ്രതയിൽ നോക്കി കാണുവാൻ ഈ ലേഖനം പരിശ്രമിക്കുന്നു. അതുവഴി "വിശ്വാസത്തിന്റെ അനുസരണം" ആഴത്തിൽ മനസിലാക്കുവാൻ ഉദ്യമിക്കുന്നു.

പലപ്പോഴും അതിശയിപ്പിക്കുന്ന, അമ്പരപ്പിക്കുന്ന, അതുമല്ലെങ്കിൽ ഭയപ്പെടുത്തുന്ന സമാഗമത്തോടെയാണ്. മോശയുടെ മുൻപിൽ കത്തുന്ന മുൾപ്പടർപ്പ്, പ്രാർത്ഥിച്ചു കൊണ്ടിരുന്ന ഏശയ്യാ കണ്ട സ്വർഗ്ഗീയ ജെറുസലേം, ജെറമിയ ദർശിച്ച ജാഗ്രതാ വൃക്ഷത്തിന്റെ ശിഖരം, സഖറിയായും ദൈവമാതാവും ദർശിച്ച മാലാഖ ഇവയെല്ലാം ഇവയ്ക്കുള്ള ഉദാഹരണങ്ങൾ. ദൈവ-മനുഷ്യ സമാഗമം ആരംഭിക്കുക സവിശേഷമായ അഭിവാദ്യത്തോടെയാണ്. ഇവയുടെ ഘടനകളും, ഉപയോഗിക്കപ്പെടുന്ന വാചകങ്ങളും ഒരു പക്ഷേ വ്യത്യസ്തമായിരിക്കാം. കത്തുന്ന മുൾപ്പടർപ്പിലേക്ക് ആനയിക്കപ്പെട്ട മോശയോട് തന്റെ കാലിലെ ചെരുപ്പഴിച്ചു ദൂരെ എറിയുവാൻ ദൈവം ആവശ്യപ്പെട്ടു. കന്യക മാതാവിനോട് "കൃപ നിറഞ്ഞ മറിയമേ നിനക്ക് സമാധാനം എന്ന്" ദൂതൻ വഴിയായി അവിടുന്ന് അരുളി ചെയ്തു. വിപരീത സ്വഭാവമുള്ള രണ്ട് അഭിവാദനങ്ങൾ ഇവിടെ നാം കാണുന്നു. ദൈവീക മേഖലയെ സ്പർശിക്കുന്നതിന് മോശ അവശ്യം ചെയ്യേണ്ട ത്യജിക്കലുകളെയും, ത്യാഗ പ്രവർത്തികളെയും, അവനോടുള്ള അഭിവാദ്യം വഴിയായി യഹോവ സൂചിപ്പിച്ചു. കൊലപാതകാസക്തി, അക്രണമവാസന കള്ളം പറയുന്ന അല്ലെങ്കിൽ ഒളിപ്പിച്ചുവെക്കുന്ന മനോഭാവം, സ്വാശ്രയത്വം, അഹംഭാവം/അഹങ്കാരം അതുമല്ലെങ്കിൽ അതിരുകവിയുന്ന ആത്മവിശ്വാസം ഇവയെല്ലാം ദൂരെയെറിഞ്ഞ് ദൈവീക സ്ഥിരീകരണത്തിനായി ഒരുങ്ങുവാൻ ദൈവം ഈ അഭിവാദനത്തിലൂടെ അവനെ ശാക്തീകരിക്കുന്നു. ചരിത്രത്തിലിതുവരെയും നൽകപ്പെടാത്ത ഒരു അഭിവാദനത്തിലൂടെ "കൃപ നിറഞ്ഞ മറിയമേ നിനക്ക് സമാധാനം" എന്നതിലൂടെ മറിയം ഉയർത്തപ്പെടുന്ന ദൈവിക മേഖലകളെ മുഴുവൻ അവിടുന്ന് വ്യാഖ്യാനിക്കുന്നു, സംഗ്രഹിക്കുന്നു.

മാതാവിന്റെ ഉദരത്തിൽ രൂപം പ്രാപിക്കുന്നതിനു മുൻപുതന്നെ തന്നെ തനിക്കായി പ്രതിഷ്ഠിച്ച ദൈവത്തോട് ജെറമിയാ പ്രതികരിച്ചതുപോലെ വിളിക്കപ്പെട്ടവർ തങ്ങളുടെ ബലഹീനതകൾ നിരത്തുന്നതായി, അടുത്ത ഘട്ടം. "ഞാൻ തികച്ചും ഒരു ശിശുവാണ്, സംസാരിക്കുവാൻ എനിക്കു വശമില്ല" എന്നതായിരുന്നു ജെറമിയായുടെ വിലാപത്തിന്റെ കാതൽ. "ഇതെങ്ങനെ സംഭവിക്കും, ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ" എന്നുള്ളത് കന്യക മറിയത്തിന്റെ അന്വേഷണവും.

ഇവിടെ ദൈവീക സ്ഥിരീകരണം നടക്കുകയായി. ജെറമിയായുടെ നാവിനെ

ദൈവം തന്റെ കൈയ്യാൽ സ്പർശിച്ചു അവന്റെ നാവിൽ തന്റെ വചനത്തെ പ്രതിഷ്ഠിക്കുന്നു. പരിശുദ്ധാത്മാവിന്റെ ആവാസം സാധിതമാക്കുന്ന തിരുപിറവിയുടെ അതുല്യരഹസ്യം ദൈവം മാതാവിനു വെളിപ്പെടുത്തുന്നു. അതും ശക്തമായ ഒരു അടയാളത്തിലൂടെ. വന്ധ്യയെന്നു വിളിക്കപ്പെട്ട ഏലീശുബാ, അനുപമമായ കൃപാ കടാക്ഷത്തിലൂടെ, ഗർഭിണിയായിരിക്കുന്നു. ആ സ്ഥിരീകരണം അവസാനിക്കുന്നത് ശക്തമായ ഒരു വചനത്തോടു കൂടിയാണ്; "ദൈവത്തിന് ഒന്നും അസാധ്യമായിട്ടില്ല".

തുടർന്നു ദൈവമനുഷ്യ സമാഗമത്തിന്റെ ആത്യന്തികലക്ഷ്യം കൈവരിക്കപ്പെടുന്നു. ദൈവപരിപാലനയിൽ ഇതളഴിഞ്ഞ ദൈവഹിതം മനസ്സിലാക്കിയ വ്യക്തി വിശ്വാസത്തിന്റെ അനുസരണം നടത്തുന്നു. "ഇതാ ഞാൻ കർത്താവിന്റെ ദാസി, അവിടുത്തെ ഹിതംപോലെ എന്നിൽ ഭവിക്കട്ടെ". ഈ വചനം ഒരു പക്ഷേ, ദൈവംവിളിച്ചടുപ്പിച്ച, ദൗത്യം നൽകി ഭരമേൽപിച്ച ഏവരുടെയും ജീവിതത്തെയും, ജീവിതചര്യകളെയും, അടിസ്ഥാന മനോഭാവത്തെയും, കാര്യനിർവ്വഹണ രീതിയേയും സംഗ്രഹിക്കുന്നു. വിശ്വാസത്തിന്റെ അനുസരണം ത്യാഗോജ്ജ്വലമായ ജീവിതം ആവശ്യപ്പെടുന്നു. ഒരുപടി കൂടിക്കടന്നു സ്വജീവനെ തന്നെ സമർപ്പിക്കുവാൻ അതു നടത്തുന്നവൻ തയ്യാറാകുന്നു. 'നിന്നെപ്രതി കൊലയ്ക്കുള്ള ആട്ടിൻകുട്ടിയെന്നപോലെ ഞങ്ങൾ കരുതപ്പെടുന്നു.' പൗലോസ് സൂചിപ്പിച്ചതു അന്വർത്ഥമാകുന്നതുപോലെ.

**ഉദാത്തമായ മനുഷ്യവ്യാപാരം.**

ദൈവിക വെളിപാടുകളോടു സവിശേഷമായി പ്രതികരിച്ച വ്യക്തിത്വങ്ങളെ വിശ്വാസതീർത്ഥാടനത്തിലെ അതുല്യമാതൃകകളായി ഹെബ്രായർക്കെഴുതിയ ലേഖനം ഉയർത്തിക്കാട്ടുന്നു (ഹെബ്രായർ 11). അതിനാമുഖമായി ഒരു നിർവ്വചനവും നാം കാണുന്നു. "വിശ്വാസം എന്നത് പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും കാണപ്പെടാത്തവ ഉണ്ട് എന്ന ബോധ്യവുമാണ്" (ഹെബ്രായർ 11:1). ആബേൽ, ഹാനോക്ക്, നോഹ, അബ്രഹാം, ന്യായാധിപർ തുടങ്ങി അനേകരുടെ ജീവിതവും സാക്ഷ്യവും അവിടെ എടുത്തു പറയപ്പെടുന്നു. മഹാരഥന്മാരായ അവരിലെല്ലാം പൊതുവായി കാണുന്ന സവിശേഷതയാണ് അവരുടെ വിശ്വാസം. അതിന്റെ അടിസ്ഥാനമായി നിലകൊള്ളുന്നതാകട്ടെ, ദൈവികപദ്ധതിയോട് തങ്ങളെത്തന്നെ ചേർത്തുനിർത്തുന്ന സമ്പൂർണ്ണ സമർപ്പണവും, ആ സമർപ്പണത്തെ യാഥാർത്ഥ്യവൽക്കരിക്കുവാൻ അവരേറ്റെടുത്ത ത്യാഗോജ്ജ്വല പ്രവൃത്തികളുമാണ്.

ഉദാഹരണമായി വിശ്വാസികളുടെ പിതാവായി അബ്രഹാം രൂപീകൃതമാവുക ഒരു യാദൃശ്ചികതയുടെ പര്യവേഷമണിഞ്ഞോ, ഒരു യാന്ത്രികതയുടെ മായാ വെളിച്ചത്തിലോ അല്ല. അതിനായി അവൻ നൽകേണ്ടി വന്ന വില അവന്റെ ജീവനോളം വലുതായിരുന്നു. ജന്മസ്ഥലം ഉപേക്ഷിക്കേണ്ടിവരുന്നു. നിരന്തര പ്രവാസത്തിലാകുന്നു. മകനെ ബലിയർപ്പിക്കാൻ പോകേണ്ടി വരുന്നു. വാഗ്ദാനം പ്രാപിക്കുവാൻ കണ്ണുനീരോടെ കാത്തിരിക്കുന്നു. വിശ്വാസത്തിന്റെ അനുസരണം, അനന്യമായ സമർപ്പണത്തിലൂടെ അബ്രഹാം സാധിതമാക്കി, സ്വർഗ്ഗത്തിന്റെ സ്വീകാര്യമായ സമയത്തിനനുസരിച്ച് തന്റെ ജീവിതത്തെ ക്രമീകരിച്ചുകൊണ്ട്, വാഗ്ദാനം നൽകിയവൻ വിശ്വസ്ഥനാണെന്ന ഉത്തമബോധ്യത്തോടെ.

വിശ്വാസത്തെ ദൈവികദാനത്തിന്റെ പശ്ചാത്തലത്തിൽ ഒരു മാനുഷിക പ്രവൃത്തിയായി അംഗീകരിക്കുമ്പോൾ തന്നെ അറിഞ്ഞിരിക്കേണ്ട മറ്റൊരു യാഥാർത്ഥ്യമാണ് അതിൽ അതിരുകളില്ലാതെ ബഹുമാനിക്കപ്പെടേണ്ട മനുഷ്യ സ്വാതന്ത്ര്യത്തിന്റെ പ്രാധാന്യം. തന്നെ തന്നെ വെളിപ്പെടുത്തുന്ന ദൈവത്തോട് ക്രിയാത്മകമായി പ്രതികരിക്കുവാനും, വിളി സ്വീകരിച്ച് ദൗത്യം നിർവ്വഹിക്കുവാനും, അല്ലെങ്കിൽ വിമുഖത പ്രകടിപ്പിച്ച് അകന്നു മാറുവാനും മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. ക്രിസ്തീയതയിൽ നാം അറിയുന്ന ദൈവം ഒരു സ്വേച്ഛാധിപതിയല്ല. ഒരു മനുഷ്യനും അവന്റെ കയ്യിലെ പാവയോ, കളിപ്പാട്ടമോ, പട്ടമോ അല്ല. പിന്നെയോ സ്വതന്ത്രമായി പൂർണ്ണ ഹൃദയത്തോടെ, പൂർണ്ണ മനസ്സോടെ, പൂർണ്ണയാത്മാവോടെ, പൂർണ്ണ ശക്തിയോടെ തന്നെ പിൻചെല്ലാൻ മനുഷ്യനു കഴിയുന്നു, സവിശേഷമായ അവന്റെ സൃഷ്ടികർമ്മത്തിന്റെ പ്രത്യേകതയാൽ തന്നെ. തനിക്കു മുമ്പിൽ ശേഖരിക്കപ്പെടുന്നുവെന്നുള്ളതോടൊപ്പം തന്നെ, തന്നെ ശേഖരിച്ച ദൈവത്തോടുള്ള സ്വതന്ത്രമായ പ്രതികരണവും വിശ്വാസ വഴികളിലെ നിർണ്ണായകത തന്നെയാണ്.

വിശ്വാസത്തെ അടിസ്ഥാനപരമായ മാനുഷിക പ്രവൃത്തിയായി നാം അംഗീകരിക്കുമ്പോൾ അതു യുക്തിസഹജവും, അവയിൽ ഉപയോഗിക്കപ്പെടുന്ന യുക്തി വിശ്വാസത്താൽ ദീപ്തവുമായിരിക്കണമെന്ന വസ്തുത വിസ്മരിക്കപ്പെട്ടുകൂടാ. അതോടൊപ്പം അഗോചരനായ ദൈവത്തെ അറിയുന്ന അതീന്ദ്രജ്ഞാനമാണ് വിശ്വാസമെന്നും അംഗീകരിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ മനസ്സും, ബുദ്ധിയും, വിശ്വാസമെന്ന പ്രവർത്തിയിൽ ദൈവകൃപയോട് നിരന്തരം സഹകരിക്കുന്നു. ഈ അടിസ്ഥാന പ്രവൃർത്തി കൂടാതെ ഒരുവനും നിത്യജീവന്റെ അച്ചാരം പ്രാപിക്കുകയില്ലെന്നും ഇത്തരുണത്തിൽ നാമറിയേണ്ടിയിരിക്കുന്നു.

**വിശ്വാസത്തിന്റെ സാമൂഹിക മാനം:**

വിശ്വാസം ഒരു മാനുഷിക പ്രവർത്തി എന്നത് അരക്കിട്ടുറപ്പിക്കുമ്പോൾ തന്നെ, അത് അതിന്റെ സാമൂഹിക മാനത്തെയും നമ്മെ ഓർമ്മിപ്പിക്കുന്നു. വിശ്വാസത്തിന്റെ ഈ വശം തന്നെയാണ് വിശ്വാസത്തിന്റെ മേഖലകളെ വ്യക്തിവാദത്തിന്റെ നീരാളിപിടുത്തത്തിൽ നിന്നും അകറ്റി നിർത്തുക. ജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും ഇഴഞ്ഞെത്തുന്ന ഒരു പ്രവണതയായി അത് വളരുന്നു. അതിന്റെ ആവിഷ്ക്കാരം എന്നോണം, വിശ്വാസം ഞാനും, എന്റെ ദൈവവുമായുള്ള ബന്ധം മാത്രമായി ചിത്രീകരിക്കപ്പെടുന്നു. ഒരുപടി കൂടെ കടന്നു "ഞാൻ ആദ്ധ്യാത്മികനാണ്, അല്ലാതെ മതവിശ്വാസിയല്ലാ" എന്നു പറയുന്ന ആളുകളുടെ എണ്ണം അനുദിനം പെരുകുന്നു. മതമില്ലെന്നും, മതം മതിയായി എന്നു പറയുന്നവരും മുന്നോട്ടുതന്നെ അവരുടെ എണ്ണത്തിൽ. ഇവയിലെല്ലാം പ്രകടമായി നിഴലിക്കുക സൂചിപ്പിക്കപ്പെട്ട വ്യക്തിവാദമാണ്. അതിരുകവിയുന്ന അതിന്റെ ആഘോഷമാണ്.

കർതൃപ്രാർത്ഥനയിൽ പ്രകടമാകുന്നതും നമ്മുടെ വിശ്വാസത്തിന്റെ സാമൂഹിക മാനമാണെന്നതും നാം വിസ്മരിച്ചു കൂടാ. ദൈവത്തിന്റെ ഏകജാതൻ നമ്മെ, സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ എന്ന് വിളിച്ച് പ്രാർത്ഥിക്കുവാൻ പ്രാപ്തരാക്കുന്നു. വ്യക്തിപരമായി തോന്നാവുന്ന, "ആവശ്യമായ ആഹാരം" ഞങ്ങൾക്കു തരണമെ എന്ന് ചൊല്ലുവാനാണ് അവിടുന്ന് പഠിപ്പിക്കുക. ഇന്നാവശ്യമായ ശാരീരിക ഭക്ഷണം മാത്രമല്ല അതു വിഭാവന ചെയ്യുക. പിന്നെയോ, നിരന്തരം ശേഖരിക്കപ്പെടുന്ന തന്റെ ജനതയ്ക്ക് പരമപിതാവൊരുക്കുന്ന ഏകജാതന്റെ തിരുശരീരരക്തമാകുന്ന ഭോജ്യത്തെയും അത് സൂചിപ്പിക്കുന്നു. അങ്ങനെയെങ്കിൽ വിശ്വാസം ഒരുവനേയും ഒരു തുരുത്തിലൊതുക്കുകയല്ല പിന്നെയോ ദൈവത്തിന്റെ അജഗണമായി വയലും വീടുമായി നിരന്തരം രൂപീകരിക്കുകയാണ്. ദൈവഭവനത്തിലെ അംഗങ്ങളായി മാറ്റുകയാണ്.

വിശ്വാസത്തിന്റെ ഈ സാമൂഹിക മാനം തന്നെയാണ് ശിശുസ്നാനത്തെ കൂടുതൽ പ്രസക്തമാക്കുക. മാതാപിതാക്കളുടെ ദാമ്പത്യ സ്നേഹത്തിൽ നിന്നും ഉളവാകുന്ന കുഞ്ഞുങ്ങളെ സഭാ അവളുടെ ചിറകിൽ ഏറ്റുന്നു. അവിടെ മാമോദീസായിൽ ഒരു ശിശു ഏറ്റുപറയുന്ന വിശ്വാസം അതിന്റെ മാതാപിതാക്കളുടെയും, അവരുടെ ഇടവകയുടെയും, ഇടവക ഉൾപ്പെടുന്ന രൂപതയുടെയും, രൂപത ഉൾക്കൊള്ളുന്ന പ്രത്യേക സഭയുടെയും, വിശാലമായ ആഗോളകത്തോലിക്കാ സഭയുടേതുമാണ്. ഒരു കുഞ്ഞു ദൈവപൈതലാകുന്നു എന്നുള്ളതും, അതുവഴിയായി അവൾ/അവൻ സഭാംഗമാകകുന്നു എന്നുള്ളതും മാത്രമല്ല അതിന്റെ സവിശേഷത. വിശ്വാസത്തിന്റെ സാമൂഹികതയിൽ അടിയുറച്ച് ആ കുഞ്ഞിനെ ഏറ്റുപറഞ്ഞ വിശ്വാസത്തിൽ വളർത്തുവാനുള്ള ഉത്തരവാദിത്വവും ഒരു സമൂഹം ഏറ്റെടുക്കുന്നു. അതിന്റെ ഒരു പരിശ്ചേതമായി തലതൊടുന്നയാൾ നിലനിൽക്കുന്നു, അവിടെ മാമോദീസായിൽ.

വിവാഹം സഭയിൽ പരസ്യപ്പെടുത്തുന്നതും വിവാഹത്തിന്റെ സാധുതയ്ക്ക് രണ്ടു സാക്ഷികളുണ്ടാകണമെന്നുള്ളതും തികച്ചും

ഒരു കാനോനിക സംവിധാനം മാത്രമല്ല. വിവാഹകൂദാശയുടെ അവസാനത്തിൽ ദമ്പതികൾക്കു നൽകുന്ന ഉപദേശത്തിലും സമൂഹത്തിന്റെ സ്ഥാനവും പ്രാധാന്യവും അടിവരയിടുന്നു. മലങ്കര സഭയിലെ പട്ടത്വശുശ്രൂഷയ്ക്കു ആമുഖമെന്നോണം മേൽപ്പട്ടക്കാരൻ ദൈവജനത്തിന്റെ സമ്മതം, അംഗീകാരം തേടുന്നുവെന്നുള്ളതും ഇത്ത രുണത്തിൽ സ്മരണീയം തന്നെയാണ്. അഭിഷിക്തനായ മേൽപട്ടക്കാരൻ ഒരു രൂപതയുടെ ചുമതലയേൽക്കുമ്പോൾ വിശ്വാസ സമൂഹം ഓക്സിയോസ് ഇവൻ യോഗ്യനാകുന്നുവെന്നു അട്ടഹസിച്ച് ഏറ്റുപറയുന്നതും വിശ്വാസത്തിന്റെ സാമൂഹി കമാനത്തെ അടിവരയിടുന്നു. സർവ്വോപരി, കർത്താവിന്റെ രണ്ടാമത്തെ വരവും, പൊതുവായ ന്യായവിധിയും അവനോടൊ പ്പമുള്ള നിത്യമായ വാസവും വിശ്വാസത്തിന്റെ സാമൂഹികമാനത്തിന്റെ സ്ഥിരീകരണവും, സാക്ഷ്യവും, ആഘോഷവും തന്നെയാണ്. ചുരുക്കത്തിൽ "ഞാനാണ്" വിശ്വാസ പ്രകരണം നടത്തുന്നതെങ്കിലും, വിശ്വാസ മെന്ന അടിസ്ഥാന പ്രവർത്തിയുടെ കാര്യ കർത്താവെങ്കിലും അതിന്റെ പൂർണ്ണത കണ്ടെത്തുക ഒരു സമൂഹത്തിലാണ്, സഭയി ലാണ്.

### വിശ്വാസ തീർത്ഥാടന വഴികൾ

വിശ്വാസതീർത്ഥാടനം മാതാവിന്റെ ഉദരത്തിൽ ആരംഭിച്ച് മരണത്തോളം നീളുന്നതാണെന്ന് നമുക്കറിയാം. വിശ്വാ സരൂപീകരണത്തിലെ ആദ്യഘട്ടം അനുകര ണമാണെന്ന് ഇന്ന് പരക്കെ അംഗീകരി ക്കപ്പെടുന്നു. യൗസേപ്പിനെയും കന്യക മറിയത്തെയും അനുകരിച്ചു തന്നെയാണ് ബാലനായ യേശു ദൈവാലയത്തിൽ എത്തിയിരുന്നത് എന്നത് ഇത്തരുണത്തിൽ നാം ഓർക്കുന്നു. "വത്സലമക്കളെ പോലെ നിങ്ങൾ ദൈവത്തെ അനുകരിക്കുന്ന വരാകുവിൻ" എന്നുള്ളത് പൗലോസിന്റെ നിരന്തര ആഹ്വാനമായിരുന്നു. തന്റെ ശ്രോതാക്കൾക്ക്, അനുവാചകർക്ക് ഒരുപക്ഷേ ഇതു മനസ്സിലാക്കുവാൻ ബുദ്ധിമുട്ടാ ണെന്നറിഞ്ഞപ്പോൾ അപ്പസ്തോലൻ അതിനെ കുറേക്കൂടി ലഘൂകരിച്ചു. "ക്രിസ്തുവി നെപ്പോലെ നിങ്ങൾ ദൈവത്തെ അനു കരിപ്പിൻ" തന്റെ ജനത്തിന്റെ മുമ്പിൽ ഒരു യാഗമായിതന്നെ തന്നെ പ്രതിഷ്ഠിച്ച അപ്പസ്തോലൻ അതിനെ കുറേക്കൂടി ജീവിത ഗന്ധിയാക്കി; "ഞാൻ ക്രിസ്തുവിനെ എങ്ങനെ അനുകരിക്കുന്നുവോ അങ്ങനെ തന്നെ നിങ്ങളും ദൈവത്തെ അനുകരി ക്കുന്നവരാകുവിൻ". വിശ്വാസ തീർത്ഥാടന വഴികളിൽ മാതൃകയ്ക്കായി നമ്മിലേക്ക് തറക്കപ്പെടുന്ന അനേകം കണ്ണുകളുണ്ട്, ശ്രവിക്കപ്പെടുന്ന ചെവികളുണ്ട്, മനസ്സിലാ ക്കുവാൻ ഉഴലുന്ന ഹൃദയങ്ങളുണ്ട്, അവയ്ക്ക് മുന്നിൽ മാരക മുറിവുകളാണ് നമ്മുടെ പ്രവർത്തികൾ ഉയർത്തുന്ന ഉതപ്പുകൾ. അവയ്ക്കെതിരായി കർത്താവിന്റെ പ്രതിക രണവും ഇവിടെ പ്രസക്തമാണ്. "ഈ ചെറിയവരിൽ ഒരുവനു ഇടർച്ച നൽകുന്ന തിനേക്കാൾ നല്ലത് ഒരു തിരുകല്ല് കഴുത്തിൽ കെട്ടി കടലിൽ താഴുന്നതാണ്."

വിശ്വാസത്തിന്റെ അടുത്ത ഘട്ടം അനു ഗമനം ആണ്. "ആരെങ്കിലും എന്നെ അനു ഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ തന്നെ തന്നെ പരിത്യജിച്ച് അവന്റെ കുരിശു മെടുത്ത് എന്നെ അനുഗമിക്കട്ടെ"

എന്നുള്ള ആഹ്വാനം വിളിയുടെ സാർവ്വ ത്രികതയും അതോടൊപ്പം അതിന്റെ അന ന്യതയും അടിവരയിടുന്നു. ഈ ലോക ത്തിലേക്ക് എത്തിച്ചേരുന്ന വ്യക്തി അന ന്യവ്യക്തിത്വത്തിനു ഉടമയാണെന്നതു പോലെ തന്നെ വിളിയിലും ആ അനന്യത നിലനിർത്തുന്നു, വിശ്വാസ രൂപീകരണവും, വിശുദ്ധിയിലേക്കുള്ള വിളിയും സവിശേഷ മാംവിധം പൊതുവായി തുടരുമ്പോൾ തന്നെ വ്യത്യസ്ത നടപടികളിലാണ് അനുഗമനം സാധിതമാകുക. ഈ അനുഗമനം അവശ്യ മായി ദൗത്യനിർവ്വഹണത്തോടും ചേർന്നിരി ക്കുന്നുവെന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. വിളിച്ചവനോടുള്ള വിശ്വസ്തതയും ദൗത്യ നിർവ്വഹണത്തിലെ കാര്യസ്ഥതയും അനു ഗമനം എന്ന ഘട്ടത്തിലെ ഒഴിച്ചുകൂടാൻ ആവാത്ത യാഥാർത്ഥ്യങ്ങൾ തന്നെയാണ്.

വിശ്വാസവഴികളിലെ മറ്റൊരു ഘട്ടമാണ് സാക്ഷ്യം. "ലോകത്തിന്റെ അതിർത്തികളോളം നിങ്ങൾ എനിക്കു സാക്ഷികളാകുവിൻ" കർത്താവ് തന്റെ ശിഷ്യരോടാവശ്യപ്പെട്ടു. ഭൂമിയുടെ ഉപ്പ്, ലോകത്തിന്റെ പ്രകാശം, പീഠത്തിനുമുകളിൽ കത്തിച്ചു വച്ച വിളക്ക്, മലമുകളിൽ പണിയപ്പെട്ട പട്ടണം ഇവയെല്ലാം ക്രിസ്തുശിഷ്യന്റെ പ്രതീകങ്ങളായി നില കൊള്ളുന്നു, യേശുവിന്റെ പ്രബോധനങ്ങളിൽ ധാരാളം എഴുതുവാനുണ്ട, സവിശേഷമായ ഈ യാഥാർത്ഥ്യത്തെ സംബന്ധിച്ചിടത്തോളം, ആദിമസഭയുടെ സാക്ഷ്യം. അവരിൽ കണ്ട വ്യത്യാസങ്ങൾ ഇവതന്നെയാണ് അനേകരെ യേശുവിലേക്കാകർഷിച്ചത്. ദൈവവിളി യോടുള്ള സമർപ്പണവും സാക്ഷ്യവും തന്നെയാണ് കുടുംബ ജീവിതത്തെയും, വൈദിക, സന്യാസ അന്തസ്സുകളെയും പ്രചോ ദിപ്പിക്കുന്നുവെന്നുള്ളതും നമുക്കു മുമ്പിൽ യാഥാർത്ഥ്യങ്ങളായി നിലനിൽക്കുന്നു. അനുപമായ ഈ ഘട്ടത്തിൽ ഒരു വിശ്വാസി ജീവിക്കുന്ന സക്രാരിയായും, ദൈവത്തിന്റെ വചനം സ്വന്തം ജീവിതത്തിൽ ആലേഖനം ചെയ്യപ്പെട്ട വിശുദ്ധഗ്രന്ഥമായും മാറുന്നു വെന്നുള്ളതാണു വസ്തുത.

വിശ്വാസതീർത്ഥാടനത്തിന്റെ അടുത്തഘട്ട മാണ് രക്തസാക്ഷിത്വം. യേശുവിനായി രക്തം ചിന്തി മരിക്കുകയെന്നത് അതിന്റെ മകുട മാണ്. അതോടൊപ്പം അത് ദൈവത്തിന്റെ അമൂല്യദാനവും, ദൈവസ്നേഹത്തിന്റെ നിസ്സീമമായ അടയാളവുമാണ്. ഏവർക്കും ഒരുപക്ഷേ ആ ദാനം, യേശുവിനായി രക്തം ചിന്തിയുള്ള മരണം വരിച്ച് രക്തസാക്ഷിത്വം പ്രാപിക്കുവാനുള്ള വരം ലഭിക്കണമെന്നില്ല. "നിന്നെ പ്രതി ഞങ്ങൾ നിരന്തരം കൊലചെയ്യ പ്പെടുന്നു കൊലയ്ക്കുള്ള ആട്ടിൻകുട്ടികളെ പ്പോലെ കരുതപ്പെടുന്നു". അപ്പസ്തോലൻ എടുത്തുയർത്തുന്ന ജീവിതായോധനം നമുക്കു മുമ്പിൽ നിലകൊള്ളുന്നു, കർത്താ വിനു വേണ്ടി ജീവിക്കുന്ന രക്തസാക്ഷിയായി തുടരുവാൻ. സ്വമക്കൾക്കായി രക്തവും നീരുമൊഴുക്കി അഹോരാത്രം അധ്വാനിക്കുന്ന മാതാപിതാക്കൾ, അവരുടെ ക്ഷേമത്തിനായി തങ്ങളുടെ സമയം, പണം, അധ്വാനം സമർപ്പിക്കുന്ന മക്കൾ, സഹോദരങ്ങളെ ചേർത്തണയ്ക്കുവാൻ സ്വന്തം താൽപര്യ ങ്ങളെ മാറ്റി നിർത്തുന്ന കൂടപിറപ്പുകൾ, തന്റെ ജനതയെ ദൈവജനമാക്കി മാറ്റുന്ന പുരോ ഹിതൻ, വ്രതവാഗ്ദാനത്തിന്റെ അന്തസ്ത്ത കാത്തുപരിപാലിച്ച് വിശുദ്ധിയിൽ വളരുന്ന സന്യാസി, സന്യാസിനി, രാജ്യനന്മയ്ക്കായി നിസ്വാർത്ഥമായി അധ്വാനിക്കുന്ന നേതാക്കൾ, ഇങ്ങനെ ജീവിക്കുന്ന രക്തസാക്ഷികൾ ക്കുദാഹരണങ്ങൾ ധാരാളം. വിശ്വാസ തീർത്ഥാടനത്തിലെ ഈ ഘട്ടങ്ങൾ ഒരോന്നും അവഗണിക്കപ്പെടാൻ പാടില്ലാ എന്നു മാത്രമസല്ല അവയിലൂടെയുള്ള വിശ്വാസ രൂപീകരണം തന്നെയാണ് രക്ഷാകരമാകുന്ന തെന്നും നാം മറന്നുകൂടാ.

വിശ്വാസത്തിന്റെ സമഗ്രതയെ പരാമർ ശിക്കാതെ ഈ ലേഖനം ഉപസംഗ്രഹി ക്കുവാൻ ആവുകയില്ല. "കർത്താവ് അരുൾചെയ്ത കാര്യങ്ങൾ വിശ്വസിച്ചവൾ ഭാഗ്യവതി". മറിയത്തെ പ്രകീർത്തിച്ച ഏലിസബത്തിന്റെ സ്തോത്രഗീതത്തിലെ ശക്ത്മായ ഈ വചനം വിശ്വാസത്തിന്റെ സമഗ്രതയെയും അടിവരയിടുന്നു. അവശ്യ മായത് മാത്രം സ്വീകരിച്ച് മറ്റുള്ളവയെ തള്ളുവാനോ, സ്വീകാര്യമായതു മാത്രം തിരഞ്ഞെടുത്ത് മറ്റുള്ളവയെ നിരസിക്കു വാനോ ഒരുവനു കഴിയുകയില്ല. കാരണം വിശ്വാസം അവിഭക്തമായ ദൈവികദാനമാണ്. ആ ദാനം തന്നെയാണ് അതിനെ സമഗ്ര മാക്കുക. ആ അതുല്യദാനം നമുക്ക് പകർന്നു നൽകിയ ദൈവത്തിനു നന്ദിപറഞ്ഞ് നാം എന്താണ് വിശ്വസിക്കുന്നതെന്നു ചർച്ചചെയ്യ പ്പെടും തുടർന്നുള്ള ലക്കങ്ങളിൽ



സഭയിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ (3)

# ഫാത്തിമാ മാതാവ്
## (Our Lady of Fatima, Portugal )



റവ. ഫാ. മാത്യു ചാർത്താക്കുഴിയിൽ

യൂറോപ്പിന്റെ തെക്കു-പടിഞ്ഞാറ് ഭാഗത്ത് അറ്റലാന്റിക് സമുദ്രതീരത്തോട് ചേർന്നു കിടക്കുന്ന ഒരു മനോഹര രാജ്യമാണ് പോർച്ചുഗൽ. കോളനിവൽക്കരണ കാലത്ത് ലോകത്തിലെ ശക്തവും സമ്പന്നവുമായ രാജ്യങ്ങളിലൊന്നായിരുന്നു ഇത്. ഇന്ത്യയുൾപ്പെടെയുള്ള അനേകം രാജ്യങ്ങളിൽ രാഷ്ട്രീയവും, മതപരവും, വാണിജ്യപരവുമായ സ്വാധീനം ചെലുത്തിയ ഈ രാജ്യത്തിന്റെ പഴയ പ്രതാപം ഇന്ന് ഒരു ഓർമ്മ മാത്രമാണ്. നമ്മുടെ കൊച്ചു കേരളത്തിന്റെ മൂന്നിലൊന്നോളം മാത്രം വരുന്ന ജനസംഖ്യയുള്ള ഈ രാജ്യത്തെ ഇപ്പോൾ ലോകപ്രശസ്തമാക്കുന്ന പ്രധാന ഘടകങ്ങളിലൊന്ന് ഫാത്തിമായിലെ മരിയൻ തീർത്ഥാടന കേന്ദ്രമാണ്. പോർച്ചുഗല്ലിന്റെ തലസ്ഥാനമായ ലിസ്ബണിൽ (Lisbon) നിന്ന് ഏകദേശം ഒന്നേകാൽ മണിക്കൂർ (125 km) യാത്രാദൂരത്തിലുള്ള 12,000 ആളുകൾ വസിക്കുന്ന ഒരു ചെറു പട്ടണമാണ് ഇത്. ഫാത്തിമായിലെ കോവാ ദ ഇരിയ (Cova da Iria) എന്ന പ്രദേശത്ത് തദ്ദേശീയരായ മൂന്നു കുട്ടികൾക്ക് 1917-ൽ മാതാവ് പ്രത്യക്ഷപ്പെട്ടതോടെയാണ് ഈ നഗരം ലോകപ്രശസ്തമായത്.

ഫാത്തിമ ഇസ്ലാമിക ചരിത്രത്തിലെ തന്നെ ഏറ്റം ശ്രേഷ്ഠയായ സ്ത്രീരത്നമാണ്. പ്രവാചകനായ മുഹമ്മദു നബിയുടെയും ഖദീജയുടെയും ഇളയ മകളാണ് ഫാത്തിമ. ഈ പേരോടു കൂടിയ അറബു വംശജയായ ഒരു രാജകുമാരിയിൽ നിന്നാണ് ഈ നഗരത്തിന് ആ പേരു ലഭിക്കുന്നത്. എ.ഡി. 1158-ൽ അറബികളുമായുള്ള ഒരു യുദ്ധവിജയത്തിനു ശേഷം പോർച്ചുഗീസ് പ്രഭു ഗൊൺകാലോ ഹെർമിൻഗസ് (Goncolo Hermingues) ഫാത്തിമാ രാജകുമാരിയെ യുദ്ധത്തടവുകാരിയായി കൊണ്ടു വന്നു. പിന്നീട് അവർ പരസ്പരം സ്നേഹബന്ധത്തിലാവുകയും അവൾ ക്രിസ്തീയ വിശ്വാസം സ്വീകരിച്ച് ഗോൺകാലോയുടെ ഭാര്യയാവുകയും ചെയ്തു. ഫാത്തിമായുടെ പെട്ടെന്നുള്ള മരണശേഷം അദ്ദേഹം എല്ലാം ഉപേക്ഷിച്ച് അൽകോബാകായിലെ (Alcobaca) സിസ്റ്റേഴ്സിയൻ ആശ്രമത്തിൽ ചേരുകയും ഫാത്തിമായുടെ ഓർമ്മയ്ക്കായി ഒരു ദൈവാലയം അവിടെ നിർമ്മിക്കുകയും ചെയ്തു. കാലാന്തരത്തിൽ ആ പ്രദേശത്തിന് അവളുടെ പേരും ലഭിച്ചു.

1917 മെയ് മാസത്തിലാണ് ഇവിടെയുള്ള മൂന്ന് ഇടയ കുഞ്ഞുങ്ങൾക്ക് മാതാവിന്റെ ദർശനം ലഭിയ്ക്കുന്നത്. ജസീന്തായും, ഫ്രാൻസിസ്കോയും അവരുടെ ബന്ധുവായ ലൂസിയായും ഒരുമിച്ചു തങ്ങളുടെ വീടിനടുത്തുള്ള വിജന സ്ഥലങ്ങളിൽ ആടു മേയ്ക്കാൻ പതിവായി പോയിരുന്നു. മാതാവിന്റെ ദർശനം ലഭിക്കുന്നതിനു മുമ്പായി 1916-ലെ വസന്തകാലത്ത് ഒരു മാലാഖ തങ്ങൾക്ക് പ്രത്യക്ഷപ്പെട്ടതായും അവർ അവകാശപ്പെടുന്നു. “സമാധാനത്തിന്റെ മാലാഖ” (Angel of Peace) യെന്ന് സ്വയം പരിചയപ്പെടുത്തിയ മാലാഖ അവരെ ചില പ്രാർത്ഥനകൾ പഠിപ്പിക്കുകയും, പരിത്യാഗ പ്രവർത്തനങ്ങൾക്കു പ്രചോദിപ്പിക്കുകയും, ദൈവസന്നിധിയിൽ ആരാധനയ്ക്കായി സമയം കണ്ടെത്തണമെന്ന് അവരോട്



ആവശ്യപ്പെടുകയും ചെയ്തു. അവർ അന്നു ചൊല്ലിയ ആ പ്രാർത്ഥന ഇന്ന് അനേകായിരങ്ങൾ ഏറ്റുചൊല്ലുന്നു: "എന്റെ ദൈവമെ, അങ്ങിൽ ഞാൻ വിശ്വസിക്കുന്നു, അങ്ങയെ ഞാൻ ആരാധിക്കുന്നു, അങ്ങിൽ ഞാൻ ആശ്രയിക്കുകയും, അങ്ങയെ സ്നേഹിക്കുകയും ചെയ്യുന്നു. ദൈവത്തെ വിശ്വസിക്കാത്തവർക്കായി, ആരാധിക്കാത്തവർക്കായി, ആശ്രയിക്കാത്തവർക്കായി, സ്നേഹിക്കാത്തവർക്കായി ഞാൻ അങ്ങയോട് ക്ഷമ യാചിക്കുന്നു".

1917 മെയ് 13 മുതൽ ഒക്ടോബർ 13 വരെയുള്ള ദിവസങ്ങളിൽ 6 പ്രാവശ്യം മാതാവ് ഇവർക്ക് പ്രത്യക്ഷപ്പെട്ടു. മാതാവിന്റെ ആദ്യ ദർശനത്തെക്കുറിച്ച് ലൂസി തന്റെ പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ശുഭ്ര വസ്ത്രധാരിയായ ഒരു കുലീന സ്ത്രീയെ ഞങ്ങൾ ദർശിച്ചു. അവൾ സൂര്യനേക്കാൾ തേജസ്വിനിയും, കണ്ണാടിയിൽ പതിച്ചിരിക്കുന്ന വെള്ളത്തുള്ളിയിൽക്കൂടി സൂര്യ രശ്മികൾ കടന്നു പോകുമ്പോൾ പ്രതിഫലിപ്പിക്കുന്ന പ്രകാശത്തേക്കാൾ നൈർമല്യവും ശോഭയുമുള്ളവളായിരുന്നു". മരിയ ദർശന ഫലമായി സകലവിധ ഭയ ചിന്തകളും അവരിൽ നിന്ന് ഇല്ലാതായി. ലോകസമാധാനത്തിനായി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ മാതാവ് അവരോട് ആവശ്യപ്പെട്ടു. തങ്ങൾ പറയുന്നതു ആരും വിശ്വസിക്കാൻ സാദ്ധ്യതയില്ലാത്തതിനാൽ ഇക്കാര്യങ്ങൾ രഹസ്യമാക്കി വയ്ക്കാൻ അവർ തീരുമാനിച്ചു. എന്നാൽ ഇക്കാര്യങ്ങളറിഞ്ഞ ജസീന്തായുടെ അമ്മ ഇതൊരു തമാശയായി കരുതുകയും അയൽക്കാരോട് അത് തമാശ രൂപേണ പങ്കുവയ്ക്കുകയും ചെയ്തു. ദൈവിക കാര്യങ്ങളെക്കുറിച്ച് കഥകൾ മെനഞ്ഞു നടക്കുന്നു എന്ന് ആരോപിച്ച് പ്രാദേശിക അധികാരികൾ കുട്ടികൾ മൂന്നുപേരെയും ശകാരിക്കുകയും, കുറേ ദിവസം ഒരു ശിക്ഷണകേന്ദ്രത്തിലാക്കുകയും ചെയ്തു.

രണ്ടാമത്തെ ദർശനം ജൂൺ 13-ാം തീയതിയാണ് നടന്നത്. അവരുടെ ഇടവക വികാരിയുടെ ഇടപെടലോടുകൂടിയാണ് അവർക്ക് അവിടേയ്ക്ക് വീണ്ടും പോകുവാൻ അനുവാദം ലഭിക്കുന്നത്. ഇത്തരുണത്തിൽ ഫ്രാൻസിസ്ക്കോയും, ജസീന്തായും അധികം താമസിയ്ക്കാതെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുമെന്നും, ലൂസിയ മാതാവിന്റെ വിമല ഹൃദയത്തോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിനായി ദീർഘകാലം ജീവിച്ചിരിക്കുമെന്നും മാതാവ് അവർക്ക് വെളിപ്പെടുത്തി. അവാച്യമായ ദൈവിക അനുഭൂതിയിലൂടെ കടന്നു പോകുന്ന അനുഭവമാണ് കുട്ടികൾക്ക് അപ്പോൾ ഉണ്ടായത്. ജൂലൈ മാസം മാതാവ് വീണ്ടും അവർക്കു പ്രത്യക്ഷപ്പെട്ടു. ഈ സമയത്ത് നരകത്തിലായിരിക്കുന്നവരുടെ അവസ്ഥയെക്കുറിച്ച് അവർക്ക് കാണിച്ചു കൊടുത്തു. ഒന്നാം ലോക മഹായുദ്ധത്തിന്റെ അവസാനവും, അതിനേക്കാൾ ഭയാനകമായ ഒന്നിന്റെ ആരംഭവും, റഷ്യയുടെ നേതൃത്വത്തിൽ ലോകമെമ്പാടും പ്രചരിക്കാൻ പോകുന്ന നിരീശ്വരവാദവും ഈ ദർശന സമയത്താണ് അവർക്ക് വെളിപ്പെടുത്തി കൊടുത്തത്. റഷ്യയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കണമെന്നും, അടുത്ത ദർശനത്തിൽ വലിയ അത്ഭുതം പ്രവർത്തിക്കുമെന്നും മാതാവ് അവരെ അറിയിച്ചു.

ഒക്ടോബർ 13-ാം തീയതിയാണ് കുട്ടികൾക്ക് മാതാവ് അവസാനമായി പ്രത്യക്ഷപ്പെട്ടത്. അന്ന് വലിയ അത്ഭുതം സംഭവിക്കുമെന്ന വാർത്ത പ്രചരിച്ചതനുസരിച്ച് ഏകദേശം ഒരു ലക്ഷത്തോളം ജനങ്ങൾ ഫാത്തിമായിൽ ഒരുമിച്ചു കൂടി. പിറ്റേ ദിവസത്തെ പത്രവാർത്തയുടെ ചിത്രങ്ങൾ ഇന്ന് ഇന്റർനെറ്റിൽ ലഭ്യമാണ്. അന്നു നടന്ന അത്ഭുതത്തെക്കുറിച്ച് വ്യത്യസ്തങ്ങളായ സാക്ഷ്യങ്ങളാണ് രേഖപ്പെടുത്തപ്പെട്ടിട്ടുള്ളത്. കോരി ച്ചൊരിയുന്ന മഴ പെട്ടെന്ന് നിലയ്ക്കുകയും, എല്ലായിടത്തും വലിയ പ്രകാശം പ്രസരിക്കുകയും ചെയ്തു. ആകാശത്ത് പ്രത്യക്ഷപ്പെട്ട മാതാവിന്റെ കരങ്ങളിൽ നിന്ന് വലിയ പ്രകാശം പ്രസരിച്ചതായി കുട്ടികൾ സാക്ഷിക്കുന്നു. അവിടെ കൂടിയ എല്ലാവരുടെയും മഴയിൽ നനഞ്ഞുപോയ വസ്ത്രങ്ങൾ പെട്ടെന്ന് ഉണങ്ങുകയും, വെള്ളം വീണ് ചെളി നിറഞ്ഞ ഭൂമിയുടെ പ്രതലം വരണ്ടതായി തീരുകയും ചെയ്തു. അന്ന് അവിടെ കൂടിയ പത്രപ്രവർത്തകർ ഉൾപ്പെടെ എല്ലാവരും സൂര്യൻ നിറം മാറുകയും, നൃത്തം ചെയ്യുകയും ചെയ്തതായി സാക്ഷ്യപ്പെടുത്തുന്നു. ഏകദേശം പത്തുമിനിറ്റോളം നീണ്ടു നിന്ന ഈ പ്രതിഭാസം വ്യത്യസ്തമായ രീതിയിലാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ മാതാവിന്റെ ദർശനം കുട്ടികൾക്കു മാത്രമെ ലഭ്യമായിരുന്നുള്ളു. ഈ അത്ഭുതം "സൂര്യപ്രതിഭാസം" ( Miracle of the Sun), "ഫാത്തിമായിലെ അത്ഭുതം" (The Miracle of Fatima) എന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ഫാ. ജോൺ ദി മാർച്ചി (Fr. John de Marchi) എന്ന ഇറ്റാലിയൻ വൈദികൻ 1943 മുതൽ ഏഴു വർഷത്തോളം ഫാത്തിമായിൽ താമാസിച്ചു, ഈ സംഭവത്തിനു സാക്ഷികളായ നൂറുകണക്കിന് ആളുകളെ നേരിൽ കാണുകയും ഒരു ഗവേഷണ ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫാത്തിമായിൽ നടക്കുമെന്നു പറയപ്പെട്ട അത്ഭുതങ്ങളെക്കുറിച്ച് യാതൊരു അറിവുമില്ലായിരുന്ന പോർച്ചുഗീസ് കവി അഫോൻസോ ലോപസ് വൈറ (Afonso Lopez Vieira) ഇപ്രകാരം പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു: "മോഹനീയമായ ഒരു കൗതുക ദൃശ്യത്തിനാണ് അന്ന് ആകാശത്തിലേക്ക് നോക്കിയ എനിക്ക് സാക്ഷി ആകേണ്ടി വന്നത്. ഒക്ടോബർ 13-ാം തീയതി കുട്ടികളുടെ പ്രവചനങ്ങളെക്കുറിച്ച് യാതൊരു അറിവും ഇല്ലാതിരുന്ന ഞാൻ എന്റെ വീടിന്റെ വരാന്തയിൽ നിന്നു കൊണ്ട് ഈ അത്ഭുതത്തിന് സാക്ഷി ആകേണ്ടി വന്നു".

ഫാത്തിമായിൽ മാതാവ് നൽകിയ ദർശനങ്ങൾ പൊതു സമൂഹത്തിനു



വളരെയധികം താൽപര്യമുണ്ടായതിന്റെ പ്രധാനപ്പെട്ട കാരണം മൂന്ന് "ഫാത്തിമാ രഹസ്യങ്ങളാണ്" (Three Secrets of Fatima). ജൂലൈ 13-ാം തീയതിലെ ദർശനത്തിലാണ് ഇത് നൽകപ്പെട്ടത്. 1941-ലാണ് ലായിറിയായിലെ (Leiria) ബിഷപ്പ് ഹൊസെ ആൽവസിന്റെ (Jose Alves Correira da Silva) അഭ്യർത്ഥനയനുസരിച്ച് സി. ലൂസി അത് വെളിപ്പെടുത്തുന്നത്. ഉടനൊന്നും വെളിപ്പെടുത്താൻ പാടില്ല എന്ന അഭ്യർത്ഥനയുമായി 1943-ൽ മുദ്രവച്ച കവറിൽ മൂന്നാമത്തെ രഹസ്യം എഴുതി നൽകുകയായിരുന്നു. ജോൺ പോൾ 2-ാമൻ മാർപ്പാപ്പാ ആ രഹസ്യവും 2000-ൽ വെളിപ്പെടുത്തുകയുണ്ടായി.

ഒന്നാമത്തെ രഹസ്യത്തിലുണ്ടായിരുന്നത് നരകത്തെക്കുറിച്ച് മാതാവ് കുട്ടികൾക്ക് വെളിപ്പെടുത്തിയതാണ്. രണ്ടാമത്തെ രഹസ്യത്തിൽ ഒന്നാം ലോക മഹായുദ്ധത്തെക്കുറിച്ചും, റഷ്യയുടെ മാനസാന്തരത്തിനു വേണ്ടി പ്രാർത്ഥിക്കുന്നതിനെക്കുറിച്ചുമായിരുന്നു. മൂന്നാമത്തെ രഹസ്യത്തിന്റെ ഉള്ളടക്കം 20-ാം നൂറ്റാണ്ടിലെ ക്രിസ്തീയ മതപീഡനങ്ങളെക്കുറിച്ചും, ജോൺ പോൾ 2-ാമൻ മാർപാപ്പയ്ക്കെതിരെ 1981 മെയ് 13-ാം തീയതിയുണ്ടായ വധശ്രമത്തെക്കുറിച്ചുള്ള സൂചനകളുമായിരുന്നു. 2000 ജൂൺ 26-ാം തീയതി അന്നത്തെ വിശ്വാസ തിരുസംഘത്തിന്റെ (Congregation of the Doctrine of Faith) അദ്ധ്യക്ഷനായിരുന്ന കർദ്ദിനാൾ ജോസഫ് റാറ്റ്സിംഗറിന്റെ (Pope Benedict XVI) ഒരു ദൈവശാസ്ത്ര വിശദീകരണത്തോടുകൂടിയാണ് അതു പ്രസിദ്ധീകരിച്ചത്. അതിൽ അദ്ദേഹം വിശദമായി പറയുന്നത് ഇത്തരം "രഹസ്യങ്ങൾ" ഭാവിയിലുള്ള കാര്യങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങളെക്കാൾ മാനസാന്തരത്തിനും രക്ഷയ്ക്കുമുള്ള വഴികളായിട്ടു കാണുകയെന്നതാണ്.

ഫാത്തിമ വളരെ പെട്ടെന്നു തന്നെ വലിയ തീർത്ഥാടന കേന്ദ്രമായി മാറിയെങ്കിലും സഭയുടെ ഔദ്യോഗിക അംഗീകാരം 1930-ൽ മാത്രമാണ് ലഭിക്കുന്നത്. ഏകദേശം 20 ലക്ഷത്തോളം ജനങ്ങൾ തീർത്ഥാടകരായി ആദ്യ പത്തു വർഷത്തിനകം തന്നെ അവിടെ എത്തിയിരുന്നു. അന്നു സഭ ഇതിനെ എതിർക്കുകയോ, അംഗീകരിക്കുകയോ ചെയ്തിരുന്നില്ല. ആദ്യകാലങ്ങളിൽ പരിശുദ്ധ ജപമാലയുടെ ഫാത്തിമാ മാതാവ് (Our Lady of the Holy Rasary of Fatima) എന്ന പേരിലാണ് ഈ തീർത്ഥാടന കേന്ദ്രം അറിയപ്പെട്ടിരുന്നത്. ഇന്ന് പ്രധാന ബസലിക്കാ കൂടാതെ ധാരാളം ചാപ്പലുകളും, ധ്യാനകേന്ദ്രങ്ങളും, രോഗീ ശുശ്രൂഷാ ഭവനങ്ങളും, ഒക്കെയായി വളരെ ബൃഹത്തായ സൗകര്യങ്ങളാണ് തീർത്ഥാടകർക്കായി ഇവിടെ ഒരുക്കിയിരിക്കുന്നത്. മാതാവു പ്രത്യക്ഷപ്പെട്ടതിന്റെ നൂറാം വാർഷികാചരണത്തിനായി 2017 മെയ് മാസത്തിൽ ഫ്രാൻസിസ് മാർപാപ്പാ ഇവിടെ സന്ദർശിക്കുകയുണ്ടായി. ആ അവസരത്തിൽ മാത്രം 10 ലക്ഷത്തോളം വിശ്വാസികൾ തീർത്ഥാടകരായി ഇവിടെ എത്തി. ഈ അടുത്ത കാലത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന്, പ്രത്യേകിച്ചും ഏഷ്യൻ രാജ്യങ്ങളിൽ നിന്നും, ഫാത്തിമായിൽ എത്തുന്ന താർത്ഥാടകരുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. ഇപ്പോൾ ഓരോ വർഷവും ഏകദേശം അറുപത് ലക്ഷത്തിലധികം തീർത്ഥാടകർ ഇവിടെ എത്തുന്നതായി കരുതപ്പെടുന്നു.

ജോൺ പോൾ 2-ാമൻ മാർപ്പാപ്പാ ഫാത്തിമാ മാതാവിന്റെ വലിയ ഭക്തനായിരുന്നു. 1981 മെയ് 13-ാം തീയതി ഫാത്തിമാ മാതാവിന്റെ തിരുന്നാൾ ദിനത്തിൽ ആയിരുന്നു തുർക്കിക്കാരനായ മെമ്മദ് അലി അഗ്ഗ (Mehmet Ali Agca) സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ വിശ്വാസികളെ അനുഗ്രഹിക്കാൻ എത്തിയ മാർപ്പാപ്പായ്ക്കു നേരെ അടുത്ത് നിന്ന് നിറയൊഴിച്ചത്. മാർപ്പാപ്പയുടെ ഉദരത്തിൽ തുളച്ചു കയറിയ വെടിയുണ്ട ഹൃദയത്തിൽ സ്പർശിക്കാതെ നിന്നു. "ഒരമ്മയുടെ കരമാണ് വെടിയുണ്ടയുടെ പാത നിയന്ത്രിച്ചത്" എന്നായിരുന്നു അതിനെക്കുറിച്ചുള്ള മാർപ്പാപ്പായുടെ പ്രതികരണം. ഓർമ്മ വയ്ക്കുന്നതിനു മുമ്പേ സ്വന്തം അമ്മയെ നഷ്ടപ്പെട്ട ജോൺ പോൾ 2-ാമൻ പുത്ര തുല്യ സ്നേഹത്തോടെയാണ് ഫാത്തിമ മാതാവിനെ സമീപിച്ചത്. അതിനു ശേഷം മൂന്ന് പ്രാവശ്യമാണ് മാർപ്പാപ്പാ ഫാത്തിമായിൽ





സന്ദർശനം നടത്തിയത്. മാതാവിനോടുള്ള നന്ദി പ്രകടനത്തിന്റെ ഭാഗമായി ജോൺ പോൾ 2-ാമൻ തന്റെ ശരീരത്തിൽ തുളച്ചു കയറിയ ആ വെടിയുണ്ട ഫാത്തിമാ മാതാവിന്റെ കിരീടത്തിൽ സമർപ്പിക്കുകയുണ്ടായി. 1984 മാർച്ച് 25-ാം തീയതി സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ വച്ചു തന്നെ റഷ്യയെയും ലോകത്തെ മുഴുവനെയും മാതാവിന്റെ വിമല ഹൃദയത്തിനു സമർപ്പിച്ച് ജോൺ പോൾ 2-ാമൻ മാർപ്പാപ്പാ പ്രാർത്ഥിച്ചു. ഏതാനും വർഷങ്ങൾക്കുള്ളിൽ റഷ്യയിലും, കിഴക്കൻ യൂറോപ്പിലും കമ്മ്യൂണിസം തന്നെ ഇല്ലാതായി. ഇന്ന് ഫാത്തിമായിൽ ഏറ്റവും കൂടുതൽ തീർത്ഥാടകർ എത്തുന്നത് ജോൺ പോൾ 2-ാമന്റെ രാജ്യമായ പോളണ്ടിൽ നിന്നാണ്.

ഫാത്തിമാ മാതാവ് ദർശന സമയത്ത് വെളിപ്പെടുത്തിയതുപോലെ ഫ്രാൻസിസ്കോയും, ജസീന്തായും ചെറുപ്പത്തിൽ തന്നെ മരണമടഞ്ഞു. 1918-ൽ യൂറോപ്പിൽ ആകമാനം പടർന്നു പിടിച്ച പകർച്ചപ്പനി ഇവരെയും ബാധിച്ചു. ഫ്രാൻസിസ്കോ തനിച്ചിരുന്നു പ്രാർത്ഥിക്കുന്നതിൽ വളരെയധികം ആനന്ദം അനുഭവിച്ചിരുന്നു. "ലോകത്തിന്റെ പാപങ്ങൾക്കു വേണ്ടി യേശുവിനോട് മാപ്പ് അപേക്ഷിക്കുക ആയിരുന്നു" അവന്റെ പ്രധാന പ്രാർത്ഥനാ നിയോഗം. 1919 ഏപ്രിൽ 4-ാം തീയതി തന്റെ പത്താമത്തെ വയസ്സിലാണ് ഫ്രാൻസിസ്കോ അന്തരിച്ചത്. നരകത്തിന്റെ ഭീകരത ദർശിച്ച ജസീന്ത പാപികളുടെ മാനസാന്തരത്തിനായി പരിത്യാഗത്തോടുകൂടി പ്രാർത്ഥിക്കുമായിരുന്നു. 1920 ഫെബ്രുവരി 20-ാം തീയതി തന്റെ ഒൻപതാമത്തെ വയസ്സിലാണ് ജസീന്ത തന്റെ നിത്യ സമ്മാനത്തിനായി പോയത്. 2017 മെയ് 13-ാം തീയതി ഫാത്തിമാ ദർശനത്തിന്റെ നൂറാം വാർഷിക സമയത്ത് ഫ്രാൻസിസ് മാർപ്പാപ്പ ഫ്രാൻസിസ്കോയെയും, ജസീന്തയെയും ലക്ഷക്കണക്കിന് വിശ്വാസികളെ സാക്ഷിയാക്കി ഫാത്തിമായിൽ വച്ച് വിശുദ്ധരായി പ്രഖ്യാപിച്ചു. അന്ന് മാർപ്പാപ്പ ഇപ്രകാരം പറഞ്ഞു: "നൂറ് വർഷങ്ങൾക്ക് മുമ്പ് ഈ ഇടയകുഞ്ഞുങ്ങളോട് മാതാവു ചോദിച്ച ചോദ്യം നമ്മോട് ആവർത്തിക്കുകയാണ്. നിങ്ങളുടെ ജീവിതം ദൈവത്തിനു വേണ്ടി സമർപ്പിക്കുവാൻ നിങ്ങൾ തയ്യാറാണോ? അവരെപ്പോലെ നമുക്കും 'അതെ' എന്ന് ഉത്തരം നൽകി ദൈവത്തെ പിൻചെല്ലാൻ ശ്രമിക്കാം.

97 വയസ്സ് വരെ നീണ്ട സംഭവ ബഹുലമായ ഒരു ജീവിതമായിരുന്നു ലൂസിയായുടേതു തന്റെ 14-ാമത്തെ വയസ്സിൽ അവൾ തന്റെ ജീവിതത്തെ പൂർണ്ണമായി ദൈവത്തിനു സമർപ്പിച്ചു കൊണ്ട് ഒരു കന്യാസ്ത്രീയായി ജീവിക്കാൻ വിട്ടു കൊടുത്തു. ആദ്യം സ്പെയിനിൽ ആയിരുന്നു എങ്കിലും 1949 മുതൽ ഒരു കാർമലീത്ത സന്യാസിനിയായി പോർച്ചുഗല്ലിലെ കോയിംബ്ര (Coimbra) എന്ന സ്ഥലത്തെ കോൺവെന്റിൽ ജീവിച്ചു. യേശുവിന്റെയും വിമല ഹൃദയത്തിന്റെയും മരിയ ലൂസിയ (Sr.Maria Lucia of Jesus and of the Immaculate Heart) എന്നാണവർ അറിയപ്പെട്ടത്. പോൾ 6-ാമൻ മാർപ്പാപ്പയും ജോൺ പോൾ 2-ാമൻ മാർപ്പാപ്പയും ഫാത്തിമ സന്ദർശിച്ച വേളകളിലെല്ലാം സി.ലൂസിയയും അവിടെ സന്നിഹിതയായിരുന്നു. ഫാത്തിമാ ദർശനങ്ങളെക്കുറിച്ചുള്ള ആറ് പുസ്തകങ്ങൾ സി.ലൂസിയ ലഭിച്ചിട്ടുണ്ട്. 2005-ൽ ഫോബ്രുവരി 13-ാം തീയതിയാണ് സി.ലൂസിയ അന്തരിച്ചത്. സി.ലൂസിയായോട് ആദരവ് പ്രകടിപ്പിക്കാൻ അന്നേ ദിവസം പോർച്ചുഗൽ മുഴുവൻ വിലാപ ദിനമായാണ് ആചരിച്ചത്. വി.ജോൺപോൾ 2-മന്റെയും, വി. മദർ തെരേസയുടെയും നാമകരണ നടപടികളിൽ ഉണ്ടായതുപോലെ ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ സി.ലൂസിയായുടെ നാമകരണ നടപടികളുടെ കാര്യത്തിൽ മരണത്തിനുശേഷം 5 വർഷം കാത്തിരിക്കണമെന്ന നിബന്ധന എടുത്തു കളഞ്ഞു. 2017 ഫെബ്രുവരി 13-ാം തീയതി വിശുദ്ധ പദവിയിലേക്കുള്ള ആദ്യ നടപടിയായി സി.ലൂസിയായെ ദൈവ ദാസിയായി സഭ പ്രഖ്യാപിച്ചു.

ഫാത്തിമാ മാതാവിന്റെ ദർശനത്തോടനുബന്ധിച്ച് ലഭിച്ച പല പ്രാർത്ഥനകളും വലിയ അനുഗ്രഹദായകങ്ങളാണ് അവയിൽ മിക്കതും നാം ദിവസേന ചൊല്ലാറുണ്ട്. അതിൽ ഒരു പ്രാർത്ഥന ഇവിടെക്കുറിച്ചു കൊണ്ട് ഈ വിവരണം അവസാനിപ്പിക്കുന്നു.

"പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവമേ, ഞാനങ്ങയെ ആഴമായി ആരാധിക്കുന്നു. ലോകത്തുള്ള എല്ലാ സക്രാരികളിലും സന്നിഹിതമായിരിക്കുന്ന യേശുക്രിസ്തുവിന്റെ വിലയേറിയ തിരുശരീരരവും, തിരുരക്തവും, ദൈവാത്മാവും, ദൈവത്വവും നേരിടുന്ന എല്ലാ വേദനകൾക്കും, ദൈവ ഭൂഷണങ്ങൾക്കും അലംഭാവത്തിനും പരിഹാരമായി എന്നെ തന്നെ ഞാൻ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. യേശുവിന്റെ തിരു ഹൃദയത്തിന്റെ അനന്തമായ യോഗ്യതയാലും, മറിയത്തിന്റെ വിമലഹൃദയത്തിനാലും പരമ പാപികളുടെ മാനസാന്തരത്തിനായി ഞാൻ അങ്ങയോട് പ്രാർത്ഥനാ പൂർവ്വം യാചിക്കുന്നു. ആമേൻ"



ധ്യാനം



# പെന്തിക്കോസ്തി

## പെരുമഴക്കാലം

## പ്രകൃതിയുടെയും ആത്മീയതയുടെയും



**റവ. ഫാ. ജോൺ ജി വടക്കേപ്പുറം**
പത്തനംതിട്ട ഭദ്രാസനം

പ്രകൃതിയുടെയും ആത്മീയതയുടെയും പ്രകൃതിയുടെ വരദാനങ്ങളിലെ ശ്രേഷ്ഠത, സംശയമില്ലാ ജലം തന്നെ... വിശദീകരണങ്ങളാവശ്യമില്ലല്ലോ ആ ജലസമൃദ്ധിയുടെ സമ്പന്നതയിൽ നീന്തിക്കുളിക്കുവാൻ തക്കവണ്ണം പ്രകൃതി കനിയുന്നതാണ് മൺസൂൺകാലം. ഭൂമിയെയും പ്രകൃതിയെയും മനുഷ്യനെയും ഒരു പോലെ ആനന്ദത്തിലാറാടിക്കുന്ന ജലസമൃദ്ധിയുടെ പെരുമഴക്കാലം. ....പ്രതീക്ഷയുടെ, പ്രത്യാശയുടെ പുതുനാമ്പുകൾ വിടരുന്നകാലം. ഭൂമിയെയും പ്രകൃതിയെയും സകല ചരാചരങ്ങളെയും ജലസമൃദ്ധിയാൽ കഴുകി വിശുദ്ധീകരിച്ച് പുത്തൻ ഉണർവ്വിന്റെ ഔന്നത്യത്തിലേക്ക് ഉയർത്തുന്നകാലം.....

വിളവിന്റെ സമൃദ്ധിയും അദ്ധ്വാനത്തിന്റെ ഫലസിദ്ധിയും ആസ്വദിക്കാനാരംഭിച്ചുകൊണ്ട് ഇടവപ്പാതി ആടിത്തിമിർക്കുന്നു. ഒപ്പം മനുഷ്യമനസ്സും ആനന്ദത്തിലാറാടുന്നു. കാരണം ഉണങ്ങിവരണ്ട് വിണ്ട് കീറി തുടങ്ങിയ മണ്ണിനും, മണ്ണിലെ സസ്യജാലങ്ങൾക്കും പക്ഷിമൃഗാദികൾക്കും കുടിനീരിനായി കുടം ചുമലിലേന്തി ദീർഘദൂരം സഞ്ചരിക്കുന്ന മനുഷ്യർക്കും ആശ്വാസം പെയ്തിറങ്ങുന്ന കാലം. ജലസമൃദ്ധിയാൽ നിറഞ്ഞുതുളുമ്പുന്ന കാലം. മനുഷ്യമിഴികളിൽ പ്രത്യാശയുടെ പൊൻതിളക്കം. സസ്യജാലങ്ങളിൽ പച്ചിലത്തിളക്കം, പക്ഷിമൃഗാദികളിൽ ഊർജ്ജത്തുടിപ്പ്.....ദാഹമകറ്റാൻ വിശപ്പടക്കാൻ, ക്ഷീണമകറ്റാൻ മാലിന്യമകറ്റാനീ മഴക്കാലം.... മഴ പെയ്തൊഴിയുന്നില്ലാ... പെയ്ത മഴയുടെ ഫലങ്ങൾ ജീവിക്കുന്നു. ആസ്വദിക്കുന്നു. ജീവന്റെ ഉറവിടവും പ്രകൃതിയുടെ നിലനില്പുമായി ജലത്തെ സൃഷ്ടിച്ച് തന്ന സ്രഷ്ടാവിന് സ്തുതി.

### ആത്മീയതയുടെ പെരുമഴക്കാലം- ജൂലായ് മാസം പെന്തിക്കോസ്തിക്കാലത്തിന്റെ ആദ്യ ആഴ്ചകൾ....

പരിശുദ്ധാത്മാഭിഷേകത്തിന്റെ നിറവ്, ശക്തി, അനുഭവിക്കുന്ന കാലം, ശ്ലീഹന്മാരിൽ വന്നിറങ്ങിയപോലെ നമ്മിലും പുതുശക്തിയുടെ ഊർജ്ജം നിറഞ്ഞുകവിയുന്ന കാലം. ശ്ലീഹന്മാരെപ്പോലെ പരിശുദ്ധാത്മാഭിഷേകത്തിന് സ്വയം സമർപ്പിക്കുമ്പോൾ ലഭിക്കുന്ന അനുഗ്രഹപ്പെരുമഴയിലാറാടുന്ന ശ്രേഷ്ഠക്കാലം. പരിശുദ്ധാന്മതൻ വരങ്ങളിൽ ഒന്നുകൂടി ആഴപ്പെട്ടു ശക്തി സംഭരിച്ചു ക്രിസ്തുശിഷ്യത്വത്തിന്റെ മനോഹാരിതയും ജീവിതമഹത്വവും ആർജ്ജിക്കാനുള്ള കാലം. ആത്മീയത, ക്രിസ്തുശിഷ്യത്വത്തിന്റെ വളർച്ച തന്നെയാണല്ലോ... ക്രിസ്തുശിഷ്യത്വത്തിൽ തുടരാനും വളരാനും പരിശുദ്ധാത്മശക്തികൊണ്ട് നമ്മെ വീണ്ടും നിറയ്ക്കുന്നു. നമുക്ക് സ്വയം വളരാനും പൂർണ്ണത പ്രാപിക്കാനും സാധിക്കില്ലെന്ന് അറിഞ്ഞ് ക്രിസ്തുനാഥൻ സഹായകനായി പരിശുദ്ധാത്മാ ശക്തികൊണ്ട് നമ്മെ ബലപ്പെടുത്തുകയാണീദിനങ്ങളിൽ. ക്രിസ്തുശിഷ്യന്റെ ലക്ഷണങ്ങൾ , പരിശുദ്ധാത്മാദാനങ്ങളുടെ നിറവിലാണളക്കപ്പെടുന്നത്. അവ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവും ഇല്ല. യേശുക്രിസ്തുവിനുള്ളവർ തങ്ങളുടെ ജഡത്തെ അതിന്റെ വികാരങ്ങളോടും മോഹങ്ങളോടും കൂടെ ക്രൂശിച്ചിരിക്കുന്നു. നമ്മൾ

ആത്മാവിലാണ് ജീവിക്കുന്നതെങ്കിൽ ആത്മാവിൽ വ്യാപരിക്കാം. ഗലാ. 5/23.

നാം ക്രിസ്തുവിനുള്ളവരാണെന്നും ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കേണ്ടവരുമാണെന്ന ശക്തമായ ഓർമ്മപ്പെടുത്തലാണല്ലോ പെന്തിക്കോസ്തിയുടെ നാളുകൾ. ഓരോ ദിനവും നാമീ നന്മകൾ ആസ്വദിക്കണം വളരണം. നന്മകൾ ആസ്വദിച്ചാലെ നന്മകൾ പകരാനാവുകയുള്ളു അതുകൊണ്ടാണ് സഹായകനെ അയച്ചു ഈ നന്മകളാൽ നിറച്ചതിനുശേഷം ശിഷ്യന്മാരെ ലോകത്തിന്റെ നാലുഭാഗങ്ങളിലേക്കും അയച്ചത്.

തങ്ങളിൽ നിറഞ്ഞുകവിഞ്ഞ പരിശുദ്ധാത്മനൽവങ്ങളാണ് പിന്നീട് ശിഷ്യന്മാർ നമുക്ക് പകർന്ന് നൽകിയത്. അതിന്റെ ഫലങ്ങൾ ഇന്നത്തെ ക്രൈസ്തവ സമൂഹത്തിന് രൂപവും ഭാവവുമേകി. ഓരോ പെന്തിക്കോസ്തി തിരുന്നാളും പരിശുദ്ധാന്മനൻ വരങ്ങളിൽ നിറഞ്ഞു ശക്തിപ്രാപിച്ച് പുതുസമൂഹത്തിന് രൂപവും ഭാവവും നൽകുന്നതുമാകുന്ന പ്രകീയയാകണം. പരിശുദ്ധാത്മാ നൽവരങ്ങൾക്ക് ഘടക വിരുദ്ധമായി ജീവിക്കുന്ന ഇന്നിന്റെ ശൈലിക്കുമുന്നിൽ പരിശുദ്ധാത്മനൽവരങ്ങളെ പ്രസരിപ്പിക്കുന്ന ആത്മീയ ജീവിതത്തിനുടമകളാകണം. ഇന്നിന്റെ ക്രിസ്തു ശിഷ്യൻ.....അതിനാണീതിരുന്നാളിന്റെ അനുഗ്രഹപ്പെരുമഴപ്പയ്ത്ത് ... ഏതൊക്കെ നമുക്ക് നഷ്ടമായി എന്നു നാം വിലപിക്കുന്നുവോ അതെല്ലാം പൂർവ്വാധികം ശക്തിയോടെ വീണ്ടെടുക്കുന്നതിന് ഈ അനുഗ്രഹത്തിന്റെ പെരുമഴയ്ക്കുകഴിയും ദാഹാർത്തയായ ഭൂമി ഒരു തുള്ളി ജലം പോലും പാഴാക്കാതെ തന്നിലേക്ക് ആവാഹിച്ച് പുതുജീവൻ ഉതിർക്കുന്നതുപോലെ നമ്മുടെ ആത്മാവിന്റെ നഷ്ടങ്ങളെ വീണ്ടെടുത്ത് പുതുജീവനിൽ ശക്തിപ്പെടാനികാലം വിനിയോഗിക്കാം. ശിഷ്യൻമാർ ചെയ്തത് പോലെ പരിശുദ്ധാത്മാ വെളിപ്പെടുത്തലിന് സ്വയം സമർപ്പിച്ച് പഴമയെ തൂത്തെറിഞ്ഞ് പുതുതുടക്കത്തിന് നാന്ദി കുറിക്കാം ഗുരുനാഥനോട് ചെയ്ത നന്ദികേടിന് പ്രായശ്ചിത്തം ചെയ്ത് നിരാശരായി കഴിയുകയല്ല മറിച്ച് തങ്ങളുടെ ജീവിതം കൊണ്ട് പ്രായശ്ചിത്തം ചെയ്ത് ക്രിസ്തുദൗത്യം നിറവേറ്റുകയായിരുന്നു. ക്രിസ്തു ജീവിതത്തെ അക്ഷരാത്ഥത്തിൽ തങ്ങളുടെ ജീവിതമാക്കുകയായിരുന്നു ഇന്നിന്റെ ക്രിസ്തുശിഷ്യൻ പഴമയുടെ പെരുപ്പംപറഞ്ഞും സമൂഹത്തിന്റെ ജീവിതശൈലിയെ പഴിചാരിയും പരിശുദ്ധാന്മനന്മകളെ അനുസ്മരിക്കാതെ നിഷ്ക്രിയരായി, നിസ്സഹായരായി നിലകൊള്ളുന്നു. അനുഗ്രഹമഴയുടെ ഫലം ആസ്വദിക്കുന്നില്ലാ പകരുന്നുമില്ല. പെന്തിക്കോസ്തിക്കാലം നമുക്കൊരു വെല്ലുവിളിയാണ്. പരിശുദ്ധാന്മനൽവരങ്ങളിൽ ജീവിക്കാൻ....

പരിശുദ്ധാന്മമാരിചൊരിഞ്ഞ നന്മകളെ നെഞ്ചിലേറ്റി ജീവിതത്തെ മഹത്വപ്പെടുത്തിയ ശ്രേഷ്ഠ ജീവിതങ്ങളുടെ അനുസ്മരണങ്ങളുടെ പെരുമഴക്കാലം.....ഈക്കാലത്തിൽ തിരുസഭ അവൾക്കേറ്റം പ്രിയപ്പെട്ട സന്താനങ്ങളുടെ തിരുനാളുകൾ ആഘോഷിക്കുന്നു.

**ജൂലായ് 3 വി. തോമാശ്ലീഹാ....**

പേര് തന്നെ മനസ്സിൽ, പെരുമഴയുടെ താളം കൊട്ടുന്നു. ക്രിസ്തു ശിഷ്യത്വത്തിന്റെ മനോഹരശീലുകൾ ഈരടികൾ മനസ്സിലുയരുന്നു. അധരങ്ങളിലുൽ മന്ത്രിക്കുന്നു. എന്റെ കർത്താവും എന്റെ ദൈവമുമെ......വി.യോഹ. 20/28. അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം. വി.യോഹ 11/16

ക്രിസ്തു ശിഷ്യത്വത്തിന്റെ ആൾരൂപമാണ് വി. തോമാശ്ലീഹാ ക്രിസ്തു ശിഷ്യത്വത്തിന്റെ ശക്തമായ പ്രതിരൂപം.

ക്രിസ്തുശിഷ്യൻ ആരായിരിക്കണം എങ്ങനെയായിരിക്കണം എന്ത് ചെയ്യണം എപ്രകാരം ചെയ്യണം എന്നീത്യാദി ചോദ്യങ്ങൾക്കുള്ള ലളിതവും ഹൃദ്യവുമായ ഉത്തരം ക്രിസ്തുശിഷ്യത്വത്തിന്റെ മനോഹാരിത ശ്രേഷ്ഠ മഹത്വം ഇവയെല്ലാം ഉൾകൊണ്ട അരുമശിഷ്യൻ.... ലാളിത്യവും നിഷ്കളങ്കവും ആയ ജീവിതത്തിന്റെ പ്രതിഫലനവും പ്രഖ്യാപനവുമാണ്. അവൻ പറഞ്ഞുവച്ച രണ്ട് ഈരടികൾ എന്റെ കർത്താവേ..എന്റെ ദൈവമെ ക്രിസ്തുവിൽ സർവ്വവും അടിയറവുപറയുന്ന പ്രഖ്യാപനം. വിശ്വാസപ്രകടനം. കേട്ടറിയാനാവില്ലാഞ്ഞിട്ടില്ലാതൊട്ടറിഞ്ഞാലെ പ്രഘോഷണത്തിന് ശക്തിയുണ്ടാകു എന്ന് തിരിച്ചറിഞ്ഞിരുന്നു. ദൈവപുത്രനാണെന്ന് അസാദ്ധ്യകാര്യങ്ങൾ സാധിച്ചു കാണിച്ച, അത്ഭുതങ്ങളുടെ നീണ്ടനിരതന്നെ കണ്ടിട്ടും വർദ്ധിപ്പിച്ച അപ്പം തന്നെ തിന്നിട്ടും വിശ്വസിക്കാത്ത സമൂഹത്തിന് മുമ്പിൽ ഉത്ഥിതനായ ക്രിസ്തുവിനെ പ്രഘോഷിക്കണമെങ്കിൽ തൊട്ടറിവിന്റെ സ്നേഹസ്പർശത്തിന്റെ ശക്തി പിൻബലമുണ്ടാകണമെന്ന് തോമാശ്ലീഹ ശഠിച്ചതിന്റെ പിടിവാശിയുടെ നിഷ്കളങ്കത, സ്നേഹനൈർമ്മല്യം ഗുരുവിന്റെ ഉള്ളത്തിൽ തട്ടിയതുകൊണ്ടാ, കുന്തത്താൽകുത്തിതുളയ്ക്കപ്പെട്ട തന്റെ വിലാവ് തന്റെ അരുമശിഷ്യന്റെ മുമ്പിൽ നഗ്നമാക്കിയത്, പ്രദർശിപ്പിച്ചത്, തൊട്ടറിയാൻ വിളിച്ചത്. ഒരു സംശയം കൂടി തോമാശ്ലീഹായ്ക്ക് തീർക്കേണ്ടതുണ്ടായിരുന്നു. ഗുരുനാഥന്റെ മനസ്സിൽ പരിഭവത്തിന്റെ ഒരു തരിമ്പെങ്കിലും ബാക്കിയുണ്ടോ എന്ന് കാരണം അത്രവലിയ തള്ളിക്കളയലിന്റെ ഓട്ടമല്ലേ ഓടിയത്. തുളയ്ക്കപ്പെട്ട ഹൃദയത്തിൽ തനിക്കിനിയും ഇടമുണ്ട് എന്നവൻ തപ്പി നോക്കി ബോദ്ധ്യപ്പെട്ട ഉള്ളത്തിന്റെ ആത്മഹർഷമാണ്.. എന്റെ കർത്താവേ എന്റെ ദൈവമേ ഏതൊരു ക്രിസ്തുശിഷ്യനും എത്തി നിൽക്കേണ്ട തലത്തിലേക്കാണ് തോമാശ്ലീഹാ വിരൽചൂണ്ടുന്നത്. ഒരു തൊട്ടറിവിന്റെ ശക്തിവിശേഷത്തിലേക്ക് അതിന്റെ ആത്മനിറവിലേക്ക് ഉയർന്നുനിൽക്കണം... ആ ഒരു സ്പർശനം, തോമാശ്ലീഹായിൽ ക്രിസ്തു ആഗ്രഹിച്ചതും അവൻ ആഗ്രഹിച്ചതും സഫലീകൃതമായി. ഇനിയും ഒന്നുമാലോചിക്കാനില്ല. അവൻ ഉദ്ഘോഷിച്ചു എന്റെ കർത്താവേ എന്റെ ദൈവമേ... നിന്നോടൊപ്പം മരിക്കാൻ ഞാനുമുണ്ട്. ഇപ്പം പറഞ്ഞത് ഉള്ളിൽ തട്ടി തന്നെയാണ്. പണ്ട് പറഞ്ഞത് അത്ര ബോദ്ധ്യത്തോടെയായിരുന്നില്ല. അതാ ഗുരു, അന്നത് കേട്ടപ്പം തിരിഞ്ഞുപോലും നോക്കിയില്ല. ഉള്ളിൽ തട്ടിപറഞ്ഞപ്പോൾ ക്രിസ്തു പ്രത്യുത്തരിച്ചു ഭാഗ്യവാൻ....

ക്രിസ്തു പ്രബോധനങ്ങളുടെ കേട്ടറിവു പോരാ തൊട്ടറിവുതന്നെ വേണമെന്ന് ക്രിസ്തുവിനും ശാഠ്യമുണ്ടായിരുന്നു. കേട്ടിരുന്നപ്പോൾ പെട്ടെന്ന് ആകർഷിക്കപ്പെട്ടു. ആകർഷിക്കപ്പെട്ടത് അവന്റെ ശക്തമായ പ്രബോധനങ്ങളായിരുന്നു. യേശു സ്നേഹത്തിന്റെ ശൈലികളായിരുന്നു. ഒപ്പം കൂടുന്നവനാണ് ശിഷ്യൻ ഒപ്പം കൂട്ടുന്നതുമാണ് ശിഷ്യത്വം. ഒപ്പം കൂട്ടുവാനുള്ള അപേക്ഷ വയ്ക്കുകയായിരുന്നു ഒപ്പം മരിക്കാൻ പോകാം എന്ന പ്രഖ്യാപനം. ഒപ്പം കൂട്ടുവാനുള്ള ആഗ്രഹം അവനിൽ ശക്തമായത്, യേശുവിന്റെ നിത്യജീവന്റെ പ്രബോധനങ്ങളിൽ ആകൃഷ്ടനായിത്തന്നെ. വി.യോഹന്നാൻ ഭംഗിയായി അത് പറഞ്ഞുവച്ചിട്ടുണ്ട്. വി. യോഹ. 11/38.

യേശുവിന്റെ സ്നേഹത്തിന്റെ ആഴം അറിഞ്ഞ യോഹന്നാൻ ലാസറിനെ ഉയർപ്പിച്ച സംഭവം കുറിയ്ക്കുമ്പോൾ, യേശു സ്നേഹത്താൽ തുടിക്കുന്ന തോമാശ്ലീഹായുടെ സ്നേഹതുടിപ്പുകളും ഒപ്പിയെടുത്ത് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. ഒപ്പം പോയി മരിക്കാം- ഒപ്പം കൂടുന്നതും ഒപ്പം പോകുന്നതുമാണ് ക്രിസ്തു ശിഷ്യത്വം എന്നു കേട്ടറിഞ്ഞ തോമാശ്ലീഹാശിഷ്യന്മാരെയും കൂടെകൂട്ടാൻ ശ്രമിക്കുന്നു. കാരണം തോമ്മായ്ക്ക് അത്രയ്ക്ക് ബോദ്ധ്യമായി. ഗുരുനാഥൻ നയിക്കുന്നത്, മരണത്തിനപ്പുറത്തേക്കാണ്. നിത്യതയിലേക്കാണ് മരണത്തിന്, ശിഷ്യന്റെ മേൽ താൻ സ്നേഹിക്കുന്നവന്റെ മേൽ, തന്നെ സ്നേഹിക്കുന്നവന്റെ മേൽ, (വി.യോഹ 11/3) യാതൊരു അധികാരമില്ല എന്നും മരണത്തിനവൻ, പുതുസമവാക്യം നൽകുന്നുവെന്നും, മരണം സമം നിദ്രയെന്നും വിശ്രമമെന്നും, ഗുരുനാഥൻ വിളിച്ചത്, അവൻ ഹൃദയത്തിൽ സംഗ്രഹിച്ചു. ക്രിസ്തു ശിഷ്യത്വം മരണത്തിനപ്പുറത്തേയും നീളുന്നുവെന്നും മരിച്ചവരെ ഉയിപ്പിക്കുന്നതാണെന്നും ബോദ്ധ്യപ്പെട്ട് അതാ അവൻ മറ്റ് ശിഷ്യന്മാരെ ധൈര്യപ്പെടുത്തി കൊണ്ട് പ്രഖ്യാപിച്ചത്. അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം. ക്രിസ്തുവെപ്പോലെ, മൃതരുടെ ഇടയിലാണ് തങ്ങളുടെ ദൗത്യം എന്ന് അവൻ ഗ്രഹിച്ചു. അതെ ഇന്നത്തെ ക്രിസ്തുശിഷ്യന്റെ ദൗത്യവും മറ്റൊന്നല്ല എന്ന് തിരു സഭമാതാവ് തന്റെ അരുമസന്താനമായ വി. തോമ്മാശ്ലീഹായെ മാതൃകയാക്കി നല്കികൊണ്ട് ഓർപ്പിക്കുന്നു. പാപത്താൽ മൃതമായ മനുഷ്യരുടെയിടയിലേക്ക് വിശ്വാസത്തിൽ ദൈവികനന്മകളിൽ



മൃതപ്പെട്ട് ജീവിക്കുന്നവരുടെ ഇടയിലേക്ക് ക്രിസ്തു ദൗത്യം പേറി ജീവിക്കാൻ തിരുസഭ വിളിക്കുന്നു. ദിവ്യ കാരുണ്യ നാഥന്റെ മുമ്പിൽ നമ്രശിരസ്കരായി ഏറ്റ് പറഞ്ഞു പ്രാർത്ഥിക്കാം. എന്റെ കർത്താവെ എന്റെ ദൈവമേ. വി. തോമാശ്ലീഹായിലൂടെ ദൈവം പെയ്തിറക്കിയ അനുഗ്രഹപ്പെട്ടരു മഴയിൽ കുളിച്ച് ക്രിസ്തു ദൗത്യം പേറി ജീവിക്കാനീ ജൂലായ് മാസം. ഉയത്ഥി തനായക്രിസ്തുവിനെതൊട്ടറിഞ്ഞ് , രുചിച്ചറിഞ്ഞ് ഈ അനുഗ്രപ്പെരുമഴ ആസ്വദിക്കാനീ കാലം .. ജൂലൈ മാസത്തിലെ ഓരോ ദിനവും ഓരോ വിശുദ്ധരുടെയും മദ്ധ്യസ്ഥയിൽ ലഭിക്കുന്ന അനുഗ്രഹമഴ ആസ്വദിക്കാം എല്ലാവിശുദ്ധരുടെയും ഓർമ്മകൾ കുറിക്കുവാനീ പേജുകൾ പോരല്ലോ.. എങ്കിലും ജൂലായ് മാസത്തിൽ, നമ്മെ ഒത്തിരി ആകർഷിക്കുകയും നമ്മുടെ ജീവിത്തോട് ഏറെ അടുത്തു നിൽക്കുന്നവരെയും, നമുക്ക് വളരെയെളുപ്പം സ്വീകരിക്കാൻ കഴിയുന്ന മാതൃകകളെയും, അടുത്തറിയാം. ആ മാർഗ്ഗത്തിലൂടെ ചരിച്ച് ഈ അനുഗ്രഹ മാരിയുടെ ആശിസ്സുകൾ ഉൾക്കൊളളാം നിലനിർത്താം.

### ജൂലൈ 6, വി. മറിയ ഗൊരാത്തി–

ഈശോയെ സ്നേഹിക്കാൻ പ്രായവും കാലവും തടസ്സമല്ലാ പാപം ചെയ്യുന്നതിനേക്കാൾ മരണമാണെനിക്കിഷ്ടം, എന്ന് പ്രഖ്യാപിച്ച് ഒമ്പതാം വയ്യസ്സിൽ,തന്നെ പാപത്തിനു പ്രേരിപ്പിച്ച് അലക്സാണ്ടറുടെ കത്തിക്കിരയായ വി. മറിയഗോരത്തിയുടെ ജീവിത മാതൃക നമ്മിൽ പാപബോധത്തിന്റെ ആത്മീയ മഴ പെയ്തിറങ്ങാൻ ഈ അനുസ്മരണം, തിരുനാളാചരണം പാപവും, തിന്മയും ഏതെല്ലാം വിധത്തിൽ രൂപപ്പെടുത്താം, പാപത്തിന്റെയും തിന്മയുടേയും ഗൗരവം എത്രമാത്രം കുറയ്ക്കാമെന്നും, ചിന്തിക്കുന്ന, ഒന്നും പാപമെഅല്ലാ, എല്ലാം മനുഷ്യ ശരീരത്തിന്റെ സ്വഭാവികതകളും പ്രവണതകളും ആണെന്നു തീർപ്പു കല്പ്പിക്കുന്ന, എല്ലാ പാപത്തെയും നിസ്സാരവൽക്കരിക്കുകയും, സ്വയം ന്യായീകരിക്കുകയും ചെയ്യുന്ന ഇന്നിന്റെ ദുരവസ്ഥയെ, മറികടന്ന് വി.മറിയഗൊരെറ്റി പെയ്തിറക്കിയ വിശുദ്ധിയുടെ പെരുമഴയെ മനംനിറയെ ആസ്വദിക്കാം.

### ജൂലൈ 16 കർമ്മലമാതാവ്

അമ്മയുടെ മദ്ധ്യസ്ഥം നാം അനുദിനം തേടുന്നുണ്ട് വിവിധ പേരുകളിൽ അവളുടെ അപദാനങ്ങളെ പ്രകീർത്തിക്കുന്നു. അമ്മ ചൊരിയുന്ന അനുഗ്രഹമാരിയിൽ കുളിച്ച് ജീവിതവിശുദ്ധിയും നിത്യജീവനും പ്രാപിക്കാനീദിനം. അമ്മയുടെ മടിത്തട്ടിലേക്കണയാം തിരുസഭയോടുചേർന്നു നമുക്കും പ്രകീർത്തിച്ചു പാടാം സ്വർഗ്ഗത്തിന്റെ അന്യാദൃശ്യവും

നിർമ്മലവും ആയതേജസ്സേ, നിത്യനിർമ്മല കന്യകയായിരുന്ന് ദൈവ പുത്രനെ പ്രസവിച്ചവളെ ഇന്നത്തെ ആവശ്യങ്ങളിലെന്നെ സഹായിക്കണമെ.. അങ്ങ് എന്റെ അമ്മയാണെന്നു കാണിച്ചുതരണമെ...

വി. യാക്കോബശ്ലീഹായുടെ തിരുനാൾ ജൂലൈ 25.

ഉത്തരവാദിത്വങ്ങളും സുഖസൗകര്യങ്ങളും അല്ലാ ക്രിസ്തു ശിഷ്യത്തിന്റെ മുഖമുദ്രയെന്നും, മറിച്ച്, ക്രിസ്തു ജീവിച്ചുകാണിച്ച ദൈവിക ജീവിതശൈലിയാണ്, ശിഷ്യത്വം എന്ന പാഠം ഉൾകൊള്ളാം.

**ജൂലൈ 28 വി അൽഫോൻസാമ്മ..**

മലയാളിയുടെ മനസ്സിൽ അഭിമാനത്തിന്റെ പെരുമഴ ആർത്തു പെയ്യിക്കുന്ന വി. നാമം... ഒരു മലയാളിക്കും എന്നെല്ലാ, ഇപ്പോൾ സാർവ്വത്രിക സഭയ്ക്കും വി. അൽഫോൻസാമ്മയുടെ നാമം മറക്കാനാവില്ല. യേശുവെ സ്നേഹിക്കുവാൻ വലിയവ്യവസ്ഥകളൊന്നുമില്ല, മറിച്ച് , വിളിക്കപ്പെട്ട ജീവിതാവസ്ഥയിൽ യേശു, ഇഷ്ടം ഗ്രഹിച്ചറിഞ്ഞു, പ്രാർത്ഥനയോടുകൂടി ജീവിച്ചാൽ മതിയെന്ന പാഠം. അതിലൂടെ യുണ്ടാകുന്ന സഹനങ്ങളേതും നമ്മെ വിശുദ്ധികരിക്കാനുളള യേശു മാർഗ്ഗമാണ് എന്ന തിരിച്ചറിവ് വിശുദ്ധ അൽഫോൻസ നമുക്കു നൽകുന്നു.

വി. അൽഫോൻസാമ്മയുടെ പരിധിയില്ലാത്ത സ്നേഹവും പരാതിയില്ലാത്ത സഹനവും-നിർമ്മലവും നിഷ്ക്കളങ്കവും ആയ സ്നേഹവും ആണ് അവളെ സ്നേഹിക്കുന്നവർക്ക് അനുഗ്രഹത്തിന്റെ മാരിപൊഴിക്കാൻ ദൈവം തിരുമനസ്സായത്...

യേശുവിന് വേണ്ടി എന്തും സഹിക്കുക, ക്രിസ്തു വോടൊപ്പം എപ്പോഴും ആയിരിക്കുക അതിൽ സന്തോഷംകണ്ടെത്തുക ഇതാണ് അവളുടെ ജീവിതശൈലി.

കുത്തഴിഞ്ഞ ഇന്നത്തെ ജീവിത വ്യവസ്ഥയിൽ നിഷ്ഠയാർന്ന ആത്മീയ ജീവിതശൈലിയും വിനയാന്വിതമായ ജീവിതവും വിശുദ്ധിയുടെ പരിമളം പരത്തുന്നു.തിരുസഭ നമുക്കുനല്കുന്ന, ആത്മീയ നിഷ്ഠകളിൽ പ്രത്യേകിച്ച് സ്നേഹം പ്രാർത്ഥന, പരിത്യാഗം, സഹനം, നോമ്പ് ഉപവാസം എന്നിവയിൽ ജീവിതലക്ഷ്യവും അർത്ഥവും കണ്ടെത്തി ജീവിക്കുവാനുളള ശക്തിയും കഴിവും വി.അൽഫോൻസായെപകന്നരുളണെ എന്ന് പ്രാർത്ഥിക്കാം. വി. അൽഫോൻസാ അനുഗ്രഹത്തിന്റെ പെരുമഴ തന്നെയാണ് പൊഴിക്കുന്നത് എന്നത് കേരളത്തിന്റെ നിത്യാനുഭവം...ഈ അനുഗ്രഹപെരുമഴയിൽ സ്നാനം ചെയ്തു നമുക്കും നമ്മുടെ ശിഷ്യത്വ ജീവിത്തിലൂടെ വിശുദ്ധിയുടെ പെരുമഴ പെയ്തിറക്കാം...

മലങ്കരകത്തോലിക്കാ സഭയ്ക്ക് ജൂലായ് മാസം തുള്ളിമുറിയാതെ പെയ്തിറക്കുന്ന അനുഗ്രഹ പെയ്ത്താണെന്നുള്ളത് സത്യം.

ജൂലൈ ഒന്നു വന്നുകിട്ടാൻ കാത്തിരിക്കുന്ന മലങ്കരയുടെ മക്കൾ -പ്രായംഭേദമന്യേ, സ്ത്രീ പുരുഷ വ്യത്യാസമെന്യേ, ഏവരുടെയും മനസ്സിൽ ജൂലൈ ഒന്നുമുതൽ, പുനരൈക്യ ചൈതന്യത്തിന്റെ നീരൊഴുക്ക്, ചാലു കീറിത്തുടങ്ങും പുനരൈക്യ ശില്പിയായ ദൈവദാസൻ മാർ ഇവാനിയോസ് പിതാവിന്റെ പാവനസ്മരണകൾ, ഓരോ മലങ്കരമക്കളുടെയും മനസ്സിൽ ശക്തമായ കുത്തൊഴുക്കായി ത്തീരുന്നു. ഒന്നാം തീയതിമുതൽ ആരംഭിക്കുന്ന വി.നോമ്പനുഷ്ഠാനം മലങ്കരമക്കളുടെ അനുഗ്രഹസ്രോതസ്സാണ്. അന്നുമുതൽ ആരംഭിക്കുന്ന മദ്ധ്യസ്ഥ പ്രാർത്ഥന ശുശ്രൂഷകൾ, കബറിട സന്ദർശനങ്ങൾ, അനുഗ്രഹ സ്രോതസ്സുകൾ പൊട്ടിയൊഴുകുന്നതിനു കാരണമാകുന്നു.

ദൈവസ്നേഹത്തെക്കാൾ ശ്രേഷ്ഠം, ദൈവ സമ്പാദനമാണെന്നുളളതു സമവാക്യം മനുഷ്യഹൃദയങ്ങളിലുണർത്തുന്ന തീക്ഷണത അവർണ്ണനീയം

കത്തോലിക്ക സഭാ കൂട്ടായ്മ ഭൂമിയിലെ സ്വർഗ്ഗത്തിന്റെ പതിപ്പാണെന്നും സഭ സ്വർഗ്ഗത്തിന്റെ പൂത്തോട്ടമാണെന്നും പഠിപ്പിക്കുന്ന ദൈവദാസന്റെ മൊഴിമുത്തുകൾ ഏതൊരു മലങ്കരവിശ്വാസിയുടെയും ഹൃദയങ്ങഹളിൽ ധ്യാനമാകുന്നു.

എല്ലാവരും ഒന്നാകുന്നതിനു വേണ്ടി ഐക്യത്തിന്റെ കൂദാശയായ വി കുർബാന അർപ്പണത്തിന്റെ ബലിവേദിയിലേക്ക് നയിക്കപ്പെടുന്ന സമൂഹം, തപസ്സിന്റെയും പരിത്യാഗത്തിന്റെയും ശ്രേഷ്ഠഭാവങ്ങൾ, അവ സഭാജീവിതത്തെ വർണ്ണാഭമാക്കുന്നത് അനുഭവിച്ചറിയുന്ന, അവയുടെ സ്വധീനം, മലങ്കരമക്കളെ വി.നോമ്പനുഷ്ഠാനത്തിന്റെ ചൈതന്യത്തിലേക്കും, തീർത്ഥാടന പദയാത്രയുടെ കാഠിന്യത്തിലേക്കും, ദൈവദാസന്റെ കബറിട സന്ദർശനത്തിലേക്കും, നേർച്ച കാഴ്ചകളുടെ സമർപ്പണത്തിലേക്കും നയിക്കുന്നു.

ദൈവത്തെ സ്നേഹിക്കാനും ദൈവത്തെ സമ്പാദിക്കുവാനും വളരെ എളുപ്പമാണ് എന്നു വന്ദ്യപിതാവ് പഠിപ്പിക്കുന്നു. വി. വേദപുസ്തകത്തിലെ തിരുവചനങ്ങൾ ജീവിതത്തിനടിത്തറയാക്കിയാൽ മതി.

നിധികണ്ടെത്തിയ മനുഷ്യനെപ്പോലെ പ്രവർത്തിക്കുവാൻ വന്ദ്യപിതാവ് സ്വജീവിതത്തിലൂടെ ആഹ്വാനം ചെയ്യുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ മുടിചൂടാമന്നനായി ജീവിക്കുമ്പോഴും, അതിലും വലിയനിധി കത്തോലിക്ക സഭയിലെ അംഗത്വമാണെന്ന്, ധ്യാനിച്ചറിഞ്ഞ്, പഠിച്ചറിഞ്ഞ, പ്രാർത്ഥിച്ചറിഞ്ഞ്, തനിക്കുള്ളതെല്ലാം വിട്ടൊഴിഞ്ഞ്, കത്തോലിക്കാസഭാരാമത്തിലേക്ക്, ചേക്കേറുകയായിരുന്നു. അല്ലാ ക്രിസ്തുനാഥൻ വിളിച്ചു തന്റെ നിത്യ



മണവാട്ടിയായ തിരുസഭയോടു ചേർക്കുകയായിരുന്നു. വന്ദ്യപിതാവിന്റെ തിരുവചന ധ്യാനത്തിന്റെ ഫലം ആണ് പുനരൈക്യം സത്യാന്വേഷണത്തിന്റെ ഉത്തരമാണ് പുനരൈക്യം.

ക്രിസ്തുവിനുവേണ്ടി മാത്രം ജീവിക്കുവാനുളള മനസ്സ്, ക്രസ്തുവിന്റെ തുടർച്ച തന്നെയായ തിരുസഭ ചിന്നഭിന്നമായി പോകരുതെന്ന്, ആഗ്രഹിച്ച വന്ദ്യപിതാവിന്റെ മനസ്സ് ക്രിസ്തുനാഥൻ തൊട്ടറിഞ്ഞു. ക്രിസ്തുനാഥനോടൊപ്പം നിന്ന് ക്രിസ്തു മനസ്സും വന്ദ്യപിതാവും തൊട്ടറിഞ്ഞപ്പോൾ പുനരൈക്യമെന്ന സുന്ദരപുഷ്പം വിടർന്നു പരിലസിച്ച്, മലങ്കരയുടെ മണ്ണിൽ സുരഭിലതൈലം പൂശുവാൻ, വിശുദ്ധിയുടെ പരിമളം പരത്താൻ, ദൈവാനുഗ്രഹത്തിന്റെ പെരുമഴ പെയ്യിക്കുവാൻ ദൈവദാസൻമാർ ഈവാനിയോസ് പിതാവിന്റെ സ്മരണകളിൽ സജീവമാകണം.

പെരുമഴപോലെ പാഞ്ഞെത്തുന്ന അനുഗ്രഹസമൃദ്ധിയിൽ ആറാടി ആഘോഷത്തിമിർപ്പിൽ സ്വയംമറക്കാതിരിക്കാനും ശ്രമിക്കാം പ്രകൃതിയെപ്പോലെ ഒരു മഴത്തുള്ളിയെപ്പോലും കളയാതെ സ്വീകരിച്ച് നാളെത്തെ ജീവസമൃദ്ധിക്കുവേണ്ടിയുളള ജീവസ്രോതസ്സുകളാക്കി നാളെയ്ക്കായ് കരുതി സൂക്ഷിക്കുന്നു. അതുപോലെ നമുക്കും തമ്പുരാൻ ഓരോദിനവും ഓരോ മാസവും കനിഞ്ഞു. നല്കുന്ന അനുഗ്രഹ പ്പെരുമഴയെയും മഴത്തുള്ളികളെയും വരും തലമുറ സൂക്ഷിക്കാം

**ധ്യാനം**

# മനുഷ്യനെ കൂടാതെ ജീവിക്കാനാകാത്ത ദൈവം



**റവ. ഡോ. ജോൺസൺ കാക്കനാട്ട്**

ആധുനിക മനുഷ്യന് ദൈവമെന്ന യാഥാർത്ഥ്യം വിരസവും അരുചികരവുമാണ്. അതീന്ദ്രിയനും അനുഭവാതീതനുമായ ഒരു ദൈവത്തിന്റെ ചിത്രമാണ് മനസ്സിൽ പൊന്തിവരിക. രാഗരോഷ വികാരങ്ങൾക്കും സഹനത്തിനും സഹതാപത്തിനും അതീതമായ, അതീതനായ ഒരു ദൈവത്തെ മനുഷ്യനു സമീപിക്കുവാനോ സ്നേഹിക്കുവാനോ അവിടുത്തോടൊപ്പം സഹവസിക്കുവാനോ അസാദ്ധ്യമാണ്. ഭയഭീതികളായിരിക്കും അവനിൽ അങ്കുരിക്കുക. അതിനാൽ ദൈവോപാസനയിൽ ആധുനിക മനുഷ്യൻ അസ്വസ്ഥനായിരിക്കുന്നു. ദൈവത്തെക്കുറിച്ചുള്ള ഇത്തരം സങ്കല്പങ്ങൾ പാടെ തകർക്കുകയാണ് ഇസ്രയേലും ദൈവവും തമ്മിലുള്ള ബന്ധം. പ്രവാചകന്മാർ ഇതിന്റെ വക്താക്കളായിരുന്നു. മനുഷ്യനെപ്പോലെ രാഗതാപസഹതാപങ്ങൾക്ക് അധീനനായ ദൈവം, അവിടുന്ന് പ്രണയിതാവും പിതാവും മാതാവുമൊക്കെയാണ്. മനുഷ്യനെകൂടാതെ ജീവിക്കുവാൻ അവിടുത്തേക്കാവില്ല. അവന്റെ അവിശ്വസ്തതയിൽ വേദനിക്കുകയും പിൻതിരിപ്പിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ രൂപം നാം കാണുന്നു. മുറിവുണക്കാൻ സ്നേഹ പരിമളം അവനിൽ ചൊരിയുകയും കുളിർമയേകുന്ന തുഷാരബിന്ദുവായി അവനിൽ അലിഞ്ഞുചേരുന്ന ദൈവം, ഈ ദൈവത്തെ കണ്ടെത്തിയാൽ അത്ഭുതാവഹമായ മാറ്റങ്ങൾ ലോകത്തിൽ സംഭവിക്കും.

ദൈവം ഇസ്രായേൽ ജനത്തിന്റെ ചരിത്രത്തിലേക്ക് ഇറങ്ങി വന്നു. അവരെ അടിമത്വത്തിൽ നിന്ന് മോചിപ്പിച്ച് അവരുമായി ഉടമ്പടി ചെയ്തു. അവരുടെ മദ്ധ്യേ കൂടാരത്തിൽ വസിച്ചു. സീനായ് മലയെ ലക്ഷ്യമാക്കി യാത്ര ചെയ്ത ജനത്തെ ദൈവം അത്ഭുതകരമായി ഭക്ഷണവും സംരക്ഷണവും നൽകി മരുഭൂമിയിലൂടെ നയിച്ചു. ഈ അസാധാരണ സംഭവങ്ങളിലൂടെ ചരിത്രത്തെ നയിക്കുന്ന ദൈവ

ത്തിന്റെ പരിപാലന അവർക്ക് അനുഭവവേദ്യമായി. സീനായ് മലയിൽവച്ച് ദൈവം അവരുമായി ഉടമ്പടി ചെയ്തു: നിങ്ങൾ എന്റെ കല്പനകൾ അനുസരിച്ചാൽ ഞാൻ നിങ്ങളുടെ ദൈവവും നിങ്ങൾ എന്റെ തിരഞ്ഞെടുക്കപ്പെട്ട ജനവുമായിരിക്കും.

ഈ ഉടമ്പടി ഒരു വിവാഹ ഉടമ്പടിക്ക് തത്തുല്യമാണ്. ഭാര്യാഭർതൃ ബന്ധം പോലെ ഇസ്രയേലും ദൈവവും തമ്മിൽ പ്രണയിക്കുന്നു. കാരണം നിങ്ങൾ എനിക്ക് പുരോഹിത രാജ്യവും വിശുദ്ധ ജനവുമായിരിക്കും. ദൈവം മനുഷ്യന്റേയും മനുഷ്യൻ ദൈവത്തിന്റേയും, സ്രഷ്ടാവ് സൃഷ്ടിയുടെ സ്വന്തം സൃഷ്ടി സ്രഷ്ടാവിന്റെ സ്വന്തം. മാനവകുടുംബത്തിന്റെ പിതാവാണ് ദൈവം. അവരെ കാത്തുപരിപാലിക്കുക. അവർക്ക് ആഹാരം നല്കുക, നേർവഴിക്കു നടത്തുക, സംരക്ഷണം നല്കുക, ശാസിക്കുക, ശിക്ഷിക്കുക എന്നിവയാണ് ദൈവപിതാവിന്റെ കർത്തവ്യങ്ങൾ. (ഉല്പ. 28: 20–22) അങ്ങനെ ദൈവം സാധാരണ മനുഷ്യന്റെ ജീവിതത്തിൽ ഇടപെടുന്നു. ഉത്തമഗീതത്തിലൂടെ ദൈവവും ഇസ്രയേലും തമ്മിലുള്ള പ്രണയബന്ധത്തിന്റെ ആഴം കാണിക്കുന്നു. ദൈവം മനുഷ്യന്റെ ചരിത്രത്തിൽ പ്രവേശിച്ച് അവന്റെ ജീവിതം തന്റേതായി പകർത്തുന്നു. സ്വർഗ്ഗത്തിൽനിന്ന് അടിമകൾ വസിക്കുന്ന ഈജിപ്തിലേക്ക് ദൈവം ഇറങ്ങി വന്നു. അവരുടെ ദു:ഖദുരിതങ്ങൾ നോക്കികണ്ടു. ദീനരോദനം ശ്രവിച്ചു. ദൈവം അഗതികളുടെ രൂപം ധരിക്കുന്നു. പെസഹാ അനുഭവത്തിലൂടെ ദൈവം മനുഷ്യകുടുംബത്തിന്റെ പിതാവായി അത്താഴവിരുന്നിന്റെ ഭാഗമാകുന്നു. പകൽ മേഘതൂണായും രാത്രി അഗ്നിസ്തംഭമായും ദൈവം അവരെ വഴിനടത്തി. സംഭീതരായ ജനങ്ങളെ അവിടുന്ന് ധൈര്യപ്പെടുത്തി. കടലിലൂടെ അക്കരെയെത്തിച്ചു. വനാന്തരങ്ങളിൽ അവർക്ക് ഭക്ഷണവും പാനീയവും നല്കി. പ്രതിസന്ധികളിൽ ആശ്വസിപ്പിച്ചു. ശത്രുകരങ്ങളിൽനിന്ന് രക്ഷപ്പെടുത്തി. മനുഷ്യന്റെ കഷ്ടതകൾ ദൈവം സ്വന്തമായി കണ്ടു. ദൈവം ജനത്തോടൊപ്പം ആയിത്തീരുന്നതിന്റെ കഥ പുറപ്പാട് അനുഭവം വിവരിക്കുന്നു. മനുഷ്യൻ ദൈവത്തിലും ആയിത്തീരുവാൻ കടപ്പെട്ടിരിക്കുന്നു. ഇത്രമാത്രം ദൈവം മനുഷ്യനെ സ്നേഹിച്ചിട്ടും മനുഷ്യൻ ദൈവത്തോടു മറുതലിക്കുകയും സ്വന്തം വഴിയിലേക്ക് തിരിയുകയും ദൈവത്തെ തള്ളി അന്യദേവന്മാരുടെ പിന്നാലെ പോയി തങ്ങളെത്തന്നെ അശുദ്ധരാക്കി.

ദൈവത്തിന്റെ വധുവായ ഇസ്രായേലിന്റെ അവിശ്വസ്തതയുടെ ചരിത്ര പശ്ചാത്തലത്തിലേക്ക് നോക്കാം. ഫലപുഷ്ടിയിൽ അധിഷ്ഠിതമായ ഒരു പ്രകൃതി മതമായിരുന്നു കാനാൻ ദേശക്കാരുടേത്. ഭൂമിയിലെ സസ്യഫലാദികളിലും മൃഗങ്ങളിലും, മനുഷ്യരിലും സന്താനപുഷ്ടി കൈവരുത്തി ജീവിതം ഐശ്വര്യ പൂർണ്ണമാക്കാനുള്ള ഉപാസനകൾ ഈ മതത്തിന്റെ ആചാരങ്ങളിൽപ്പെടുന്നു. പ്രകൃതി ശക്തികളെ കുറിച്ചുള്ള സങ്കല്പങ്ങൾ തന്നെ പ്രജനന പ്രക്രിയയിൽ കേന്ദ്രീകരിച്ചുള്ളതാകുന്നു. ഭൂമിയാകുന്ന സ്ത്രീ മഴയാകുന്ന ബീജത്താൽ നനയ്ക്കപ്പെടുമ്പോൾ പുതുജീവൻ ഉടലെടുക്കുന്നതായി കാനാൻ നിവാസികൾ കരുതി. പരസ്പരമുള്ള സംയോഗം വഴിയായിസസ്യ-മൃഗ-മനുഷ്യ ജീവിതം ഫലവത്തായിത്തീർക്കുവാനുള്ള ഉപാധിയായിരുന്നു മതാചാരം. അവരുടെ ദേവനായ ബാൽ ഫലപുഷ്ടി കൈവരുത്തുന്ന ദൈവമായിരുന്നു. ദേവീദേവന്മാരുടെ സംയോഗത്തിന്റെ പുനരവതരണമായിരുന്നു അവരുടെ അനുഷ്ഠാനവിധികൾ. അതിനുവേണ്ടി ദേവദാസി സമ്പ്രദായം നിലവിൽ വന്നു. ദേവദാസികളുമായി സംയോഗത്തിലേർപ്പെടുന്നത് ഒരു പൂജാവിധിയായി കണക്കാക്കപ്പെട്ടു. ഇസ്രായേൽക്കാർ അതിൽ പങ്കുചേർന്നു. യഹോവ മരുഭൂമിയിലെ മാത്രം ദൈവമാണെന്നും ഉല്പാദനക്ഷമത കൈവരുത്തുന്നതിൽ അവിടുത്തേക്ക് പങ്കില്ലെന്നും അവർ കരുതി. തന്മൂലമാണ് അവർ ബാൽ ദേവന്റെ പിന്നാലെ പോയത്. ഇപ്രകാരമുള്ള ആകർഷണങ്ങളിൽനിന്ന് മനുഷ്യനെ പിൻതിരിപ്പിക്കേണ്ടത് ദൈവത്തിന്റെ ആവശ്യമായിരുന്നു. ഇസ്രായേലും ദൈവവും തമ്മിലുള്ള ദാമ്പത്യ ഐക്യം പ്രവാചകന്മാരിലൂടെ ദൈവം വെളിപ്പെടുത്തി.

യഹോവയെന്ന പ്രിയന് തന്റെ പ്രിയതമയോടുള്ള രാഗസാന്ദ്രത അപരിമേയമാണ്. ഹോസിയാ പ്രവാചകന്റെ ജീവിതത്തിലൂടെ ഇത് കൂടുതൽ വ്യക്തമാകുന്നു. "ഇസ്രായേൽ ശിശുവായിരുപ്പോൾ ഞാനവനെ സ്നേഹിച്ചു, വിളിച്ചു, പിച്ചവെച്ചുനടക്കാൻ പരിശീലനം നല്കി, സ്നേഹത്താൽ വരിഞ്ഞു മുറുക്കി, കൈകളിലെടുത്തു, കവിളിൽ മുത്തം നല്കി, സ്വയം കുനിഞ്ഞ് ഭക്ഷണം കോരിക്കൊടുത്തു." (ഹോസി 11: 1–4). ഇപ്രകാരം ദൈവം ഇസ്രായേലിനെ ശുശ്രൂഷിച്ചു. പോറ്റി വളർത്തി, ഒരു അമ്മയെപ്പോലെ ജീവിതം അവർക്കു വേണ്ടി ഉഴിഞ്ഞുവച്ചു.

ഇത്രയും സ്നേഹലാളനകൾ വാരിചൊരിഞ്ഞിട്ടും ഇസ്രായേൽ തന്റെ പിതാവിനെ/ മാതാവിനെ/ ഭർത്താവിനെ നിർഭയം പരിത്യജിക്കുന്നതും അവർക്കെതിരായി തിരിയുന്നതിന്റെയും ചരിത്രമാണ് ഇസ്രായേലിന്റേത്. തന്റെ പുത്രന്റെ ഈ പ്രവർത്തിയിൽ ഹൃദയം നൊന്ത് ദൈവം വിലപിക്കുന്നു. മക്കളുടെ നിന്ദനവും നന്ദിഹീനതയും കൊണ്ട് വേദനിക്കുന്ന ദൈവത്തിന്റെ ദീനസ്വരം (ഹോസി 11:) ഇവിടെ മുഴങ്ങികേൾക്കാം. ആവർത്തിച്ചാവർത്തിച്ച് പേരുചൊല്ലി വിളിക്കുന്ന ദൈവത്തിന്റെ സ്വരത്തിന് ചെവി കൊടുക്കാതെ മനുഷ്യൻ അകന്നുപോയി. എന്നാൽ ദൈവം മനുഷ്യനെ സ്നേഹിച്ചുകൊണ്ടേയിരുന്നു. അവരെ നശിപ്പിക്കുവാൻ ദൈവത്തിനു മനസ്സു വന്നില്ല. എഫ്രായിം ഞാൻ നിന്നെ എങ്ങനെ ഉപേക്ഷിക്കും? ഇസ്രായേൽ ഞാൻ നിന്നെ എങ്ങനെ കൈവിടും? (ഹോസി 11: 8). നീതിയും കാരുണ്യവും എന്ന തുല്യശക്തികൾ അവിടുത്തെ ഹൃദയത്തിൽ ഏറ്റുമുട്ടുകയാണ്. "ഞാൻ അവരുടെ അവിശ്വസ്തതയുടെ മുറിവ് ഉണക്കും, ഞാൻ അവരുടെമേൽ സ്നേഹം ചൊരിയും. ഇസ്രായേലിനു ഞാൻ തുഷാര ബിന്ദുപോലെയായിരിക്കും. ലില്ലിപോലെ അവൻ പുഷ്പിക്കും ..." (ഹോസി 14: 4–5). "ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്ക് കൊണ്ടുവരും, അവളോട് ഞാൻ ഹൃദ്യമായി സംസാരിക്കും "(ഹോസി 2: 14).

മനുഷ്യനിൽ നിന്ന് അകന്നുനില്ക്കുവനല്ല ദൈവം. ദൈവത്തിന്റെ മഹത്വം മനുഷ്യന്റെ പച്ചയായ ജീവിത സാഹചര്യങ്ങളുമായി അലിഞ്ഞ് ചേർന്നിരിക്കുന്നു. അവനുമായി ബന്ധപ്പെടാതെ സ്വമഹത്വം ഏകനായി ആസ്വദിക്കുവാൻ ദൈവത്തിന് കഴിയുകയില്ല. അപരിമേയനും അപ്രാപ്യനുമായ ദൈവം ഇസ്രായേൽ വസിക്കുന്നിടത്താണ്. സ്വന്തം ജനമില്ലാതെ ജറുസലേമിൽ തനിച്ചു വസിക്കുവാൻ ദൈവത്തിനാവില്ല. ദൈവാലയത്തിന്റെ പ്രസക്തി മനുഷ്യവാസമുള്ളിടത്താണ്. തന്മൂലം യഹോവ സ്വന്തജനത്തെ തേടി വിപ്രവാസ ദേശത്തേക്ക് വന്നു.

"മനുഷ്യനെ കൂടാതെ ജീവിക്കാനാവാത്ത ദൈവം" എന്ന സങ്കല്പം യേശുവിൽ മാംസം ധരിച്ചിരിക്കുന്നു. ശ്രവിക്കുവാനും ദർശിക്കുവാനും അനുഭവിച്ചറിയുവാനും (1യോഹ1:1) മനുഷ്യനെ പ്രാപ്തനാക്കുന്ന ദൈവം അവതരിച്ചിരിക്കുന്നു. മണവാളനായ യേശു (യോഹ 3: 29)സദാ വധുവിനെ സ്നേഹിക്കുകയും അവൾക്കുവേണ്ടി സ്വയം സമർപ്പിക്കുകയും ചെയ്ത പ്രിയതമൻ (എഫേ 5: 26) അവളെ പരിപോഷിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നവൻ (എഫേ 5: 29) അതോടൊപ്പം അവിടുന്ന് പിതാവാണ് (യോഹ13: 33). അവിടുത്തെ സ്നേഹം അമ്മയുടേതിനേക്കാൾ ആർദ്രവുമാണ്. നല്ലിടയനായ യേശു (യോഹ 10: 7–18) വഴിതെറ്റിപ്പോയ അജഗണങ്ങളെ കണ്ടു കിട്ടുവോളം തേടിപ്പോകുന്നു. (ലൂക്ക 15: 4–7). കണ്ടെത്തിയ ശേഷം തോളിലേറ്റി മറ്റുള്ളവരെ വിളിച്ചുകൂട്ടി ആഹ്ളാദിക്കുന്നു. സ്വന്ത മാംസരക്തങ്ങൾ നല്കിയാണ് യേശു പുതിയ ഉടമ്പടിയുടെ ജനത്തെ തീറ്റിപോറ്റുക. രക്ഷകനായ യേശു സ്നേഹ കാരുണ്യങ്ങളുടെ അവതാരമായിത്തീ രുകയാണ്. "ബലിയല്ല കരുണയാണ് ഞാൻ ആഗ്രഹിക്കുന്നത്" (ഹോസി 6:6) എന്ന പ്രമേയത്തിന്റെവക്താവും പ്രതീകവുമായി യേശു തീരുകയാണ്.

മനുഷ്യൻ ദൈവത്തിന്റെ ഛായയും സാദൃശ്യവുമാണ്. ഈജിപ്തിലെ അടിമത്വത്തിൽ ആണ്ടുകിടന്ന ഇസ്രായേൽ ജനങ്ങളുടെ

കവിത

# അൾത്താര മെഴുകുതിരി

ഉരുകുന്നു ഞാൻ നിൻ അൾത്താര മുന്നിൽ
അനുദിനമങ്ങേക്കായി യേശുനാഥാ
സന്താപമേതുമേ നെഞ്ചകമണയാതെ
നിൻ മുമ്പിലിന്നുഞാൻ എരിഞ്ഞിടട്ടെ

എരിയുന്ന നേരത്ത് പൊഴിയുമെൻ മെഴുകണം
ജപമണി മാലയായ് നേദിച്ചിടാം
അർച്ചനാ നൈവേദ്യമാണെന്നീശോയേ
സ്വീകരിച്ചെന്നെയിന്നനുഗ്രഹിക്കൂ

മുറിയുന്നുവല്ലോ നീ അനുദിനമെൻമുമ്പിൽ
അൾത്താര സഹനത്തിന്റെ സങ്കേതമല്ലോ
അപ്പമായ് തീരുവാൻ -അനുദിനമഴിയുന്ന
നിന്നിലെൻ പ്രാണനും അലിഞ്ഞിടട്ടെ

തമസ്സിൻ വീഥിയിലുഴലുമെൻ
സഹചരെ നിൻ കൃപാവാരിയിൽ ചേർത്തണയ്ക്ക
കരിന്തിരിയാകാതെ എന്നെയും കാക്കണേ
നീ മാത്രമെന്നുമെൻ -ആശ്രയമേ



രചന: ഫാ. മാത്യു ചാർത്താക്കുഴിയിൽ
സംഗീതം : ഫാ: വിൽസൺ മേച്ചേരിൽ

ഇടയിലേക്ക് ദൈവം ഇറങ്ങി വന്ന് അവരുടെ സഹനത്തിലും സങ്കടത്തിലും പങ്കുപറ്റി അവരോടൊപ്പം ആയിത്തീർന്നു. അവർക്ക് ദേശം നൽകി, ദൈവാലയം നൽകി, തിരുസാന്നിദ്ധ്യം നല്കി അവിടുന്ന് തന്റെ ജനത്തിന്റെ ജീവിതത്തിൽ അലിഞ്ഞു ചേർന്നു. അവരുടെ സന്തോഷവും സന്താപവും, വിജയവും പരാജയവും തന്റേതാക്കി പകർത്തി. സർവ്വശക്തനായ ദൈവം പച്ചയായ മനുഷ്യന്റെ യാഥാർത്ഥ്യത്തിലേക്ക് ഇറങ്ങി വന്നു. അവൻ ദൈവമായിരുന്നിട്ടും അത് നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യനെപോലെ ആയിത്തീർന്നു (ഫിലിപ്പി 2: 7). ദൈവം നമ്മോടുകൂടെ-ഇമ്മാനുവേൽ ആയി. മനുഷ്യനോടുകൂടെ എന്നും വസിക്കുവാൻ അവൻ ദിവ്യകാരുണ്യമായി. അനുദിനം അവൻ മർത്യനുവേണ്ടി മുറിക്കപ്പെടുന്നു. തിരുവോസ്തിയിൽ അവിടുത്തെ തിരുമുഖം നാം ദർശിക്കുന്നു. ദിവ്യകൂദാശയായി അവൻ മനുഷ്യനിൽ അലിയുന്നു. കൂടെ നടന്നവൻ കുർബാനയാകുന്നു. മുറിച്ചു നല്കിയവന്റെ വേദന, രുചിക്കുന്നവൻ അറിയുന്നില്ല.

അതെ! മനുഷ്യനെപ്പോലെ സന്തോഷസന്താപങ്ങൾക്ക് അധീനനായ ദൈവം മനുഷ്യനെകൂടാതെ അവിടുത്തേക്ക് ജീവിക്കാനാവില്ല കാരണം, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം അത്രമാത്രം ലോകത്തെ സ്നേഹിക്കുന്നു. ഈ ദൈവം എല്ലാ മനുഷ്യർക്കും അനുയോജ്യനാണ്. ഈ ദൈവത്തെ കണ്ടെത്തിയാൽ അത്ഭുതാവഹമായ മാറ്റങ്ങൾ ലോകത്തിൽ സംഭവിക്കും. പ്രപഞ്ചം പറുദീസയായി മാറും. സ്വർഗ്ഗരാജ്യം ഭൂമിയിൽ ആഗതമാകും. ദൈവനാമം മഹത്വീകരിക്കപ്പെടും. മനുഷ്യനെ കൂടാതെ ജീവിക്കാനാവാത്ത ദൈവമുണ്ടെന്ന് തിരിച്ചറിഞ്ഞാൽ ദൈവത്തെകൂടാതെ മനുഷ്യനും അസ്ഥിത്വം ഇല്ലാ എന്ന് നാമും തിരിച്ചറിയും. കാരണം അവൻ വഴിയും സത്യവും ജീവനുമാകുന്നു.

**കുടുംബസദസ്**



# ക്രിസ്തീയ കുടുംബം ഭൂമിയിലെ സ്വർഗ്ഗം



ഫാ. മാത്യു ആലുംമൂട്ടിൽ

മലങ്കര കത്തോലിക്കാ സഭ 2019 ജൂലൈ 7-ാം തീയതി കുടുംബദിനമായി ആചരിക്കുകയാണ്. 2019 ഒക്ടോബറിൽ കൂടുവാനിരിക്കുന്ന രണ്ടാമത് സഭാ അസംബ്ലിയുടെ വിഷയം " കൃപ നിറയുന്ന കുടുംബങ്ങളിലേക്ക്" എന്നതാണ്. 2014 ലും 2015 ലും രണ്ടു സിനഡുകൾ റോമിൽ സമ്മേളിച്ചിരുന്നു. രണ്ടിന്റേയും വിഷയം ഒന്നായിരുന്നു—കുടുംബം. ഇവയെല്ലാം സൂചിപ്പിക്കുന്നത് ഈ കാലയളവിൽ കുടുംബങ്ങളെ വലിയ പ്രാധാന്യത്തോടെ സഭ കാണുന്നു എന്നതാണ്. അതിനാൽ സഭയോടു ചേർന്ന് ഈ കുടുംബ ദിനാചരണത്തിൽ ക്രിസ്തീയ കുടുംബത്തിന്റെ വിളി, ദൗത്യം, വെല്ലുവിളി എന്നിവയെപ്പറ്റി ഹ്രസ്വമായി ചിന്തിക്കുന്നത് അനുഗ്രഹീതമായിരിക്കുമെന്ന് കരുതുന്നു.

## കുടുംബം —അനാദിയിൽ

മൂന്നു ചിത്രങ്ങളാണ് ക്രിസ്തീയ കുടുംബത്തെപ്പറ്റി ചിന്തിക്കുമ്പോൾ മനസിൽ തെളിയുന്നത്. അവയിൽ ആദ്യത്തേതാണ് അനാദിയിലെ കുടുംബം. അത് ദൈവകുടുംബമാണ് — ഏക ദൈവത്തിലെ മൂന്നു ദൈവികാളുകളുടെ കൂട്ടായ്മയായ കുടുംബം. ദൈവം മൂന്നാളുകളുടെ കൂട്ടായ്മയാണെന്ന് യേശു തന്നെ വെളിപ്പെടുത്തിയ നിത്യസത്യമാണ്: "ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയയ്ക്കുന്ന സഹായകൻ, പിതാവിൽ നിന്നും പുറപ്പെടുന്ന ആ സത്യാത്മാവ്, വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം നൽകും (യോഹ: 15:26) . ദൈവനാമത്തിൽ ജനതകളെ സ്നാനപ്പെടുത്തുമ്പോൾ അത് "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ (മത്താ.28:20)" ആയിരിക്കണമെന്ന് യേശു പ്രത്യേകം നിഷ്ക്കർഷിക്കുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളുടെ പ്രവൃത്തികളെ നമ്മിൽ സമന്വയിപ്പിച്ചു പ്രസ്താവിക്കുന്നു: "പിതാവു സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു. അവിടുന്ന് മുൻകൂട്ടി അറിഞ്ഞവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കുന്നു. പരിശുദ്ധാത്മാവ് അവാച്യമായ നെടുവീർപ്പുകളാൽ നമുക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കുന്നു (റോമാ.8:6-30)". ക്രിസ്തീയ ദർശനത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവം സ്നേഹത്തിന്റെ കൂട്ടായ്മയും ക്രിസ്തീയ കുടുംബം

അതിന്റെ ഭൂമിയിലെ പ്രകാശനവുമാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഈ സത്യത്തിനുമേൽ വീശുന്ന വെളിച്ചം ഇപ്രകാരമാണ്: "ദൈവം അവിടുത്തെ അത്യഗാധ രഹസ്യത്തിൽ ഏകാന്തതയല്ല , പ്രത്യുത ഒരു കുടുംബമാണ്. എന്തെന്നാൽ അങ്ങിൽതന്നെ അവിടുത്തേക്ക് പിതൃത്വവും പുത്രത്വവും കുടുംബത്തിന്റെ സത്തയായ സ്നേഹവും ഉണ്ട്. ദൈവിക കുടുംബത്തിലെ ആ സ്നേഹമാണ് പരിശുദ്ധാ രൂപി. (1979 -ൽ മാർ ലോസ് ആഞ്ചലസിൽ വി.കുർബ്ബാന മദ്ധ്യേ മാർപാപ്പ ചെയ്ത പ്രസംഗത്തിൽ നിന്ന്). വിശുദ്ധ പൗലോസ് ശ്ലീഹാ ദൈവത്തിലെ ഈ ത്രമാന കൂട്ടായ്മ കുടുംബ ബന്ധങ്ങളിലെ പാരസ്പര്യത്തിൽ പ്രതിഷ്ഠിക്കുന്നത് ശ്രദ്ധേയമാണ്. ദമ്പതികളുടെ പരസ്പര സമർപ്പണത്തെ ക്രിസ്തുവിന് സഭയോടുള്ള ജീവാർപ്പണത്തിന്റെ മഹാ രഹസ്യത്തിൽ ഉൾച്ചേർക്കുന്നു (എഫേ.5:21-33). അതിനാൽ അത്യന്തികമായി പരിശുദ്ധ ത്രിത്വത്തിന്റെ കൂട്ടായ്മയിലേയ്ക്കുള്ള ദൈവവിളിയാണ് വിവാഹം. അതിൽ നിലനിൽക്കുവാനും ഭൂമിയിൽ പ്രകാശിതമാക്കുവാനുമുള്ള ദൗത്യമാണ് വിവാഹത്തിൽ ദമ്പതികൾ ഏറ്റെടുക്കുന്നത്. അത് മഹത്തരമാണ്. കാരണം, അതിന്റെ ആന്തരിക മനോഹാരിതയും മാഹാത്മ്യവും കുടുംബത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കിത്തീർക്കുന്നു.

### കുടുംബം —ആദിയിൽ

ആദിയിലെ കുടുംബം ഏദനിൽ ദൈവം സ്ഥാപിച്ച ആദ്യ കുടുംബമാണ്. ദൈവമാണ് കുടുംബസ്ഥാപകൻ. കുടുംബം അവിടുത്തെ മഹാദാനമാണ്. ദൈവത്തിന്റെ ഛായ (കൂട്ടായ്മ) യിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനിൽ സ്ത്രീയും പുരുഷനുമുണ്ട്. അവർ ഒരേപോലെ പരാമർശിക്കപ്പെട്ടിരിക്കുന്നത് (ഉല്പ.1: 27) ശ്രദ്ധേയമാണ്. ദൈവത്തിന്റെ സത്തയിലും പരസ്പരം സമത്വത്തിലുമാണ് അവർ സൃഷ്ടിതമായിരിക്കുന്നതെന്ന് അത് വ്യക്തമാക്കുന്നു. ആദം സൃഷ്ടികൾക്ക് മകുടമാണ്. എല്ലാ ജീവജാലങ്ങളുടെയും അധിപൻ എന്ന നിലയിൽ അവയ്ക്കെല്ലാം പേരിട്ടതും അവൻതന്നെ. പക്ഷെ അവൻ ഏകനാണെന്ന് ദൈവം കണ്ടു.അവന് മാത്രം സഹവാസത്തിന് യോജിച്ച ഇണയില്ല. ഇത് "നന്നല്ല" എന്നു പറഞ്ഞ ദൈവം കൂട്ടിച്ചേർത്തു: "അവന് ചേർന്ന ഇണയെ ഞാൻ നൽകും (ഉല്പ 2:18) . ദൈവം സ്ത്രീയെ നൽകുമ്പോൾ അവൾ — സൃഷ്ടികളിൽ അവൾ മാത്രം - അവന്റെ തന്നെ ഭാഗമാണെന്ന് അവൻ തിരിച്ചറിയുന്നു: " ഇതാ! എന്റെ അസ്ഥിയിൽ നിന്നുള്ള അസ്ഥിയും മാംസത്തിൽ നിന്നുള്ള മാംസവും". അവനു ചേർന്ന ഇണയെ കിട്ടിയിരിക്കുന്നു. ഇനിയും സഹവാസവും പാരസ്പര്യവും സാദ്ധ്യം! അവർ ഇരുവരും പൂർണ്ണരാക്കപ്പെട്ടിരിക്കുന്നു. ഓരോ വിവാഹത്തിലും സംഭവിക്കുന്നത് ഇതു തന്നെയാണ്. ഗ്രീക്ക് പുരാണം പരാമർശിക്കുന്നുണ്ട്: "ലോകാരംഭത്തിൽ സ്ത്രീയും പുരുഷനും ഏക വ്യക്തിയായിരുന്നു. അപ്പോൾ അവരുടെ ആഹ്ളാദത്തിന് അതിരുകളില്ലായിരുന്നു. അസൂയ പൂണ്ടവരുടെ പരാതിപ്രകാരം സിയൂസ് ദേവൻ മിന്നലയച്ച് അവരെ രണ്ടായി ഭേദിച്ചു കളഞ്ഞു. അന്നുമുതൽ ഇരുവരും തങ്ങളുടെ ഇണയെ തേടുകയാണ്". ഇതാ! ഓരോ വിവാഹത്തിലും ദൈവം യോജിച്ച ഇണയെ പരസ്പരം നൽകുന്നു. സ്ത്രീ പുരുഷ സ്നേഹത്തെ വിവാഹ കൂദാശ എന്ന ദൈവികപീഠത്തിൽ പ്രതിഷ്ഠിച്ച് ക്രിസ്തു അതിനെ അവിഭക്തമാക്കുന്നു: "ദൈവം യോജിപ്പിച്ചത് മനുഷ്യർ വേർപെടുത്താതിരിക്കട്ടെ . പുരുഷൻ മാതാവിനെയും പിതാവിനെയും വിട്ട് ഭാര്യയോട് ചേർന്നിരിക്കും. അവർ ഇരുവരും ഏക ശരീരമായിത്തീരും (മത്താ19:5,6)". ശരീരം ഏകമായിരിക്കുന്നിടത്ത് ആത്മാവും ഒന്നായിരിക്കും. അതിനാൽ ദമ്പതികൾക്കിടയിൽ രണ്ട് എന്നൊന്നില്ല. ഞാൻ, എന്റെ എന്ന സ്വത്വം നി, നിന്റെ എന്ന ജീവിത പങ്കാളിയുടെ സത്തയിൽ ലയിക്കുമ്പോഴാണ് വിവാഹത്തിന്റെ താളലയങ്ങൾ ശ്രുതി മധുരമാകുന്നത്. രണ്ട് അരുവികൾ വ്യത്യസ്ത വഴികളിലൂടെ ഒഴുകി ഒരു പുഴയായിത്തീർന്ന് സാഗരത്തിൽ സംഗമിക്കും പോലെ വ്യത്യസ്ത സ്ഥലങ്ങളിൽ ജനിച്ചുവളർന്ന രണ്ട് യുവമിഥുനങ്ങൾ ഹൃദയപൂർവ്വം പരസ്പരം ലയിച്ച് മരണം വേർപെടുത്തുംവരെ ഒന്നായി ജീവിക്കുന്ന വിവാഹബന്ധം എത്ര ശ്രേഷ്ഠമാണ്. ദമ്പതികൾക്ക് ഒരേ ലക്ഷ്യം, ഒരേ പ്രത്യാശ, ഒരേ ശുശ്രൂഷ, ഒരേ അനുഷ്ഠാനം, ഒരേ അഭിവാഞ്ഛ, ഒരേ ജീവിത സരണി. ഒരേ ശരീരത്തിൽ രണ്ടുപേരായ അവർ സഹവർത്തിതരും സഹശുശ്രൂഷകരുമാണ്. അവരുടെ ജീവിതത്തിന്റെ ശ്രേഷ്ഠത വർണ്ണനാതീതമെന്ന് ആദിമസഭയിലെ പണ്ഡിതനായ തെർത്തുല്യൻ പ്രസ്താവിക്കുന്നു: "ദൈവത്താൽ വിളിക്കപ്പെട്ടതും സ്വർഗ്ഗത്താൽ സാക്ഷ്യപ്പെടുത്തപ്പെട്ടതും മാലാഖമാരാൽ വിളംബരം ചെയ്യപ്പെട്ടതും സഭയാൽ സംയോജിക്കപ്പെട്ടതും അനുഗ്രഹങ്ങളാൽ മുദ്രവയ്ക്കപ്പെട്ടതുമായ വിവാഹത്തിന്റെ അതുല്യ മഹത്വത്തെ എങ്ങനെ വർണ്ണിക്കാനാവും? അത് ദമ്പതികൾ ജീവിച്ചനുഭവിക്കേണ്ടതാണ്. അവരുടെ കുടുംബം കാണുന്നവർക്ക് " ഇവിടെയാണ് ദൈവം വസിക്കുന്നത്. ഇവിടമാണ് ഭൂമിയിലെ സ്വർഗ്ഗം" എന്നു പറയുവാൻ സാധിക്കണം. ഇത് കേവലം കാൽപനികമായ സ്വപ്നാശംസയല്ല. പ്രായോഗികമായി നിറവേറിയ യാഥാർത്ഥ്യമാണ്.ആദിമ സഭയിലെ കുടുംബം കണ്ടിട്ട് മറ്റുള്ളവർ പ്രകീർത്തിച്ചു: "നോക്കൂ: അവർ എങ്ങിനെ പരസ്പരം സ്നേഹിക്കുന്നു". അന്ന്, പരസ്പരം സ്നേഹിച്ചും പങ്കുവച്ചും ആഹ്ളാദിച്ചും ദൈവകൂട്ടായ്മയുടെ പരമമായ പാരസ്പര്യത്തിന്റെ ജീവിതം നയിച്ച ഓരോ കുടുംബവും വിവാഹവേദിയിൽ തെളിക്കുന്ന ഭദ്രദീപം പോലെ ലോകത്തിൽ പ്രകാശിതമായിരുന്നു. വിവേകവതികളുടെ കരങ്ങളിൽ എണ്ണ വറ്റാതെ തെളിഞ്ഞു നിൽക്കുന്ന വിളക്കുപേലെ ദമ്പതികൾ തങ്ങളുടെ കുടുംബത്തെ പ്രകാശിതമാക്കുമ്പോൾ അത് ഭൂമിയിലെ സ്വർഗ്ഗമായിത്തീരുന്നു .

### കുടുംബം —തിരുക്കുടുംബമാതൃകയിൽ

നസ്രത്തിലെ യേശുവിന്റെ കുടുംബമാണ് ക്രിസ്തീയ കുടുംബങ്ങളുടെ രൂപമാതൃക. വിശുദ്ധനായ യൗസേപ്പും ദൈവമാതാവായ മറിയവും ദൈവം തന്നെയായ യേശുവും ചേർന്ന് കെട്ടിപ്പടുത്ത ഭൂമിയിലെ സ്വർഗ്ഗഭവനം. കമനീയവും പ്രശാന്തവുമായ ഭാവങ്ങളാണ് തിരുക്കുടുംബ ചിത്രങ്ങളിൽ കാണുന്നത്. എന്നാൽ പ്രതിസന്ധികളുടെ പരമ്പര നേരിട്ടു മുന്നോട്ടു നീങ്ങിയതാണ് തിരുക്കുടുംബത്തിന്റെ യഥാർത്ഥ ചിത്രം. തന്റേതല്ലാത്ത കുഞ്ഞിനെ ഗർഭം ധരിച്ചതായി കാണപ്പെടുന്ന പ്രതിശ്രുത വധുവിനെ ഉപേക്ഷിക്കാൻ ഒരുങ്ങുന്ന വരൻ. തുടങ്ങുംമുമ്പുതന്നെ തകരുന്ന ജീവിതം. പ്രശ്നപരിഹാരത്തിന് സ്വർഗ്ഗം മാലാഖയെ അയക്കേണ്ടിവന്നു. ശിശു ജനിക്കുന്നതോടെ , വധിക്കുവാൻ കൽപനയിടുന്ന രാജാവ് . രാത്രിയുടെ മറവിൽ അദ്ഭുത ശിശുവിനെയും കൈകളിലേന്തി ഈജിപ്തിലേക്കോടേണ്ടിവന്ന മാതാപിതാക്കൾ. ദൈവാഹ്വാന പ്രകാരം പ്രവാസം മതിയാക്കി തിരിച്ചുവരുന്നതാകട്ടെ, ജന്മനാടിനു വെളിയിൽ മറ്റൊരു മറുനാട്ടിൽ -നസ്രത്തിൽ. 12-ാം വയസ്സിൽ ദൈവാലയത്തിൽ യേശുവിനെ കാണാതെപോയ മാതാപിതാക്കളുടെ വേദന ഹൃദയഭേദകമാണ്. 8-ാം ദിവസം യേശുവിന്റെ ദൈവാലയ സമർപ്പണ സമയം മറിയത്തെ നോക്കി ഭക്തനായ ശെമയോൻ പ്രവചിച്ചത് ഒന്നൊന്നായി നിറവേറുകയാണ്: " നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടന്നുപോകും". വാൾ കടന്ന് ഹൃദയം തകർന്നപ്പോഴൊന്നും മറിയത്തിന് പരാതിയില്ല. പരിഭവമില്ല, ധ്യാനമനനങ്ങൾ മാത്രം. മൗന സങ്കീർത്തനം പോലെ! എല്ലാം കുടുംബത്തിനു വേണ്ടി. കുരിശിൽ മരണമില്ലാത്ത ദൈവമായ തന്റെ അരുമ മകൻ മരിക്കുന്നത് ആ അമ്മ ചാരെ നോക്കിനിന്നു. ശരീരത്തിൽ യേശു അനുഭവിച്ചത് ഹൃദയത്തിൽ അമ്മ ഏറ്റുവാങ്ങി. മരിച്ച ശരീരം മടിയിൽ കിടത്തി മകന്റെ മുഖത്തേക്കു നോക്കിയപ്പോൾ മറിയത്തിന്റെ കണ്ണുകളിൽ ഘനീഭവിച്ച കണ്ണു നീർത്തുള്ളികളിൽ കുടുംബത്തിനുവേണ്ടി കണ്ണുനീരൊഴുക്കുന്ന സകലരുടെയും സങ്കടങ്ങളുടെ സാന്ദ്രതയുണ്ട്.മറിയത്തിന്റെ മഹാസഹനവും യൗസേപ്പിന്റെ സംരക്ഷണവും യേശുവിന്റെ വിധേയത്വവും കുടുംബത്തിലെ ദൈവോന്മുഖതയും കഠിനാദ്ധ്വാനവും ചിട്ടയും ക്രമവും സ്നേഹവും ലാളിത്യമാർന്ന ജീവിതശൈലിയുമാണ് നസ്രത്തിലെ കുടുംബത്തെ തിരുക്കുടുംബമാക്കിയത് .നമ്മുടെ കുടുംബത്തേയും തിരുകുടുംബമാക്കുവാൻ - ഭൂമിയിലെ സ്വർഗ്ഗമാക്കുവാൻ- മറ്റു മാർഗ്ഗങ്ങളില്ല

### കുടുംബം — പ്രാർത്ഥനയിൽ

നസ്രത്തിലെ കുടുംബത്തിൽ യേശു നേരിട്ട് സന്നിഹിതനായിരുന്നു. ഇന്ന് നമ്മുടെ

ഭവനങ്ങളിൽ യേശുസാന്നിദ്ധ്യം ഉണ്ടാകുന്നത് പ്രാർത്ഥന വഴിയാണ്. "ഒരുമിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ചു വളരുന്നു." എന്നത് ഫാ. പെയ്റ്റൻ എന്ന പാശ്ചാത്യ മിഷനറി നമ്മെ പഠിപ്പിച്ച സുവർണ്ണപാഠമാണ്. പ്രഭാത സ്തുതികളും സന്ധ്യാരാധനയും കൊണ്ട് ഭവനങ്ങൾ അലംകൃതമായിരുന്നു. ഗാർഹിക സഭയുടെ അവിരാമമായ പ്രാർത്ഥനയാണ് ഭാരത സഭയുടെ കെട്ടുറപ്പിനും വളർച്ചക്കും നിദാനമായിരുന്നതെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് പ്രസ്താവിക്കുകയുണ്ടായി. ലോകത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്ന് അവിടെ സന്നിഹിതരായിരുന്നവർ അതെപ്പറ്റി അതിശയിക്കുകയും പ്രശംസിക്കുകയും ചെയ്തു. ലോകം നമിച്ച ആ ശ്രേഷ്ഠ പാരമ്പര്യത്തിന് ഇന്നിതാ കോട്ടം തട്ടിയിരിക്കുന്നു. ബ്രസീലിലെ റിയോഡി ജെനീറോയിൽ 1876-ൽ ഒരു വിവാഹം നടന്നു. ജെറോനിമോയും സീലിയയും ആയിരുന്നു ദമ്പതികൾ. യഥാക്രമം എഞ്ചിനീയറും അഭിഭാഷകയുമായ സമ്പന്നർ. ദൈവവും പ്രാർത്ഥനയും കുടുംബങ്ങളിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ട കാലയളവിൽ അവർ ഇരുവരും ദൈവത്തെ കൂട്ടുപിടിച്ച് പ്രാർത്ഥനയിലൂടെ വിശുദ്ധി പ്രാപിക്കാനുള്ള മാർഗ്ഗമായി കുടുംബജീവിതം ആരംഭിച്ചു. അവർക്ക് 13 മക്കൾ ജനിച്ചു. കുടുംബാംഗങ്ങൾക്ക് ഒരു കാര്യത്തിൽ മാത്രമേ മത്സരം ഉണ്ടായിരുന്നുള്ളു. കൂടുതൽ സമയം പ്രാർത്ഥിക്കുന്നതിൽ, കൂടുതൽ വിശുദ്ധി നേടുന്നതിൽ. തത്ഫലമായി മക്കളിൽ 3 പേർ വൈദികരായി. 3 പേർ സന്യസ്തരും. മാതാപിതാക്കൾ ദൈവദാസരായി ഉയർത്തപ്പെട്ടു. അവരുടെ വിശുദ്ധ പദവിയിലേക്കുള്ള സഭയുടെ നാമകരണ നടപടി തുടരുന്നു. പ്രാർത്ഥനയിലും വിശുദ്ധിയിലും നിഷ്ഠവെച്ച കുടുംബത്തിന്റെ ഔന്നത്യം! കൊച്ചുത്രേസ്യാ പുണ്യവതിയുടെ കുടുംബം സുവിദിതമാണല്ലോ. ബാല്യത്തിൽ തന്നെ തന്റെ മാതാപിതാക്കളെ പ്പറ്റി അവൾ പറഞ്ഞത് ഇപ്രകാരമാണ്: ''അവർ പ്രാർത്ഥിക്കുന്നത് മാലാഖമാർ പ്രാർത്ഥിക്കുന്നതുപോലെയാണ്". അത് കണ്ട് പ്രാർത്ഥിക്കുവാൻ പഠിച്ച കൊച്ചുത്രേസ്യയും, അപ്രകാരം പ്രാർത്ഥിച്ച മാതാപിതാക്കളും ഒരുപോലെ വിശുദ്ധരായിത്തീർന്നു. പ്രാർത്ഥന കുടുംബത്തെ വിശുദ്ധിയിലേക്ക് നയിക്കുന്നു; ഭൂമിയിലെ സ്വർഗ്ഗമാക്കുന്നു.

### കുടുംബം -ആരാധനയിൽ

കുടുംബാരാധന പൂർണ്ണമാകുന്നത് അൾത്താരയിലെ ആരാധനയിലാണ്. വിശുദ്ധ കുർബാന ജീവിതത്തിന്റെ അടിസ്ഥാനവും മകുടവുമാണല്ലോ. അടിസ്ഥാനത്തിനു കോട്ടം തട്ടിയാൽ മകുടം തകിടം മറിയും. സർവതും തകരും. തിരുക്കുടുംബത്തിലെ യേശുസാന്നിദ്ധ്യം പോലെ നമ്മുടെ കുടുംബങ്ങളിൽ യേശു സന്നിഹിതമാകുന്നതിനുള്ള സുവർണ്ണ മാർഗ്ഗമാണ് വിശുദ്ധ കുർബാനയും ദിവ്യകാരുണ്യ സ്വീകരണവും. പുനരൈക്യ പ്രസ്ഥാനം അതിന്റെ 100-ാം വാർഷികം ആഘോഷിക്കുവാൻ ഒരുങ്ങുന്ന ഈ കാലയളവിൽ ഒരു കുടുംബത്തിൽ നിന്ന് ഒരാളെങ്കിലും ദിവസേന വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നത് ഉത്തമമായിരിക്കും. ഇപ്പോൾ അനേകം കുടുംബങ്ങൾ അങ്ങിനെ സംബന്ധിക്കുന്നുണ്ടല്ലോ. എല്ലാ കുടുംബങ്ങളും അനുദിനം കുർബാനയുടെ ശക്തിബലം കൊണ്ട് നിറയുകയും സ്നേഹാഗ്നിയിൽ ജ്വലിക്കുകയും ചെയ്യുന്നത് ഭൂമിയിൽ സ്വർഗ്ഗം തീർക്കുന്നതിന് സഹായകമായിരിക്കും. 1194- ൽ ജർമ്മനിയിൽ ഔഗ്സ്ബർഗ്ഗിലെ ഒരു വീട്ടിൽ വിശുദ്ധ കുർബാനയോട് വലിയ ഭക്തിയുള്ള ഒരു വീട്ടമ്മ ജീവിച്ചിരുന്നു. ആഗ്രഹിക്കുമ്പോഴെല്ലാം വീട്ടിൽ വച്ച് ദിവ്യകാരുണ്യ നാഥന്റെ മുമ്പാകെ പ്രാർത്ഥിക്കണമെന്ന് അവൾ ആഗ്രഹിച്ചു. അതിനായി ഒരു തിരുവോസ്തി കരസ്ഥമാക്കുന്നതിൽ അവൾ വിജയിക്കുകയും ചെയ്തു. അത് മെഴുകുചെപ്പിൽ അടച്ച് വീട്ടിലെ ചില്ലലമാരയിൽ ഭദ്രമായി സൂക്ഷിച്ചു. വീടിന് അവർ 'അപ്പ' ത്തിന്റെ ഭവനം എന്ന് പേരു നൽകി. ക്രിസ്തുവിനൊപ്പം ഭവനത്തിൽ ജീവിക്കുമ്പോൾ അത് ഭൂമിയിലെ സ്വർഗ്ഗമാകുമെന്ന് അവർ അനുഭവിച്ചറിഞ്ഞു. കുടുംബം ആനന്ദഭരിതവും അനുഗ്രഹീതവുമായിത്തീർന്നു. ഏതാനും മാസങ്ങൾക്കുശേഷം തിരുവോസ്തി പരിശോധിക്കേണ്ടിവന്നപ്പോൾ രക്തമെലിക്കുന്ന യേശു-മാംസമായി അത് മാറിക്കഴിഞ്ഞിരുവെന്നു കണ്ടെത്തി. ദിവ്യകാരുണ്യ ഭക്തനായ ദൈവദാസൻ ഫുൾട്ടൻജെ ഷൻ തിരുമേനി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്: " വിശുദ്ധ കുർബാനയിൽ നിന്ന് കുടുംബങ്ങളിലേക്ക് ദൈവിക ജ്ഞാനവും വിശുദ്ധിയും സ്നേഹവും ഒഴുകിയെത്തുന്നു." വിശുദ്ധ കുർബാന വഴി യേശു കുടുംബങ്ങളിൽ ജീവിക്കുന്ന പ്രധാന വ്യക്തിയായിത്തീരട്ടെ. അങ്ങിനെ കുടുംബം ഭൂമിയിലെ സ്വർഗ്ഗമാകട്ടെ.

### കുടുംബം - വിശുദ്ധിയിൽ

2021 ജൂൺ 23 മുതൽ 27 വരെ റോമിൽ ലോക കുടുംബ സമ്മേളനം കൂടുകയാണ്. അതിന്റെ പ്രമേയം "കുടുംബത്തിലെ സ്നേഹം വിശുദ്ധിയിലേക്കുള്ള വിളിയും പാതയും" എന്നതായിരിക്കുമെന്ന് ഫ്രാൻസിസ് മാർപാപ്പ നിശ്ചയിച്ചിരിക്കുന്നു. സഭയുടെ സമാകർഷക പുണ്യമായ വിശുദ്ധിയുടെ ലെൻസിലൂടെ കുടുംബജീവിതത്തെ നോക്കി കാണാനാവും പ്രസ്തുത സമ്മേളനം ശ്രമിക്കുക. വിവാഹ കൂദാശയിൽ ദമ്പതികൾ ഏറ്റെടുത്തിരിക്കുന്ന കടമ കുടുംബത്തെ വിശുദ്ധിയിൽ പടുത്തുയർത്തുക എന്നതാണല്ലോ. അവരെ നോക്കി സഭ പ്രാർത്ഥിക്കുന്നു: " ലില്ലി പുഷ്പങ്ങളെക്കാൾ സൗരഭ്യമേറിയ പരിപാകതയാൽ തങ്ങളുടെ മനഃസാക്ഷിയെ നയിക്കുവാൻ ഇവർക്ക് ഇടയാകട്ടെ. പാവനമായ വിവാഹത്തിന്റെ നിർമ്മലപാതയെ നശിപ്പിക്കുന്ന ദുഷ്ടാത്മാക്കളിൽ നിന്ന് ദൈവം ഇവരെ സംരക്ഷിക്കട്ടെ". വിശുദ്ധി എന്ന ചിന്ത അപ്രത്യക്ഷമാകുകയും അശുദ്ധിയാൽ ഭൂമിയുടെ മുഖം കറുത്തിരുളുകയും ചെയ്യുന്ന ഈ ആസുരകാലത്തിൽ കുടുംബങ്ങളെ വിശുദ്ധിയിൽ വളർത്തേണ്ടതുണ്ട്. ദമ്പതികൾ ഇക്കാര്യത്തിൽ ശ്രദ്ധ തിരിക്കട്ടെ.

വിയറ്റ്നാമിൽ സൈഗണിലെ മെത്രാനായിരുന്ന ഫ്രാൻസിസ് സേവ്യർ ങ്ഗുയെൻ വാൻ ത്വാൻ തിരുമേനിയെ മതപീഡനത്തിനിരയാക്കി കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് 13 വർഷത്തേക്ക് ജയിലിലടച്ചു.പീഡന നടുവിൽ തിരുമേനി നൽകുന്ന നല്ലൊരു സാക്ഷ്യം ഉണ്ട്: ''ജീവിതം നെയ്തിരിക്കുന്നത് ഓരോ സെക്കന്റു കൊണ്ടാണ്. അതിനാൽ ഓരോ സെക്കന്റും ഞാൻ വിശുദ്ധീകരിക്കും. ജയിൽമോചനം വരെ കാത്തുനിൽക്കില്ല. അടുത്ത സെക്കന്റിലേക്ക് മാറ്റിവയ്ക്കുകയുമില്ല. അതിനാണ് ഭവനത്തിൽ എന്റെ അമ്മ എന്നെ പഠിപ്പിച്ചത്. എന്റെ ജീവിതം യേശുവിനോടുള്ള വിശുദ്ധവും നവീനവും ശാശ്വതവും നിരന്തരവുമായ ഒരു ഉടമ്പടിയാണെന്ന് ബാല്യത്തിൽതന്നെ അമ്മയിൽനിന്ന് ഞാൻ പഠിച്ചു. അവൾ എന്നെ ഗർഭം ധരിച്ചതു മുതൽ പഠിപ്പിക്കാൻ തുടങ്ങിയെന്നാണ് പറഞ്ഞുകേട്ടിട്ടുള്ളത്. ഞങ്ങൾ കുട്ടികൾ ഉറങ്ങിയിരുന്നത് അമ്മ പറഞ്ഞ ബൈബിൾ കഥകളും രക്തസാക്ഷികളുടെ വീരചരിതവും മൃദുസംഗീതം പോലെ കേട്ടുകൊണ്ടാണ്.വിശ്വാസഘാതകരാൽ കൊല ചെയ്യപ്പെട്ട സ്വന്തം മക്കളെ സംസ്കരിച്ച ധീരവനിതയായിരുന്നു എന്റെ അമ്മ. ഘാതകർക്ക് മാപ്പു നൽകി അവരെ സ്നേഹത്തോടെ സ്വാഗതം ചെയ്തിരുന്ന ഞങ്ങളുടെ കുടുംബം ജീവിക്കുന്ന സുവിശേഷം തന്നെയായിരുന്നു".

"ആനന്ദിച്ച് ആഹ്ലാദിക്കുവിൻ'' എന്ന അപ്പോസ്തലിക ഉദ്ബോധനം വഴി ഫ്രാൻസിസ് മാർപാപ്പ എല്ലാവരെയും വിശുദ്ധിയിൽ ജീവിക്കാൻ വിളിക്കുന്നു. വിശുദ്ധി ആർക്കോ വേണ്ടി സംവരണം ചെയ്യപ്പെട്ടിട്ടില്ല. മാമോദീസാ സ്വീകരിച്ച സകലരും വിളിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധിയിലേക്കാണ്. "തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ" (എഫേ: 1:4) കർത്താവ് മാമോദീസാ വഴി ഓരോരുത്തരേയും തിരഞ്ഞെടുത്തിരിക്കുന്നു. ദൈവം ആദിയിൽ തന്നെ നൽകിയ ആഹ്വാനമാണിത്. "എന്റെ മുമ്പിൽ കുറ്റമറ്റവനായി വർത്തിക്കുക (ഉല്പ 17:1)". കുടുംബങ്ങളുടെ സർവാകർഷകമുഖമായി മാർപാപ്പ വിശുദ്ധിയെ അവതരിപ്പിക്കുന്നു. വിശുദ്ധിപോലെ അതിന്റെ അവതരണവും ലളിതസുന്ദരമാണ്. ഒരുദാഹരണം നോക്കൂ: ഒരു സ്ത്രീ സാധനങ്ങൾ വാങ്ങാൻ പോകുന്നു. അയൽക്കാരിയെ കാണുന്നു. സല്ലാപം ആരംഭിക്കുകയായി. ആരെയും പറ്റി മോശം പറയില്ലെന്ന് ആദ്യ സ്ത്രീ മനസ്സിൽ തീരുമാനിക്കുന്നു. അത് വിശുദ്ധിയ്ലേക്കുള്ള ചുവടുവയ്പാണ്. ക്ഷീണിച്ചു വീട്ടിൽ തിരിച്ചെത്തുമ്പോൾ കുട്ടികളിലൊരാൾ സംസാരിക്കാൻ



കാത്തുനിൽക്കുന്നു. ക്ഷീണിതയെങ്കിലും ക്ഷമയോടും സ്നേഹത്തോടും കൂടി അവനെ ശ്രവിക്കുന്നു. വിശുദ്ധിയുടെ രണ്ടാം പടവ് അവൾ കയറിയിരിക്കുന്നു. പിന്നീട് അവൾ ഉത്കഠാകുലയായപ്പോൾ കന്യകാമറിയത്തെ അനുസ്മരിച്ച് ജപമാല ചൊല്ലുന്നു. അവൾ വീണ്ടും വിശുദ്ധിയിൽ പുരോഗമിക്കുന്നു. തെരുവോരത്ത് കണ്ടുമുട്ടിയ പാവപ്പെട്ട ഒരാളെ അവൾ സാന്ത്വനപ്പെടുത്തുന്ന കാഴ്ചയാണ് പിന്നീട് കാണുന്നത്. വിശുദ്ധിയുടെ അടുത്ത പടവിൽ അവൾ കടന്നിരിക്കുന്നു. ജീവിതത്തിലെ സാധാരണ കാര്യങ്ങൾ അസാധാരണ സ്നേഹത്താൽ പരിപൂർണ്ണമാക്കാൻ ശ്രമിച്ചാൽ എല്ലാവർക്കും വിശുദ്ധി പ്രാപിക്കാം; കുടുംബത്തെ ഭൂമിയിലെ സ്വർഗ്ഗമാക്കാം.

### കുടുംബം-സമൂഹ സൃഷ്ടിയിൽ

വീടിന്റെ മൂലക്കല്ല് എന്നതുപോലെയാണ് സമൂഹത്തിന്റെ അടിസ്ഥാന ഘടകമായി കുടുംബം വർത്തിക്കുന്നത്. സമൂഹ വളർച്ചയ്ക്കാവശ്യമായ എല്ലാ മൂല്യങ്ങളും വളർത്തിയെടുക്കുന്നത് കുടുംബത്തിലാണ്. അതിൽ രൂപം കൊള്ളുന്ന നന്മകളുടെ നിറവും സൗന്ദര്യവുമാണ് സമൂഹത്തെ നിറച്ചാർത്തുള്ളതും സുഗന്ധ പുരിതവും ആക്കിത്തീർക്കുക-പുഷ്പാലംകൃതമായ ഒരുദ്യാനം പോലെ!കുടുംബനാഥന്റെ പ്രധാന ദൗത്യം മക്കളെ സമൂഹത്തിൽ മാതൃകാ വ്യക്തികളാക്കി വളർത്തുക എന്നതാണ്. കുടുംബം എങ്ങിനെയോ അങ്ങിനെ തന്നെ സഭയും സമൂഹവും രാഷ്ട്രവും. വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുന്നു. "ഒരമ്മ കുഞ്ഞിനു ജന്മം നൽകുമ്പോൾ തലമുറകളിലേക്കു കൈമാറുന്ന സമൂഹ നന്മകൾക്കു കൂടിയാണ് ജന്മം നൽകുന്നത്. ഇന്നു നാം എത്തിച്ചേർന്നിരിക്കുന്ന സംസ്കാരം അമ്മമാർ വളർത്തിയെടുത്ത സംസ്കൃതിയാണ്." മനുഷ്യമഹത്വത്തിനു മേൽ നടക്കുന്ന ഒറ്റപ്പെട്ട ആഘാതം പോലും നമ്മുടെ ഹൃദയത്തിന് എത്ര നോവും നൊമ്പരവുമാണ് ഉളവാക്കുന്നത് കാരണം, അമ്മമാർ നമ്മിൽ വളർത്തിയ ഹൃദയനന്മയുടെ മേലുള്ള കടന്നുകയറ്റമാണ് അവ ഓരോന്നും. അമ്മമാർ 'മാതൃത്വത്തിന്റെ രക്തസാക്ഷിത്വം' വരിച്ചു കൊണ്ടാണ് സമൂഹത്തിനു കൊള്ളാവുന്നവരായി മക്കളെ വളർത്തി വലുതാക്കുന്നത്. വ്യക്തി എന്നാൽ വിഭജിക്കാനാവാത്തത് എന്നർത്ഥം. എന്നാൽ നമ്മുടെ അമ്മമാരാകട്ടെ, ഗർഭധാരണം മുതൽ കുഞ്ഞിനു വേണ്ടി സ്വയം വിഭജിക്കുകയാണ്. സ്വയം നൽകുകയാണ്. സമ്പൂർണ്ണമായി സമർപ്പിക്കുകയാണ്. അതുതന്നെയാണ് അവരുടെ മാതൃത്വ രക്തസാക്ഷിത്വവും . അമ്മമാരില്ലാത്ത കുടുംബവും സമൂഹവും അപമാനവത്ക്കരിക്കപ്പെട്ട കുടുംബവും സമൂഹവുമാണ്. അതിനാൽ കുടുംബവും സമൂഹവും ഒരുപോലെ അമ്മമാർക്ക് സ്തുതിഗീതം പാടി അവരെ നമിക്കുവാൻ കടപ്പെട്ടിരിക്കുന്നു.

### കുടുംബം — വെല്ലുവിളികളിൽ

കുടുംബം ഇന്ന് അനേകം വെല്ലുവിളികൾ നേരിടുന്നുണ്ട്. അവയിൽ ഏറ്റം പ്രധാനം ഏതെന്ന് കുടുംബത്തെപ്പറ്റി അധികം പഠിപ്പിച്ചിട്ടുള്ള വിശുദ്ധ ജോൺ പോൽ രണ്ടാമൻ മാർപാപ്പ പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്ഃ "ഇന്ന് ലോകത്തിൽ അജ്ഞതയുണ്ട്, ദാരിദ്ര്യമുണ്ട്, പ്രകൃതിക്ഷോഭമുണ്ട്, അനീതിയും അക്രമവും ഭീകരാക്രമണവും യുദ്ധവുമുണ്ട്. കമ്പോളസംസ്കാരവും ആഡംബരംത്വരയും മാദ്ധ്യമ വേട്ടയുമുണ്ട്. സ്വാർത്ഥതയും സുഖാഭിവാഞ്ചയും പാരസ്പര്യ നിരാസവുമുണ്ട്. എന്നാൽ ഇവയെക്കാളെല്ലാം വലിയ വെല്ലുവിളിയാണ് ക്രിസ്തീയ കുടുംബങ്ങളെ ക്രിസ്തുവിന് അനുരൂപമാക്കി വളർത്തുക എന്നുള്ളത്. മറ്റു വെല്ലുവിളികളെല്ലാം ഈ മഹാ വിപത്തിന്റെ ഉല്പന്നങ്ങളാണ്. അതിനാൽ ദമ്പതിമാരേ, വിവാഹത്തിനൊരുങ്ങുന്ന യുവജനങ്ങളേ, നിങ്ങളുടെ കുടുംബങ്ങളെ ക്രിസ്തുവിന് അനുരൂപമായി വളർത്തുവാൻ ധീരതയോടെ പരിശ്രമിക്കുവിൻ. നിങ്ങളുടെ ഹൃദയങ്ങളെ മഥിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും മതിയായ ഉത്തരം ക്രിസ്തുവാണ്. ക്രിസ്തുവും അവിടുത്തെ അമ്മയും കാനാവിലെ വിവാഹഭവനത്തിലെന്നതുപോലെ കുടുംബങ്ങളിൽ ഉണ്ടെങ്കിൽ കൽഭരണികളിലെ പുതുവീഞ്ഞുപോലെ മേൽത്തരം കൃപകളാൽ ഭവനവും സമൂഹവും അനുഗൃഹീതമാവും. അത് സ്വർഗ്ഗം ഭൂമിക്കുമേൽ ചൊരിയുന്ന കൃപാ വർഷമാണ്. ഫ്രാൻസീസ് മാർപാപ്പായുടെ ചിന്തോദ്ദീപകവും ജീവയോഗ്യവുമായ ഒരുദ്ധരണിയോടെ ഉപസംഹരിക്കട്ടെഃ "സ്വർഗ്ഗത്തിൽ ദൈവത്തെക്കുറിച്ചുള്ള അനന്തധ്യാനത്തിൽ പൂർത്തീകരിക്കപ്പെടുന്ന ജീവിതത്തിന്റെ തുടക്കം നമ്മുടെ ഭൂമിയിലെ സ്വർഗ്ഗമായ കുടുംബത്തിലാണ്."



# ദൈവത്തേയും ദൈവജനത്തേയും ഒരുപോലെ സ്നേഹിച്ച കുരിശുമല റമ്പാച്ചൻ...'



**റവ. ഫാ. സെബാസ്റ്റ്യൻ ജോൺ കിഴക്കേതിൽ (സിബി അച്ചൻ)**

ദൈവത്തേയും ദൈവജനത്തേയും ഒന്നുപോലെ ഉപാസിച്ച പുരോഹിതനാണ് കുരിശുമല റമ്പാച്ചൻ. അതിനാൽതന്നെ, ദൈവവചനം ദൈവജനത്തിന് പങ്കുവെച്ചു കൊടുക്കാൻ കാണിച്ചിരുന്ന അതേ തീക്ഷ്ണത ഇടവക ജനങ്ങളുടെയും നാടിന്റെയും ആധ്യാത്മികവും ഭൗതീകവുമായ വിവിധ ആവശ്യങ്ങൾ അറിഞ്ഞ് പരിഹരിക്കുന്നതിലും അദ്ദേഹം കാണിച്ചു.

പൗരോഹിത്യ കൂട്ടായ്മയെയും വൈദീകർ തമ്മിലുള്ള പരസ്പര ബന്ധത്തെയും അത്യധികം ഇഷ്ടപ്പെട്ടിരുന്ന റമ്പാച്ചൻ ശാരീരികമായ അസ്വസ്ഥതകൾ ഉണ്ടെങ്കിലും ഒരിക്കലും പുരോഹിത കൂട്ടായ്മകൾ മുടക്കിയിരുന്നില്ല. സഹോദരൻമാർ ഒരുമിച്ചു വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണെന്ന സങ്കീർത്തനവാക്യം അതിന്റെ തനിമയിൽ, വൈദീകകൂട്ടായ്മായിൽ ജീവിക്കാൻ പരിശ്രമിച്ചയാളായിരുന്നു റമ്പാച്ചൻ. ഡിസംബർ മാസത്തിൽ അഭിവന്ദ്യ ക്രിസോസ്റ്റം പിതാവ് വിളിച്ചു കൂട്ടിയിരുന്ന വൈദീകരുടെ സ്നേഹകൂട്ടായ്മയിലെ ആകർഷണീയത വിവിധ ഭാഷകളിലുള്ള റമ്പാച്ചന്റെ ശ്രുതിമധുരമായ കരോൾ ഗാനങ്ങളായിരുന്നു.

റമ്പാച്ചന് എല്ലാ കാര്യങ്ങളിലും കൃത്യമായ നിലപാടുകൾ ഉണ്ടായിരുന്നപ്പോഴും തന്റെ അടുത്ത് വന്നിരുന്ന ഏവരെയും സ്നേഹാദരവുകളോടെ സ്വീകരിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. അതിനാൽ തന്നെ കുമ്പഴയിൽ വിശ്രമിക്കുമ്പോഴും റമ്പാച്ചന്റെ സ്നേഹാദരവുകൾ ഏറ്റുവാങ്ങിയ ഇടവകമക്കൾ അദ്ദേഹത്തെ സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ചിരുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന് പുനരൈക്യത്തിന്റെ ആദ്യനാളുകളിൽ വടശ്ശേരിക്കരയുടെ മണ്ണിൽ നിസ്സീമമായ പിന്തുണ നൽകിയ വാഴപ്പിള്ളേത്ത് കുടുംബത്തിൽ വി.ജി. ഈശോയുടെയും മറിയാമ്മ ഈശോയുടെയും 7 മക്കളിലൊരുവനായി 1937 മെയ് 4 ന് റമ്പാച്ചൻ ജനിച്ചു.

പെരുനാട്, വടശ്ശേരിക്കര സ്കൂളുകളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി ക്രിസ്തുവിന്റെ പുരോഹിതനാകുക എന്ന വലിയ മോഹവുമായി 1952 ജനുവരി 6 ന് തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ വൈദീക പരിശീലനത്തിനായി ചേർന്നു. സെമിനാരി പരിശീലനത്തോടൊപ്പം പട്ടം സെന്റ് മേരീസ് സ്കൂളിൽ പഠനം പൂർത്തിയാക്കി ഉന്നത പഠനത്തിനായി കേരളക്കരയിൽ ഏറ്റവും കൂടുതൽ വൈദീകർക്ക് ജന്മം നൽകിയ മംഗലപ്പുഴ സെമിനാരിയിലേക്ക്...

വിശുദ്ധരായ സ്പാനിഷ് കർമ്മലീത്ത വൈദീകരുടെ പരിശീലനം ആധ്യാത്മിക ജീവിതത്തെ കരുത്തുറ്റതാക്കി.

1964 മാർച്ച് 19ന് വി. യൗസേപ്പ് പിതാവിന്റെ തിരുനാൾ ദിനത്തിൽ തിരുവനന്തപുരം അതിരൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിൽ നിന്നും വൈദീക പട്ടം സ്വീകരിച്ചു.

ആദ്യ നിയമനം ഇന്നത്തെ മാർത്താണ്ഡം രൂപതയിലെ മാർത്താണ്ഡം കത്തീഡ്രലിൽ. അവിടെ താമസിച്ചു കൊണ്ട് ആറ്റൂർ, ഉന്നമാൽക്കടെ, കട്ടച്ച വിള, ശശി പുരം, അഴകിയ മണ്ഡപം, പേച്ചി പാറ തുടങ്ങിയ മിഷനുകളിലെല്ലാം സേവനമനുഷ്ഠിച്ചു.1964 മുതൽ 1974 വരെ സുദീർഘമായ 10 വർഷം മാർത്താണ്ഡം പ്രദേശത്ത് സേവനം അനുഷ്ഠിച്ചിരുന്നതിനാൽ തമിഴ് ഭാഷ അനായാസേന കൈകാര്യം ചെയ്തിരുന്നു.

കാരക്കാട്, മെഴുവേലി, പന്തല, മൈലപ്ര, പുത്തൂർ, കാരക്കൽ, തേവലപ്പുറം, കടമ്മനിട്ട, വലൃയന്തി, തോന്നൃാമല, മേക്കൊഴൂർ, ചന്ദനപ്പള്ളി, അങ്ങാടിക്കൽ, കൈപ്പട്ടൂർ, കൂടൽ, നെടുമൺകാവ്, മരുതിമൂട്, വയലത്തല, കീക്കൊഴൂർ, തോട്ടമൺ, ഇലന്തൂർ, കരിമ്പേക്കൽ, പത്തനംതിട്ട കത്തീഡ്രൽ, തോട്ടുപുറം, തട്ട, ആനന്ദപ്പള്ളി, ഇലഞ്ഞിമേൽ, കാട്ടൂർ, കലയപുരം എന്നിങ്ങനെ ഇന്നത്തെ തിരുവനന്തപുരം, മാർത്താണ്ഡം, മാവേലിക്കര, പത്തനംതിട്ട രൂപതകളിലായി 36 പള്ളികളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.ചില പള്ളികളിൽ ഒന്നിലധികം തവണകളിൽ വികാരിയായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1976 ൽ മംഗലപ്പുഴ സെമിനാരിയിൽ നിന്നും ദൈവശാസ്ത്രത്തിൽ ലൈസൻഷ്യേറ്റ് നേടിയ റമ്പാച്ചൻ വിശുദ്ധ ബൈബിളും സഭയുടെ പ്രബോധനങ്ങളും പാരമ്പര്യവും ആദ്ധ്യാത്മികതയും പകർന്നു നൽകുന്നതിന് പരിശ്രമിച്ചിരുന്നു. 1997-98 കാലഘട്ടങ്ങളിൽ തിരുവനന്തപുരം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിൽ ആധ്യാത്മിക പിതാവായി അനേകം വൈദീകവിദ്യാർത്ഥികളെ പരിശീലിപ്പിച്ചു.

അനുഗ്രഹീത ശബ്ദമാധുര്യത്തിന്റെ ഉടമയായിരുന്നതിനാൽ ആരാധനക്രമ ഗീതങ്ങൾ ഇമ്പമായി ആലപിക്കുന്നതിൽ റമ്പാച്ചന് അനിതരസാധാരണമായ കഴിവു

# കെ. സി. ബി. സി. മീഡിയാ അവാർഡ്



## റവ. ഡോ.കുര്യൻ വാലുപറമ്പിലിനും ബോബി എബ്രഹാമിനും

## പുരസ്കാരം



ഈ വർഷത്തെ ഗുരുപൂജാ പുരസ്കാരത്തിന് തിരുവനന്തപുരം മേജർ അതിരൂപതയിലെ സീനിയർ വൈദികനായ **റവ. ഡോ. കുര്യൻ വാലുപറമ്പിൽ** അർഹനായി. ദീർഘകാലം നാലാഞ്ചിറ സെന്റ് മേരീസ് മലങ്കര സെമിനാരി ഉൾപ്പെടെ വിവിധ സെമിനാരികളിൽ ബൈബിൾ പ്രൊഫസറായിരുന്നു. ബൈബിൾ പണ്ഡിതൻ, രചയിതാവ്, അദ്ധ്യാപകൻ എന്നീ നിലകളിൽ പ്രശസ്തനാണ്. വി. ലൂക്കായുടെ സുവിശേഷത്തിൽ പ്രാവീണ്യമുള്ള റവ. ഡോ.കുര്യൻ വാലുപറമ്പിൽ ദീർഘകാലം തിരുവന്തപുരം മേജർ അതിരൂപതയിൽ ബൈബിൾ പ്രേഷിത കാര്യാലയത്തിൽ ഡയറക്ടറായിരുന്നു.

ഈ വർഷത്തെ കെ. സി. ബി. സി മീഡിയാ കമ്മീഷന്റെ മാധ്യമ അവാർഡിന് **ബോബി എബ്രഹാം** അർഹനായി. മലയാള മനോരമ പത്തനംതിട്ട യൂണിറ്റിൽ അസിസ്റ്റന്റ് എഡിറ്ററായി ജോലി ചെയ്യുന്നു. കേരള പത്രപ്രവർത്തക യൂണിയൻ സംസ്ഥാന പ്രസിഡന്റായിരുന്നു. കഴിഞ്ഞ അനേക വർഷം ക്രൈസ്തവ കാഹളം മാസികയുടെ പത്രാധിപ സമിതിയംഗമായിരുന്നു. ഇപ്പോൾ മാസികയുടെ ഉപദേശക സമിതിയംഗവുമാണ്. മാസികയിൽ ആനുകാലിക ലോകം എന്ന പംക്തി കൈകാര്യം ചെയ്യുന്നു. പത്തനംതിട്ട രൂപതയിൽ മൈലപ്ര ഇടവകാംഗമാണ്.

## മറ്റ് അവാർഡുകൾ

| | |
|---|---|
| ഫ്രാൻസിസ് നൊറോണ | – സാഹിത്യ അവാർഡ് |
| ജോസഫ് അന്നംകുട്ടി ജോസഫ് | – യുവപ്രതിഭാ പുരസ്കാരം |
| സി. രാധാകൃഷ്ണൻ | – സംസ്കൃതി പുരസ്കാരം |
| ഡോ. കെ.എം ഫ്രാൻസിസ് | – ദാർശനിക വൈജ്ഞാനി അവാർഡ് |
| ജോൺ പോൾ | – ഗുരുപൂജാ പുരസ്കാരം |
| ഡോ. കെ പി. പീറ്റർ | – ഗുരുപൂജാ പുരസ്കാരം |

ണ്ടായിരുന്നു. അതിനാൽ തന്നെ റമ്പാച്ചൻ വി.കുർബാനയും കൂദാശകളും പരികർമ്മം ചെയ്യുമ്പോൾ വിശ്വാസ സമൂഹം സ്വർഗ്ഗീയമായ അനുഭൂതിയിൽ ലയിച്ചിരുന്നു.

ദീർഘമായ ഒരു കാലഘട്ടത്തിലുടനീളം തിരുവനന്തപുരം അതിരൂപതയിലെ വിവിധ ദേവാലയങ്ങളിൽ വചന ചിന്തകൾ പകർന്നു നൽകിയ ധ്യാനഗുരുവായിരുന്നു റമ്പാച്ചൻ. ശ്രോതാക്കളെ മുഷിപ്പിക്കാതെ അനർഗ്ഗള നിർഗ്ഗളമായ ശൈലിയിൽ മണിക്കൂറുകളോളം ദൈവവചനം പ്രസംഗിക്കാൻ റമ്പാച്ചന് സാധിച്ചിരുന്നു.

റമ്പാച്ചൻ ആയിരിക്കുന്ന പള്ളിയുടെ വികാരി എന്നതിലുപരി നാട്ടിലെ നാനാജാതി മതസ്ഥരായ ആളുകളുമായി സജീവ ബന്ധം പുലർത്തിയിരുന്ന ഒരാളായിരുന്നു, അതിനാൽ തന്നെ SNDP, NSS യോഗങ്ങളുടെ ആഘോഷ പരിപാടികളിലെല്ലാം മുഖ്യ പ്രഭാഷകനായി റമ്പാച്ചനുണ്ടായിരുന്നു.

2008 ൽ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് ബാവാ തിരുമേനി വാഴപ്പിള്ളേത്ത് അച്ചന് ,റമ്പാൻ പട്ടം നൽകി.ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് ബഥനി ആശ്രമം സ്ഥാപിച്ച മണ്ണിൽ താമസിച്ചു കൊണ്ട് കുരിശുമല മാത്യൂസ് റമ്പാൻ എന്ന നാമം അദ്ദേഹം സ്വീകരിച്ചു.

2019 ജൂൺ 10ന് പെന്തക്കൊസ്തി തിരുനാൾ ദിനം കഴിഞ്ഞ തൊട്ടടുത്ത ദിനത്തിൽ പരിശുദ്ധാത്മാവ് കനിഞ്ഞ് അനുഗ്രഹിച്ചു വചന വ്യാഖ്യാനത്തിനും ശ്രുതി മാധുര്യത്തിനും ഒന്നുപോലെ കഴിവു നൽകിയ ഈ ഇടയൻ തന്റെ 82–ാം വയസ്സിൽ സ്വർഗീയ സമ്മാനത്തിനായി സമാധാനത്താലെ യാത്രയായി...

വിശ്രമില്ലാതെ ഇടവക ജനത്തെയും ഇടവക ഭരമേല്പിച്ച ദൈവത്തേയും ഒന്നുപോലെ സേവിച്ച പുണ്യപിതാവെ സമാധാനത്താലെ പോകുക...

# ബഥനി സന്യാസിനി സമൂഹം
# പ്രൊവിൻസുകളിൽ പുതിയ നേതൃത്വം



തിരുവനന്തപുരം പ്രൊവിൻസ്
**സിസ്റ്റർ ഡമഷീൻ SIC**
*പ്രൊവിൻഷ്യൽ സുപ്പീരിയർ*

**സിസ്റ്റർ സാന്ദ്ര SIC**
**സിസ്റ്റർ കീർത്തന SIC**
**സിസ്റ്റർ മഹിമ SIC**
*കൗൺസിലർമാർ*

**സിസ്റ്റർ ദ്യോതിസ് SIC**
*പ്രൊക്കുറേറ്റർ*

**സിസ്റ്റർ ജോർജ്ജീന SIC**
*സെക്രട്ടറി*



തിരുവല്ലാ പ്രൊവിൻസ്
**സിസ്റ്റർ ലില്ലി ജോസ് SIC**
*പ്രൊവിൻഷ്യൽ സുപ്പീരിയർ*

**സിസ്റ്റർ ജോബ്സി SIC**
**സിസ്റ്റർ ജിയോവാനി SIC**
**സിസ്റ്റർ തേജസ് മേരി SIC**
*കൗൺസിലർമാർ*

**സിസ്റ്റർ പ്രേഷിത SIC**
*പ്രൊക്കുറേറ്റർ*

**സിസ്റ്റർ ടെസി മരിയ SIC**
*സെക്രട്ടറി*



ബത്തേരി പ്രൊവിൻസ്
**സിസ്റ്റർ പരിമള SIC**
*പ്രൊവിൻഷ്യൽ സുപ്പീരിയർ*

**സിസ്റ്റർ തനൂജ SIC**
**സിസ്റ്റർ റോസറ്റ SIC**
**സിസ്റ്റർ മേരി പ്രഭ SIC**
*കൗൺസിലർമാർ*

**സിസ്റ്റർ കൃപ SIC**
*പ്രൊക്കുറേറ്റർ*

**സിസ്റ്റർ കിരൺ SIC**
*സെക്രട്ടറി*



പത്തനംതിട്ട പ്രൊവിൻസ്
**സിസ്റ്റർ ഹൃദ്യാ SIC**
*പ്രൊവിൻഷ്യൽ സുപ്പീരിയർ*

**സിസ്റ്റർ തമീം SIC**
**സിസ്റ്റർ പൂജ SIC**
**സിസ്റ്റർ ആഗ്നറ്റ് SIC**
*കൗൺസിലർമാർ*

**സിസ്റ്റർ സുധ SIC**
*പ്രൊക്കുറേറ്റർ*

**സിസ്റ്റർ പവിത്ര SIC**
*സെക്രട്ടറി*



മൂവാറ്റുപുഴ പ്രൊവിൻസ്
**സിസ്റ്റർ ഗ്ലാഡിസ് SIC**
*പ്രൊവിൻഷ്യൽ സുപ്പീരിയർ*

**സിസ്റ്റർ ജോസ്ന SIC**
**സിസ്റ്റർ മാഗി SIC**
**സിസ്റ്റർ ഇവാനിയ SIC**
*കൗൺസിലർമാർ*

**സിസ്റ്റർ കൃപ SIC**
*പ്രൊക്കുറേറ്റർ*

**സിസ്റ്റർ രമ്യാ SIC**
*സെക്രട്ടറി*


മലങ്കര സുറിയാനി
ദൈവദാസൻ ആർച്ചുബിഷപ്പ്
66ാം
പട്ടം
സെന്റ് മേരീസ്
കത്തീഡ്രൽ

# കത്തോലിക്കാ സഭ

## മാർ ഈവാനിയോസ് തിരുമേനിയുടെ

# ഓർമ്മപ്പെരുന്നാൾ

**2019 ജൂലൈ
1 മുതൽ
15 വരെ**



RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)284/2018-2020
Date of Publication 29-06-2019

**Christavakahalam Monthly, JULY 2019**
Annual Subscription Rs. 150/-
Single Copy Rs. 15/-

**മലങ്കര സുറിയാനി
കത്തോലിക്കാ സഭയുടെ
പ്രഥമ പ്രസിദ്ധീകരണം
ആകർഷകമായ രൂപകല്പനയിൽ
എല്ലാ കുടുംബങ്ങളിലേക്കും...**




ക്രൈസ്തവ
കാഹളം

വായിക്കുക | വരിക്കാരാകുക | പ്രചരിപ്പിക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374, e-mail: stmaryspresspattom@gmail.com